
# Jacobite Syrian Christian Church



## ST. PAULOSE MOR ATHANASIOUS VALIYA THIRUMENI METROPOLITAN CONSECRATION

CENTENARY SMARANIKA 1910 - 2010


with best compliments from
St. James Jacobite Syrian Orthodox Church
Post Box No. 47562, Doha, Qatar
Telephone No.- 44905113 / 55731279
E mail address - stjamesqatar@yahoo.com
President
Rev. Fr. Thomas David
Peechanattu
Vice President
Chevalier
Daniel K. J
Secretary
Mr. Roy Paul
Moolakattel
Treasurer
Mr. Manoj P. T.
Committee Member
Mr. Jose P. George
Mr. Mathew
C. Paul
Mr. Abraham
Zachariah
Mr. Elias David
Mr. Benny P.
Abraham
Mr. George Paulose
Mr. Varghese Eldho
Kottical
(Ex-officio)
Mr. Paulose
Theppala
(Ex-officio)
Mr. Sunny C. Iype
(Sunny School Rep)
Mr. Siju Thomas
(Youth Association Rep)
Ms.Nisha Moby
(Morth Mariam
Samajam Rep)

# JACOBITE SYRIAN CHRISTIAN CHURCH

# *Smaranika*

## CENTENARY SMARANIKA
## ST. PAULOSE MOR ATHANASIOUS VALIYA THIRUMENI
## METROPOLITAN CONSECRATION
## 8th AUGUST 2010

SMARANIKA COMMITTEE
JACOBITE SYRIAN CHRISTIAN CHURCH
PUTHENCRUZ
PH. : 0484 - 2732804

# JACOBITE SYRIAN CHRISTIAN CHURCH

## CENTENARY SMARANIKA
## ST. PAULOSE MOR ATHANASIOUS VALIYA THIRUMENI
## METROPOLITAN CONSECRATION

# Smaranika

8th AUGUST 2010

cover design & layout
manojkarazhma
impressions
mavelikara
e-mail : manojkarazhma@gmail.com

layout & typesetting
bindu james
gracy babychan
viswasasamrakshakan
vazhoor

printed at
the national city press
kottayam
ph. : 0481 - 2568854


published by :
smaranika committee
jacobite syrian christian church
puthencruz
ph. : 0484 - 2732804




# CANONIZED FATHERS OF THE INDIAN CHURCH



St. Ignatius Elias III,
the Patriarch of Antioch &
all the East



Tomb of
St. Baselios Yeldho



St. Gregorios Geevarghese




St. Gregorios Abdul Jaleel




St. Osthatheos Sleeba




St. Athanasios Paulose



St. Baselios Shakralla



Tomb of
St. Koorilos Yuyakkim



St. Coorilos Paulose



His Holiness Moran Mor Ignatius Zakka - I Iwas,
The Patriarch of Antioch and all the East
Supreme Head of the Universal Syrian Orthodox Church

# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

**BASELIOS THOMAS I**
CATHOLICOSE AND METROPOLITAN TRUSTEE
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN- 682 308
PHONE: 0484 - 2732804 (Office)
0484 - 2732603, 2733200 (Personal)
Fax : 0484 - 2732804
E-mail : bavathirumeni@rediffmail.com
patriarchalcentre@yahoo.com

CATHOLICATE ARAMANA
MOUNT SINAI
COLLEGE P.O., KOTHAMANGALAM
KERALA, INDIA, PIN - 686 691
PHONE : OFFICE : 0485 - 2822485
PERSONAL : 0485 - 2822101
FAX : 0485 - 2822101

No:SM-13/2010

Date.......................

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ശതാബ്ദി സോവനീർ കമ്മിറ്റി അംഗങ്ങൾക്ക് കർത്താവിൽ വാഴ്വ്,

പ്രിയരെ,

 പ. സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് (ആലുവായിലെ വലിയ തിരുമേനി) തിരുമേനിയുടെ മഹാപൗരോഹിത്യ ശതാബ്ദി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സോവനീയർ പരിശുദ്ധനെ കുറിച്ച് വരും തലമുറയ്ക്ക് അറിവ് പകരുന്നതായി തീരട്ടെയെന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.

പ.അന്ത്യോഖ്യാ സിംഹാസനവുമായുള്ള പ. സഭയുടെ ബന്ധം ഉറപ്പിലാക്കുന്നതിന് വേദവിപരീകളിൽ നിന്നും പരിശുദ്ധ പിതാവ് സഹിച്ചതായ ത്യാഗങ്ങൾ വിസ്മരിക്കുവാൻ സാധിക്കുന്നതല്ല. പ. സഭയും പൂർവ്വികമായ ഈ വിശ്വാസവും ഇന്നും നിലനില്ക്കുന്നതിന് അടിത്തറ പാകിയത് പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയായിരുന്നു. പ്രതിസന്ധികളിൽ ദൈവത്തിലാശ്രയിച്ച് ഈ പ. സഭയെ നയിച്ച ശ്രേഷ്ഠാചാര്യന്റെ സ്മരണ സത്യ സുറിയാനി സഭാ വിശ്വാസികൾക്ക് എന്നും പ്രത്യാശയും പ്രചോദനവുമാണ് നല്കുന്നത്.

ഈ സുവനീർ പ്രസിദ്ധികരിക്കുന്നതിന് ത്യാഗം സഹിച്ച എല്ലാവരേയും ഈ സന്ദർഭത്തിൽ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ഇത് ഒരു സഭാചരിത്ര രേഖയായി മാറട്ടെയെന്ന് ആശംസിക്കുന്നതിനോടൊപ്പം പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടേ നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ


പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും
2010 ജൂലൈ മാസം 31-ാം തീയതി

**ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**




**H.B. Baselios Thomas - I,**
**Catholicos and Metropolitan Trustee**


# METROPOLITANS OF JACOBITE SYRIAN CHRISTIAN CHURCH




H.G. Dr. Abraham Mor
Severious Metropolitan




H.G. Dr. Yuhanon Mor
Philexinos Metropolitan



H.G. Geevarghese Mor
Polycarpose Metropolitan



H.G. Thomas Mor
Themotheos Metropolitan




H.G. Joseph Mor
Gregorios Metropolitan



H.G. Kuriakose Mor
Yulius Metropolitan



H.G. Dr. Mathews Mor
Ivenios Metropolitan




H.G. Geevarghese Mor
Dionysius Metropolitan




H.G. Yuhanon Mor
Militius Metropolitan

# METROPOLITANS OF JACOBITE SYRIAN CHRISTIAN CHURCH



H.G. Kuriakose Mor
Diyascorous Metropolitan




H.G. Geevarghese Mor
Athanasius Metropolitan




H.G. Dr. Kuriakose Mor
Theophilose Metropolitan



H.G. Yeldho Mor
Theethos Metropolitan




H.G. Kuriakose Mor
Severios Metropolitan




H.G. Mathews Mor
Thevodosios Metropolitan



H.G. Mathews Mor
Aphrem Metropolitan



H.G. Pathrose Mor
Osthathious Metropolitan



H.G. Kuriakose Mor
Eusebius Metropolitan

# METROPOLITANS OF JACOBITE SYRIAN CHRISTIAN CHURCH



H.G. Dr. Geevarghese Mor
Coorilose Metropolitan



H.G. Markose Mor
Chrisostomos Metropolitan




H.G. Elias Mor
Athanasious Metropolitan




H.G. Kuriakose Mor
Gregorios Metropolitan



H.G. Kuriakose Mor
Ivanios Metropolitan




H.G. Ayoob Mor
Silvanos Metropolitan



H.G. Dr. Kuriakose Mor
Clemis Metropolitan



H.G. Paulose Mor
Irenious Metropolitan



H.G. Yacub Mor
Anthonious Metropolitan


# METROPOLITANS OF JACOBITE SYRIAN CHRISTIAN CHURCH




H.G. Zacharias Mor
Philoxenos Metropolitan




H.G. Issac Mor
Osthatheos Metropolitan



H.G. Geevarghese Mor
Barnabas Metropolitan



Patriarchal Center, Puthencruz



Priest Trustee
Korooso Desroro Sofar
V. Rev. (Dr.) Curien Corepsicopa
Kaniamparambil



Lay Trustee
Bar Eto Kasheero
Comdr. George Mathew
Thekkethalakkal




Association Secretary
Bar Eto Maheero
Comdr. Thambu George
Thukalan


# CENTENARY METROPOLITAN CONSECRATION CELEBRTION COMMITTEE



Patron
H.B. Baselios Thomas - I,
Catholicos



Vice Patron
H.G. Abraham Mor
Severious Metropolitan



Chairman
H.G. Joseph Mor Gregorios
Metropolitan

## Sub Committee Chairmen



H.G. Mathews Mor
Ivenios Metropolitan



H.G. Mathews Mor
Thevodosios Metropolitan



H.G. Mathews Mor
Aphrem Metropolitan



H.G. Kuriakose Mor
Eusebius Metropolitan



H.G. Dr. Geevarghese
Mor Coorilose
Metropolitan



Chief Co-ordinator
H.G. Elias Mor
Athanasious
Metropolitan




H.G. Paulose Mor
Irenious Metropolitan




H.G. Zacharias Mor
Philoxenos
Metropolitan

# CENTENARY METROPOLITAN CONSECRATION CELEBRTION COMMITTEE

## VICE CHAIRMEN



V. Rev. George
Olapura
Corepiscopa




V. Rev. Paulose
Parathuvayalil
Corepiscopa




V. Rev. Baby
Chamakala
Corepiscopa




V. Rev. Peter
Velamparabil
Corepiscopa



V. Rev. Fr.Baby John
Corepiscopa



Rev. Fr. Varghese
Kallappara



Rev. Fr. Abraham
Valiyaparambil



Rrv. Fr. Kuriakose
Manalechira



Rev. Fr.Jacob
Mihayel pulliyattel



Rev. Fr. Jacob
Kochuparampil



Rev.Fr. Sabu
Parackal




Rev. Fr. Shiby
Mazhuvancherry

# CENTENARY METROPOLITAN CONSECRATION CELEBRTION COMMITTEE CONVENORS



Com. P.T. Mathai Purappadathil



Chev. Prof. M.A. Paulose



Chev. K.O. Alias



Chev. Ommachen Venkedathu



Chev. T.T. Joy



Chev. Shibu Thekumpuram



Mr. Saju Pattalattu



Mr. Sabu Pattasseriyil



Mr. M.S. Benny




Mr. Benny M.Thomas



Mr. Aji Theppala

# SOUVENIR COMMITTEE EDITORIAL BOARD




Chairman
H.G. Geevargheese
Mor Barnabas



Chief Editor
Chev. Bibby Abraham,
Kadavumbhagam



V. Rev. Alex Thomas
Corepiscopa



Rev. Fr. Jomy Joseph



Rev. Fr. Thomas
Puthiyamadathil




Rev. Fr. Kuriakose
Parambil



Chev. Prof.
T.C. Thomas



Chev. Dr. K.C. Rajan



Mr. Alexander
Karakkadu



Mr. vargheese V.C.



Mr. V.P. Eldhose



Mr. Paul Kooran

# SOUVENIR COMMITTEE CO-ORDINATORS



Rev. Fr. Joby John Pulichyil



Com. E.M. John



Chev. P.V. John Punnamattom



Chev. Moncy Vavachan



Chev. A. M. Raju



Chev. K.P. Peter



Adv. Mathew



Adv. Georgekutty Abraham



Mr. vargheese Pallickara



Mr. Reji Varkey



Mr. Aju Mathew


# മുഖമൊഴി

സമർപ്പിതമായ പുണ്യജീവിതത്താൽ പരിശോഭിതനായി ജനഹൃദയങ്ങളിൽ ആത്മീയ ചൈതന്യമായി ജീവിക്കുന്ന മലങ്കരയുടെ മഹാപരിശുദ്ധൻ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മഹാപൗരോഹിത്യ ശതാബ്ദി ആഘോഷങ്ങളുടെ പരിസമാപ്തിയിലെത്തിച്ചേർന്നിരിക്കുന്ന ഈ പുണ്യനിമിഷത്തിൽ ആ പുണ്യപിതാവിന്റെ ധന്യ ജീവിതത്തിന്റെ ഉദാത്തമായ മാതൃക പിൻതുടരുവാനും ആ ആത്മീയ ഉറവയിൽ നിന്ന് സഭാമക്കൾക്ക് പാനംചെയ്യുവാനുമായി ചരിത്ര സത്യങ്ങളെ സത്യസന്ധമായി അവതരിപ്പിക്കുവാൻ ദൈവം തമ്പുരാൻ നല്കിയ അവസരത്തിനായി നന്ദിയോടെ സ്തോത്രം ചെയ്യുന്നു. ആലുവാ തൃക്കുന്നത്തു സെമിനാരിയുടെ സ്ഥാപനത്തിന്റെയും വളർച്ചയുടെയും കാലയളവുകളിൽ ത്യാഗോജ്ജ്വലമായ സേവനം കാഴ്ച വച്ച പുണ്യപിതാക്കന്മാരായ അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ്, കടവിൽ പൗലോസ് മോർ അത്താനാസിയോസ്, വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാരെ ഹൃദയപൂർവ്വം സ്മരിച്ച് അവരുടെ വിശ്വാസതീക്ഷ്ണതയ്ക്കു മുൻപിൽ നമോവാകം അർപ്പിച്ചുകൊണ്ട് പുണ്യപിതാക്കന്മാരുടെ ഭൗതിക ശരീരങ്ങൾ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന കബറിടങ്ങൾ വീണ്ടെടുക്കുക എന്നതു ഏറ്റവും വലിയ ആത്മസാക്ഷാൽകാരമായി കരുതി എണ്ണിയാലൊടുങ്ങാത്ത വേദനകളും, ദുരിതങ്ങളും സഹിച്ച് 35 സംവത്സരങ്ങൾ അത്യദ്ധ്വാനം ചെയ്ത ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ തൃപ്പാദങ്ങളിലും, ഈ സദുദ്യമത്തിൽ അദ്ദേഹത്തോടൊപ്പം യാതനകളും പീഡനങ്ങളും എറ്റുവാങ്ങി തളരാതെ പ്രവർത്തിക്കുന്ന വൈദികരും, അത്മായക്കാരുമായ എല്ലാ സജ്ജനങ്ങളുടെയും മുമ്പാകെ ഈ സ്മരണിക ആദരവോടെ സമർപ്പിക്കുന്നു.

**ഷെവ. ബിബി എബ്രഹാം, കടവുംഭാഗം**
*ചീഫ് എഡിറ്റർ*

# താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| 1. | ഈ തലമുറ കണ്ട മഹാപരിശുദ്ധൻ | ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക. | 19 |
| 2. | അകപ്പറമ്പിന് തിലകക്കുറിയായി വിശുദ്ധന്റെ ഭവനം | ഏബ്രഹാം സേവേറിയോസ് മെത്രാപ്പോലീത്ത | 21 |
| 3. | മലങ്കരയുടെ കൊച്ചുതിരുമേനിയും വലിയ തിരുമേനിയും | ജോസഫ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത. | 23 |
| 4. | പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയും പൗരസ്ത്യ സുവിശേഷ സമാജവും | പോളിക്കർപ്പോസ് ഗീവർഗീസ് മെത്രാപ്പോലീത്ത | 25 |
| 5. | പ. അത്താനാസിയോസ് വലിയ തിരുമേനിയും വിദ്യാർത്ഥി പ്രസ്ഥാനവും | കുര്യാക്കോസ് തെയോഫിലോസ് മെത്രാപ്പോലീത്ത | 28 |
| 6. | വിശുദ്ധിയുടെ ദർശനങ്ങൾ വലിയ തിരുമേനിയുടെ ജീവിതത്തിൽ | മാത്യൂസ് അപ്രേം മെത്രാപ്പോലീത്ത. | 30 |
| 7. | പ്രതികൂല സാഹചര്യങ്ങളെ പ്രാർത്ഥനയിലൂടെ അനുകൂലമാക്കിത്തീർത്ത ആലുവായിലെ മുനി | അത്താനാസിയോസ് ഏലിയാസ് മെത്രാപ്പോലീത്ത | 33 |
| 8. | അങ്ങനെ അവൻ പരമാർത്ഥഹൃദയത്തോടെ അവരെ മേയിച്ചു കൈമിടുക്കോടെ അവരെ നടത്തി | ഗീവർഗീസ് ബർന്നബാസ് മെത്രാപ്പോലിത്ത | 36 |
| 9. | വിശുദ്ധിയുടെ മഹാത്മാവ് | കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പ | 38 |
| 10. | മരണമില്ലാത്ത വലിയ തിരുമേനികമാണ്ടർ | പി.പി. തങ്കച്ചൻ | 44 |
| 11. | പ. മോർ അത്താനാസിയോസ് തിരുമേനിയോടു കൂടെ ഒരു വർഷക്കാലം | ഫാ. വി.എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ | 46 |
| 12. | ധന്യതയുടെ അവതാരം–വിശുദ്ധനായ അത്താനാസിയോസ് തിരുമേനി | പ്രൊഫ. എം.പി.വർഗീസ് | 50 |
| 13. | സത്യവിശ്വാസ സംരക്ഷകനായ പ്രധാനാചാര്യൻ | ഡോ.ഡി.ബാബു പോൾ ഐ.എ.എസ് | 52 |
| 14. | നിരപവാദ്യനും മഹാപരിശുദ്ധനുമായ ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി | കുറിയാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ | 55 |
| 15. | പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും വലിയ തിരുമേനി | രാമചന്ദ്രൻ മുൻഡപ്യൂട്ടി എഡിറ്റർ, മംഗളം | 61 |
| 16. | 'വലിയ തിരുമേനി' എന്ന വലിയ മദ്ധ്യസ്ഥൻ | പ്രൊഫ. ഡോ. സി.എ. നൈനാൻ | 65 |
| 17. | ജീവിത വിശുദ്ധിയുടെ പ്രതീകം | ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലിത്ത | 70 |
| 18. | വലിയ തിരുമേനിയും ആലുവ സെമിനാരിയും | പീറ്റർ വേലംപറമ്പിൽ കോർഎപ്പിസ്കോപ്പ | 73 |
| 19. | വലിയ തിരുമേനിയുടെ ജീവിതം ഈ തലമുറയ്ക്ക് അനുകരണീയം | ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ | 75 |
| 20. | സത്യവിശ്വാസത്തിന്റെ കാവൽഭടൻ | ഗീവർഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത | 76 |
| 21. | സ്നേഹത്തിന്റെ പ്രധാനാചാര്യൻ | ഏബ്രഹാം തര്യൻ | 78 |
| 22. | ഞാൻ തൊട്ടറിഞ്ഞ ആലുവായിലെ പരിശുദ്ധ വലിയ തിരുമേനി | ഫാ. വർഗീസ് കല്ലാപ്പാറ | 80 |
| 23. | പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയും സണ്ടേസ്കൂൾ പ്രസ്ഥാനവും | ഷെവ. കെ.വി. പൗലോസ് | 82 |
| 24. | ദൈവസന്നിധിയിലെ മദ്ധ്യസ്ഥൻ | ഡോ. ടി.പി.ജേക്കബ് | 86 |
| 25. | ആലുവായിലെ മഹാസിദ്ധനും ആശ്രമവും, വലിയ തിരുമേനിയും തൃക്കുന്നത്ത് സെമിനാരിയും | ഷെവ. തരിയൻ കെ. പൈനാടത്ത് | 89 |
| 26. | പ. വലിയ തിരുമേനി – അന്ത്യോഖ്യാ സിംഹാസനത്തിന്റെ കരുത്തുറ്റ പോരാളി | ഷെവ. പി.കെ. പൗലോസ് കൂരൻ | 92 |
| 27. | പ. വലിയ തിരുമേനിയുടെ ആത്മീയ സഹപ്രവർത്തകർ | മനോജ് മാത്യു, ആര്യാടൻപാക്കൽ | 97 |
| 28. | ആലുവാ തൃക്കുന്നത്ത് സെമിനാരി യാക്കോബായ സഭയ്ക്ക് വിശുദ്ധ ഭൂമി | ബിജു കുര്യൻ മാത്യൂസ് | 102 |
| 29. | ആലുവായിലെ പുണ്യപിതാക്കന്മാർ | റ്റി.വി. മത്തായി, തുരുത്തുമ്മേൽ | 108 |
| 30. | വലിയ തിരുമേനിക്ക് പ്രിയപ്പെട്ട കുടംപുളി മീൻ കറിയും എയ്റ്റ് സീറ്റർ കാറും | ജെബി പോൾ, ഓളങ്ങാട്ട് | 112 |
| 31. | ക്രാന്തദർശിയായിരുന്ന പ. വലിയ തിരുമേനി | ഡോ. ജോസ് ഡി കൈപ്പള്ളിൽ | 115 |
| 32. | അകപ്പറമ്പ് പള്ളിയും വലിയ തിരുമേനിയും | അഡ്വ. പി.പി. ബൈജു, പൈനാടത്ത് | 117 |
| 33. | പരിശുദ്ധ പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനിയും, പരിപാലിതരായ ആലുവായിലെ ജനങ്ങളും | അഡ്വ. ജെയ്ബി പോൾ | 119 |
| 34. | വലിയ തിരുമേനിയുടെ ഒരു ദിവസം | ഞാർത്തുങ്കൽ കോരുതു കത്തനാർ | 121 |
| 35. | St. Athanasious Paulose, Valiya Thirumeni of Malankara | John Philip Kottapparambil | 125 |
| 36. | പ. പാത്രിയർക്കീസ് ബാവായുടെ കല്പനകൾ | | 133 |
| 37. | വലിയ തിരുമേനിയുടെ ശൽമൂസോ (മലയാള പരിഭാഷ) | | 136 |
| 38. | പ. പാത്രിയർക്കീസ് ബാവായുടെ സുസ്താത്തിക്കോൻ | | 138 |
| 39. | പരിശുദ്ധനായ വലിയ തിരുമേനിയുടെ അന്ത്യകല്പന | | 142 |
| 40. | വിൽപ്പത്രങ്ങൾ | | 145 |
| 41. | പ. വലിയ തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ | | 148 |
| 42. | കാലം ചെയ്ത ദിവസത്തെ മനോരമ റിപ്പോർട്ട് | | 151 |
| 43. | സ്നേഹാദരങ്ങളോടെ നന്ദി | | 153 |



# ഈ തലമുറ കണ്ട മഹാ പരിശുദ്ധൻ

**ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**

പരിശുദ്ധ മാനസനായ വലിയ തിരുമേനി ലളിത ജീവിതം, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയിലുള്ള നിഷ്ഠ ആരേയും ആകർഷിക്കുന്നതായിരുന്നു. സ്വഭാവ നൈർമ്മല്യം കൊണ്ടും ധന്യമായ ജീവിതം നയിച്ചിരുന്ന ശ്രേഷ്ഠ ഇടയനായിരുന്നു. അതിനാൽ ജീവിച്ചിരുന്നപ്പോൾ തന്നെ സത്യവിശ്വാസികളുടെ ഇടയിൽ വിശുദ്ധനായി അംഗീകരിക്കപ്പെട്ടിരുന്നു.

**ആ**കമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയ സത്യവിശ്വാസ സംരക്ഷകൻ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി വർഷമാണല്ലോ 2010. പുണ്യശ്ലോകനായ വലിയ തിരുമേനി ജീവിച്ചിരുന്നപ്പോൾ ആലുവായിലെ മഹർഷി എന്ന നിലയിൽ ഇതര മതസ്ഥരുടെ ഇടയിൽ പോലും പ്രകീർത്തിതനായിരുന്നു. പരിശുദ്ധ മാനസനായ വലിയ തിരുമേനിയുടെ ലളിത ജീവിതം, പ്രാർത്ഥന, നോമ്പ്, ഉപവാസം എന്നിവയിലുള്ള നിഷ്ഠ ആരേയും ആകർഷിക്കുന്നതായിരുന്നു. സ്വഭാവ നൈർമ്മല്യം കൊണ്ടും ധന്യമായ ജീവിതം നയിച്ചിരുന്ന ശ്രേഷ്ഠ ഇടയനായിരുന്നു. അതിനാൽ ജീവിച്ചിരുന്നപ്പോൾ തന്നെ സത്യവിശ്വാസികളുടെ ഇടയിൽ വിശുദ്ധനായി അംഗീകരിക്കപ്പെട്ടിരുന്നു. പരിശുദ്ധ ചാത്തുരുത്തിൽ തിരുമേനിയുടെ ശിഷ്യനായിരുന്ന വലിയ തിരുമേനി ആ പിതാവിന്റെ കാലടികളെ പിന്തുടർന്ന് ജീവിച്ചു. പ. പത്രോസ് ശ്ലീഹാ സ്ഥാപിച്ച പ. അന്ത്യോഖ്യ സിംഹാസനവുമായി ഈ ഗുരുവിനും ശിഷ്യനും പരിപൂർണ്ണ വിധേയത്വവും അനുസരണവും ഉണ്ടായിരുന്നു. രണ്ടുപേരും പ. അന്ത്യോഖ്യ സിംഹാസനത്തിൻ കീഴിൽ സത്യവിശ്വാസം മരണപര്യന്തം കാത്തു സൂക്ഷിച്ചവരാണ്.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഇന്നത്തെ തലമുറകണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പരിശുദ്ധനായി അറിയപ്പെടുന്ന പിതാവാണ് ആലുവായിലെ പ. പൗലോസ് മോർ അത്താനാസ്യോസ് വലിയതിരുമേനി. 'സത്യവിശ്വാസസംരക്ഷകൻ' എന്ന അപരനാമത്താൽ അറിയപ്പെടുന്ന വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥത സഭാമക്കൾക്ക് എന്നും അനുഗ്രഹവും കോട്ടയുമാണ്. ബലഹീനനായ എന്റെ പതിനാറു വർഷം പുരോഹിതനായിട്ടും, പിന്നീടു 28 വർഷം പ്രധാനാചാര്യനായിട്ടും, 8 വർഷം കാതോലിക്കായായിട്ടും ശുശ്രൂഷ നിർവ്വഹിച്ചു വന്നകാലയളവിൽ അനേക ദൈവമക്കളിൽ നിന്നും പരി. വലിയ തിരു

മേനിയുടെ മദ്ധ്യസ്ഥത മുഖാന്തിരം നടന്നിട്ടുള്ള അനുഭവങ്ങളെക്കുറിച്ചും,അനുഗ്രഹങ്ങളെക്കുറിച്ചും, അടയാളങ്ങളെക്കുറിച്ചും മറ്റും ഞാൻ കേട്ടിട്ടുള്ള അനുഭവസാക്ഷ്യങ്ങൾ ഒട്ടേറെയാണ്. അങ്കമാലി ഭദ്രാസനത്തിൽ നിന്നു മാത്രമല്ല, പരി. സഭയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള ദൈവമക്കളിൽ നിന്നും പരി. പിതാവിനെക്കുറിച്ചുള്ള അനുഭവസാക്ഷ്യങ്ങൾ കേൾക്കുവാനും, കാണുവാനും ഭാഗ്യമുണ്ടായിട്ടുണ്ട്.


പരി. വലിയതിരുമേനിയുടെ കൈകൾകൊണ്ട് നട്ടിട്ടുള്ള പള്ളികളും ഇതരസ്ഥാപനങ്ങളും സ്മാരകങ്ങളും തഴച്ചു വളർന്ന് അവയുടെ നിഴലിൽ അനേകർ ആശ്വസിക്കുകയും ദൈവകൃപ പ്രാപിച്ചു വരികയും ചെയ്യുന്നു. ഹോശായ പ്രവചനം 14-5 മുതലുള്ള വാക്യങ്ങളിൽ ദീർഘദർശി പറയുന്നത് പരി. പിതാവിന്റെ മദ്ധ്യസ്ഥത മുഖാന്തിരം നിറവേറ്റപ്പെട്ടുക്കൊണ്ടിരിക്കുകയാണ്.

ප. പത്രോസിന്റെ ശ്ലൈഹിക സിംഹാസനമായ പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഉടമസ്ഥതയിൻ കീഴിലുള്ള മലങ്കരയിലെ സുറിയാനിസഭയും ഭദ്രാസനങ്ങളും, ഇടവകകളും എപ്രകാരം ബന്ധപ്പെട്ടിരിക്കണമെന്നും, വിധേയപ്പെട്ടിരിക്കണമെന്നും, അനുസരിച്ച് പോകണമെന്നും, വരുന്ന തലമുറകൾക്ക് പഠിക്കുവാൻ തക്കവണ്ണം പരി. പിതാവിന്റെ കല്പനകളും പ്രസംഗങ്ങളും പ്രത്യേകിച്ച് പരി. പിതാവിന്റെ ജീവിതവും മറ്റെന്തിനേക്കാളും ഉപകരിച്ചിട്ടുള്ളത് ബലഹീനനായ നാം ഓർത്തുപോകുന്നു. അങ്കമാലിഭദ്രാസനം ലോകത്തിൽ ഉള്ള സുറിയാനി സഭയിലെ ഏറ്റവും വലിയ ഭദ്രാസനമായി വളർത്തിയിട്ടുള്ളതിന്റെ പിന്നിൽ പരി. വലിയ തിരുമേനിയിൽക്കൂടി ദൈവം പ്രവർത്തിച്ച മഹാശക്തിയാണുള്ളത്, എന്നതിന് രണ്ടു പക്ഷമില്ല.

**പരി. വലിയതിരുമേനിയുടെ കൈകൾകൊണ്ട് നട്ടിട്ടുള്ള പള്ളികളും ഇതരസ്ഥാപനങ്ങളും സ്മാരകങ്ങളും തഴച്ചു വളർന്ന് അവയുടെ നിഴലിൽ അനേകർ ആശ്വസിക്കുകയും ദൈവകൃപ പ്രാപിച്ചു വരികയും ചെയ്യുന്നു.**



*ප. വലിയ തിരുമേനി ප. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ, മോർ യൂലിയോസ്ബാവ, മോർ ക്ലീമ്മീസ് ബാവ എന്നിവരോടൊപ്പം*



# അകപ്പറമ്പിന് തിലകക്കുറിയായി വിശുദ്ധന്റെ ഭവനം

**എബ്രഹാം സേവേറിയോസ് മെത്രാപ്പോലീത്ത**

> ഒരു പരിശുദ്ധനെ സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ സ്വഭാവം, ജീവിതരീതി, ആരാധനാ ജീവിതം ഇതിനെല്ലാം മാറ്റം ആവശ്യമാണ്. ഭൗതിക നേട്ടങ്ങളല്ല വലിയ തിരുമേനിയിൽ നാം കാണുന്നത്. തന്റെ വിശ്വാസസ്ഥിരതയും അചഞ്ചലമായ അന്ത്യോഖ്യാ ഭക്തിയും, ആത്മാർത്ഥതയും, പ്രാർത്ഥനാ ജീവിതവും, കണ്ണുകാണാൻ പറ്റാത്തജീവിതത്തിൽപോലും കൈവിട്ടിട്ടില്ലെന്നത് ഓർക്കണം.

**കൊ**ച്ചിൻ ഇന്റർനാഷണൽ എയർപ്പോർട്ട് നെടുമ്പാശ്ശേരിയിൽ വന്നതോടെ ആളുകൾ, പ്രത്യേകിച്ച് പ്ലെയിൻ യാത്രക്കാർ വലിയ സന്തോഷത്തിലായി.

എന്നാൽ, ആ ഭൂപ്രദേശം നന്നായിട്ടറിയാവുന്നവർക്കറിയാം എയർപ്പോർട്ട് ഇവിടെ വന്നതോടെ ഒരു പരിശുദ്ധൻ ജനിച്ചുവളർന്ന പ്രദേശം. എന്നനിലയ്ക്ക് ആ പരിസരത്ത് അവരുടെ ആത്മീയ-സാംസ്കാരിക, ഭൗതിക ജീവിതനേട്ടങ്ങൾക്ക് പെട്ടെന്ന് മാറ്റവും തിളക്കവും വന്നിട്ടുണ്ടെന്ന്.

ആലുവായിൽ നിന്ന് പണ്ട് തീവണ്ടികയറി അങ്കമാലിയിൽ എത്തുന്നതിനിടയിലെ ഈ പ്രദേശം മുഴുവൻ വയൽ പടർപ്പായിരുന്നു. നെടുമ്പാശ്ശേരി എയർപ്പോർട്ട് വന്നതോടെ അതിന്റെ മാറ്റം അത്ഭുതാവഹമായിത്തീർന്നിരിക്കുന്നു.



ഭൂരിഭാഗവുംഅകപ്പറമ്പ്പ്രദേശങ്ങൾ എയർപ്പോർട്ടതോറിറ്റിയുടെ സ്ഥലമായി. എന്നാൽ അവിടെ മാർ ശാബോർ- അഫ്രോത്ത് യാക്കോബായ കത്തീഡ്രൽ പള്ളിയും, പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത വളർന്ന തറവാടും ഇന്നും അവിടുത്തെ ആരാധകർക്ക് ഒരുഹരമാണ്. പരിശുദ്ധന്റെ ഇടവകപള്ളി പരിശുദ്ധ പാത്രിയർക്കീസ് ബാവ സന്ദർശിക്കുകയും അതൊരു കത്തീഡ്രലായി പരിവർത്തനപ്പെടുകയും ചെയ്തതോടെ പള്ളി ഇടവകജനങ്ങൾക്കപ്പുറം ഒരു നാഷണൽ ചർച്ചായിമാറി. പരിശുദ്ധന്റെ തറവാടുവീട് ഇന്നും അതുപോലെ തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

അടുത്ത കാലത്ത് പരിശുദ്ധന്റെ ജേഷ്ഠ സഹോദരപുത്രന്റെ ശവസംസ്കാരത്തിന് ബലഹീനനായ ഞാൻ ആ ഭവനത്തിൽ ചെന്നു അതിന്റെ ചുറ്റുമുള്ള പാടങ്ങൾ എയർപ്പോർട്ട് റൺവേയാണിപ്പോൾ. ഒരു പരിശുദ്ധന്റെ വീട്, ജന്മനാട്, ഇടവകപള്ളി ഇതിനെല്ലാം എത്രപെട്ടെന്ന് ഇന്റർനാഷണൽ ലവലിൽ പ്രസിദ്ധയായി.

അടുത്ത കാലത്ത് പരിശുദ്ധന്റെ ജേഷ്ഠ സഹോദരപുത്രന്റെ ശവസംസ്കാരത്തിന് ബലഹീനനായ ഞാൻ ആ ഭവനത്തിൽ ചെന്നു അതിന്റെ ചുറ്റുമുള്ള പാടങ്ങൾ എയർപ്പോർട്ട് റൺവേയാണിപ്പോൾ. ഒരു പരിശുദ്ധന്റെ വീട്, ജന്മനാട്, ഇടവകപള്ളി ഇതിനെല്ലാം എത്ര പെട്ടെന്ന് ഇന്റർനാഷണൽ ലവലിൽ പ്രസിദ്ധയായി.


ഈ അവസരത്തിൽ അങ്കമാലി ഭദ്രാസനത്തിന് പ്രത്യേകിച്ച് പുണ്യവാനായ വലിയ തിരുമേനിയുടെ മേല്പ്പട്ട ശതാബ്ദിയാഘോഷവേളയിൽ ഒരു പാട് തീരുമാനങ്ങളും, ജീവിതശുദ്ധിയും നേടേണ്ടതുണ്ട്. ഒരു പരിശുദ്ധനെ സ്വന്തമാക്കാൻ ശ്രമിക്കുമ്പോൾ സ്വഭാവം, ജീവിതരീതി, ആരാധനാ ജീവിതം ഇതിനെല്ലാം മാറ്റം ആവശ്യമാണ്. ഭൗതികനേട്ടങ്ങളല്ല വലിയ തിരുമേനിയിൽ നാം കാണുന്നത്. തന്റെ വിശ്വാസസ്ഥിരതയും അചഞ്ചലമായ അന്ത്യോഖ്യാ ഭക്തിയും, ആത്മാർത്ഥതയും, പ്രാർത്ഥനാ ജീവിതവും, കണ്ണുകാണാൻ പറ്റാത്തജീവിതത്തിൽപോലും കൈവിട്ടിട്ടില്ലെന്നത് ഓർക്കണം.

"ഒരു നീതിമാനെ നീതിമാനെന്ന നിലയിൽ കൈക്കൊള്ളുന്നവന് നീതിമാന്റെ പ്രതിഫലം ലഭിക്കും''

തന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിത്തീരട്ടെ.



*പ. വലിയ തിരുമേനി വന്ദ്യ കടവിൽ പോൾ റമ്പാച്ചൻ, വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത, മുളയിരിക്കൽ മോർ സേവേറിയോസ് മെത്രാപ്പോലിത്ത, സെക്രട്ടറി ബഹു. കോച്ചേരിൽ അച്ചൻ എന്നിവരോടൊപ്പം*



# മലങ്കരയുടെ കൊച്ചുതിരുമേനിയും വലിയ തിരുമേനിയും

**ജോസഫ് ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത**

ദത്തവകാശ കുടുംബപാരമ്പര്യമാണ് രണ്ടു പിതാക്കന്മാർക്കും ഉള്ളത്. കുടുംബ വൈദിക പാരമ്പര്യത്തിലും ഇരുവരും സമന്മാരാണ്. ഗുരുതരമായ രോഗവിമുക്തിയ്ക്ക് ശേഷമാണ് ഇരുവരും റമ്പാന്മാരായത്. രണ്ടു പേരുടെയും മേൽപ്പട്ട സ്ഥാനം മലങ്കരയിൽ വച്ച് പ. പാത്രിയർക്കീസ് ബാവായുടെ കാർമ്മികത്വത്തിലായിരുന്നു.

മലങ്കര സഭയിൽ ജീവിച്ചിരുന്നപ്പോൾത്തന്നെ അനുകരണീയമായ ജീവിത വിശുദ്ധികൊണ്ട് ജനഹൃദയം കവരുവാൻ കഴിഞ്ഞ രണ്ടു മഹാസിദ്ധന്മാരാണ് പ. പരുമല കൊച്ചുതിരുമേനിയും ആലുവായിലെ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയും. പ. പരുമല തിരുമേനിയുടെ വാത്സല്യ ശിഷ്യനായിരുന്നു പ. വലിയ തിരുമേനി. എന്നാൽ, ഗുരു കൊച്ചുതിരുമേനിയായും ശിഷ്യൻ വലിയ തിരുമേനിയുമായിട്ടാണ് സഭാ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സഭാ ചരിത്രത്തിൽ ഇത് അപൂർവ്വ സംഭവമാണ്. ഗുരുശിഷ്യന്മാർ തമ്മിൽ പല കാര്യങ്ങളിലും സാമ്യവും സാദൃശ്യവുമുണ്ട്. ദത്തവകാശ കുടുംബപാരമ്പര്യമാണ് രണ്ടു പിതാക്കന്മാർക്കും ഉള്ളത്. കുടുംബ വൈദിക പാരമ്പര്യത്തിലും ഇരുവരും സമന്മാരാണ്. ഗുരുതരമായ രോഗവിമുക്തിയ്ക്ക് ശേഷമാണ് ഇരുവരും റമ്പാന്മാരായത്. രണ്ടു പേരുടെയും മേൽപ്പട്ടസ്ഥാനം മലങ്കരയിൽ വച്ച് പ. പാത്രിയർക്കീസ് ബാവായുടെ കാർമ്മികത്വത്തി



ലായിരുന്നു. പ. അന്ത്യോഖ്യാ സിംഹാസന ഭക്തിയിൽ ഇരുവരും ഒപ്പത്തിനൊപ്പമായിരുന്നു. പിതാക്കന്മാർ രണ്ടുപേരും കാലം ചെയ്തത് ഞായറാഴ്ച ദിവസം തന്നെ. രണ്ടു പിതാക്കന്മാരുടെയും കബറുകൾ വിശുദ്ധ മദ്ബഹായുടെ വടക്കേ ഭിത്തിയോട് ചേർന്നാണ്. രണ്ട് പിതാക്കന്മാരുടെയും ഓർമ്മപെരുന്നാൾ സഭാ അടിസ്ഥാനത്തിൽ പൊതുവായി ആചരിച്ചുവരുന്നു. ഇതെല്ലാം ഗുരുശിഷ്യബന്ധത്തിന്റെ പരിശുദ്ധിയും ആത്മനിറവും കൊണ്ടാണ്.

പ. അന്ത്യോഖ്യാ സിംഹാസനമാണ് കൃപയുടെ ഉറവിടമെന്ന് തിരുമേനി പൂർണ്ണമായി വിശ്വസിച്ചിരുന്നു.പ. വലിയ തിരുമേനി ശെമ്മാശനായിരുന്നപ്പോൾ ഗുരുതരമായ രോഗം പിടിപെടുകയും തുടർന്ന് ദൈവത്തിന്റെ അളവറ്റ കൃപയാൽ രോഗവിമുക്തി പ്രാപിക്കുകയും ചെയ്തു. അതിനുശേഷമാണ് പൗലോസ് ശെമ്മാശൻ സന്യാസജീവിതത്തിലേക്ക് തിരിയുന്നതിന് തീരുമാനിച്ചത്. പരമസിദ്ധനായ പ.പരുമല തിരുമേനിയിൽ നിന്ന് കശ്ശീശാസ്ഥാനവും റമ്പാൻ സ്ഥാനവും സ്വീകരിച്ചശേഷം ആലുവ പള്ളിയുടെ പണികൾ പൂർത്തിയാക്കുന്നതിന് പൗലോസ് റമ്പാൻ നിയോഗിക്കപ്പെട്ടു. ആയത് വിജയകരമായി പൂർത്തികരിച്ച അവസരത്തിൽ പ. പരുമല തിരുമേനി അവിടെ എഴുന്നള്ളി. റമ്പാച്ചന്റെ അക്ഷീണ യത്നം, കർമ്മകുശലത, പ്രാർത്ഥനാനിഷ്ഠ മുതലായവയെക്കുറിച്ച് മുമ്പ് തന്നെ വലിയ മതിപ്പുണ്ടായിരുന്ന പ. പരുമലത്തിരുമേനി കൊച്ചുറമ്പാച്ചൻ കുറച്ചുകാലം പരുമലവന്നു താമസിക്കണമെന്നും അവിടുത്തെ പള്ളിപണി ഊർജ്ജിതതപ്പെടുത്തി നടത്തണമെന്നും കല്പിച്ചു. അതനുസരിച്ച് റമ്പാച്ചൻ പരുമലയിൽ നീണ്ടമൂന്നു സംവത്സരങ്ങൾ താമസിക്കുകയും സെമിനാരി പണി വിജയകരമായി നടത്തുകയും ചെയ്തു. പരിശുദ്ധനായ പരുമല തിരുമേനിക്ക് കൊച്ചു പൗലോസ് റമ്പാനോട് അത്യധികമായ വാത്സല്യവും വലിയ പ്രതീക്ഷകളുമാണ് ഉണ്ടായിരുന്നത്. ദീർഘദർശിയായ ആ മഹാസിദ്ധൻ റമ്പാച്ചന് ഒരു ശീലമുടിയും പത്രസീനും പട്ടംകൊട പുസ്തകവും സമ്മാനമായി കൊടുത്തു. മെത്രാനുമാത്രം ചേരുന്നതും റമ്പാനു ഒട്ടും വേണ്ടാത്തതുമായ ഈ സമ്മാനങ്ങൾ റമ്പാച്ചനു സമ്മാനിച്ചതിൽ നിന്നും ആ പിതാവിന്റെ പ്രതീക്ഷകൾ എത്രമാത്രമായിരുന്നുവെന്ന് സ്പഷ്ടമാണല്ലോ. പരുമലയിൽ താമസിച്ചിരുന്ന കാലയളവിൽ താപസശ്രേഷ്ഠനായിരുന്ന പ. പരുമല തിരുമേനിയിൽ നിന്നും പ്രാർത്ഥന, ഉപവാസം, ജാഗരണം എന്നിവയും പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വവും ഭക്തിയും കൂറും കണ്ടും കേട്ടും മനസിലാക്കുകയും സ്വന്ത ജീവിതത്തിലേക്ക് പകർത്തി ജീവിതാവസാനംവരെ നിലകൊളളുകയും ചെയ്തു. പ. പാത്രിയർക്കീസ് ബാവ പരിശുദ്ധന്മാരായി പ്രഖ്യപിച്ച് തുബദേനിൽ പേരുചേർത്ത പ. പരുമല കൊച്ചു തിരുമേനിയുടെയും പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെയും മദ്ധ്യസ്ഥത നമുക്ക് കോട്ടയും കാവലുമായിരിക്കട്ടെ.



**പ. അന്ത്യോഖ്യാ സിംഹാസനമാണ് കൃപയുടെ ഉറവിടമെന്ന് തിരുമേനി പൂർണ്ണമായി വിശ്വസിച്ചിരുന്നു.പ. വലിയ തിരുമേനി ശെമ്മാശനായിരുന്നപ്പോൾ ഗുരുതരമായ രോഗം പിടിപെടുകയും തുടർന്ന് ദൈവത്തിന്റെ അളവറ്റ കൃപയാൽ രോഗവിമുക്തി പ്രാപിക്കുകയും ചെയ്തു. അതിനുശേഷമാണ് പൗലോസ് ശെമ്മാശൻ സന്യാസജീവിതത്തിലേക്ക് തിരിയുന്നതിന് തീരുമാനിച്ചത്. പരമസിദ്ധനായ പ.പരുമല തിരുമേനിയിൽ നിന്ന് കശ്ശീശാസ്ഥാനവും റമ്പാൻ സ്ഥാനവും സ്വീകരിച്ചശേഷം ആലുവ പള്ളിയുടെ പണികൾ പൂർത്തിയാക്കുന്നതിന് പൗലോസ് റമ്പാൻ നിയോഗിക്കപ്പെട്ടു.**




# പ. വലിയ തിരുമേനിയും പൗരസ്ത്യ സുവിശേഷ സമാജവും

**പോളിക്കർപ്പോസ് ഗീവർഗീസ് മെത്രാപ്പോലീത്ത**

**പരുമല സെമിനാരിയിൽ താമസിച്ച് സുറിയാനി ഭാഷയും ആരാധനരീതികളും എല്ലാം നന്നായി പരിശീലിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇമ്പമേറിയ ശബ്ദം കേൾവിക്കാരെ കോരിത്തരിപ്പിക്കുമായിരുന്നു.**

**പ.** പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയെ സാധാരണക്കാരായ ആളുകൾ അറിഞ്ഞിരിക്കുന്നത് "കുറ്റിക്കാട്ടിൽ തിരുമേനി" എന്നാണ്. അദ്ദേഹം വളരെ സൗമ്യനും പ്രാർത്ഥനാജീവിതം ഉള്ളവനും ആയിരുന്നു. പൈനാടത്ത് കുടുംബത്തിൽ ആണ് അദ്ദേഹം ജനച്ചത്. നന്നേ ചെറുപ്പത്തിൽ തന്നെ അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പരുമല സെമിനാരിയിൽ താമസിച്ച് സുറിയാനി ഭാഷയും ആരാധനരീതികളും എല്ലാം നന്നായി പരിശീലിച്ചിരുന്നു. അദ്ദേഹത്തിന്റെ ഇമ്പമേറിയ ശബ്ദം കേൾവിക്കാരെ കോരിത്തരിപ്പിക്കുമായിരുന്നു. പ. അബ്ദേദാലോഹൊ പാത്രിയർക്കീസിൽ നിന്നും മെത്രാപ്പോലീത്ത സ്ഥാനം സ്വീകരിച്ച് അങ്കമാലി ഭദ്രാസനത്തിന്റെ ഭരണച്ചുമതലയേറ്റ് മെത്രാപ്പോലീത്തയ്ക്കടുത്ത എല്ലാ കാര്യങ്ങളും നടത്തി വന്നു. ഒരേ കാലയളവിൽ മലങ്കരയിലെ ഏഴ് ഭദ്രാസനങ്ങളുടെയും ഭരണച്ചുമതല ഏറ്റെടുക്കുവാനുള്ള നിയോഗവും അദ്ദേഹത്തിന് ലഭിച്ചു. 1934 ൽ മലങ്കരസഭയിൽ കക്ഷിവഴക്ക് ശക്തമായപ്പോൾ അദ്ദേഹം പാത്രിയർക്കീസ് പക്ഷത്ത് ഉറച്ചു നിന്ന് പോരാടി. ബഹു കോച്ചേരി അച്ചൻ അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. അക്കാലയളവിൽ മലങ്കരയാക്കോബായ സഭയിൽ സുവിശേഷപരമായ പ്രവർത്തനങ്ങൾ കാര്യമായി ഇല്ലായിരുന്നു. അഭി. പൗലോസ് മോർ അത്താനാസിയോസ് തിരുമേനി സണ്ടേസ്കൂൾ പ്രസ്ഥാനത്തെ സ്നേഹിച്ചിരുന്നത് സ്മരണീയമത്രേ.



*വന്ദ്യ ആത്തുങ്കൽ ഗീവർഗീസ് കോർഎപ്പിസ്കോപ്പ*

വന്ദ്യ. വഞ്ചിത്താറ്റിൽ കുരിയാക്കോസ് റമ്പാനെ സണ്ടേസ്കൂൾ പ്രസ്ഥാന ത്തിന്റെ ചുമതല ഏല്പ്പിച്ച് സണ്ടേസ്കൂൾ പ്രസ്ഥാനത്തെ അഭി. തിരുമേനി വളർത്തിയെടുത്തു. വന്ദ്യ. റമ്പാച്ചൻ മലങ്കര സഭയിൽ ഓടി നടന്ന് ആ കാല യളവിൽ സണ്ടേസ്കൂൾ പ്രസ്ഥാനത്തെ പരിചരിച്ചിരുന്നു.അക്കാലത്ത് ബഹു. ആത്തുങ്കൽ ഗീവർഗീസ് അച്ചൻ സുവിശേഷ രംഗത്ത് കടന്നുവന്നു പ്രവർത്തി ച്ചിരുന്നു. സുവിശേഷരംഗത്തെ അദ്ദേഹത്തിന്റെ പ്രവർത്തനം പ്രയോജനകരം ആകുന്നു എന്നുകണ്ട് ബഹു. ആത്തുങ്കൽ അച്ചന്റേയും സഹപ്രവർത്തകരു ടേയും പരിശ്രമഫലമായി സമാരംഭിക്കപ്പെട്ട സുവിശേഷ സമാജത്തെ അഭി. കുറ്റിക്കാട്ടിൽ തിരുമേനി വളരെ അധികം പ്രോത്സാഹിപ്പിച്ചു. അക്കാലയളവിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്നത് നവീകരണ സഭക്കാരുടെ പ്രവർത്തനം ആണെന്നും മലങ്കര യാക്കോബായ സഭയിൽ അത് ആവശ്യമി ല്ലെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു വിഭാഗമായിരുന്നു മലങ്കരയാക്കോബായ സുറിയാനി സഭ. ബഹു.ആത്തുങ്കലച്ചന്റെ പരിശ്രമപല മായി യാക്കോബായ സുറിയാനി സഭയിൽ സുവിശേഷത്തിന്റെ വെളിച്ചം കട ന്നുവരികയും പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ ചുമതലയിൽ മണ്ണൂർ സെന്റ് ജോർജ് പള്ളിയിൽ ഒരു സുവിശേഷ പ്രസംഗയോഗം ബഹു. ആത്തു ങ്കൽ അച്ചന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും അന്ന് മണ്ണൂർ പള്ളി വികാരി യായിരുന്ന അരികുപുറത്ത് ബഹു. മത്തായി കത്തനാർ അതിന് കൈത്താങ്ങ് കൊടുക്കുകയും ചെയ്തു. അന്ന് സുവിശേഷ സമാജ പ്രവർത്തനക്കാരെ പള ളിയിൽ കയറ്റി പ്രവർത്തിപ്പിക്കുവാൻ പല വൈദികരും വിസമ്മതിച്ചു. കാരണം പല ആളുകളുടേയും അച്ചന്മാരുടേയും ചിന്ത സുവിശേഷം നവീകരണക്കാ രുടെ മാത്രം ജോലി ആയിരുന്നുവെന്നാണ്. എന്നാൽ, സുവിശേഷ താത്പര്യം ഉണ്ടായിരുന്ന നെടുന്തള്ളിൽ ബഹു. ഗീവർഗീസ് അച്ചൻ ബഹു. അരികുപു റത്ത് മത്തായി അച്ചൻ, ചേലാട് കൂമളംകുന്നേൽ വർക്കിച്ചേട്ടൻ, ആയക്കാട് ചമ്പൻകോട്ടുകുടി സി.സി.പൗലോസ് മുതലായവരുടെ പരിശ്രമഫലമായി അങ്ക മാലി ഭദ്രാസനത്തിൽ ചുമതലവഹിച്ചിരുന്ന കുറ്റിക്കാട്ടിൽ തിരുമേനിയിൽ നിന്നും പൗരസ്ത്യ സുവിശേഷസമാജ പ്രവർത്തകർക്ക് യാക്കോബായ സഭയിലെ പള്ളികളിൽ പ്രവേശിച്ച് പ്രവർത്തിക്കുന്നതിന് സുവിശേഷസമാജത്തെ അംഗീ കരിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി അംഗീകാര കല്പനകൊടുത്തു. അന്നു മുതൽ പൗരസ്ത്യ സുവിശേഷസമാജം പ്രവർത്തകർ പള്ളികളിൽ പ്രവേശിച്ച് സുവിശേഷവേല ചെയ്യുന്നതിന് ചുരുക്കം ചില അച്ചന്മാർ അനുവദിച്ചിരുന്നു. അന്ന് മലങ്കര സഭയിൽ വേറെ സുവിശേഷ പ്രവർത്തനം കാര്യമായി ഇല്ലായി രുന്നു എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. ബഹു ആത്തുങ്കൽ അച്ചന്റേയും സഹ പ്രവർത്തകരുടേയും പരിശ്രമഫലമായി മണ്ണൂർ കൺവെൻഷനിൽ വെച്ച് ജന്മം എടുത്ത സുവിശേഷ സമാജം വളരുവാൻ തുടങ്ങി. ആലുവായിലെ വലിയ തിരുമേനി സുവിശേഷസമാജത്തെ അംഗീകരിച്ച് കല്പന കൊടുത്തതിന്റെ ഫലമായി സുവിശേഷ സമാജത്തിന് സ്വന്തം കാലിൽ നില്ക്കുവാൻ അവ സരം ലഭിച്ചു. വലിയ തിരുമേനി സുവിശേഷസമാജത്തെ അംഗീകരിച്ചതുകൊണ്ട് അഭി. മീഖായേൽ മോർ ദിവന്നാസിയോസ് തിരുമേനി, അഭി. ഔഗേൻ മോർ തിമോത്തിയോസ് തിരുമേനി, ക്നാനായ ഭദ്രാസനത്തിന്റെ അഭി. അബ്രഹാം ക്ലീമീസ് തിരുമേനി മുതലായവരും സുവിശേഷ സമാജത്തെ അംഗീകരിച്ചു. സുവിശേഷസമാജം ജാതികളുടെ ഇടയിലേക്ക് ഇറങ്ങി പ്രവർത്തിക്കുവാൻ തുടങ്ങി. തുടർന്ന് അന്ന് യാക്കോബായക്കാർക്ക് പ്രവർത്തനം ഇല്ലാതിരുന്ന തായ മലബാർ പ്രദേശത്തും സുവിശേഷ സമാജത്തിന്റെ പ്രവർത്തനം വ്യാപി


അങ്കമാലി ഭദ്രാസനത്തിൽ ചുമതലവഹിച്ചിരുന്ന കുറ്റിക്കാട്ടിൽ തിരുമേനിയിൽ നിന്നും പൗരസ്ത്യ സുവിശേഷ സമാജ പ്രവർത്തകർക്ക് യാക്കോബായ സഭയിലെ പള്ളികളിൽ പ്രവേശിച്ച് പ്രവർത്തിക്കുന്നതിന് സുവിശേഷസമാജത്തെ അംഗീകരിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി അംഗീകാര കല്പനകൊടുത്തു.

പ്പിച്ചു. ആ കാലയളവിൽ ആണ് അഭി. വയലിപ്പറമ്പിൽ ഗ്രീഗോറിയോസ് തിരുമേനി അങ്കമാലി ഭദ്രാസനത്തിന്റെ സഹായിയായി നിയമിക്കപ്പെട്ടത്. അദ്ദേഹത്തിന് പ. അഫ്രേം പാത്രിയർക്കീസ് ബാവ കല്പനയും നല്കി.

സുവിശേഷ സമാജത്തിന്റെ പ്രവർത്തനവും വളർച്ചയും കണ്ട്, അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. വയലിപ്പറമ്പിൽ ഗ്രീഗോറിയോസ് തിരുമേനിക്ക് സുവിശേഷ സമാജത്തിന്റെ നിയന്ത്രണം കിട്ടണം എന്ന ആഗ്രഹം ഉണ്ടായി. ഈ വിവരം അഭി. തിരുമേനി ബഹു. ആത്തുങ്കൽ അച്ചനെ അറിയിച്ചു. ആത്തുങ്കൽ അച്ചൻ അപ്പോൾ തന്നെ അഭി. തിരുമേനി മുമ്പാകെ "വലിയ തിരുമേനിയുടെ അംഗീകാരത്തോടെ നടത്തപ്പെടുന്ന പൗരസ്ത്യസുവിശേഷ സമാജം അദ്ദേഹത്തിന്റെ അനുവാദം ഇല്ലാതെ മാറ്റാരേയും ഏല്പ്പിക്കുവാൻ സാദ്ധ്യമല്ല'' എന്ന മറുപടിയും നല്കി. അഭി. ഗ്രീഗോറിയോസ് തിരുമേനിയുടെ തുടർന്നുള്ള നിർബന്ധം മൂലം ബഹു. ആത്തുങ്കൽ അച്ചൻ വലിയ തിരുമേനിയെ സമീപിച്ച് കൊച്ചുതിരുമേനിയുടെ ആഗ്രഹം അറിയിച്ചു. അതിന് മറുപടിയായി വലിയ തിരുമേനി കല്പ്പിച്ചത്. ഇപ്രകാരം ആണ്. "അവനവന്റെ അവൽ അവനവന്റെ മടിയിൽ കിടന്നാൽ ഇഷ്ടംപോലെ എടുത്ത് കൊറിക്കാം'' എന്നു പറഞ്ഞാൽ പൗരസ്ത്യ സുവിശേഷസമാജത്തിന്റെ ചുമതല മറ്റാരേയും എല്പ്പിക്കേണ്ട എന്നാണ്. അങ്ങനെ പൗരസ്ത്യ സുവിശേഷസമാജം വലിയ തിരുമേനിയുടെ കീഴിൽ തന്നെ നിലനിന്നു. വലിയ തിരുമേനി ലാളിച്ചു വളർത്തിയ സുവിശേഷ സമാജത്തിന്റെ പ്രവർത്തകരായി പൈനാടത്ത് ഇട്ടിക്കുര്യൻ വക്കീൽ, മഹിളാലയം പി.കെ. മാത്യു വക്കീൽ മുതലായ ഗണ്യവ്യക്തികൾ സുവിശേഷ സമാജത്തിന്റെ പ്രവർത്തനരംഗത്തേക്ക് കടന്നുവന്ന് ബഹു. ആത്തുങ്കൽ അച്ചനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി സമാജത്തിന് പെരുമ്പാവൂരിൽ ഒരു കേന്ദ്രഓഫീസ് വേണമെന്ന തോന്നൽ ഉണ്ടാവുകയും അങ്ങനെ സുവിശേഷ സമാജത്തിന്റെ പ്രവർത്തകരുടെ പ്രവർത്തനഫലമായി പെരുമ്പാവൂരിൽ ഇപ്പോൾ ഉള്ളതായ കേന്ദ്രഓഫീസിനുള്ള സ്ഥലം സമാജം പേരിൽ വിലയ്ക്കുവാങ്ങുവാനുള്ള പരിശ്രമങ്ങൾ ചെയ്യുകയും പൈനാടത്ത് ഇട്ടികുര്യൻ വക്കീൽ ചീരകതോട്ടത്തിൽ വന്ദ്യ പൗലോസ് കോർഎപ്പിസ്കോപ്പ, പാത്തിക്കൽ ബഹു പൗലോസ് അച്ചൻ, വേങ്ങൂർ നിരന്നനിലത്ത് ബഹു. ഏബ്രഹാം അച്ചൻ ആലിയകാട്ടുകുടി മത്തായിസാർ തുടങ്ങിയ വ്യക്തികളുടെ പ്രയത്നഫലമായി പൗര്യസ്ത്യ സുവിശേഷസമാജത്തിന് കേന്ദ്ര ഓഫീസും മറ്റു പ്രവർത്തനങ്ങളും ഉണ്ടാവുകയും പൗരസ്ത്യസുവിശേഷ സമാജം വളർന്നുവളർന്ന് സാധുക്കൾക്കായുള്ള അനാഥ മന്ദിരങ്ങൾ, കോൺവെന്റ്, കേരളത്തിലും കർണ്ണാടകത്തിലും ഹൈസ്കൂളുകൾ, പള്ളികൾ ആയിരക്കണക്കിന് ആയുഷ്കാല അംഗങ്ങൾ, സുവിശേഷ പ്രവർത്തകർ, വൈദികർ, മെത്രാപ്പോലീത്തന്മാർ തുടങ്ങി പ. യാക്കോബായ സഭയിൽ അഭിമാനപൂർവ്വം പ്രവർത്തിക്കുന്ന ഒരു വടവൃക്ഷമായി സുവിശേഷ സമാജം വളർന്നു.

"അവനവന്റെ അവൽ അവനവന്റെ മടിയിൽ കിടന്നാൽ ഇഷ്ടംപോലെ എടുത്ത് കൊറിക്കാം" എന്നു പറഞ്ഞാൽ പൗരസ്ത്യ സുവിശേഷസമാജത്തിന്റെ ചുമതല മറ്റാരേയും എല്പ്പിക്കേണ്ട എന്നാണ്. അങ്ങനെ പൗരസ്ത്യ സുവിശേഷസമാജം വലിയ തിരുമേനിയുടെ കീഴിൽ തന്നെ നിലനിന്നു.

പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ ദീർഘവീക്ഷണവും അനുഗ്രഹവും പ്രാർത്ഥനയും മുഖാന്തിരമാകുന്നു ഇത് എന്ന് സുവിശേഷസമാജ അംഗങ്ങൾ വിശ്വസിക്കുകയും പ. വലിയ തിരുമേനിയെ സ്മരിക്കുകയും ചെയ്യുന്നു. ഈ പുണ്യശ്ലോകനായ പിതാവിന്റെ പൗരോഹിത്യത്തിന്റെ നൂറാം വർഷം അദ്ദേഹത്തെ ഓർക്കുന്നു. പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മുമ്പോട്ടുള്ള വളർച്ചയ്ക്ക് പ. പിതാവിന്റെ കരുതലും പ്രാർത്ഥനയും യാചിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നു.



# പ. മോർ അത്താനാസിയോസ് വലിയതിരുമേനിയും വിദ്യാർത്ഥി പ്രസ്ഥാനവും

**ഡോ. കുര്യാക്കോസ് തെയോഫിലോസ് മെത്രാപ്പോലിത്ത**

യുവതല മുറയ്ക്കും വിശ്വാസവും മൂല്യങ്ങളും ആത്മീയ ദർശനവും നൽകിയില്ലെങ്കിൽ ഉണ്ടാകുന്ന വിപത്തും ജീർണ്ണതയും മുൻകൂട്ടി മനസ്സിലാക്കിയ ക്രാന്തദർശിയായിരുന്നു പ. വലിയ തിരുമേനി.

വിശ്വാസ സംരക്ഷകൻ എന്നറിയപ്പെടുന്ന ആലുവായിലെ പ. വലിയ തിരുമേനിയുടെ മഹാ പൗരോഹിത്യ ശതാബ്ദി പ. സഭ ആഘോഷപൂർവ്വം ആചരിക്കുന്ന അനുഗൃഹിത സന്ദർഭമാണല്ലോ ഇത്. അചഞ്ചലമായ വിശ്വാസ ത്തിന്റെയും, ആഴമായ ദൈവഭക്തിയുടെയും വിശ്വാസ ജീവിത ത്തിന്റെയും മാതൃകയായിരുന്നു പരിശുദ്ധ പിതാവ്, വലിയ ഒരു ദാർശീകനുമായിരുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് പ. സഭയിലെ വിദ്യാർത്ഥി പ്രസ്ഥാനവും സണ്ടേസ്കൂൾ പ്രസ്ഥാനവും. കുഞ്ഞുങ്ങൾക്കും, യുവതലമുറയ്ക്കും വിശ്വാസവും മൂല്യങ്ങളും ആത്മീയ ദർശനവും നൽകിയില്ലെങ്കിൽ ഉണ്ടാകുന്ന വിപത്തും ജീർണ്ണതയും മുൻകൂട്ടി മനസ്സിലാക്കിയ ക്രാന്തദർശിയായിരുന്നു പ. വലിയ തിരുമേനി. ആ ദർശനമാണ് ഇന്ന് പരിശുദ്ധ സഭയിലെ ഏറ്റവും വലിയ ആത്മീയ പ്രസ്ഥാനമായ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെയും വളർന്നു വരുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും അടിത്തറയായി നിൽക്കുന്നത്.

1907 കാലഘട്ടങ്ങളിൽത്തന്നെ സിറിയൻ സ്റ്റുഡന്റസ് മൂവ്മെന്റ് എന്ന പേരിൽ വിദ്യാർത്ഥി പ്രസ്ഥാനം സഭയിൽ രൂപപ്പെട്ടുവെങ്കിലും സഭയുടെ പിളർപ്പ് വിദ്യാർത്ഥി പ്രസ്ഥാനത്തേയും ബാധിച്ചു. 1922-ൽ പ. വലിയതിരുമേനി ചെറുതോട്ടുകുന്നേൽ പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി തന്റെ ഗുരു ശ്രേഷ്ഠനായ പ. ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിൽ മോർ ഗ്രീഗോറിയോസ് സിറിയൻ വിദ്യാർത്ഥി സംഘം എന്ന പേരിൽ പ. സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന് തുടക്കമിട്ടു. ഇതിനിടയിൽ മെത്രാൻ കക്ഷികൾ "സെന്റ് തോമസ് സിറിയൻ സ്റ്റുഡൻസ് മൂവ്മെന്റ്" എന്ന പേരിൽ ഒരു പ്രസ്ഥാനം ആരംഭിച്ചുവെങ്കിലും പിന്നീട് എം.ജി.ഒ.സി.എസ്.എം. എന്നപേരിൽ വിദ്യാർത്ഥി പ്രസ്ഥാനം പ്രവർത്തിക്കുകയാണുണ്ടായത്.


സഭാ തർക്കങ്ങളും, യോജിപ്പും, പിളർപ്പുമെല്ലാം എല്ലാ മേഖലകളിലുമെന്ന

പോലെ വിദ്യാർത്ഥി പ്രസ്ഥാനത്തെ ബാധിക്കുകയുണ്ടായി. ഇടക്കാലത്ത് പ്രവർത്തന രഹിതമായ വിദ്യാർത്ഥി പ്രസ്ഥാനം 1980 കാലയളവുകളിൽ മോർ ഗ്രീഗോറിയോസ് ജാക്കബൈറ്റ് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പിന്നീട് മാറിവന്ന സാഹചര്യങ്ങളിൽ Syrian Orthodox Christian Students Movement of India (SOCSMI), Jacobite Students Movement of India (JASMI) എന്നീ പേരുകളിലും വിവിധ കാലയളവുകളിൽ പ്രവർത്തിക്കുകയുണ്ടായി.

"2009-ൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ തന്നെയുണ്ടായിരുന്ന നാമധേയത്തിൽ തന്നെ പ്രസ്ഥാനം പുനഃസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ സജീവമാക്കുവാൻ തീരുമാനമെടുക്കുകയും, ബലഹീനനായ നമ്മെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി ചുമതല പ്പെടുത്തുകയും ചെയ്തു". ഇപ്പോൾ Mor Gregorious Jacobite Students Movement (MGJSM) എന്ന പേരിൽ പ്രസ്ഥാനം പ്രവർത്തിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് അനേക കലാലയങ്ങളിലും, ഹയർ സെക്കൻഡറി, സീനിയർ സെക്കൻഡറി സ്കൂളുകളിലും യൂണിറ്റുകൾ തുടങ്ങി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് വൈദികരെ മുഴുവൻസമയ സേവനത്തിനായി ക്രമീകരിച്ചിരിക്കുന്നു. കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളായി തിരിച്ച്, ഭാരവാഹികളെ നിയമിച്ച്, പ്രവർത്തനങ്ങൾ നടത്തുന്നു. മേഖലാ വിദ്യാർത്ഥി സംഗമവും, ക്യാമ്പുകളും പ്രവർത്തനത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാമ്പസുകളിലോ, സമീപത്തുള്ള നമ്മുടെ ദൈവാലയങ്ങളിലോ ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചുചേർന്ന് ധ്യാനം, പ്രാർത്ഥന, വേദപഠനം, ആനുകാലിക പ്രസക്ത വിഷയങ്ങൾ ചർച്ച ചെയ്യുക, സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. ഉപരിപഠനത്തിന് കേരളത്തിന് പുറത്തുപോകുന്ന കുട്ടികൾക്കായുള്ള ധ്യാനം, കൗൺസിലിംഗ്, കരിയർ ഗൈഡൻസ് എന്നിവ നടത്തി വരുന്നു. ഇന്ത്യയുടെ പലഭാഗത്തും സ്റ്റുഡന്റ്സ് സെന്ററുകളും, കൗൺസിലിംഗ് കേന്ദ്രങ്ങളും, വിദ്യാർത്ഥികൾക്കായി ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വർഷത്തിലൊരിക്കൽ മൂന്നു ദിവസത്തെ നേതൃത്വ പരിശീലന ക്യാമ്പും പ്രവർത്തനങ്ങളുടെ ഭാഗമായി ക്രമീകരിക്കുന്നു.

ബാല്യത്തോട് വിടപറഞ്ഞ്, കൗമാരത്തിലേക്കും, യൗവനത്തിലേക്കും കലാലയത്തിന്റെ വിശാലമായ സ്വാതന്ത്ര്യ ലോകത്തേക്കു പ്രവേശിക്കുന്ന കുഞ്ഞുങ്ങൾ പലപ്പോഴും ലക്ഷ്യബോധമില്ലാതെ മദ്യത്തിനും, മയക്കുമരുന്നിനും അടിമപ്പെട്ടു പോകുന്ന അനുഭവങ്ങൾ ഇന്ന് വിരളമല്ല. ആധുനികതയും, ശാസ്ത്രസാങ്കേതികതയുടെ അനന്തസാദ്ധ്യതകളും ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യങ്ങളും, പഠന രംഗങ്ങളിലെ മത്സരവും, കുട്ടികളിലുണ്ടാക്കുന്ന മാനസിക സമ്മർദ്ദങ്ങളും, ഭൗതികതയുടെ അതിപ്രസരവും യുവമനസ്സുകളിൽ സൃഷ്ടിക്കുന്ന പ്രലോഭനങ്ങളുമെല്ലാം യുവമനസ്സുകളെ അക്രമ സ്വഭാവത്തിലേക്കും, ആത്മഹത്യാ പ്രവണതയിലേക്കും, നിരാശാ ജീവിതത്തിലേക്കും നയിക്കുന്നു. ഒരു നൂറ്റാണ്ടുമുൻപ് ഇത്തരം സാഹചര്യങ്ങളെ മുന്നിൽക്കണ്ട് വിദ്യാർത്ഥി പ്രസ്ഥാനത്തിന് രൂപം നൽകിയ പ. പിതാവിന്റെ ഭാവിതലമുറയെക്കുറിച്ചുള്ള കരുതൽ എത്ര വലുതായിരുന്നു.

**ആധുനികതയും, ശാസ്ത്രസാങ്കേതികതയുടെ അനന്തസാദ്ധ്യതകളും ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യങ്ങളും, പഠന രംഗങ്ങളിലെ മത്സരവും, കുട്ടികളിലുണ്ടാക്കുന്ന മാനസിക സമ്മർദ്ദങ്ങളും, ഭൗതികതയുടെ അതിപ്രസരവും യുവമനസ്സുകളിൽ സൃഷ്ടിക്കുന്ന പ്രലോഭനങ്ങളുമെല്ലാം യുവമനസ്സുകളെ അക്രമ സ്വഭാവത്തിലേക്കും, ആത്മഹത്യാ പ്രവണതയിലേക്കും, നിരാശാ ജീവിതത്തിലേക്കും നയിക്കുന്നു.**



# വിശുദ്ധിയുടെ ദർശനങ്ങൾ വലിയതിരുമേനിയുടെ ജീവിതത്തിൽ

**മാത്യൂസ് അപ്രേം മെത്രാപ്പോലിത്ത**

ശുദ്ധീകരണം പ്രാപിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ചിന്താധാരയിൽ ഈ കാഴ്ചപ്പാടിനെ ദൈവവത്കരണം(**Theosis**) എന്ന് വിളിക്കുന്നു. എല്ലാ മനുഷ്യന്റെയും ആത്യന്തികലക്ഷ്യം ദൈവ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുക.

പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ ജീവിതം അദ്ധ്യാത്മിക വിശുദ്ധിയുടെ ഉദാത്തമായ മാതൃകയാണ്. ഋഷി തുല്യമായ അദ്ദേഹത്തിന്റെ ജീവിതം മൂല്യച്ചുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽലെ വിശുദ്ധിയുടെ പല മാനങ്ങളും പരിശുദ്ധ തിരുമേനിയിൽ നിറഞ്ഞുനിന്നിരുന്നു.

ക്രിസ്തു വേദശാസ്ത്രമനുസരിച്ച് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത് ദൈവിക വിശുദ്ധിയിൽ പങ്കുകാരാകുവാനാണ്. മനുഷ്യൻ ദൈവത്തെപ്പോലെ ആകുവാൻ സാധിക്കയില്ല. മറിച്ച് ദൈവികവിശുദ്ധിയിൽ പങ്കുകാരകുവാൻ സാധിക്കും. പ. അത്താനാസിയോസ് തിരുമേനിയുടെ ജീവിതം ഈ വേദശാസ്ത്ര കാഴ്ചപ്പാടിനെ യാഥാർത്ഥ്യവത്കരിക്കുന്നതാണ്. എബ്രാ. 12:14 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ശുദ്ധീകരണം പ്രാപിക്കാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ചിന്താധാരയിൽ ഈ കാഴ്ചപ്പാടിനെ ദൈവവത്കരണം(Theosis) എന്ന് വിളിക്കുന്നു. എല്ലാ മനുഷ്യന്റെയും ആത്യന്തികലക്ഷ്യം ദൈവ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുക പ. വലിയ തിരുമേനി ഈ ലക്ഷ്യം ഐഹിക ജീവിതത്തിൽ വച്ചു തന്നെ സാക്ഷാത്കരിച്ചു.

ദൈവിക വിശുദ്ധിയിൽ വി. വേദപുസ്തകം വീക്ഷിക്കുന്നത് ദൈവവുമായിട്ടുള്ള ഒരു വ്യക്തിയുടെ അഭേദ്യമായ ബന്ധമായിട്ടാണ്. ദൈവത്തെക്കുറിച്ചുള്ള അറിവുതന്നെ ലഭിക്കുന്നത് ദൈവവുമായിട്ടുള്ള ആഴത്തിലുള്ള കൂട്ടായ്മയിലൂടെ ആണ്. എബ്രായ ഭാഷയിൽ ദൈവത്തെ അറിയുക എന്നതിന് ഉപയോഗിച്ചിരിക്കുന്നത് 'യാധാ' എന്നാണ്. ഈ പദം കേവലം ഭൗതികമായ അറിവായിട്ടല്ല ഉപയോഗിച്ചിരിക്കുന്നത് മറിച്ച് ബന്ധങ്ങളുലൂടെ ലഭിക്കുന്ന അറിവായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ജീവിത വിശുദ്ധിയിലൂടെ ആണ് ദൈവ

വുമായുള്ള ഈ ബന്ധം നിലനിർത്തുവാൻ സാധിക്കുന്നത്. അതുകൊണ്ടു തന്നെ വലിയതിരുമേനിയുടെ ജീവിതം ദൈവിക അറിവിന്റെ ഒരുവലിയ മാതൃകയാണ്. ഉത്പ. 5:24 ൽ ഹാനോക്കിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ദൈവവുമായുള്ള കൂട്ടായ്മ നിലനിർത്തിയ വ്യക്തി എന്ന നിലയിലാണ്.

നിരന്തരമായ യാമപ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ഉപവാസത്തിലൂടെയും വലിയ തിരുമേനി ദൈവവുമായിട്ടുള്ള ബന്ധം സജ്ജീവമായിട്ട് നിലനിർത്തി. യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്നതുവഴിയായി തിരുമേനി ഒരു പ്രാർത്ഥന മനുഷ്യനായി അറിയപ്പെട്ടു. ദൈവിക വിശുദ്ധിയിൽ തന്റെ ജീവിതത്തെ നിലനിർത്തിയത്. പ്രാർത്ഥനയിലൂടെയുള്ള ദൈവസംസർഗ്ഗം വഴിയാണ്.

വിശുദ്ധ വേദപുസ്തകം ദാവിക വിശുദ്ധിയെ വ്യക്തിയുടെ സമഗ്രമായ ശുദ്ധീകരണമായിട്ടാണ് വിലയിരുത്തുന്നത്. വിശുദ്ധി പ്രാപിക്കുക എന്നതുകൊണ്ട് ഒരുമനുഷ്യന്റെ ശരീരം, ദേഹി, ആത്മാവ് എന്നിവയുടെ എല്ലാം നിർമ്മലീകരണമാണ്.ശരീരത്തിന്റെ മാത്രം വിശുദ്ധി ഒരു വ്യക്തി പൂർണ്ണ വിശുദ്ധിയിലേക്കെത്തിക്കുന്നില്ല. പരിശുദ്ധനായ പൗലോസ് ശ്ലീഹാ 1 തെസ്സലോ. 5:23 ൽ ഒരു വ്യക്തിയുടെ സമഗ്ര വിശുദ്ധിയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. വി. വേദപുസ്തകം അതുകൊണ്ടു തന്നെ ശാരീരിക വിശുദ്ധിയോടൊപ്പം തന്നെ ആന്തരീക വിശുദ്ധിക്കും പ്രാധാന്യം നല്കുന്നു. മത്താ. 5: 8 ൽ ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഹൃദയത്തിന്റെ വിശുദ്ധി എന്നതുകൊണ്ട് ഒരു മനുഷ്യന്റെ മനസ്സിന്റേയും, ചിന്തയുടേയും, കാഴ്ചപ്പാടിന്റേയും വിശുദ്ധിയാണ് ഉദ്ദേശിക്കുന്നത്. വി. വേദപുസ്തകത്തിൽ ചില സന്ദർഭങ്ങളിൽ ഹൃദയവും മനസ്സും (heart and mind) പര്യായപദമായി ഉപയോഗിച്ചിട്ടുണ്ട് സങ്കീർ. 24:4 ൽ ഹൃദയ ശുദ്ധിയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. വലിയ തിരുമേനിയുടെ ജീവിതം വേദപുസ്തകത്തിലെ അന്തരീക വിശുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടിന് വലിയ ഉദാഹരണമാണ്.

> യഥാർത്ഥത്തിൽ നമ്മുടെ ആദ്ധ്യാത്മികത കേന്ദ്രീകരിച്ചിരിക്കുന്നത് വിശുദ്ധ കുർബ്ബാനയിലാണല്ലോ. വി. കുർബ്ബാന പാപമോചനവും നിത്യജീവനും നല്കുന്നതിനോടൊപ്പം തന്നെ പങ്കാളികളാക്കുന്നു. ആയതുകൊണ്ട് ആദ്ധ്യാത്മീക വിശുദ്ധി നിലനിർത്തുന്നതിന് വി. കുർബ്ബാന അർഷണവും അനുഭവവും അത്യന്താപേക്ഷിതമാണ്.

സഭാ പിതാവായ മോർ അത്താനാസിയോസ് ആണ് മനസിന്റെ നിർമ്മലികരണത്തെക്കുറിച്ചും പാപത്തിന്റെ മനഃശാസ്ത്ര വശത്തെക്കുറിച്ചും ക്രിസ്തീയ വേദശാസ്ത്രചരിത്രത്തിൽ ശക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്. ആദാമിന്റെ പാപം തന്നെ അദ്ദേഹം വ്യാഖ്യാനിക്കുന്നത് മനഃശാസ്ത്രപരമായിട്ടാണ്. ആദാമിന്റെ പാപം അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം മനസ്സിന്റെ മലിനീകരണത്തിന്റെ ഫലമായിട്ടാണ്. മനസ്സിന്റെ സംശുദ്ധീകരണത്തിന് ഒരു വ്യക്തിയുടെ മനസ്സ് ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കണമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. മനസ്സ് ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നവരാണ് ഹൃദയ വിശുദ്ധിയുള്ളവർ.അങ്ങനെയുള്ള വ്യക്തികളെ സഭാപിതാവായ മോർ അത്താനാസിയോസ് വിളിക്കുന്നത് സന്യാസി (Asetic)എന്നാണ്.

വിശുദ്ധിയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് വലിയ തിരുമേനിയിൽ എല്ലാ അർത്ഥത്തിലും ഉണ്ടായിരുന്നു. ആത്മശരീരങ്ങളുടെ സമഗ്രമായ വിശുദ്ധി കൃമാന്യഗതമായ തന്റെ ആദ്ധ്യാത്മിക ജീവിതത്തിലൂടെ അദ്ദേഹത്തിനു നിലനിർത്തുവാൻ സാധിച്ചിരുന്നു. ആ ഭൗതികകതയുടെ ഈ ആധുനിക കാലഘട്ടത്തിൽ ഹൃദയ വിശുദ്ധിക്ക് ഏറെ പ്രാധാന്യമുണ്ട്.

ക്രിസ്തീയ ജീവിതത്തിലെ വിശുദ്ധി നിലനിർത്തുന്നതിന് പൗരസ്ത്യ വേദശാസ്ത്രത്തിൽ കൗദാശിക ജീവിതത്തിനും ആരാധനാ ജീവിതത്തിനും ഏറെ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ഒരു വിശ്വാസി വിശുദ്ധി ആർ

ജ്ജിക്കുന്നതിന് കൗദാശിക ജീവിതത്തിലെ പങ്കാളിത്തം അനിവാര്യമാണ് പ്രത്യേകിച്ചും വി. കുർബ്ബാന അനുഭവവും അനുഷ്ഠാനവും ഏറെ പ്രാധാന്യമുള്ളതാണ്. വലിയ തിരുമേനിയുടെ ജീവിതം പരിശോധിക്കുമ്പോൾ ആരാധനാ ജീവിതത്തിന് പ്രത്യേകിച്ച് വി. കുർബ്ബാനയ്ക്ക് പ്രാധാന്യം കല്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭക്തി സാന്ദ്രമായ വി. കുർബ്ബാന അനുഷ്ഠാനം വിശ്വാസികളെ ഏറെ ആകർഷിച്ചിരുന്നു. യഥാർത്ഥത്തിൽ നമ്മുടെ ആദ്ധ്യാത്മികത കേന്ദ്രീകരിച്ചിരിക്കുന്നത് വിശുദ്ധ കുർബ്ബാനയിലാണല്ലോ. വി. കുർബ്ബാന പാപമോചനവും നിത്യജീവനും നല്കുന്നതിനോടൊപ്പം തന്നെ പങ്കാളികളാക്കുന്നു. ആയതുകൊണ്ട് ആദ്ധ്യാത്മീക വിശുദ്ധി നിലനിർത്തുന്നതിന് വി. കുർബ്ബാന അർപ്പണവും അനുഭവവും അത്യന്താപേക്ഷിതമാണ്. വലിയ തിരുമേനിയുടെ ജീവിതത്തിൽ ഈ ദർശനം നിറഞ്ഞു നില്ക്കുന്നു.

വിശുദ്ധന്മാരുടെ ജീവിതം വഴിയായി ദൈവനാമം മഹത്വപ്പെടുകയാണ് ചെയ്യുന്നത്. സൂത്താറ പ്രാർത്ഥനയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നുണ്ട്. 'വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന ദൈവമേ' ഈ പ്രാർത്ഥന വിശുദ്ധന്മാരെക്കുറിച്ചുള്ള ഒരു നിർവ്വചനം കൂടിയാണ്. വിശുദ്ധന്മാരുടെ ജീവിതം ദൈവിക വിശുദ്ധിയെ പ്രഘോഷിക്കുന്ന ഒന്നാണ് തങ്ങളുടെ നിർമ്മലമായ ജീവിതം വഴിയായി ദൈവത്തെ സുവിശേഷിക്കുന്നവരാണ് വിശുദ്ധന്മാർ അതുകൊണ്ട് വിശുദ്ധന്മാരുടെ ജീവിതം സുവിശേഷമായ് മാറുന്നു. വലിയ തിരുമേനിയുടെ ജീവിതം ഈ കാഴ്ചപ്പാടിന് ഉദാഹരണമാണ്. ദൈവത്തിന്റെ പ്രത്യേകതയായ വിശുദ്ധി (പുറ. 15:11, യശയ്യ. 40:25) ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ വലിയ തിരുമേനിക്കു സാധിച്ചു. ആയതുകൊണ്ട് ക്രിസ്തീയ സുവിശേഷത്തിന്റെ ഉത്കൃഷ്ടമായ ഈ കാഴ്ചപ്പാട് വലിയ തിരുമേനിയുടെ ജീവിതത്തിൽ അനേകരെ ദൈവത്തിലേയക്ക് ആകർഷിക്കുവാൻ ആ പ. പിതാവിന്റെ ജീവിതം കാരണം ആയിത്തീർന്നു.

ക്രിസ്തീയ സുവിശേഷത്തിന്റെ ഉത്കൃഷ്ടമായ ഈ കാഴ്ചപ്പാട് വലിയ തിരുമേനിയുടെ ജീവിതത്തിൽ അനേകരെ ദൈവത്തിലേയക്ക് ആകർഷിക്കുവാൻ ആ പ. പിതാവിന്റെ ജീവിതം കാരണം ആയിത്തീർന്നു.

മേൽ വിവരിച്ചതിൽ നിന്നും വേദപുസ്തകത്തിൽ വിശുദ്ധിയെക്കുറിച്ചുള്ള ദർശനങ്ങൾ വലിയ തിരുമേനിയുടെ ജീവിതത്തിൽ നിറഞ്ഞു നിന്നിരുന്നു. വിശുദ്ധിയുടെ സമഗ്രഭാവം വലിയതിരുമേനിയിൽ ദർശിക്കാവുന്നതാണ്. 'ഭക്തർ സ്മൃതിവിസ്തൃതമാക്കും തിരുനാമത്തിന്നായ് എന്ന ഗീതം ഓർമ്മിപ്പിക്കുന്നതു പോലെ വലിയ തിരുമേനിയുടെ ശതാബ്ദി ആഘോഷം ദൈവതിരുനാമ മഹത്വത്തിനായ് തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Best Compliments from* **SOCM** *family*

**Online Discussion forum of Jacobite Syrian Orthodox Church**
**"SOCM Forum"**
**http://groups.yahoo.com/group/SOCM-FORUM/**

**SOCMNet is an internet platform of Malankara Jacobite Syrian Christians**
**(Malankara Jacobite Syrian Christian Church -**
**under the Holy See of the Patriarch of Antioch and all the East.).**
**Website: http://socmnet.org/**



# പ്രതികൂല സാഹചര്യങ്ങളെ പ്രാർത്ഥനയിലൂടെ അനുകൂലമാക്കിത്തീർത്ത ആലുവായിലെ മുനിശ്രേഷ്ഠൻ

**അത്താനാസിയോസ് ഏലിയാസ് മെത്രാപ്പോലീത്ത**

ലളിതജീവിതവും, വിനയവും ഉത്തമ മാതൃകയാക്കി നാനാജാതിമതസ്ഥരുടേയും ആദരവുനേടിയ പുണ്യവാനാണ് വലിയതിരുമേനി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ബന്ധത്തിലൊഴികെ മറ്റെല്ലാകാര്യത്തിലും വിട്ടുവീഴ്ച ചെയ്യുവാൻ ഈ പരിശുദ്ധൻ തയ്യാറായിരുന്നു.

'എന്റെ കർത്താവും എന്റെ രക്ഷിതാവുമേ' എന്ന് ഊണിലും ഉറക്കത്തിലും ഉരുവിടുന്ന പരിശുദ്ധൻ. 'സത്യമാണ് ലക്ഷ്യം, പ്രാർത്ഥനയാണ് മാർഗ്ഗം, സ്നേഹമാണ് ശൈലി. ഈ ശൈലി എപ്പോഴും വലിയ തിരുമേനിക്ക് സ്വന്തം.

ലളിതജീവിതവും, വിനയവും ഉത്തമ മാതൃകയാക്കി നാനാജാതിമതസ്ഥരുടേയും ആദരവുനേടിയ പുണ്യവാനാണ് വലിയതിരുമേനി. പരി. സഭയിൽ സമാധാനം കൈവരുത്തുന്നതിന് വളരെയേറെ പരിശ്രമങ്ങൾ നടത്തി. എന്നാൽ, പരി. അന്ത്യോഖ്യാസിംഹാസനത്തോടുള്ള ബന്ധത്തിലൊഴികെ മറ്റെല്ലാകാര്യത്തിലും വിട്ടുവീഴ്ച ചെയ്യുവാൻ ഈ പരിശുദ്ധൻ തയ്യാറായിരുന്നു. പരി. പിതാവിനെ നാനാജാതിമതസ്ഥരും ബഹുമാനിച്ചു. അനിതര സാധാരണ ഓർമ്മശക്തിയാൽ പേര് ചൊല്ലി വിളിച്ച് ഭക്തരെ അതിശയപ്പെടുത്തി.

സമാധാനപ്രഭുവായ പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ശ്രമകരമായ ചർച്ചയുടെ പശ്ചാത്തലത്തിൽ അതിന്റെ ആദ്യപടിയായി മുടക്ക് തീർത്തതും ആശ്ലേഷിച്ച് സ്നേഹചുംബനം നല്കിയതും കല്പന പുറപ്പെടുവിച്ചതും സമാധാനം കൈവരുത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നതിന് എല്ലാ ശ്രമങ്ങളും ചെയ്തിരുന്ന വലിയ തിരുമേനി തന്റെ എല്ലാമായ പരി. ഏലിയാസ് തൃതീയൻ ബാവായുടെ വേർപാടിന്റെ മുമ്പിൽ ഏങ്ങലടിച്ചു വലിയ തിരുമേനി കരഞ്ഞു. പരി. ബാവായുടെ നിർദ്ദേശാനുസരണമായിരുന്നു, വലിയ തിരുമേനി സമാധാനശ്രമങ്ങൾ നടത്തിയത്. എന്നാൽ, ആ ശ്രമങ്ങൾകൊണ്ട് ദിവന്നാസിയോസ് ആറാമന്റെ മനസ്സ് മാറ്റിയെടുക്കാൻ കഴിഞ്ഞില്ല.

തുടർന്ന് 1938-ൽ കുംഭമാസത്തിൽ O.S.111/113 നമ്പരായി ഫയൽ ചെയ്ത വാദിഭാഗത്ത് കരിങ്ങാച്ചിറപള്ളിയിൽ കൂടിയ മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്ത മലങ്കര മെത്രാപ്പോലീത്തായും ട്രസ്റ്റിയുമായിരുന്നു പ്രതിഭാഗത്ത്. എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷനിൽ തിരഞ്ഞെടുക്കപ്പെട്ട

കാതോലിക്കാവിഭാഗത്തിലെ മലങ്കര മെത്രാപ്പോലീത്തായും ട്രസ്റ്റിയുമായിരുന്നു. എന്നാൽ, ഈ കേസിൽ അന്നത്തെ ജഡ്ജി ബി. കൃഷ്ണയ്യരുടെ 1943 മകരം 5-ാം തീയതിയിലെ വിധി പ്രതികൾക്ക് അനുകൂലമായി. ആയതിൽ സഭാസ്വത്തുക്കൾ വീണ്ടെടുക്കുന്നതിന് പകരം പ്രതികൾ തങ്ങൾക്ക് ചെലവായ സംഖ്യ വീണ്ടെടുക്കുവാൻ കേസ് കൊടുത്ത് നോട്ടീസ് അയയ്ക്കുവാൻ തിരുമാനിച്ചു കാതോലിക്കോ വിഭാഗം ഒരുങ്ങിയിരിക്കുമ്പോൾ വലിയ തിരുമേനിക്ക് ഒരപ്പീലു പോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിവന്നപ്പോൾ വലിയ തിരുമേനിയുടെ ഭക്തിയും വിശ്വാസസ്ഥിരതയും തന്റെ സ്ഥാനാരോഹണത്തിന്റെ ശതാബ്ദി ആഘോഷവേളയിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടതും, മാതൃകയാക്കേണ്ടതുമാണ്. വലിയതിരുമേനിയുടെ വാക്കുകൾ ഇപ്രകാരമാണ്.

“കോട്ടയം ജില്ലാകോടതിയിൽ കേസ് തോറ്റിരിക്കുന്ന സമയം അപ്പീലിന് യാതൊരു വഴിയുമില്ല. മാത്തുവേ നാമിനി ഒന്നിനും പോകുന്നില്ല. അവരേതായാലും നമ്മെ അപമാനിക്കുവാൻ വേണ്ടി കോടതി ചെലവിനും നമുക്ക് വാറണ്ട് വയ്ക്കുവാനും മാത്തു നീ കേൾക്കുന്നുണ്ടോ? വാറണ്ടു വച്ചാൽ നമുക്ക് ജയിലിൽ പോകണം. നമ്മുടെ യാമനമസ്കാരപുസ്തകവും ഒരു സങ്കീർത്തനപുസ്തകവും കൊണ്ടുപോകണം. നീയും കൂടെ വരണം” അങ്ങനെ നമുക്കവിടെ പോയിരിക്കാം. കേട്ടോ മാത്തു”.

തുടർന്ന് ഏതാനും സഭാസ്നേഹികളുടെ സഹായത്താൽ തിരുവനന്തപുരത്ത് ഹൈക്കോർട്ടിൽ 1946-ൽ അപ്പീൽ ഫയൽ ചെയ്തു. ഈ കേസിൽ വലിയ തിരുമേനിക്ക് അനുകൂലമായി വിധിയുണ്ടായി. തുടർന്ന് കാതോലിക്കോസ് വിഭാഗം തിരുവിതാംകൂർ-കൊച്ചി സംസ്ഥാന ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ കോടുത്തുവെങ്കിലും വാദം കേട്ടശേഷം ഈ പെറ്റീഷൻ തള്ളുകയാണുണ്ടായത്. ഇങ്ങനെ വലിയ തിരുമേനി യാമനമസ്കാരങ്ങളാലും സങ്കീർത്തനങ്ങളാലും ദൈവത്തെ സ്തുതിച്ച് താൻ നടത്തിയ കേസുകളിൽ പൂർണ്ണ വിജയം വരിച്ചു. വി. വേദപുസ്തകം പരിശോധിക്കുമ്പോൾ ഇപ്രകാരം കാണാൻ കഴിയും “എന്നെ മാനിക്കുന്നവനെ ഞാനും മാനിക്കും'' കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. വലിയ തിരുമേനിയെ ദൈവം ആദരിച്ചിരുന്നു.

> കൊട്ടാരത്തിലും കുടിലിലും ബഹുമാന്യനായ വലിയതിരുമേനി - ഒരിക്കൽ തൃപ്പൂണിത്തറ പള്ളിമുറ്റത്തുവച്ച് നടത്തപ്പെട്ട ഒരു മഹാസമ്മേളനത്തിലേക്ക് കൊച്ചി മഹാരാജാവും എഴുന്നള്ളിവന്നു. മഹാരാജാവ് ആഗതനായപ്പോൾ വലിയ തിരുമേനിയും മറ്റുള്ളവരും എഴുന്നേറ്റ് മഹാരാജാവിനെ ആദരിച്ചു.

മറ്റു സഭകളെ വലിയ തിരുമേനി ബഹുമാനപൂർവ്വം കരുതിയിരുന്നു. ഒരിക്കൽ എറണാകുളം റോമൻ കത്തോലിക്കാ അതിരൂപതയിൽപ്പെട്ട ഒരു പള്ളിയിലെ കുറെ വീട്ടുകാർ യാക്കോബായ സഭയിൽ ചേരണമെന്നുള്ള ആഗ്രഹത്തോടുകൂടി തിരുമേനിയെ കാണുവാനെത്തി നമ്മുടെ ഒരച്ചനും അവരുടെ കൂടെയുണ്ടായിരുന്നു. വിവരം അറിഞ്ഞ തിരുമേനി അച്ചനോടു പറഞ്ഞു അവർക്ക് താല്കാലികമായി ഏതോ വൈരാഗ്യം നിമിത്തം ഇങ്ങനെ ഒരഭിപ്രായം തോന്നിയതാണ്. അവർ സാവധാനം ചിന്തിക്കട്ടെ'' അവരോടു പറഞ്ഞു “മക്കളെ നിങ്ങളുടെ മെത്രാച്ചനുമായി എന്തൊ അഭിപ്രായവ്യത്യാസമുണ്ടായിട്ടുള്ളതാണല്ലൊ. ഇവിടെ വരാൻ കാരണം. നിങ്ങൾ സാവകാശം ചിന്തിക്കണം. പോയി എറണാകുളം മെത്രാച്ചനെക്കണ്ട് കാര്യം തീർക്കണം. അതിനുശേഷം സഭയുടെ വിശ്വാസം നിങ്ങൾ പഠിച്ച് ആഗ്രഹം തോന്നുന്നുവെങ്കിൽ സഭയിൽ ചേരണമെങ്കിൽ ആകാം''. വലിയ തിരുമേനിയുടെ ഉന്നതമായ ചിന്ത. ഇന്നത്തെ നവീകരണക്കാർ അറിഞ്ഞിരിക്കേണ്ടതാണ്. ഇവർ എണ്ണം വർദ്ധിപ്പിക്കാൻ ആളെ ചേർക്കുന്നു.

കൊട്ടാരത്തിലും കുടിലിലും ബഹുമാന്യനായ വലിയതിരുമേനി - ഒരിക്കൽ തൃപ്പൂണിത്തറ പള്ളിമുറ്റത്തുവച്ച് നടത്തപ്പെട്ട ഒരു മഹാസമ്മേളനത്തി

ലേക്ക് കൊച്ചി മഹാരാജാവും എഴുന്നള്ളിവന്നു. മഹാരാജാവ് ആഗതനായപ്പോൾ വലിയ തിരുമേനിയും മറ്റുള്ളവരും എഴുന്നേറ്റ് മഹാരാജാവിനെ ആദരിച്ചു. എന്നാൽ വലിയ തിരുമേനി ഇരിക്കാതെ മഹാരാജാവ് ഇരിക്കയില്ലന്നായി. മഹാരാജാവ് ഇരിക്കാതെ തിരുമേനിയും ഇരിക്കയില്ലെന്ന് തീരുമാനിച്ചു. എങ്കിലും മഹാരാജാവിന്റെ നിർബന്ധത്തിന് വഴങ്ങി വലിയതിരുമേനി ഇരുന്നു കഴിഞ്ഞപ്പോൾ മഹാരാജാവ് ഉപവിഷ്ടനാവുകയും ചെയ്തു.

വലിയ തിരുമേനി തന്റെ വാർദ്ധക്യത്തോട് അടുത്തപ്പോൾ കടവിൽ വന്ദ്യ പോൾ റമ്പാച്ചനോട് ഇപ്രകാരം പറഞ്ഞു: "മകനെ, പെട്ടെന്നുള്ള മരണവും അരിഷ്ടിച്ചു കിടന്നുള്ള മരണവും ഉണ്ടാകരുതേയെന്നാണ് എന്റെ പ്രാർത്ഥന" രണ്ടാഴ്ചയെങ്കിലും എന്റെ കർത്താവ് എനിക്ക് അവസരം തരും മകനെ. വലിയതിരുമേനി തന്റെ ഒടുവിലത്തെ നാളുകളിൽ ഇപ്രകാരം ഉരുവിട്ടു പ്രാർത്ഥിച്ചു. "എന്റെ ബലം ക്ഷയിക്കുമ്പോൾ എന്നെ നീ കൈവിട്ടു കളയരുതെ" എന്നുള്ള അപേക്ഷയും ദൈവം കേട്ടു. 1953 ജനുവരി 25-ാം തീയതി ഈ താപസശ്രേഷ്ഠൻ തന്റെ നാഥന്റെ അടുക്കലേക്ക് യാത്രയായി. പരിശുദ്ധനായ വലിയ തിരുമേനിയുടെ മെത്രാപ്പോലീത്തൻ ശതാബ്ദി ആഘോഷം പരിശുദ്ധ സഭയുടെ വരുംനാളുകളിലേക്കുള്ള ശക്തിയും കരുത്തുമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**വലിയ തിരുമേനി തന്റെ വാർദ്ധക്യത്തോട് അടുത്തപ്പോൾ കടവിൽ വന്ദ്യ പോൾ റമ്പാച്ചനോട് ഇപ്രകാരം പറഞ്ഞു: "മകനെ, പെട്ടെന്നുള്ള മരണവും അരിഷ്ടിച്ചു കിടന്നുള്ള മരണവും ഉണ്ടാകരുതേയെന്നാണ് എന്റെ പ്രാർത്ഥന" രണ്ടാഴ്ചയെങ്കിലും എന്റെ കർത്താവ് എനിക്ക് അവസരം തരും മകനെ. വലിയതിരുമേനി തന്റെ ഒടുവിലത്തെ നാളുകളിൽ ഇപ്രകാരം ഉരുവിട്ടു പ്രാർത്ഥിച്ചു. "എന്റെ ബലം ക്ഷയിക്കുമ്പോൾ എന്നെ നീ കൈവിട്ടു കളയരുതെ'' എന്നുള്ള അപേക്ഷയും ദൈവം കേട്ടു.**



***കൊച്ചി മഹാരാജാവുമായി ഒരുമിച്ചുള്ള ഫോട്ടോ 1-8-1949 കൊച്ചിയുടെ മഹാരാജാവ് രാമവർമ്മ പരീക്ഷിത്ത് തമ്പുരാൻ (നടുവിൽ) പ. വലിയ തിരുമേനി (വലത്ത്) കൊച്ചിയുടെ പൗലോസ് മാർ സേവേറിയോസ് (ഇടത്ത്)***



മഹാനായ മോർ അത്താനാസിയോസ് ജന്മംകൊണ്ട് ഈജിപ്തിലെ അലക്സന്ത്രിയാക്കാരനാണങ്കിലും വിദ്യാഭ്യാസം കൊണ്ട് ഗ്രീക്കുകാരനായിരുന്നു. ഓർത്തഡോക്സിയുടെ ചാമ്പ്യനായിരുന്ന നാലാം നൂറ്റാണ്ടിൽ ജീവിച്ച അറിയൂസിന്റെ വേദവി പരീതത്തെ നഖശിഖാന്തം എതിർത്ത് അതിനെ ചോദ്യം ചെയ്ത സത്യവിശ്വാസം ഉറപ്പിച്ചു.

# അങ്ങനെ അവൻ പരമാർത്ഥഹൃദയത്തോടെ അവരെ മേയിച്ചു കൈമിടുക്കോടെ അവരെ നടത്തി.

**ഗീവർഗീസ് ബർന്നബാസ് മെത്രാപ്പോലിത്ത**

മലങ്കരയുടെ മഹാപരിശുദ്ധനായ ചാത്തുരുത്തിയിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് പിതാവിന്റെ അനുഗ്രഹിക്കപ്പെട്ട കരങ്ങളാൽ പുരോഹിത നാവുകയും നസ്രാണി വർഗ്ഗത്തിന്റെ തേജസ്സും സത്യവിശ്വാസത്തിന്റെ കാവൽ ഭടനും മലങ്കര യാക്കോബായ സുറിയാനി സഭയുടെ മലങ്കര മെത്രാപ്പോലീത്താ യുമായിരുന്ന് ഈ പ. സഭയെ നയിച്ചു മോശയ്ക്ക് തുല്യനായ പ. പൗലോസ് മോർ അത്താനാസിയോസ് തിരുമനസ്സിന്റെ പൗരോഹിത്യ ശതാബ്ദി സത്യ സുറിയാനി സഭ ആഘോഷിക്കുകയാണല്ലോ.

അത്താനാസിയോസ് എന്ന വാക്കിന്റെ അർത്ഥം''മരണമില്ലാത്തവൻ" എന്നാണ്. ഇന്നും സത്യസുറിയാനി സഭയുടെ ആട്ടിൻപറ്റത്തിന് മരിക്കാത്ത ഓർമ്മ നല്കി സത്യവിശ്വാസ സംരക്ഷകനായി മനുഷ്യമനസ്സുകളിൽ കുടികൊ ള്ളുന്ന പ. പിതാവാണ് ആലുവായിലെ വലിയ തിരുമേനി എന്ന അത്താനാ സിയോസ് തിരുമേനി. മഹാനായ മോർ അത്താനാസിയോസ് ജന്മംകൊണ്ട് ഈജിപ്തിലെ അലക്സന്ത്രിയാക്കാരനാണങ്കിലും വിദ്യാഭ്യാസം കൊണ്ട് ഗ്രീക്കുകാരനായിരുന്നു. ഓർത്തഡോക്സിയുടെ ചാമ്പ്യനായിരുന്ന നാലാം നൂറ്റാണ്ടിൽ ജീവിച്ച അറിയൂസിന്റെ വേദവി പരീതത്തെ നഖശിഖാന്തം എതിർത്ത് അതിനെ ചോദ്യം ചെയ്ത സത്യവിശ്വാസം ഉറപ്പിച്ചു. നിഖ്യാസുന്നഹദോസിൽ ഒരു ശെമ്മാശ്ശനായി സംബന്ധിച്ച് പ. സഭയെ ഉറപ്പിച്ച മഹാനായ അത്താനാ സിയോസിന്റെ യഥാർത്ഥ പിൻഗാമിയായി. പ. അന്ത്യോഖ്യാ സിംഹാസനത്തെ ആദരിച്ച്, പ. പാത്രിയർക്കീസന്മാരെ ബഹുമാനിച്ച് അവരെ അനുസരിച്ച് അവർക്കു വിധേയമായി മലങ്കര സഭയെ നയിച്ച് സത്യവിശ്വാസം നിലനിർത്തു വാനും പ്രതിപക്ഷ ബഹുമാനത്തോടെ മെത്രാൻ കക്ഷിയെകണ്ട് അവരെയും സ്നേഹിച്ച് പരിശുദ്ധ ജീവിതം നയിച്ച ആലുവായിലെ വലിയ മോർ അത്താനാ സിയോസ് മഹാ പരിശുദ്ധനാണ്.

സങ്കീർത്തനക്കാരൻ ആസാഫ് പറയുന്നതുപോലെ "അങ്ങനെ അവൻ പരമാർത്ഥ ഹൃദയത്തോടെ അവരെ മേയിച്ചു. കൈമിടുക്കോടെ അവരെ നടത്തി"(സങ്കീ. 78:72) തന്റെ ജനമായ ഇസ്രായേലിനെ മേയിക്കേണ്ടതിന് രാജാവും നബിയുമായിരുന്ന ദാവീദിനെ തള്ളയാടുകളെ നോക്കുന്ന വേലയിൽ നിന്ന് സത്യസ്വരൂപനായ ദൈവം വിളിച്ചു വേർതിരിച്ചു. ദാവീദ് പരമാർത്ഥ ഹൃദയത്തോടെ ആടുകളെ മേയിച്ചു കൈമിടുക്കോടെ അവരെ നടത്തി. ദാവീദിനെപ്പോലെ പരമാർത്ഥഹൃദയത്തോടെ തന്നെ ഏല്പിച്ച ജനത്തെ നയിച്ചു അവരെ മേയിച്ചു. അവർക്കുവേണ്ടി ജീവിതം സമർപ്പിച്ചു. കൈമിടുക്കോടെ അവരെ നടത്തി. സത്യസഭയുടെ വിശ്വാസ ആചാരങ്ങൾ അവരെ പഠിപ്പിച്ചു. മാതൃകാചാര്യനായി പരിലസിച്ചു. മലങ്കരമെത്രാപ്പോലീത്തയായി തന്നിൽ ദൈവവും പ. അന്ത്യോഖ്യാ സിംഹാസനവും ഏല്പിച്ച ദൗത്യം വിശ്വസ്ത തയോടെ നിർവ്വഹിച്ചു. യാമപ്രാർത്ഥനകളിൽക്കൂടി ദൈവത്തെ കണ്ടു. ജനത്തിനു ദൈവത്തെ കാണിച്ചു കൊടുത്തു. പരിശുദ്ധമായ മാതൃകാ ജീവിതം നയിച്ചു. കുറ്റിക്കാട്ടിലെന്ന് പൂർവ്വപിതാക്കന്മാർ പലപ്പോഴും സംബോധന ചെയ്തിട്ടുണ്ടെങ്കിലും പ. പിതാവ് അകപ്പറമ്പ് അയ്യംമ്പിള്ളിൽ തെക്കേക്കരയിൽ കുടുംബത്തിൽ 1869 ജനുവരി 23-ാം തീയതിയാണ് ജനിച്ചത്. പ. പൗലോസ് ശ്ലീഹാ തന്റെ വാത്സല്യവാനായ തീമൊത്തിയോസിനോട് പറയുന്നതിൻ പ്രകാരം "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. (2തീമൊ.4:7) എന്ന തിരുവചനം നിവർത്തിച്ചുകൊണ്ട് 1953 ജനുവരി 25 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. "നീതിമാന്റെ ഓർമ്മ വാഴ്വിനായിത്തീരട്ടേ" പ. പിതാവിന്റെ മദ്ധ്യസ്ഥത എന്നുമെന്നാളും നാമെല്ലാവരുടേയും മേൽ ഉണ്ടായിരിക്കട്ടെ.


ദാവീദിനെപ്പോലെ പരമാർത്ഥഹൃദയത്തോടെ തന്നെ ഏല്പിച്ച ജനത്തെ നയിച്ചു അവരെ മേയിച്ചു. അവർക്കുവേണ്ടി ജീവിതം സമർപ്പിച്ചു. കൈമിടുക്കോടെ അവരെ നടത്തി. സത്യസഭയുടെ വിശ്വാസ ആചാരങ്ങൾ അവരെ പഠിപ്പിച്ചു. മാതൃകാചാര്യനായി പരിലസിച്ചു.



*സഭാസ്ഥാനമായ പുത്തൻകുരിശിൽ പ. വലിയ തിരുമേനിയുടെ നാമധേയത്തിൽ ആദ്യമായി സ്ഥാപിതമായ മോർ അത്താനാസിയോസ് കത്തീഡ്രൽ*

# വിശുദ്ധിയുടെ മഹാത്മാവ്

**കണിയാംപറമ്പിൽ കോറൂസോ ദശ്റോറൊ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പ**



അദ്ദേഹം വാത്സല്യമെന്ന ചെങ്കോലേന്തി ഭരണം നടത്തി. സഭാംഗങ്ങളുടെ ബുദ്ധിയിലല്ലായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനം. അവരുടെ ഹൃദയമായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. അദ്ദേഹം ഹൃദയംകൊണ്ടാണ് ഭരിച്ചത്. ശിരസ്സുകൊണ്ടുള്ള ഭരണത്തേക്കാൾ നീണ്ടുനില്ക്കുന്നത് ഹൃദയംകൊണ്ടുള്ള ഭരണമത്രെ.

**അ**ദ്ധ്യാത്മികത്വത്തിന് മാറ്റുകുറഞ്ഞു ഭൗതികത്വത്തിനു മുൻകൈ വരുന്ന സന്ദർഭങ്ങളിലെല്ലാം സർവ്വജ്ഞനായ ദൈവം അദ്ധ്യാത്മിക ചൈതന്യം തുളുമ്പുന്ന ചുരുക്കം ചില വ്യക്തികളെയെങ്കിലും ഓരോ തലമുറയിലും എഴുന്നേല്പിക്കാറുണ്ട്. അങ്ങനെയല്ലായിരുന്നുവെങ്കിൽ ലോകം ഇതിനെല്ലാം വളരെ മുമ്പുതന്നെ നിരീശ്വരത്വത്തിലേക്കു ഒഴുകി വീണുപോകുമായിരുന്നു. ആധുനിക മലങ്കര സുറിയാനി സഭയിൽ ആദ്ധ്യാത്മികത്വത്തിനു നവമായ ശക്തിയും കൂടിയ അളവിൽ കൊടുത്തുകൊണ്ടിരുന്ന മഹാത്മാക്കളിൽ മുൻപന്തിയിൽ നിന്നിരുന്ന രണ്ടുപേരാണ് ആ "കൊച്ചുതിരുമേനി" (പരുമല തിരുമേനി)യും ഈ "വലിയ തിരുമേനി"യും. അതുപോലെതന്നെ പരിശുദ്ധത പ്രസരിപ്പിച്ചുകൊണ്ടിരുന്ന രണ്ടു മഹാസിദ്ധന്മാരാണ് വി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായും, മാർ ഒസ്താത്തിയോസ് ബാവായും. മഹാപരിശുദ്ധന്മാരായ ഈ നാലുപേരും, മിക്കവാറും ഒരേ സമയത്തു ജീവിച്ചിരുന്നത് മലങ്കരസഭയുടെ മഹാഭാഗധേയമായിരുന്നു. മലങ്കരയുടെ ചരിത്രത്തിൽ ഇത്ര ഒത്തിണങ്ങിയ ഒരവസരം ഈയുള്ളവൻ കണ്ടിട്ടില്ല. എന്നാൽ, ഒരു വസ്തുത അശ്രുപൂർണ്ണ നയനങ്ങളോടെ പ്രസ്താവിക്കേണ്ടതുണ്ട്. അതു മറ്റൊന്നുമല്ല; ഈ മഹത്തായ ഉറവകളിൽനിന്ന് സമുദായാംഗങ്ങൾ വേണ്ടുവോളം കോരി എടുത്തില്ല; കോരി എടുക്കുന്നുമില്ല എന്നുള്ളതാണ് ആ പരമാർത്ഥം.

**വലിയതിരുമേനി:** ബഹുമാനത്തോടെയല്ലാതെ ആ തിരുനാമം ആരും ഉച്ചരിച്ചിട്ടില്ല; ഉച്ചരിക്കയുമില്ല. അദ്ദേഹം മാത്യൂസ് അത്താനാസ്യോസിനെപ്പോലെ ഒരുഗ്രഭരണാധികാരിയല്ലായിരുന്നു, പുലിക്കോട്ടു തിരുമേനിയെപ്പോലെ ഒരു ഗംഭീര ഭരണതന്ത്രജ്ഞനല്ലായിരുന്നു, വട്ടശേരിൽ തിരുമേനിയെപ്പോലെ ഒരധികാരേച്ഛുവായ ഭരണാധിപനുമല്ലായിരുന്നു. അദ്ദേഹം വാത്സല്യമെന്ന ചെങ്കോലേന്തി ഭരണം നടത്തി. സഭാംഗങ്ങളുടെ ബുദ്ധിയിലല്ലായിരുന്നു അദ്ദേ

ഹത്തിന്റെ സ്ഥാനം. അവരുടെ ഹൃദയമായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. അദ്ദേഹം ഹൃദയംകൊണ്ടാണ് ഭരിച്ചത്. ശിരസ്സുകൊണ്ടുള്ള ഭരണത്തേക്കാൾ നീണ്ടുനില്ക്കുന്നത് ഹൃദയംകൊണ്ടുള്ള ഭരണമത്രെ.

ഇത്ര മഹത്തായ ഒരു അന്തരീക്ഷത്തിൽ അവിടുന്ന് എത്തിച്ചേർന്നതു നൈസർഗ്ഗികമായി തന്നിലുള്ള ഭക്തിവിശേഷംകൊണ്ടും സ്ഥാനോചിതമായി മാതൃകാപരമായി ജീവിക്കണമെന്ന ആഗ്രഹംമൂലവുമായിരുന്നു. ആധുനിക തലമുറയിൽ പ്രാർത്ഥനയിൽ ഇത്രയേറെ പോരാടിയിട്ടുള്ള 'പ്രാർത്ഥനാപ്രിയന്മാർ' അധികം കാണുകയില്ല. തിരുമേനിയുടെ പ്രാർത്ഥനയിലുള്ള നിഷ്കർഷയും രീതിയും ഭക്തിയുംകണ്ട് പ്രാർത്ഥനാസ്വഭാവമുള്ളവരായിത്തീർന്ന അനേകരുണ്ട്. നിശ്ചിതസമയങ്ങളിലെ പ്രാർത്ഥന തെറ്റിക്കുവാൻ ലോകത്തിലുള്ള ഒരു ശക്തിക്കും സാധിച്ചിരുന്നില്ല. അഞ്ചരമണിക്ക് ആലുവായിലെത്തുന്ന തീവണ്ടി ഒരു വിസിൽ നീട്ടിയൂതും-സെമ്മിനാരിയിലുള്ളവർ കറുത്തകുപ്പായം ധരിച്ചുകഴിയും. "നമസ്കാരവണ്ടി വന്നു" എന്നു ഞങ്ങളെല്ലാം തമാശിൽ പറയാറുണ്ടായിരുന്നു. ഒന്നുകിൽ പ്രിയപ്പെട്ട കോച്ചേരി കത്തനാരച്ചന്റേയോ, വാത്സല്യഭൃത്യൻ മാത്തുവിന്റേയോ, അല്ലെങ്കിൽ ആ ഇടത്തുകൈപിടിച്ചു, ഒരു വടി വലതുകയ്യിലും, പിടിച്ച് മന്ദം മന്ദം ആ മാമുനി പള്ളിയിലേക്കു നടക്കുകയായി. ആ പോക്കിലും കൊച്ചു കൊച്ചു 'വിനോദങ്ങൾ' അവിടുന്നു പറഞ്ഞുകൊണ്ടിരിക്കും! പള്ളിയിലെത്തിയാൽ തിരുമേനി കസേരയിൽ ഇരുന്നു പ്രാർത്ഥിക്കുന്നത് ഒരിരുപത്തഞ്ചുകൊല്ലത്തിനിടയ്ക്ക് ഈയുള്ളവൻ കണ്ടിട്ടില്ല. ഒരൊറ്റ അക്ഷരം വിഴുങ്ങാതെയും സാവധാനത്തിലും ശ്രവണമധുരമായ സ്വരത്തിൽ പ്രാർത്ഥനാഗീതങ്ങൾ ചൊല്ലുന്നതു ഏവരേയും അലിയിക്കുന്നതുമായിരുന്നു. വി. കുർബ്ബാനസമയത്തു വി. യാക്കോബിന്റെ ക്രമത്തിൽ "ഞങ്ങളുടെ കടങ്ങൾക്കുതക്കതുപോലെ ഞങ്ങളോടു പ്രതികാരവും ചെയ്യരുതേ" എന്ന വാചകം പൊട്ടിക്കരഞ്ഞുകൊണ്ടല്ലാതെ അദ്ദേഹം ചൊല്ലുന്നതു കേട്ടിട്ടില്ല! ദിവ്യസംസർഗ്ഗത്തിൽ കഴിയുന്ന സന്ദർഭങ്ങൾ അദ്ദേഹം സ്വർഗ്ഗീയസുഖം അനുഭവിച്ചുകൊണ്ടിരുന്നു. തീരെക്കിടപ്പിലായ സന്ദർഭത്തിൽപ്പോലും അല്പമൊന്നു കാൽവെക്കുവാൻ സൗകര്യമുണ്ടായപ്പോൾ ഒരു പ്രഭാതം നാലരമണിക്കു നല്ല മഴയത്തു ആ വലിയ 'കുലീനമായ ഓലക്കുടയും ചൂടി പതിവുപോലെ പ്രാർത്ഥനയ്ക്കു പള്ളിയിലേക്കു നടന്ന കാഴ്ച ഹൃത്തടത്തിൽ ഇന്നും ഉദയം ചെയ്യുന്നു. യാമംതോറുമുള്ള പ്രാർത്ഥനകൾ നടത്തുവാൻ ബ. തുകലന്റമ്പാച്ചനോ, ബ. കുര്യൻ റമ്പാച്ചനോ, ബ. പോൾ റമ്പാച്ചനോ, ബ. കോച്ചേരിലച്ചനോ സമയത്തു തിരുസന്നിധിയിൽ തയ്യാറുണ്ടായിരുന്നു. "ഈശോനുഹറാ" മുഴുവൻ കാണാപ്പാഠമറിയാമായിരുന്ന തിരുമേനി, ഈണത്തിൽ അത് അവരുടെ കൂടെ ചൊല്ലുമ്പോൾ കേൾക്കുന്നവരുടെ ഹൃദയവും അതിൽ അലിഞ്ഞുചേരുമായിരുന്നു.

ഒരിക്കൽ അദ്ദേഹത്തെ സ്നേഹിച്ചാൽ-അദ്ദേഹം സ്നേഹിച്ചാൽ-പിന്നെ പിണങ്ങുക എന്നതു സംഭവ്യമല്ലായിരുന്നു. ഏഷണിയും കർണ്ണേജപത്വവും അവിടത്തെ സന്നിധിയിൽ വിലപ്പോകയില്ലായിരുന്നു. തിരുമനസ്സിലെ എൺപതിൽപരം വയസ്സിന്നിടയ്ക്ക് എട്ടുപേരെങ്കിലും ശത്രുക്കളായിട്ട് ഇല്ലായിരുന്നു. അതായിരുന്നു അവിടത്തെ സ്നേഹം.

ഭക്ഷണകാര്യത്തിൽ ഇത്രമിതത്വവും കൃത്യനിഷ്ഠയും പാശ്ചാത്യർക്കുപോലും ഇല്ലായിരുന്നു. തിരുമേനി മേശപ്പുറത്തു മേശകഴിച്ച് അധികമാരും കണ്ടിട്ടില്ല. നിലത്തു ചമ്രം പടിഞ്ഞിരുന്നുള്ള ആ മേശകഴിക്കൽ ഒന്നു വേറെ തന്നെയായിരുന്നു. പ്രഭാതചര്യകൾക്കുശേഷം ആ പൂമുഖത്ത് നിലത്തു കുഷ്യനിട്ട് അതിൽ മുട്ടുകുത്തി മുന്നോട്ട് കുനിഞ്ഞിരുന്നുകൊണ്ട് എൺപത്തഞ്ചായിട്ടും അധികമൊന്നും പോകാതിരുന്ന ആ കൊച്ചു കൊച്ചു പല്ലുകൾ, അടക്കാ (പാക്ക്) വറത്തു പൊടിച്ച് ഉപ്പും കുരുമുളകും ചേർത്തുള്ള ആ പൊടി കൊണ്ട് വളരെ നേരം തേച്ച്, ഏകദേശം ഒരുകുടം ചൂടുവെള്ളം ആ കൊച്ചു കരകത്തിൽ കൂടി ഇറ്റിറ്റായി മാത്തു ഒഴിക്കുന്നതുകൊണ്ട് ഒരു പതിനായിരം വട്ടം

പണസംബന്ധമായ കാര്യത്തിലായാലും, വിശ്വാസസംബന്ധമായ കാര്യത്തിലായാലും, കണിശത്തിൽ നിന്നു കടുകിട മാറാൻ അദ്ദേഹത്തിനു സാധിക്കയില്ലായിരുന്നു. പൂർവ്വകാലത്തെ അലക്സ്ന്ത്ര്യൻ പാത്രിയർക്കീസായ വി. മാർ അത്താനാസ്യോസിനോട് ചിലർ ഒരിക്കൽ പറഞ്ഞു. "ലോകം മുഴുവനും അത്താനാസ്യോസിന് എതിരാണ്" എന്ന്. അതിന് അദ്ദേഹത്തിന്റെ മറുപടി "അത്താനാസ്യോസ് ലോകത്തിന് എതിര്"! എന്നായിരുന്നു തന്റെ നിശ്ചയത്തിൽ നിന്നു അരയിഞ്ചു ആ നിഷ്ക്കളങ്കനെ തെറ്റിക്കുവാൻ ആർക്കും സാധ്യമായിരുന്നില്ല.

കവിൾക്കൊണ്ട് മുഖവും കഴുകി എഴുന്നേറ്റാലുടനെ ആ തിരുമുഖം കാണേണ്ടതു തന്നെയായിരുന്നു. ഭക്ഷണത്തിന്റെ കാര്യത്തിൽ തിരുമേനിക്കുണ്ടായിരുന്ന മിതത്വവും, കൃത്യനിഷ്ഠയും വിശ്വസ്തമായി തന്നെ സേവിച്ചിരുന്ന കുഞ്ഞിപ്പൌലോയും, ഔസേപ്പും, മാത്തുവും അല്പവും തെറ്റിക്കാതെ പാലിച്ചുവന്നിരുന്നു. ദൈവാനുഗ്രഹത്താൽ ദീർഘായുസ്സോടിരുന്ന തിരുമേനിയുടെ ദീർഘായുസ്സിന്റെ ഒരു പ്രധാനകാരണം തിരുമനസ്സിലെ ഭക്ഷണമിതത്വവും പ്രാണനെപ്പോലെ തിരുമേനിയെ സ്നേഹിച്ചും സേവനമനുഷ്ഠിച്ചുമിരുന്ന മുൻപറഞ്ഞവരുടെ കളങ്കമറ്റ ശുശ്രൂഷയുമായിരുന്നു. ആശ്രിതവത്സലനായ തിരുമേനിയും അവരെ തന്റെ ജീവനെപ്പോലെ സ്നേഹിക്കുകയും കരുതുകയും ചെയ്തുമിരുന്നു.

അവിടത്തെ സ്നേഹത്തെക്കുറിച്ച് എത്ര പറഞ്ഞാലും അധികമാകയില്ലതന്നെ. ഒരിക്കൽ അദ്ദേഹത്തെ സ്നേഹിച്ചാൽ-അദ്ദേഹം സ്നേഹിച്ചാൽ-പിന്നെ പിണങ്ങുക എന്നതു സംഭവ്യമല്ലായിരുന്നു. ഏഷണിയും കർണ്ണേജപത്വവും അവിടത്തെ സന്നിധിയിൽ വിലപ്പോകയില്ലായിരുന്നു. തിരുമനസ്സിലെ എൺപതിൽപരം വയസ്സിന്നിടയ്ക്ക് എട്ടുപേരെങ്കിലും ശത്രുക്കളായിട്ട് ഇല്ലായിരുന്നു. അതായിരുന്നു അവിടത്തെ സ്നേഹം. തിരുസന്നിധിയിൽ ആർക്കും സഭ്യമായ ഏതു തമാശും പറയാം. അതുകേട്ടുകൊണ്ടുള്ള ആ കുടുകുടെയുള്ള ചിരി വർണ്ണിക്കാവതല്ലാത്തവണ്ണം സുന്ദരമായിരുന്നു. അഞ്ചുവയസ്സുള്ള ഒരു കുഞ്ഞിന്റെ ഹൃദയംപോലെ നിഷ്കളങ്കമായിരുന്ന ആ ഹൃദയത്തിൽ അസൂയയൊ, വിരോധമോ അശേഷമില്ലായിരുന്നു. തീരെ സഹിക്കാവതല്ലാത്ത ഘട്ടത്തിൽ മനുഷ്യസഹജമായ കോപം വല്ലപ്പോഴും വന്നുപോയാൽ അതിൽ കോപത്തേക്കാൾ സങ്കടത്തിന്റെയും കണ്ണുനീരിന്റെയും ശതമാനമാണ് മുന്തിനിന്നിരുന്നത്. തീരെ സഹിക്കാവതല്ലാത്തവണ്ണം മനോവേദനപ്പെടുത്തിയിട്ടുള്ള ഒന്നുരണ്ടുപേരോട് 'നിന്നെ എനിക്കിനി കാണേണ്ട' എന്നു രണ്ടു സന്ദർഭങ്ങളിൽ കല്പിച്ചിട്ടുള്ളതായും, ഏറിയാൽ ഒരു മാസത്തിനകം അവർ ഇരുവരും പിന്നെ ആർക്കും ഒരിക്കലും കാണുവാൻ കഴിയാത്തരീതിയിൽ ലോകം വിട്ടതായും കേൾക്കുവാനിടയായിട്ടുണ്ട്. അതായിരുന്നു മാർ അത്താനാസ്യോസ് തിരുമേനി.

കണിശവും കൃത്യനിഷ്ഠയും ഇത്ര കണിശമായി പാലിച്ചിരുന്നവർ തീരെ ചുരുക്കമാണ്. പണസംബന്ധമായ കാര്യത്തിലായാലും, വിശ്വാസസംബന്ധമായ കാര്യത്തിലായാലും, കണിശത്തിൽ നിന്നു കടുകിട മാറാൻ അദ്ദേഹത്തിനു സാധിക്കയില്ലായിരുന്നു. പൂർവ്വകാലത്തെ അലക്സ്ന്ത്ര്യൻ പാത്രിയർക്കീസായ വി. മാർ അത്താനാസ്യോസിനോട് ചിലർ ഒരിക്കൽ പറഞ്ഞു. "ലോകം മുഴുവനും അത്താനാസ്യോസിന് എതിരാണ്" എന്ന്. അതിന് അദ്ദേഹത്തിന്റെ മറുപടി ''അത്താനാസ്യോസ് ലോകത്തിന് എതിര്"! എന്നായിരുന്നു തന്റെ നിശ്ചയത്തിൽ നിന്നു അരയിഞ്ചു ആ നിഷ്ക്കളങ്കനെ തെറ്റിക്കുവാൻ ആർക്കും സാധ്യമായിരുന്നില്ല. പക്ഷെ, വല്ലവരും, വല്ലപ്പോഴും ആ നിഷ്ക്കളങ്കതയെ വഞ്ചനാപൂർവ്വം ചൂഷണം ചെയ്തു തിരുമേനിയെ സങ്കടപ്പെടുത്തിയിട്ടുണ്ടായിരിക്കാം. അതിനുള്ള ഫലം അവർ അനുഭവിച്ചിട്ടുമുണ്ടായിരിക്കാം.

ആശ്രിത വാത്സല്യം തിരുമേനിയിൽ സുസ്പഷ്ടമായി, കാണപ്പെട്ടിരുന്നു. തിരുമേനിയുമായി അടുത്ത് ഇടപ്പെട്ടിട്ടുള്ള എല്ലാവർക്കും ഇത് പ്രത്യക്ഷമായി പലപ്പോഴും അനുഭവിച്ചിട്ടിട്ടുണ്ട്. പാതിരായ്ക്കോ, പ്രഭാതത്തിലോ, കൂടെയുള്ള ശെമ്മാശനെയോ അച്ചനെയോ നൂറുവട്ടം വിളിച്ചാലും ഉറക്കത്തിൽ നിന്നെഴുന്നേൽക്കാതിരുന്നാലും, "പാവം പിള്ളേരല്ലേ, ഉറങ്ങിക്കൊള്ളട്ടെ" എന്നു തന്നെ ത്താൻ പറയുമായിരുന്നു. പള്ളികളിലെ യാത്രാസന്ദർഭങ്ങളിൽ തന്നെക്കാൾ

കൂടുതലായി തന്റെ കൂടെയുള്ളവരെ കരുതണമെന്നു തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. തിരുമേനിയുടെ അവസാന തെക്കൻ യാത്ര എ.ഡി. 1951 ൽ ആയിരുന്നു. മാർ ക്ലീമീസ് തിരുമേനിയുടെ സ്വീകരണ മഹായോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് ചിങ്ങവനം സെമ്മിനാരിയിൽ അല്പദിവസം താമസിച്ച ശേഷം കോട്ടയം സിംഹാസനപ്പള്ളിയിലേക്കാണു നീങ്ങിയത്. ശ്രീ. സി. ജെ. കുര്യന്റെ പൗത്രൻ, ശ്രീ. കൊച്ചുകുഞ്ഞിന്റെ, സിംഹാസനപ്പള്ളിക്കടുത്തുള്ള ബംഗ്ലാവ് ആയിടയ്ക്കു പണിതീർന്നിട്ടേയുണ്ടായിരുന്നുള്ളു. അവിടെയാണ് തിരുമേനിക്ക് താമസത്തിന് ഒരുക്കിയിരുന്നത്. കൂടെയുണ്ടായിരുന്ന ശെമ്മാശനെ ഒരത്യാവശ്യകാര്യത്തിനു തിരുമേനി വിളിച്ചു. ശെമ്മാശൻ അപ്പോൾ അവിടെ നിന്നു ഒന്നു വിശ്രമിക്കാൻ പുറത്തേക്കു പോയിരിക്കയായിരുന്നു. കാര്യം അത്യാവശ്യവും. ഒരുവിധക്കാരെ കോപം കീഴടക്കുമായിരുന്ന ആ സമയത്തു തിരുമേനി പറകയാണ് "പാവം, ഒന്നു വിശ്രമിക്കാൻ പോയതായിരിക്കാം. വിളിക്കണ്ട, ഒന്നു കാറ്റുകൊണ്ടുകൊള്ളട്ടെ" എന്ന്! ഇതായിരുന്നു അവിടത്തെ ആശ്രിതവാത്സല്യം! തിരുമേനിയെ ശുശ്രൂഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച മുമ്പറഞ്ഞവർ ഇന്നും തിരുമേനിയുടെ പേരുപറയുമ്പോൾ കരഞ്ഞുപോകയാണ്. ഇതുപോലുള്ള ഒരു യജമാന-ഭൃത്യബന്ധം ലോകം തുച്ഛമായിട്ടേ കേട്ടിരിക്കയുള്ളു! ഏകദേശം 13 വയസ്സുള്ളപ്പോൾ മുതൽ പലപ്പോഴും തൃപ്പാദസേവ ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ച ഇയ്യുള്ളവന്റെ കോറിസ്ഥാനലബ്ധിയിൽ അവിടുന്നു ഹൃദയപൂർവ്വം ആനന്ദിച്ചു. ഒരു വയലറ്റു 'ക്ലേറി' സമ്മാനിക്കയുണ്ടായി. അത് ഞാൻ തയ്യാറാക്കിക്കൊണ്ടുചെല്ലണമെന്നും ചെലവു മുഴുവൻ തിരുമേനി ചെയ്യുമെന്നുമായിരുന്നു കല്പന. കല്പന കഴിഞ്ഞു രണ്ടു മൂന്നു തവണ പിന്നെ ആലുവായിൽ ചെന്നിട്ടും ഞാൻ അതു തയ്യാറാക്കിക്കൊണ്ടു ചെന്നില്ല... അങ്ങനെയിരിക്കെ, അവിടുന്നു അത്യാസന്നമായി കിടന്നസമയത്ത് ഞാൻ തിരുസന്നിധിയിലെത്തി, ആരാണെന്നറിഞ്ഞതോടുകൂടി ബോധംപോലും ചിലപ്പോൾ മാറിയിരുന്ന ആ ഘട്ടത്തിൽ - എന്നോടു ചോദിക്കയാണ്. "അതു ശരിക്കായോ" എന്ന്! പെട്ടെന്ന് എനിക്കുപോലും ഓർമ്മവന്നില്ല. കുപ്പായത്തിന്റെ കാര്യമാണെന്നറിഞ്ഞതോടുകൂടി, ആ സമയത്തുപോലും എന്നെ വാത്സല്യപൂർവ്വം കരുതിയ ആ പ്രിയപിതാവിനെ ഓർത്തു ഞാൻ കരഞ്ഞുപോയി. അടുത്തുതന്നെപോയി അതു ശരിപ്പെടുത്തി അതു തൃക്കൈയിൽ കൊടുത്ത് സമ്മാനമായി വാങ്ങുകയുണ്ടായി. ഇതായിരുന്ന മാർ അത്താനാസ്യോസിന്റെ ആശ്രിതവാത്സല്യം.

സഹൃദയന്മാർക്കു സ്വാഭാവികമായ സരസ സംഭാഷണം കേൾക്കുന്നതും പറയുന്നതും അവിടത്തേക്കു വളരെ സന്തോഷമായിരുന്നു. മുൻകാലങ്ങളിൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ തിരുമേനി ഉറച്ചു പൊട്ടിച്ചിരിക്കുമായിരുന്നുവെന്നും അങ്ങനെ ഒരിക്കൽ പൊട്ടിച്ചിരിച്ചപ്പോൾ ആ മുഖഭംഗിയും മറ്റുംകണ്ടിട്ട് ആത്മമിത്രമായിരുന്ന ഒരു മാന്യദേഹം 'തിരുമേനി, ഇങ്ങനെ ചിരിക്കരുത്' എന്നു സ്നേഹപൂർവ്വം ശാസിച്ചതായും, അന്നുമുതലാണ് പൊട്ടിച്ചിരി നിർത്തിയതെന്നും പറയപ്പെടുന്നു. എന്നിട്ടും സന്തോഷവാക്കുകൾ കേൾക്കുമ്പോൾ, വായ്പൊത്തിപ്പിടിച്ചുകൊണ്ട് കുലുങ്ങിക്കുലുങ്ങി 'കുടുകുടെ' ചിരിക്കാതിരിക്കാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. അവിടുന്നു എപ്പോഴും പറയാറുണ്ടായിരുന്ന ചില പഴഞ്ചൊല്ലുകൾ 'അവനവന്റെ കൈ തലയ്ക്ക് കീഴിരിക്കണം", 'വീട്ടുചോറുണ്ടെങ്കിലേ വിരുന്നു ചോറുള്ളു', "ചത്തുകിടന്നാലും ഒത്തു (ചമഞ്ഞു) കിടക്കണം' മുതലായവയാണ്. ആലുവ സെമിനാരി എല്ലാ കാര്യത്തിലും സ്വയം പര്യാപ്തമാകുന്നതിലും എല്ലാക്കാര്യവും ഒത്തിണക്കി

സഹൃദയന്മാർക്കു സ്വാഭാവികമായ സരസ സംഭാഷണം കേൾക്കുന്നതും പറയുന്നതും അവിടത്തേക്കു വളരെ സന്തോഷമായിരുന്നു. മുൻകാലങ്ങളിൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ തിരുമേനി ഉറച്ചു പൊട്ടിച്ചിരിക്കുമായിരുന്നുവെന്നും അങ്ങനെ ഒരിക്കൽ പൊട്ടിച്ചിരിച്ചപ്പോൾ ആ മുഖഭംഗിയും മറ്റുംകണ്ടിട്ട് ആത്മമിത്രമായിരുന്ന ഒരു മാന്യദേഹം 'തിരുമേനി, ഇങ്ങനെ ചിരിക്കരുത്' എന്നു സ്നേഹപൂർവ്വം ശാസിച്ചതായും, അന്നുമുതലാണ് പൊട്ടിച്ചിരി നിർത്തിയതെന്നും പറയപ്പെടുന്നു.

വെക്കുന്നതിലും, വെയ്പിക്കുന്നതിലും മേൽപ്പറഞ്ഞ മഹദ്വചനങ്ങൾ അദ്ദേഹത്തിന് മാർഗ്ഗദർശകം തന്നെയായിരുന്നു.

സ്വയം ഇത്ര താഴ്ത്തി ജീവിച്ച മഹാത്മാക്കൾ ചുരുക്കമാണ്. അവനവൻ പ്രവർത്തിച്ച നിസ്സാരകാര്യങ്ങൾപോലും സുദീർഘം ചർവ്വിതചർവ്വണം ചെയ്യുന്നതാണ് ഒരുതരക്കാരുടെ സ്വഭാവം. ഒരിക്കൽ എനിക്കു കണ്ണുനിറഞ്ഞ-തിരുമേനി കണ്ണുനീർ തൂകിയ-ഒരനുഭവമുണ്ടായി. കോട്ടയം സിംഹാസനപ്പള്ളിയിൽവെച്ചു തിരുമേനിയെ ഞാൻ കണ്ടു. അടുത്തു തന്നെ ഞാൻ ചില കാര്യങ്ങൾ അറിയാൻ ആലുവായ്ക്കു വരുന്നുണ്ടെന്നു ബോധിപ്പിച്ചു. “എന്തെറിയാനാ'' എന്നു തിരുമേനി. “തിരുമേനിയെക്കുറിച്ചു ചില കാര്യങ്ങൾ'' എന്നു ഞാൻ ബോധിപ്പിച്ചു. “എന്തിനാ ജീവചരിത്രമെഴുതാനാണോ? സഭയ്ക്കുവേണ്ടി ഞാനെന്തു ചെയ്തിട്ടുണ്ട് മകനേ. സമാധാനത്തിൽ ഇരുന്നു എനിക്കു വല്ലതും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ മകനേ! എന്നു ചോദിച്ചപ്പോഴേക്കും കണ്ണുനീർ ആ കവിൾത്തടങ്ങളിൽ കൂടി ഒഴുകി. കണ്ടുനിന്ന എന്റെ കണ്ണുകളും നിറഞ്ഞു. ഇതായിരുന്നു ആ പരിശുദ്ധന്റെ ചിന്താഗതി. എത്രമാത്രം താഴുന്നതിനും അവിടത്തേക്കു യാതൊരു പ്രായസവുമില്ലായിരുന്നു. അതാണ് ആ മഹാത്മാവിന്റെ അതുല്യമായ മാഹാത്മ്യം.അതുപോലെ തന്നെ അധികാരഭ്രമം, ആഡംബരഭ്രമം ഇതു രണ്ടും അവിടത്തെ സ്പർശിച്ചിട്ടില്ലായിരുന്നു. ശെമ്മാശനായിരുന്ന കാലത്ത് വലിയ ആഡംബരഭ്രമക്കാരനായിരുന്നുവെന്നു തിരുമേനിതന്നെ കല്പിച്ചിട്ടുണ്ട്. ''നല്ലാകാരമതിന്നലങ്കാരമാണെല്ലാ പദാർത്ഥങ്ങളും” എന്നതുപോലെ വെള്ള, കറുപ്പ്, ചെമപ്പ് ഇതെല്ലാം അവിടേക്കു അലങ്കാരമായിരുന്നു. അവസാനകാലമായപ്പോഴേക്കും അവിടന്നു യഥാർത്ഥ താപസത്വത്തിൽ തന്നെ കഴിഞ്ഞു. ചുവന്ന കുപ്പായം ദുർല്ലഭമായിട്ടേ ധരിച്ചിരുന്നുള്ളു. അതുപോലെതന്നെ സ്വർണ്ണക്കുരിശ്, സ്ലീബാ, വടി എന്നിവയും മരവടി, മരക്കുരിശ്, മരസ്ലീബാ ഇവയെല്ലാം തന്റെ കബറടക്കത്തിനുവേണ്ടി പ്രത്യേകം ഉണ്ടാക്കിയിരുന്നു. ആലുവായിൽ മാർ സേവേറിയോസ് തിരുമേനി റമ്പാനായിരിക്കുമ്പോൾ ഒരിക്കൽ കറുത്ത കുപ്പായവുമിട്ട് കൊച്ചുറമ്പാച്ചന്റെ കയ്യിൽ പിടിച്ചുകൊണ്ട് നടന്നിരുന്ന വലിയ തിരുമേനിയെക്കണ്ട് ഒരപരിചിതൻ ചോദിക്കയുണ്ടായി ഈ വല്യറമ്പാച്ചൻ ഏതാണെന്ന്! സ്വന്ത കബർ പണിയേണ്ട സ്ഥാനവും നേരത്തെ നിശ്ചയിച്ച് അതിനുള്ള കല്ലുകൾപോലും ''ചെത്തിച്ചുവെച്ചിരുന്ന കർത്തൃഭക്തനെക്കുറിച്ചോർക്കുമ്പോൾ ആർക്കാണ് ആദരവ് തോന്നാത്തത്. “നിന്റെ കല്യാണവസ്ത്രം ഒരുക്കുന്നതോടൊപ്പം നിന്റെ ശവസംസ്കാരത്തിനുള്ള വസ്ത്രവും ഒരുക്കുക” എന്ന സുറിയാനി ഗീതം പലരോടായി പലപ്പോഴായി എത്രവട്ടമാണുപദേശിച്ചിട്ടുള്ളത്. അവിടുന്ന് അക്ഷരംപ്രതി പാലിച്ചിരുന്നു. കബറടക്കത്തിനുള്ള കാപ്പ മുതലായവയും നേരത്തെതന്നെ തൈപ്പിച്ചു വെച്ചിരുന്നു. അത് ഉപയോഗിച്ചു അവിടുന്നു വി. കുർബ്ബാനയർപ്പിച്ചിട്ടുണ്ട്. കബറടക്കത്തിനു കസേരയിൽ ഇരുത്തുമ്പോൾ മുന്നോട്ടു കുനിയാതിരിക്കാൻ കസേരയോടു ചേർത്ത് ബന്ധിക്കാനുള്ള തുണിപോലും കരുതിയിരുന്ന ആ പരമഭക്തനെ ഓർക്കുമ്പോൾ ആർക്കാണ് ഹൃദയം പൊട്ടാത്തത്! തന്റെ കബറിടം തന്റെ മാതൃകാശ്രേഷ്ഠനായ പ. ചാത്തുരുത്തിൽ തിരുമേനി (പരുമല തിരുമേനി)യുടെ കബറിടംപോലെ മദ്ബഹായോടും ചേർത്തുവേണമെന്ന് അവിടന്നു കല്പിക്കയും, കുറച്ചുവർഷങ്ങൾക്കുമുമ്പ് ആ സ്ഥലം കാണിച്ചുകൊടുക്കുകയുമുണ്ടായി! അന്നുമുതൽ ആ സ്ഥലത്ത് ആരും ചവിട്ടാത്ത രീതിയിൽ സെമിനാരിഭാരവാഹികൾ വേണ്ട ക്രമീകരണം ചെയ്തിരുന്നു. ‘മകനേ, പെട്ടെന്നുള്ള മരണവും, അരിഷ്ടിച്ചു കിടന്നുള്ള മരണവും ഉണ്ടാകരുതെന്നാണ് എന്റെ പ്രാർത്ഥന.

**എത്രമാത്രം താഴുന്നതിനും അവിടത്തേക്കു യാതൊരു പ്രായസവുമില്ലായിരുന്നു. അതാണ് ആ മഹാത്മാവിന്റെ അതുല്യമായ മാഹാത്മ്യം.അതുപോലെ തന്നെ അധികാരഭ്രമം, ആഡംബരഭ്രമം ഇതു രണ്ടും അവിടത്തെ സ്പർശിച്ചിട്ടില്ലായിരുന്നു.**

രണ്ടാഴ്ചയെങ്കിലും എന്റെ ദൈവംതമ്പുരാൻ എനിക്കവസരം നൽകും മകനേ' എന്നാണ് തിരുമേനി ഒരിക്കൽ ബ. കടവിൽ പോൾ റമ്പാച്ചനോടു പറഞ്ഞത്. സർവ്വശക്തൻ അതനുവദിക്കയും ചെയ്തു. തിരുമനസ്സിലേക്കു തന്നെ നാഥന്റെ സന്നിധിയിൽ ഒരെളിയ ദാസനായി വിശ്രമിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിനു മരണത്തെ ഭയമില്ലായിരുന്നു. സഭയിലെ സുവിശേഷവേലയിൽ തിരുമനസ്സിലേക്കുള്ള ആഗ്രഹം അത്യധികമായിരുന്നു. എന്നാൽ, യേനകേന പ്രകാരേണയും മറ്റുള്ളവരിൽ നിന്നു പിടിച്ചെടുക്കണമെന്നുള്ള ഹീനമായ മനഃസ്ഥിതി അവിടത്തെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. എറണാകുളം (റോമൻ കത്തോലിക്ക) അതിരൂപതയിൽപെട്ട ഒരു പള്ളിയിലെ കുറെ വീട്ടുകാർ നമ്മുടെ ഒരച്ചനുമായി തിരുസന്നിധിയിലെത്തി. അവർക്കു യാക്കോബായസഭയിൽ ചേരണംപോലും; പള്ളിയും അവർ വെച്ചുകൊള്ളും. ഇതാണ് വരവിന്റെ ഉദ്ദേശ്യം. വിവരങ്ങളറിഞ്ഞ തിരുമേനി അച്ചനോടു പറഞ്ഞു: "അവർക്കു താല്ക്കാലികമായി ഏതോ വൈരാഗ്യം നിമിത്തം ഇങ്ങനെ ഒരഭിപ്രായം തോന്നിയതാണ്, അവർ സഭയുടെ ഉപദേശം പഠിക്കട്ടെ. ധൃതിയിൽ പാടില്ല. അവർ സാവധാനം ചിന്തിക്കട്ടെ" അവരോടുള്ള ഉപദേശം "മക്കളേ, നിങ്ങളുടെ മെത്രാനച്ചനുമായി എന്തോ അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടുള്ളതാണല്ലോ ഇവിടെ വരാൻ കാരണം. നിങ്ങൾ സാവകാശം ചിന്തിക്കണം. പോയി എറണാകുളം മെത്രാനച്ചനെക്കണ്ടു കാര്യം തീർക്കണം. അതിനുശേഷം സഭയുടെ വിശ്വാസം നിങ്ങൾ പഠിച്ച് ആഗ്രഹം തോന്നുന്നുവെങ്കിൽ സഭയിൽ ചേരണമെങ്കിൽ ആകാം" എന്നായിരുന്നു! എത്ര മഹത്തായ ചിന്താഗതി!

**മഹാരാജാവ് ആഗതനായപ്പോൾ തിരുമേനിമാർ എഴുന്നേറ്റു മഹാരാജാവു തിരുമേനിയെ ഉപചരിച്ചു. മഹാരാജാവ് വലിയതിരുമേനി ഇരിക്കാതെ ഇരിക്കയില്ലെന്നായി. തമ്പുരാൻ ഇരിക്കാതെ തിരുമേനിയും ഇരിക്കയില്ല. അവസാനം മഹാരാജാവു തിരുമേനിയുടെ നിർബന്ധം ഹേതുവാൽ തിരുമേനി ഇരിക്കയും പിന്നീടു മഹാരാജാവ് തിരുമനസ്സു കൊണ്ട് ഇരിക്കുകയും ചെയ്തു.**

ഭാരതത്തിലാകെ നമുക്കു പള്ളികളും പട്ടക്കാരും ഉണ്ടാകണമെന്ന് തിരുമേനി ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. റവ. ഫാദർ തോമ്മസ് വർഗ്ഗീസ് (വൈലിപ്പറമ്പിൽ) അഖിലേന്ത്യാപര്യടനം നടത്തിയത് അവിടത്തേക്കു സന്തോഷകരമായിരുന്നു. മാർ പീലക്സീനോസ് തിരുമേനി മംഗലാപുരം, ഹോണോവാർ, ബ്രഹ്മവാർ മുതലായ ഇടവകകളുടെ റവ. ഫാ. പി. ജെ. പൗലൂസായിരുന്നപ്പോൾ നടത്തിക്കൊണ്ടിരിക്കവേ ഒരിക്കൽ തിരുമേനി അദ്ദേഹത്തോടു കല്പിക്കയാണ്, "മകനേ, നല്ലകാര്യം. ഇന്ത്യയിൽ പലയിടത്തും നമുക്കു സ്വന്തപള്ളികൾ ഉണ്ടാകണം. ദൈവം എനിക്കായുസ്സുതന്നാൽ നമ്മുടെ മക്കളുടെ അടുക്കലേക്കുള്ള നമ്മുടെ അവസാനകൈ നീട്ടൽ-അഭ്യർത്ഥന- ഇതിനുവേണ്ടിയായിരിക്കും" എന്നായിരുന്നു! മാർ ക്ലീമിസ് തിരുമേനിയും ഞാനുംകൂടി ഉത്തരേന്ത്യൻ പര്യടനത്തിനുപോയപ്പോൾ (ഏ.ഡി. 1952) അവിടന്ന് എത്ര സന്തോഷത്തോടെ ഞങ്ങളെ യാത്രയയച്ചു. ഈ യാത്രയിലാണ് ബോംബെ, പൂനാ ഇടവകകൾ മാർ ക്ലീമിസു തിരുമേനി ഉദ്ഘാടനം ചെയ്തത്. ബോംബെയ്ക്കു ഒന്നാമതായി നിയമിതനായ റവ. ഫാ. ജേക്കബ് പാറയിൽ എം.എ. യെ വികാരിയായി നിയമിച്ചുള്ള കൽപ്പന വലിയ തിരുമേനിയാണ് കൽപിച്ചു നൽകിയത്. തിരുമേനിയുടെ നിഷ്കളങ്കമായ മുഖത്ത് ഒരു ദിവ്യത തിളങ്ങിയിരുന്നു.

വിഷവൈദ്യം മുതലായവയിൽ പ്രവീണനായിരുന്ന തീപ്പെട്ടുപോയ കൊച്ചി മഹാരാജാവിനെ മുഖംകാണിക്കാൻ തൃപ്പൂണിത്തറ കനകക്കുന്നു കൊട്ടാരത്തിൽ എത്തിയപ്പോഴും, ഈ മാമുനിയെ ഇരുത്തിയശേഷമാണ് ആ രാജർഷി ഇരുന്നത്. തിരുമേനിയേക്കാൾ പ്രായംകൂടിയ മഹാരാജാവു തിരുമേനി, തിരുമേനിയുടെ ദേഹസൗഖ്യത്തിനായി ഒരെണ്ണക്ക് കല്പിച്ചു തൃക്കൈവിളയാടി കരിങ്ങാശ്രപള്ളിയിലേക്കു കല്പ്പിച്ചു കൊടുത്തയക്കുകപോലുമുണ്ടായി അതേ, മാർ അത്താനാസ്യോസ് കൊട്ടാരത്തിലും കുടിലിലും ബഹുമാന്യനായിരുന്നു.



# മരണമില്ലാത്ത വലിയ തിരുമേനി

**കമാണ്ടർ പി.പി. തങ്കച്ചൻ**

കഷ്ടപ്പാടുകളും പീഡനങ്ങളും നിറഞ്ഞ ആ കാലഘട്ടത്തിൽ അന്ത്യോഖ്യാ മലങ്കര ബന്ധത്തിൽ അടിയുറച്ചു നിന്ന് മലങ്കരയിലെ യാക്കോബായ സുറിയാനി സഭ തകർന്നു പോകാതെ സഭയെ ആത്മധൈര്യത്തോടെ കാത്തു സൂക്ഷിച്ചത് പരിശുദ്ധ പിതാവായിരുന്നു. ശതേരുകേകളുടെ സാമ്പത്തിക കൊഴുപ്പിനും സ്വാധീനത്തിനും എതിരെ വലിയ തിരുമേനിക്ക് ഉണ്ടായിരുന്ന കൈമുതൽ കണ്ണുനീരോടു കൂടിയ പ്രാർത്ഥനയും ദൈവാശ്രയവും ആയിരുന്നു. പിൽക്കാലങ്ങളിൽ അതിനെല്ലാം ഫലം ഉണ്ടാകുകയും ചെയ്തു.

പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ കുടുംബത്തിൽപ്പെട്ട ഒരംഗമെന്ന നിലയിൽ ഏറെ അഭിമാനത്തോടുകൂടിയാണ് അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ ഞാൻ പങ്കുവയ്ക്കുന്നത്. സണ്ടേസ്കൂളിൽ പഠിക്കുന്ന കാലം മുതൽ തിരുമേനിയെ നേരിൽ കാണുവാനും കൈ മുത്തുവാനും കിട്ടിയ സന്ദർഭങ്ങളിലൊക്കെ വാത്സല്യപൂർവ്വമുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം എന്റെ ജീവിതത്തിൽ എന്നെവളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഒരു പുരോഹിതനായ എന്റെ പിതാവിനോടൊന്നിച്ച് ഒരുപാട് പ്രാവശ്യം അദ്ദേഹം താമസിച്ചിരുന്ന ആലുവ സെനിമാരിയിൽ പോകുവാനും അദ്ദേഹവുമായി സംസാരിക്കുവാനും എനിക്ക് അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. വലിയ തിരുമേനിയുടെ നായത്തോടുള്ള വീടിന്റെ സമീപത്താണ് ഞങ്ങളും താമസിച്ചിരുന്നത്. വീട്ടിലും വീടിന്റെ സമീപത്തുള്ള ചാപ്പലിലും തിരുമേനി ഇടയ്ക്കിടെ വരുമായിരുന്നു.അപ്പോഴൊക്കെ ഞാനും എന്റെ പിതാവിനോടൊപ്പം തിരുമേനിയെ കാണുവാൻ പോകുമായിരുന്നു. നല്ല റോഡുകളോ മോട്ടോർ വാഹനങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ആലുവായിൽ നിന്ന് തിരുമേനി ഇവിടങ്ങളിൽ വന്നിരുന്നത് പല്ലക്കിലാണ്.

തിരുമേനിയുടെ ജീവിതകാലത്ത് സഭയിൽ ഉണ്ടായ കലഹങ്ങളേയും പിളർപ്പുകളേയും തുടർന്നുണ്ടായ വ്യവഹാരങ്ങളേയും അതിജീവിക്കാൻ അദ്ദേഹത്തിന് നന്നേ പാടുപെടേണ്ടി വന്നു. കഷ്ടപ്പാടുകളും പീഡനങ്ങളും നിറഞ്ഞ ആ കാലഘട്ടത്തിൽ അന്ത്യോഖ്യാ മലങ്കര ബന്ധത്തിൽ അടിയുറച്ചു നിന്ന് മലങ്കരയിലെ യാക്കോബായ സുറിയാനി സഭ തകർന്നു പോകാതെ സഭയെ ആത്മധൈര്യത്തോടെ കാത്തു സൂക്ഷിച്ചത് പരിശുദ്ധ പിതാവായിരുന്നു. ശതേരുകേകളുടെ സാമ്പത്തിക കൊഴുപ്പിനും സ്വാധീനത്തിനും എതിരെ വലിയ തിരുമേനിക്ക് ഉണ്ടായിരുന്ന കൈമുതൽ കണ്ണുനീരോടു കൂടിയ പ്രാർത്ഥനയും

ദൈവാശ്രയവും ആയിരുന്നു. പിൽക്കാലങ്ങളിൽ അതിനെല്ലാം ഫലം ഉണ്ടാകുകയും ചെയ്തു.

ആരെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു തിരുമേനി. ഇത്രയേറെ കൃത്യമായി പ്രാർത്ഥനകളും വ്രതാനുഷ്ഠാനങ്ങളും ചെയ്തിരുന്ന മറ്റൊരു വ്യക്തി അക്കാലത്തുണ്ടായിരുന്നില്ല. വിനയത്തിന്റേയും ലാളിത്യത്തിന്റേയും പര്യായമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ആലുവായിലും പരിസര പ്രദേശങ്ങളിലുമുള്ള നാനാജാതി മതസ്ഥർക്ക് തിരുമേനിയോട് അതിരറ്റ സ്നേഹവും അടുപ്പവും ബഹുമാനവും ഉണ്ടായിരുന്നു. എപ്പോഴും സന്തോഷത്തോടെ നന്നായി പെരുമാറി. തന്നെ കാണാൻ വരുന്നവർക്ക് ഭക്ഷണം കൊടുത്തും അവരോടൊക്കെ കുശലം പറഞ്ഞും എല്ലാവരേയും അനുഗ്രഹിച്ച് വിടുന്ന പതിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഞാൻ 10-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് തിരുമേനി കാലം ചെയ്തത്. എന്റെ ഓർമ്മയിൽ തിരുമേനിയുടെ കബറടക്ക ചടങ്ങുകളും തുടർന്ന് നടന്ന അടിയന്തര ചടങ്ങുകളുമൊക്കെ ഈ പ്രദേശങ്ങളിൽ നടന്ന വിവിധ ജാതിയിൽപ്പെട്ട ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത വലിയ ചടങ്ങുകളിൽ ഒന്നായിരുന്നു.

മലയാള മനോരമ പത്രം എഴുതിയ മുഖ പ്രസംഗത്തിൽ "നിഷ്കളങ്ക ഹൃദയനായ നി.വ.ദി.ശ്രീ മോർ അത്താനാസിയോസ് തിരുമേനി കാലം ചെയ്ത വാർത്ത കേരളീയ ക്രൈസ്തവ ലോകത്തെ ഒന്നടങ്കം ദുഃഖത്തിലാഴ്ത്തിയിരിക്കുന്നു. ആചാര്യൻമാർക്ക് യോജിച്ച നിഷ്കളങ്കമായ ഭക്തിയും സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു തിരുമേനിയുടെ പ്രധാന ഗുണങ്ങൾ,"

"പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായി ബന്ധമില്ലാത്ത സഭ ശിരസില്ലാത്ത ഉടലുപോലെയാണ് എന്ന തിരുമേനിയുടെ വാക്കുകൾക്ക് ഇന്നും പ്രസക്തിയുണ്ട്. "മോർ അത്താനാസിയോസ് ഇവിടെ വരുന്ന പക്ഷം നമ്മുടെ അവകാശത്തിൽ പകുതി നാം അദ്ദേഹത്തിന് ദാനം ചെയ്യുന്നതിന് മടിക്കുകയില്ല" എന്നൊരിക്കൽ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ പറഞ്ഞത് തിരുമേനിയോട് പരിശുദ്ധ സിംഹാസനത്തിനുള്ള സ്നേഹത്തേയും വിശ്വാസത്തേയും എടുത്തുകാണിക്കുന്നു. തിരുമേനിയുടെ നിര്യാണത്തെക്കുറിച്ച് മലയാള മനോരമ പത്രം എഴുതിയ മുഖ പ്രസംഗത്തിൽ "നിഷ്കളങ്ക ഹൃദയനായ നി.വ.ദി.ശ്രീ മോർ അത്താനാസിയോസ് തിരുമേനി കാലം ചെയ്ത വാർത്ത കേരളീയ ക്രൈസ്തവ ലോകത്തെ ഒന്നടങ്കം ദുഃഖത്തിലാഴ്ത്തിയിരിക്കുന്നു. ആചാര്യൻമാർക്ക് യോജിച്ച നിഷ്കളങ്കമായ ഭക്തിയും സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു തിരുമേനിയുടെ പ്രധാന ഗുണങ്ങൾ," എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അർത്ഥപൂർണ്ണമാണ്. 2009 ഓഗസ്റ്റ് മാസത്തിലാണ് പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ വലിയ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. 'അത്താനാസിയോസ്' എന്നാൽ, 'മരണമില്ലാത്തവൻ' എന്നാണ് അർത്ഥം. ആ പേരിനെ അന്വർത്ഥമാക്കികൊണ്ട് വിശ്വാസികളുടെ മനസ്സിൽ അനശ്വരമായി അദ്ദേഹത്തിന്റെ സ്മരണകൾ നിലനില്ക്കട്ടെ.

തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹം സ്വീകരിച്ച പാത പിൻതുടരാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.



# പരിശുദ്ധനായ മോർ അത്താനാസിയോസ് തിരുമേനിയോടു കൂടെ ഒരു വർഷക്കാലം

**ഫാ. വി.എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ**

തിരുമേനി വിളിക്കുന്നു എന്നു പറഞ്ഞപ്പോൾ ഞാൻ ഓടിച്ചെന്നു. അപ്പോൾ തിരുമേനിക്കായി വിളമ്പിയിരുന്ന ഭക്ഷണത്തിൽ നിന്നു കുറെ എന്റെ കയ്യിൽ തന്നു അവിടെനിന്നു ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടു അടുത്ത ദിവസം തിരുമേനി ഭക്ഷിക്കുവാൻ ഇരിക്കുന്നതു കണ്ടപ്പോൾ പള്ളിയുടെ വടക്കു വശത്തു പോയി ഞാൻ മറഞ്ഞുനിന്നു. അങ്ങനെ തിരുമേനിയുടെ പ്രഭാത ഭക്ഷണത്തിൽ പങ്കുകൊള്ളാതെ ഞാൻ മാറി.

പരിശുദ്ധനായ മോർ അത്താനാസിയോസ് വലിയ തിരുമേനിയോടു കൂടെ ഒരു സ്കൂൾ വർഷം മുഴുവനും താമസിക്കുവാനുള്ള ഭാഗ്യം, പതിമൂന്നാമത്തെ വയസ്സിൽ എനിക്കു ലഭിച്ചു. അന്ന് നാട്ടിലെ സ്കൂളിൽ നിന്ന് IIIrd form പാസായി, ഹൈസ്കൂളിൽ പ്രവേശിക്കേണ്ട കാലമായിരുന്നു.ഞങ്ങളുടെ ഇടവകയിലെ വികാരിത്വം വഹിച്ചിരുന്ന വടക്കൻപറവൂർ കളരിയ്ക്കൽ ഗീവർഗീസ് അച്ചന്റെ ഉപദേശപ്രകാരം ദൈവാലയാരാധനയുടെ മുറകൾ ശീലിക്കുവാൻ വേണ്ടി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ച് അവിടുത്തെ സെന്റ് മേരീസ് ഹൈസ്കൂളിൽ പഠനം തുടരുവാൻ മാതാപിതാക്കന്മാർ എന്നെ നിയോഗിക്കുകയായിരുന്നു.

പരിശുദ്ധ തിരുമേനിയുടെ എന്നോടുണ്ടായിരുന്ന അളവറ്റ വാത്സല്യവും, സാധാരണ ജനങ്ങളോടുള്ള സ്നേഹവും കരുതലും, സഭാ ക്രയങ്ങളിലുള്ള കൃത്യനിഷ്ഠയും, സത്യസന്ധതയും എന്നെ ഹഠാകർഷിച്ചു. ഞാൻ കാണുമ്പോൾ അദ്ദേഹത്തിന് വാർദ്ധക്യത്തിന്റെ എല്ലാ പരിമിതികളും ഉണ്ടായിരുന്നു. സെമിനാരിയുടെ മധ്യത്തിലുള്ള ഹാളിൽ ഒരു കട്ടിലിൽ വിശ്രമിക്കുകയായിരുന്നു, കണ്ണിന്റെ കാഴ്ച തീർത്തും നഷ്ടപ്പെട്ടിരുന്നെങ്കിലും കേൾവിക്ക് കുറവൊന്നും ഉണ്ടായിരുന്നില്ല. ഹാളിന്റെ ഏത് അറ്റത്തെങ്കിലും ആരെങ്കിലും പ്രവേശിച്ചാൽ കാലിന്റെ ശബ്ദം കേട്ട് ആരാണെന്ന് അന്വേഷിക്കുകയും ആരായാലും അടുത്ത് വിളിച്ച് വീട്ടുകാരെപ്പറ്റി അന്വേഷിക്കും. അകലത്തിൽ നിന്നുവന്നവരാണെന്ന് അറിഞ്ഞാൽ കൂടെ എത്രപേരുണ്ടെന്നു ചോദിച്ചിട്ട് അടുത്തു വച്ചിരിക്കുന്ന കൈമണി കിലുക്കി തന്റെ സ്ഥിരസഹായിയായ “മാത്തുചെറുക്കനെ” വരുത്തി അതിഥികളുടെ എണ്ണത്തിനനുസരിച്ച് ഭക്ഷണം തയ്യാറാക്കുവാൻ നിർദ്ദേശിക്കും. ദൂരെ നിന്നു തന്നെ കാണാൻ ചെല്ലുന്നവർ ഭക്ഷണം കഴിക്കാതെ പോകുവാൻ അനുവദിക്കയില്ലായിരുന്നു.

ഞാൻ സെമിനാരിയിൽ ചെന്ന് രാവിലെ കണ്ടത് ഒരു പുതുമയായി എനിക്കു തോന്നി. പ്രഭാത ഭക്ഷണത്തിന് പരിശുദ്ധ തിരുമേനിയും മുളേരിക്കൽ റമ്പാച്ചനും, മേശയും കസേരയും കൂടാതെ തറയിൽ ഓരോ ചെറിയ മെത്തയിൽ ഇരുന്ന് ഭക്ഷണം

കഴിക്കുന്നതുകണ്ടു. അത് തിരുമേനിയുടെ രീതിയായിരുന്നു. ഭക്ഷണസമയത്ത് ആളയച്ച് എന്നെ വിളിക്കും. തിരുമേനി വിളിക്കുന്നു എന്നു പറഞ്ഞപ്പോൾ ഞാൻ ഓടിച്ചെന്നു. അപ്പോൾ തിരുമേനിക്കായി വിളമ്പിയിരുന്ന ഭക്ഷണത്തിൽ നിന്നു കുറെ എന്റെ കയ്യിൽ തന്നു അവിടെനിന്നു ഭക്ഷിക്കുവാൻ ആവശ്യപ്പെട്ടു അടുത്ത ദിവസം തിരുമേനി ഭക്ഷിക്കുവാൻ ഇരിക്കുന്നതു കണ്ടപ്പോൾ പള്ളിയുടെ വടക്കുവശത്തു പോയി ഞാൻ മറഞ്ഞുനിന്നു. അങ്ങനെ തിരുമേനിയുടെ പ്രഭാതഭക്ഷണത്തിൽ പങ്കുകൊള്ളാതെ ഞാൻ മാറി.

ഞാൻ താമസിക്കുന്ന കാലത്ത് അകപ്പറമ്പുപള്ളി ഇടവകയിലെ ഒരു ശെമ്മാശന്റെ വിവാഹം നടന്നു.ശെമ്മാശന്മാർക്ക് വിവാഹത്തിന് തോഴ്മ നില്ക്കേണ്ടത് ശെമ്മാശന്മാർ തന്നെ ആയിരിക്കണമെന്ന് അവിടെ നിർബന്ധമുണ്ടായിരുന്നു. പക്ഷേ, അകപ്പറമ്പിലെ ശെമ്മാശന് തോഴ്മയ്ക്ക് അവരെത്ര ശ്രമിച്ചിട്ടും ഒരു ശെമ്മാശനെ കിട്ടിയില്ല. അതിനാൽ അവർ പരിശുദ്ധ തിരുമേനിയെ സമീപിച്ച് തോഴ്മനില്ക്കുവാൻ എന്നെ വിടണമെന്ന് നിർബന്ധിച്ചു. എന്നെ അവരോടുകൂടെ വിടാൻ തിരുമേനി ഇഷ്ടപ്പെട്ടില്ല. ആ ശനിയാഴ്ച ദിവസം അവർ വളരെയേറെ ശ്രമിച്ചെങ്കിലും ഒരു ശെമ്മാശനെ കണ്ടെത്തിയില്ല. അതുകൊണ്ട് കല്യാണം നടക്കേണ്ട ഞായറാഴ്ച ദിവസം രാവിലെ തിരുമേനിയെ സമീപിച്ച് അവരുടെ നിസ്സാഹയത അറിയിച്ചു. അപ്പോൾ തിരുമേനി വി. കുർബ്ബാന കഴിയുമ്പോൾ അവർ ഒരു കാറുമായിവന്ന് എന്നെ കൊണ്ടുപോയിട്ട് ശുശ്രൂഷകഴിയുമ്പോൾ ഉടൻ തന്നെ തിരികെ തിരുമേനിയുടെ അടുത്തുകൊണ്ടു വരണം എന്നും നിർബന്ധമായി നിർദ്ദേശിച്ചു.ഞാൻ പോയി തിരികെ വരുമ്പോൾ തിരുമനസ്സുകൊണ്ട് എന്നെ കാത്തിരിക്കുകയായിരുന്നു.

അക്കാലത്ത് അങ്കമാലി ഭദ്രാസനത്തിലെ വിശ്വാസികൾ പരിശുദ്ധ തിരുമേനിയെ ഒരു ദൈവപുരുഷനെയെന്നപോലെ ഭക്തിയോടും ഭയത്തോടും കൂടെയാണ് വീക്ഷിച്ചിരുന്നത്. അതിന് പലരുടേയും അനുഭവങ്ങൾ കാരണമായിത്തീർന്നിട്ടുണ്ട്.

അക്കാലത്ത് അങ്കമാലി ഭദ്രാസനത്തിലെ വിശ്വാസികൾ പരിശുദ്ധ തിരുമേനിയെ ഒരു ദൈവപുരുഷനെയെന്നപോലെ ഭക്തിയോടും ഭയത്തോടും കൂടെയാണ് വീക്ഷിച്ചിരുന്നത്. അതിന് പലരുടേയും അനുഭവങ്ങൾ കാരണമായിത്തീർന്നിട്ടുണ്ട്. ഒരു സംഭവം ഉദാഹരണമായി ഞാനിവിടെ ചേർക്കുന്നു. ആലുവാ അടുത്തുള്ള ഒരു പുരാതനമായ പള്ളിയിൽ ഒരു വൈദികൻ ഇടവകക്കാർക്ക് തികച്ചും അസ്വീകാര്യനായിരുന്നു. അച്ചനെപ്പറ്റി വളരെ ഗൗരവമായ ആരോപണങ്ങൾ ഇടവകമെത്രാപ്പോലീത്താ തിരുമേനിക്ക് തെളിവുകൾ സഹിതം സമർപ്പിച്ചു. പരിശുദ്ധ തിരുമേനി സ്വയമായിട്ടും മറ്റുപലരെക്കൊണ്ടും അച്ചന് ഉപദേശങ്ങൾ നല്കി ഉദ്ധരിക്കുവാൻ ശ്രമിച്ചു. യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ പള്ളിയിൽ നിന്ന് അച്ചനെ മുടക്കുന്നതായി കല്പന അയച്ചു. കല്പന പള്ളിയിൽ വായിച്ച ദിവസം അങ്ങേയറ്റം ക്ഷോഭിച്ച് സെമിനാരിയുടെ പുറത്തെ ഗെയിറ്റ് കടന്നു വരുന്നത് പള്ളിയുടെ മുമ്പിൽ നിന്നിരുന്ന ഞങ്ങൾ കണ്ടു. അച്ചന്റെ കാലുറയ്ക്കാത്ത നടപ്പും അസഭ്യവർഷവും കണ്ട ഞങ്ങൾ ഓടിച്ചെന്ന് തിരുമേനി പകൽ വിശ്രമിക്കുന്ന കിടക്കയിൽ നിന്ന് എഴുന്നേല്പ്പിച്ച് ശയനമുറിയിൽ പ്രവേശിപ്പിച്ച് വാതിലടച്ച് ബന്ധവത്താക്കി. ഞങ്ങൾ ഭയപ്പെട്ടതുപോലെ അച്ചൻ ഹാളിൽ പ്രവേശിച്ച് തിരുമേനിയുടെ മുറിയുടെ വാതിയ്ക്കൽ തട്ടിയും മുട്ടിയും കുറെനേരം ബഹളം വച്ചു. അച്ചൻ സെമിനാരിയിൽ നിന്ന് ഇറങ്ങിക്കിട്ടിയ ശേഷം അദ്ദേഹത്തിന്റെ അവിവേകത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മനുഷ്യൻ സെമിനാരിയിലേക്ക്ഓടി വന്ന് അറിയിച്ചത് സെമിനാരിയിൽ നിന്ന് ഇറങ്ങിപ്പോയ അച്ചൻ അടുത്തുള്ള പവർഹൗസ് ജംഗ്ഷനിൽ ആരോവായിട്ടു ശണ്ഠ ഉണ്ടാക്കി കൊലചെയ്യപ്പെട്ട് വഴിയിൽ കിടക്കുന്നു എന്നാണ്. അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നത് സെമിനാരിയുടെ ശവക്കോട്ടയിൽ തന്നെയാണ്. അച്ചനുണ്ടായ അനുഭവം പരിശുദ്ധനായ തിരുമേനിയെ അവഹേളിച്ചതുകൊണ്ടാണ് എന്ന് അന്നും ഇന്നും ജനങ്ങൾ വിശ്വസിക്കുന്നു.

ജനങ്ങളുടെ മേൽ പരിശുദ്ധ തിരുമേനിക്ക് ഉണ്ടായിരുന്ന സ്വാധീനവും അവർക്കു തിരുമേനിയോടുള്ള ഭക്തിയും തെളിയിക്കുന്ന മറ്റൊരു സംഭവം കൂടെ ചേർത്തുകൊള്ളട്ടെ. ഒരു വെള്ളിയാഴ്ച ദിവസം പ്രഭാതത്തിൽ ഭദ്രാസനത്തിലെ ഒരു ദൈവാ

ലയത്തിലെ കൈക്കാരന്മാരും പ്രമുഖരും വന്ന് പള്ളിയുടെ ഭണ്ഡാരം നിറഞ്ഞു കവിഞ്ഞിരിക്കുന്നു എന്നും അത് തുറന്ന് പണം എണ്ണിയെടുക്കുന്നതിന് തിരുമനസ്സിലെ അനുവാദ കല്പന ആവശ്യപ്പെടുകയും ചെയ്തു. ആ അപക്ഷയനുസരിച്ച് വേണ്ട കല്പന തിരുമേനികൊടുക്കുകയും ചെയ്തു. എന്നാൽ, അടുത്ത ദിവസം ശനിയാഴ്ച അതേ ആളുകൾ തന്നെ വന്ന് ആ രാത്രിയിൽ ഭണ്ഡാരം കവർന്നു എന്നറിയിച്ചു. അന്വേഷണം വേണ്ടവിധത്തിൽ നടത്തിക്കൊള്ളാം എന്നും തുറന്നു കിടക്കുന്ന ഭണ്ഡാരത്തിലെ ശിഷ്ടമുള്ള പണം ശേഖരിക്കുവാൻ അധികാരപ്പെടുത്തിയും കല്പനകൊടുത്തുവിട്ടു. അടുത്ത രണ്ടാഴ്ചക്കാലം മുട്ടിപ്പായ പ്രാർത്ഥനയോടുകൂടി ചിന്തിച്ച് പള്ളിയിലെ പ്രമാണികളിൽ ഒരുവൻ അന്നത്തെ രീതിയിൽ വലിയതെന്നു വിചാരിക്കുന്ന ഒരു സംഖ്യ മദ്ബഹാനടയ്ക്കൽ സമർപ്പിച്ചിട്ടേ പള്ളിയിൽ പ്രവേശിക്കാവു എന്ന് നിരോധനകല്പന തിരുമേനി സെക്രട്ടറിയെക്കൊണ്ട് പള്ളിയിൽ വായിപ്പിച്ചു. ആ പ്രമുഖൻ നിർദ്ദേശിക്കപ്പെട്ട തുക വേഗം തന്നെ ചോദ്യം ചെയ്യാതെ നടയ്ക്കൽ സമർപ്പിച്ച് വിടുതൽ നേടി. ഈ സംഭവം തിരുമേനിയുടെ നീതിബോധത്തെപ്പറ്റിയും ദിവ്യനടത്തിപ്പിനെപ്പറ്റിയും വിശ്വാസികൾക്ക് മായാത്ത ധാരണ ഉളവാക്കി.

ഞാൻ അദ്ദേഹത്തോടുകൂടി താമസിക്കുന്ന കാലത്ത് അദ്ദേഹം ഭദ്രാസനത്തിലെ ദൈവാലയങ്ങൾ വളരെ വിരളമായിട്ടേ സന്ദർശിക്കാറുള്ളായിരുന്നുള്ളു. ഒരു സ്കൂൾ വർഷക്കാലത്ത് ആകെ ഒരു ദൈവാലയം സന്ദർശിച്ചതായിട്ടേ ഞാൻ ഓർക്കുന്നുളളു. എന്നാൽ എന്റെ അപ്പനോടുള്ള പ്രത്യേക സ്നേഹബന്ധത്തിന്റെ ഫലമായിട്ടു ഞങ്ങളുടെ പള്ളി ഒരു പ്രാവശ്യം സന്ദർശിച്ച് ഒരാഴ്ച താമസിച്ച് ഞങ്ങളുടെ ഇടവകയെ അനുഗ്രഹിക്കുക ഉണ്ടായി.

**ഞാൻ അദ്ദേഹത്തോടുകൂടി താമസിക്കുന്ന കാലത്ത് അദ്ദേഹം ഭദ്രാസനത്തിലെ ദൈവാലയങ്ങൾ വളരെ വിരളമായിട്ടേ സന്ദർശിക്കാറുളളായിരുന്നുള്ളു. ഒരു സ്കൂൾ വർഷക്കാലത്ത് ആകെ ഒരു ദൈവാലയം സന്ദർശിച്ചതായിട്ടേ ഞാൻ ഓർക്കുന്നുള്ളു. എന്നാൽ എന്റെ അപ്പനോടുള്ള പ്രത്യേക സ്നേഹബന്ധത്തിന്റെ ഫലമായിട്ടു ഞങ്ങളുടെ പള്ളി ഒരു പ്രാവശ്യം സന്ദർശിച്ച് ഒരാഴ്ച താമസിച്ച് ഞങ്ങളുടെ ഇടവകയെ അനുഗ്രഹിക്കുക ഉണ്ടായി.**

പരിശുദ്ധ പിതാവിന്റെ കൃത്യനിഷ്ഠയും ചുമതല ബോധവും പ്രകടമായത് സമുദായക്കേസ് നടത്തിപ്പിലാണ്. ഞാൻ കാണുന്ന നാൾ മുതൽ തിരുമനസ്സുകൊണ്ട് കിടക്കയിൽ വിശ്രമിക്കുമ്പോഴെല്ലാം വളരെ പ്രായം ചെന്ന ഒരാൾ കിടക്കയുടെ തലയ്ക്കൽ താഴെ ഇരുന്ന് സദാ എന്തൊക്കെയോ ചെവികളിൽ മന്ത്രിക്കുന്നത് കാണാമായിരുന്നു. ഏറെദിവസം കഴിഞ്ഞപ്പോഴാണ് ആ വൃദ്ധൻ ഒളശ്ശ കളപ്പുരയ്ക്കൽ ചാക്കോതരകൻ വക്കീൽ ആണെന്നുമനസ്സിലായത്. സമുദായക്കേസിന്റെ വാദിഭാഗം പെറ്റീഷൻ തയ്യാറക്കുവാനാണ് ഈ സംസാരം എന്നു മനസ്സിലാക്കി. ഒരു ദിവസം ഉച്ചയ്ക്ക് സ്കൂളിൽ നിന്നും സെമിനാരിയിലെത്തിയപ്പോൾ ഉച്ച നമസ്കാരത്തിന് പതിവിൽ കൂടുതൽ ആളുകളെ കണ്ടു. നമസ്കാരം അവസാനിച്ചപ്പോൾ തിരുമനസ്സുകൊണ്ടു വളരെ ദുഃഖത്തോടും കണ്ണുനീരോടുംകൂടെ വക്കീൽ സമർപ്പിച്ച കടലാസുകളിൽ ഒപ്പിട്ടതു കണ്ടു.

സമുദായക്കേസിന്റെ ആദ്യകാലത്ത് ചാക്കോ തരകൻ വക്കീലും പിന്നീട് അഡ്വ. കെ.പി. ഏബ്രഹാമും ആയിരുന്നു. തിരുമേനിയുടെ പ്രധാനസഹായികൾ. സാമ്പത്തിക ആവശ്യങ്ങൾ അവർ ആവശ്യപ്പെടുന്നതനുസരിച്ച് നിറവേറ്റുകയായിരുന്നു. പണം ശേഖരിക്കുന്നതിനും വളരെ പ്രത്യേകത ഉണ്ടായിരുന്നു. എത്രവേണമെന്നും എന്നു വേണമെന്നും രേഖാമൂലം ചുമതലക്കാർ ആവശ്യപ്പെട്ടെങ്കിൽ മാത്രമേ പണം സംഭരിക്കുവാൻ തിരുമേനി ഒരുമ്പെടുകയുള്ളു. അവർ ആവശ്യപ്പെട്ട തുക മാത്രമേ ശേഖരിക്കുകയുണ്ടായിരുന്നുള്ളു. ആരെങ്കിലും സമർപ്പിച്ചാൽ അത് ആ നിമിഷം തന്നെ തിരികെ കൊടുത്ത് വേണ്ടിവരുമ്പോൾ സ്വീകരിച്ചുകൊള്ളാം എന്നു കല്പിക്കുകയും ചെയ്തിരുന്നു.

എനിക്ക് നേരിട്ടറിയാവുന്ന ഒരു സംഭവം കൂടെ ചേർത്തുകൊള്ളട്ടെ. തിരുവനന്തപുരത്ത് ഹൈകോർട്ടിൽ കേസു നടക്കുന്ന കാലത്ത് അഡ്വ. കെ,പി. അബ്രഹാം 25000 രൂപ ആവശ്യപ്പെട്ട് തിരുമേനിക്ക് എഴുതി. ഉടൻ തന്നെ കോട്ടയത്തുള്ള 5 പള്ളികൾക്ക് 5000 രൂപാ വീതം ആവശ്യപ്പെട്ട് കല്പന അയച്ചു. പണം സ്വീകരിക്കുവാൻ തിരുമേനി ഇന്നദിവസങ്ങളിൽ കോട്ടയം സിംഹാസനപ്പള്ളിയിൽ


ഉണ്ടായിരിക്കുമെന്നും അറിയിച്ചിരുന്നു. ഈ ആവശ്യത്തിനു തിരുമേനി ആലുവായിൽ നിന്നു വന്നപ്പോൾ നേരിട്ട് എന്റെ ഭവനത്തിൽ എത്തുകയും ഉച്ചമേശ കഴിഞ്ഞ് വിശ്രമിച്ചതിനുശേഷം സിംഹാസനപ്പളളിയിലേക്കു പോകുകയും ചെയ്തു. അതുകൊണ്ട് തിരുമേനി തിരികെ ആലുവായ്ക്കുപോകുന്നതെന്താണെന്ന് എന്റെ അപ്പനു മനസ്സിലാക്കുവാൻ സാധിച്ചു. തിരികെ പോകുന്നതിന് ഒരു ദിവസം മുമ്പ് എന്റെ അപ്പൻ കുറച്ചു പണം തന്ന് തിരുമേനിക്കു കൊടുക്കുവാനായിട്ട് എന്നെ സിംഹാസനപ്പളളിയിലേക്ക് അയച്ചു. ഞാൻ തിരുമേനിയെ പണവുമായി സമീപിച്ചപ്പോൾ കല്പന അയച്ച 4 പളളികളിൽ നിന്നും ആവശ്യപ്പെട്ട തുക ലഭിച്ചു എന്നും അഞ്ചാമത്തെ പളളിയിൽ നിന്ന് ഒരു വിവരവും അറിയിച്ചിട്ടില്ലെന്നും പറഞ്ഞു. അന്നു വൈകുന്നേരത്തിന് അകമായിട്ട് അവരുടെ പ്രതികരണം അറിയിച്ചില്ലെങ്കിൽ അടുത്തദിവസം (ഞായറാഴ്ച) തിരുമേനിക്കു നേരിട്ട് ആ പളളി സന്ദർശിക്കുവാൻ കാറ് ഏർപ്പെടുത്തണമെന്നും എന്നോടു പറഞ്ഞു. തിരുമേനി പറഞ്ഞവിവരം അപ്പനോടു പറഞ്ഞപ്പോൾ കാറുമായി രാവിലെ പോയി തിരുമേനിയേയും കൂട്ടി ആരാധനയിൽ സംബന്ധിച്ച ശേഷം തിരികെ പോരണമെന്ന് എന്നോട് ആവശ്യപ്പെട്ടു. അടുത്ത ദിവസം അതിരാവിലെ തിരുമനസ്സുമായി ആ പളളിയിൽ എത്തി വി. കുർബ്ബാനയ്ക്കു ശേഷം തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു. “മക്കളെ ഞാൻ സമുദായക്കേസിനു പണം ചോദിച്ചുകൊണ്ട് ഈ ഇടവകയിലേക്ക് എഴുതിയിരുന്നു. എന്നാൽ നിങ്ങളുടെ അതിനോടുളള പ്രതികരണം ഇതുവരെ എനിക്കു ലഭിച്ചില്ല. അതറിയാനാണ് ഞാൻ ക്ഷണിക്കപ്പെടാതെ ഇന്നിവിടെ എത്തിയത്. ഒരു മണിക്കൂർ സമയത്തേക്കുകൂടെ ഞാനിവിടെ ഉണ്ടായിരിക്കും. അതിനകമായിട്ട് എന്റെ വാർദ്ധ്യക്യത്തെ നിങ്ങൾ മാനിക്കുന്നുവോ എന്നു മനസ്സിലാക്കിയിട്ട് ഞാൻ തിരികെപോകും” ഇടവകക്കാർ ഉടൻ തന്നെ പളളിയിൽ ഇല്ലാത്ത പണം സംഭരിച്ച് തിരുമേനിക്കു സമർപ്പിച്ചു. തിരുമേനി അവരെ അനുഗ്രഹിച്ച് ഉടനെ തന്നെ അവിടെനിന്നും പോന്നു.

സാമ്പത്തിക ആവശ്യങ്ങൾ അവർ ആവശ്യപ്പെടുന്ന തനുസരിച്ച് നിറവേറ്റുകയായിരുന്നു. പണം ശേഖരിക്കുന്നതിനും വളരെ പ്രത്യേകത ഉണ്ടായിരുന്നു. എത്രവേണമെന്നും എന്നു വേണമെന്നും രേഖാമൂലം ചുമതലക്കാർ ആവശ്യപ്പെട്ടെങ്കിൽ മാത്രമേ പണം സംഭരിക്കുവാൻ തിരുമേനി ഒരുമ്പെടുകയുളളു. അവർ ആവശ്യപ്പെട്ട തുക മാത്രമേ ശേഖരിക്കുക ഉണ്ടായിരുന്നുളളു.

സഭയോടുളള തിരുമേനിയുടെ കരുതലിനെ കാണിക്കുന്ന ഒരു സംഭവം കൂടെ കുറിച്ചുകൊളളട്ടെ. ഒരു ദിവസം വൈകുന്നേരം ആലുവായിൽ വലിയ കാറ്റും മഴയും ഉണ്ടായി. സെമിനാരിയുടെയും പളളിയുടെയും ഇടയ്ക്ക് മുറ്റത്തു നിന്നിരുന്ന ഒരു പ്ലാവിന്റെ ഒരു വലിയ ശാഖ അടർന്നുവീണു. 5 മണിക്കു നമസ്കാരത്തിന് തിരുമേനി എന്റെ കയ്യിൽ പിടിച്ചുകൊണ്ട് പളളിയിലേക്കു നടക്കുമ്പോൾ അടർന്നുവീണ ശാഖ മാർഗ്ഗതടസം സൃഷ്ടിച്ചതുകൊണ്ട് അതിനെ മറികടക്കുവാൻ അല്പംകൂടുതൽ നടക്കേണ്ടിവന്നു. നമസ്കാരം കഴിഞ്ഞു തിരികെവരുമ്പോൾ പ്ലാവിന്റെ ശിഖരത്തിനു ചുറ്റി നടന്നു വരുമ്പോൾ അവിടെനിന്ന് എന്നോടു പറഞ്ഞു “ഒരു വലിയ കമ്പാണ് നഷ്ടപ്പെട്ടതെന്നു തോന്നുന്നു.ഞാൻ വിചാരിക്കയായിരുന്നു. ഇത് എന്റെ കാലത്തു സംഭവിക്കണമായിരുന്നോ”? അതായിരുന്നു. അദ്ദേഹത്തിന്റെ സഭാവസ്തുക്കളോടുളള മനോഭാവം.

എല്ലാ ആണ്ടിലും വലിയ നോമ്പ് ആരംഭിയ്ക്കുന്നതിന് ഏതാനും ആഴ്ചകൾ മുമ്പ് അദ്ദേഹത്തിന്റെ ഒരു സഹോദരി ഒരാഴ്ച സെമിനാരിയിൽ താമസിച്ച് തെക്കേവാരത്തിൽ സൂക്ഷിച്ചിരിയ്ക്കുന്ന ലസിയ ഭരണികളിൽ അച്ചാറുകൾ തയ്യാറാക്കിവയ്ക്കുമായിരുന്നു. ചതാവേലിക്കിഴങ്ങ്, മാങ്ങാ, നാരങ്ങാ തുടങ്ങി എല്ലാ വിഭവങ്ങളും വിദഗ്ധമായിട്ട് പാകം ചെയ്തു സൂക്ഷിക്കുമായിരുന്നു. എല്ലാജോലികളും തീർത്തുകഴിയുമ്പോൾ സഹോദരിക്ക് തിരുമേനിയിൽ നിന്നുളള പാരിതോഷികം ഒരു പുടവയ്ക്കുളള മന്മൽ ആയിരുന്നു.

അദ്ദേഹത്തിന്റെ ജീവിതരീതിയിലും സഭാശുശ്രൂഷകളിലും സഭയുടെ പുരാതന സംസ്കാരം വളരെ വ്യക്തമായി തെളിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വ്യക്തി മാഹാത്മ്യത്തിന്റെ സ്വാധീനമാണ് യാക്കോബായ സഭയെ അതുനേരിട്ട വലിയ പ്രതിസന്ധിയെ മറികടക്കുവാൻ സഹായിച്ചത് എന്നത് തർക്കമറ്റ സംഗതിയാണ്.



# ധന്യതയുടെ അവതാരം – വിശുദ്ധനായ അത്താനാസിയോസ് തിരുമേനി

**പ്രൊഫ. എം. പി. വർഗീസ്**

സുലളിതമായ ജീവിതരീതിയും, സുതാര്യമായ പ്രവർത്തന ശൈലിയും, കർമ്മസുരഭിലമായ ആചാരനുഷ്ഠാനങ്ങളും, ത്യാഗോജ്ജ്വലമായ അനുഭവപാഠങ്ങളും, ഭക്തി നിർഭരമായ സംവേദന പ്രകൃതവും, ഹൃദയഹാരിയായ ആത്മീയഭാഷണവും, അചഞ്ചലമായ വിശ്വാസ തീക്ഷ്ണതയും, മഹിതമാക്കിയ പുണ്യാത്മാവാണ് ഈ മഹാചാര്യൻ.

**അ**റിവിന്റെ മേഖലകളെ വികസ്വരമാക്കി സാക്ഷരകേരളം വിദ്യാഭ്യാസ രംഗത്തു ഇന്നും മുൻനിരയിലാണ്. കേരളത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ കോതമംഗലമാണ് മുൻപന്തിയിൽ നില്ക്കുന്നത്. "അറിവാണ് ശക്തി" എന്ന മന്ത്രം ഉരുവിട്ടുകൊണ്ട്, അഞ്ചുപതിറ്റാണ്ടുകൾക്കുമുമ്പ്, ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽ, മലയോര പ്രദേശത്തോടു ചേർന്നു കിടക്കുന്ന എറണാകുളം ജില്ലയുടെ ഈ കിഴക്കൻ മേഖലയിലാണ് മാർ അത്തനേഷ്യസ് കോളജ് അസ്സോസിയേഷൻ അതിന്റെ ആദ്യ സംരംഭം തുടങ്ങിയത്– അതാണ് 1955 ൽ ആരംഭിച്ച മാർ അത്തനേഷ്യസ് കോളജ്. ഈ ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അനുഗ്രഹ സ്രോതസ്സാണ് കാലം ചെയ്ത ആലുവായിലെ വലിയ തിരുമേനി – മലങ്കരസഭാ ഭാസുരനായും വിശ്വാസ സംരക്ഷകനായും ക്രൈസ്തവ ലോകം ആദരിക്കുന്ന പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത.

പരിശുദ്ധനായ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആലുവാ സെമിനാരിയിൽ വെച്ച് കൂടിയയോഗമാണ് –അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസന പ്രതിനിധികളുടെ കൂട്ടായ ചിന്തയാണ്– ഒരു കോളജ് തുടങ്ങണമെന്ന ആവശ്യത്തിന് ആധാരമായത്. അങ്ങനെ 1953ൽ മാർ അത്തനേഷ്യസ് കോളജ് അസോസിയേഷൻ രൂപം കൊണ്ടു. അതിന്റെ പ്രഥമ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. സമർപ്പണവും സഹകരണവും ജീവിത വിജയത്തിനനിവാര്യമാണെന്ന സന്ദേശം നല്കി ഞങ്ങളെ ഉത്സുകരാക്കിയത് ശ്രേഷ്ഠാചാര്യനായ തിരുമേനിയാണ്. തിരുമേനിയുടെ ഉന്നതമായ വിദ്യാഭ്യാസ ദർശനവും ഉന്നിദ്രമായ സാമൂഹിക പ്രതിബദ്ധതയും അതിശ്രേഷ്ഠമായ ആത്മീയ ജീവിതവും ഞങ്ങൾക്കേറെ പ്രചോദനമായി. പ്രാർത്ഥനയുടെ മഹത്ത്വം പ്രവൃത്തിയിലൂടെ സാക്ഷ്യപ്പെടുത്തുവാൻ തിരുമേനിയുടെ ജീവിതം ഒരു പാഠമായി. വിദ്യാഭ്യാസപ്രവർത്തനം ഭാവിയിലേക്കുള്ള നിക്ഷേപമായി തുടരണമെന്നുള്ള ശ്രേഷ്ഠ പിതാവിന്റെ അഭിലാഷം കോളജ് അസോസിയേഷൻ ഇന്നും നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

ആർട്ട്സ് കോളജ് പ്രവർത്തനമാരംഭിച്ച് പഞ്ചവത്സരങ്ങൾ പിന്നിട്ടപ്പോൾ 1961 ൽ ഒരു എഞ്ചിനീയറിംഗ് കോളജ് പുണ്യശ്ലോകനായ പിതാവിന്റെ നാമധേ യത്തിൽ തന്നെ ആരംഭിച്ചു. ഏഷ്യയിൽ തന്നെ ക്രൈസ്തവസമൂഹം സ്വകാര്യ മേഖല യിലാരംഭിച്ച ആദ്യത്തെ എഞ്ചിനിയറിംഗ് കോളജ് മാർ അത്തനേഷ്യസ് കോളജ് ഓഫ് ഏഞ്ചിനിയറിംഗ് ആണ്. വിശുദ്ധന്മാരുടെ അത്യുന്നതഗണത്തിലേയ്ക്ക് ഉയർ ത്തപ്പെട്ട പുണ്യചരിതനായ തിരുമേനിയാണ് ഞങ്ങൾക്കു കോട്ടയും അഭയ സ്ഥാനവുമായി വർത്തിക്കുന്നത്. ആ അനുഗ്രഹ വർഷത്തിന്റെ തുടർഭാഗ്യമാണ് അടിമാലിയിൽ ആരംഭിച്ച മാർ ബസേലിയോസ് കോളജും കോതമംഗലത്തുള്ള അത്തനേഷ്യസ് മൗണ്ടിലാരംഭിച്ച ബി.എഡ്. കോളജും ഇക്കഴിഞ്ഞ വർഷം തുടങ്ങിയ മാർ അത്തനേഷ്യസ് ഇന്റർനാഷണൽ സ്കൂളും.

**മോക്ഷദായകമായ പാതയിലൂടെ അശരണരെ നയിച്ച സുരക്ഷിതമായ മേച്ചിൽപ്പുറങ്ങളിലൂടെ അജഗണങ്ങളെ നടത്തിയ വചന ശുശ്രൂഷയിലൂടെ വീണ്ടെടുപ്പിന്റെ മാർഗ്ഗം തെളിയിച്ച ജീവിതത്തെ സന്ദേശമാക്കിയ ഈ ശ്രേഷ്ഠ പിതാവിന്റെ പവിത്രസ്മരണകൾക്കു മുമ്പിൽ നമ്ര ശിരസ് കുനിച്ച് ഈ ചിന്തകൾക്കു വിരാമമിടുന്നു. തിരുമേനിയുടെ പ്രാർത്ഥന ഞങ്ങൾക്കെന്നും കോട്ടയായിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.**


അസോസിയേഷൻ വക സ്ഥാപനങ്ങളുടെയും ഞങ്ങളുടെയും കാവൽ പിതാവായി സ്വർഗ്ഗീയസദസ്സിൽ നിന്ന് അനുഗ്രഹങ്ങൾ ചൊരിയുന്ന ശ്രേഷ്ഠ പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി നാടാകെ ആഘോഷിക്കുകയാണ്. “നീതിമാന്റെ ഓർമ്മ അനുഗ്രഹദായകമാണ്” – അതാണ് ക്രൈസ്തവ വിശ്വാസം. മാർ അത്തനേഷ്യസ് സ്ഥാപനങ്ങൾക്കുവേണ്ടി ഏതാനും സുരഭിലചിന്തകൾ ഭക്ത്യാദരപൂർവ്വം സമർപ്പിക്കുകയാണ് ഇവിടെ എന്റെ ധർമ്മം.

ധർമ്മസംസ്ഥാപനത്തിനുവേണ്ടി ഓരോയുഗത്തിലും മനുഷ്യാവതാരമു ണ്ടാകുമെന്നാണ് വിശ്വാസം. മലങ്കരസഭയുടെ ഭാസുരനായി, വിശ്വാസ സംരക്ഷ കനായി, അലഘുവിഭവനായി, ദൈവസ്നേഹത്തിന്റെ അടയാളമായി, താഴ്മയുടെ താഴ്വരകളിൽ പ്രാർത്ഥനാനിരതനായി, അജപാലക ശ്രേഷ്ഠനായി, ലോക സമക്ഷം വിനയാന്വിതനായി, വിശുദ്ധിയുടെ പടവുകൾ കയറിയ താപസശ്രേഷ്ഠനാണ് ഈ ജഗദ്ഗുരു. സുലളിതമായ ജീവിതരീതിയും, സുതാര്യമായ പ്രവർത്തന ശൈലിയും, കർമ്മ സുരഭിലമായ ആചാരനുഷ്ഠാനങ്ങളും, ത്യാഗോജ്ജ്വലമായ അനുഭവപാഠ ങ്ങളും, ഭക്തി നിർഭരമായ സംവേദന പ്രകൃതവും, ഹൃദയഹാരിയായ ആത്മീയഭാഷ ണവും, അചഞ്ചലമായ വിശ്വാസ തീക്ഷ്ണ തയും, മഹിതമാക്കിയ പുണ്യാത്മാവാണ് ഈ മഹാചാര്യൻ. 1869 ൽ ജനിച്ചു, 1879 ൽ ശെമ്മാശനായി, 1898 ൽ കശ്ശീശയായി, റമ്പാനായി, 1910 ൽ മേൽപ്പട്ടക്കാരനായി, 1953 ൽ ദിവംഗതനായി. ആയിരം പൂർണ്ണ ചന്ദ്രന്മാരെ ദർശിച്ച ജീവിത ചക്രം. ആത്മീയതയുടെ സുവർണ്ണസ്പർശമുള്ള 84 സംവത്സരങ്ങൾ ദൈവ രാജ്യവ്യാപനത്തിനുവേണ്ടി ഭൂമിയിൽ ജീവിച്ചു, ആരോടും വിരോധമില്ലാതെ, ആരോടും പകയില്ലാതെ, കണ്ണിലെ കൃഷ്ണമണിപോലെ അന്ത്യോഖ്യൻ വിശ്വാസത്തെ വളർത്തി, മറ്റുള്ളവരുടെ വിശ്വാസപ്രമാണങ്ങളെ ഹനി ക്കാതെ, അപ്പുറത്തുള്ളവർപോലും തിരുമേനിയു ടെ പാദാന്തികത്തിൽ ഭക്തിമലരുകൾ അർപ്പിക്കു മായിരുന്നു.



*പ. വലിയ തിരുമേനിയുടെ നാമധേയത്തിൽ ആദ്യമായി സ്ഥാപിത മായ കോതമംഗലം മോർ അത്തനേഷ്യസ് ആർട്സ്, സയൻസ് & എൻജിനിയറിംഗ് കോളേജ്*

സ്ലീബായുടെ മഹത്വപൂർണ്ണമായ സ്പർശം കൊണ്ട് രോഗശാന്തി വരുത്തിയ തിരുമേനി ജീവി ച്ചിരുന്നപ്പോൾ തന്നെ പുണ്യവാളന്റെ രക്ഷാകരമാ യ കവചം ധരിച്ച മഹാപുരുഷനായിരുന്നു. മോക്ഷ ദായകമായ പാതയിലൂടെ അശരണരെ നയിച്ച സുരക്ഷിതമായ മേച്ചിൽപ്പുറങ്ങളിലൂടെ അജഗണ ങ്ങളെ നടത്തിയ വചന ശുശ്രൂഷയിലൂടെ വീണ്ടെ ടുപ്പിന്റെ മാർഗ്ഗം തെളിയിച്ച ജീവിതത്തെ സന്ദേശമാ ക്കിയ ഈ ശ്രേഷ്ഠ പിതാവിന്റെ പവിത്രസ്മരണ കൾക്കു മുമ്പിൽ ശിരസ് കുനിച്ച് ഈ ചിന്തകൾക്കു വിരാമമിടുന്നു. തിരുമേനിയുടെ പ്രാർത്ഥന ഞങ്ങൾ ക്കെന്നും കോട്ടയായിരിക്കുമെന്ന് ഞങ്ങൾ വിശ്വസി ക്കുന്നു.



# സത്യവിശ്വാസ സംരക്ഷകനായ പ്രധാനാചാര്യൻ

**ഡോ. ഡി. ബാബു പോൾ ഐ. എ. എസ്, ബാറീത്തോ ബ്രീറോ**

വിശ്വാസ സംരക്ഷകനായിരുന്ന മലങ്കരയുടെ പൌലോസ് മോർ അത്താനാസ്യോസ് തിരുമേനി എനിക്ക് സ്വർഗ്ഗീയ മദ്ധ്യസ്ഥനാണ്. ആ തിരുമേനിയോടും തിരുമേനിക്കു വേണ്ടിയും ഞാൻ എന്നും പ്രാർത്ഥിക്കാറുണ്ട്. എന്റെ പിതാവിന് എല്ലാ പട്ടങ്ങളും നൽകിയത് വലിയ തിരുമേനിയാണ്. ഒരു ചെറിയ ഇടവേളയിൽ ചില ഉപജാപകരുടെ കുത്സിത തന്ത്രങ്ങൾ അവരെ അകറ്റി എങ്കിലും ഇരുവർക്കും ദുഃഖകരമായിരുന്ന ആ ദുരനുഭവം വളരെ ഹ്രസ്വമായിരുന്നു. 1946-ൽ എന്റെ  പിതാവിന്റെ കനിഷ്ഠ സഹോദരന് കത്തനാരു പട്ടം നൽകിയ സന്ദർഭത്തിൽ തിരുമേനി തന്നെ മുൻകൈയെടുത്ത് ആ അദ്ധ്യായത്തിന് തിരശ്ശീല ഇടുകയും ചെയ്തു. എന്റെ പിതാവിന്റെ ജീവചരിത്ര ഗ്രന്ഥത്തിൽ നിന്ന് ഉദ്ധരിച്ചുകൊണ്ട് ആ രംഗം അവതരിപ്പിക്കട്ടെ.

"1946-ൽ സ്വസഹോദരന്റെ പട്ടംകൊടയുടെ നാളിലാണ് പിന്നെ കണ്ടുമുട്ടിയത്. അന്നു മദ്ബഹായിൽ വച്ചു കൈമുത്തിയപ്പോൾ" 'താൻ എന്നെ കാണാതെ പോകരുത്' എന്നു കല്പിച്ചു. മനസ്സില്ലാമനസ്സോടെയും തിരുമേനി എന്താണ് പറയാൻ പോകുന്നത് എന്ന ശങ്കയോടെയുമാണ് അച്ചൻ ചെന്നത്. ചെന്നപ്പോഴാണ് വലിയ തിരുമേനിയുടെ വലിയ ഹൃദയം കണ്ടത്.

"മറിയം വന്നിട്ടില്ലേ?"

അത് അച്ചന്റെ അമ്മയെക്കുറിച്ചാണ്. പഴയകാലത്ത് തിരുമേനിമാരും മറ്റു കുറുപ്പംപടി പള്ളിയിൽ വന്നാൽ ആദ്യത്തെ ഭക്ഷണം മരങ്ങാട്ടു നിന്നാണ് കൊടുത്തയച്ചിരുന്നത്. പള്ളിയോടു തൊട്ടുള്ള വീട്. പള്ളിയിലാണെങ്കിൽ ഇന്നത്തെപ്പോലെ കൃത്യമായി പ്രവർത്തിക്കുന്ന ഓഫീസും മറ്റും ഇല്ല. നാട്ടിൽ ഇന്നത്തേപ്പോലെ ഹോട്ടലുകളുമില്ല. തിരുമേനിമാർക്കു കാറില്ല. അതുകൊണ്ടൊക്കെ വരുന്ന സമയം കൃത്യമാകാറില്ല. വന്നുകഴിഞ്ഞാണ് ഭക്ഷണം ഒരുക്കുന്നത്. അങ്ങനെയാണ് മരങ്ങാട്ടുകാർക്ക് തിരുമേനിമാരെ സൽക്കരിക്കാൻ അവസരം ലഭിച്ചു വന്നത്. പോരെങ്കിൽ മരങ്ങാട്ടച്ചന്റെ സഹോദരിയുമാണല്ലോ.

തിരുമേനിമാർക്കു കാറില്ല. അതുകൊണ്ടൊക്കെ വരുന്ന സമയം കൃത്യമാകാറില്ല. വന്നു കഴിഞ്ഞാണ് ഭക്ഷണം ഒരുക്കുന്നത്. അങ്ങനെയാണ് മരങ്ങാട്ടുകാർക്ക് തിരുമേനിമാരെ സൽക്കരിക്കാൻ അവസരം ലഭിച്ചു വന്നത്. പോരെങ്കിൽ മരങ്ങാട്ടച്ചന്റെ സഹോദരിയുമാണല്ലോ.

'ഉവ്വ്' 'തന്റെ ബസ്കിയാമ്മയോ''എല്ലാവരും ഉണ്ട്'

'അവരെ വിളിക്ക് എനിക്കു പറയാനുള്ളത് അവരോടും കൂടെയാണ്'

അമ്മയും മറ്റേമ്മയും വന്നു കൈമുത്തി തിരുമേനി അവരോട് നിലത്ത് പായിൽ ഇരിക്കാൻ പറഞ്ഞു. അച്ചനോട് തിരുമേനിയുടെ അടുത്ത് സ്റ്റൂളിൽ ഇരിക്കാനും. അച്ചൻ ഇരുന്നില്ല; അന്നൊക്കെ അത് അചിന്ത്യമാണല്ലോ. നിർബ ന്ധിച്ച് തിരുമേനി പറഞ്ഞു. എന്നാൽ താൻ പായിൽ ഇരിക്ക്. അച്ചൻ പായിൽ ഇരുന്നു. സ്ത്രീകൾ തലയിൽ മുണ്ടിട്ടു നിന്നു അല്പനേരത്തെ മൗനത്തിനു ശേഷം തിരുമേനി കല്പിച്ചു.

'മറിയേ, നിന്റെ മോനെ ഞാൻ തെറ്റിദ്ധരിച്ചു. എന്നിട്ടും അയാൾ എന്നോടു വഴക്കിനൊന്നും വന്നില്ല. നീ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ബസ്കിയാമ്മ കേൾക്കുന്നുണ്ടോ? എടോ ചീരത്തോട്ടത്തിലച്ചാ, തന്നെയും തന്റെ കുടുംബ ത്തേയും ദൈവം അനുഗ്രഹിക്കും. തനിക്ക് ഒരു ദോഷവും വരികയില്ല. അബ്രഹാം ഇസഹാക്കിനെയും ഇസഹാക്ക് യാക്കോബിനേയും യാക്കോബ് യൗസേഫിനേയും അനുഗ്രഹിച്ചതു പോലെ നാം തന്നെ അനുഗ്രഹിക്കുന്നു. പോയതൊക്കെ പോകട്ടെ'

എനിക്ക് അന്ന് അഞ്ചു വയസ്സുണ്ട്. എന്റെ ഓർമ്മയിൽ ഈ വാക്കുക ളൊന്നും ഇല്ല. ഓർമ്മയിലുള്ളത് തിരുമേനിയും അച്ചനും അമ്മയും മറ്റേമ്മയും ഒക്കെ കരയുന്ന രംഗമാണ്. തിരുമേനി അന്നു കല്പിച്ചതനുസരിച്ചാണ് ഞാൻ മദ്ബഹായിൽ ശുശ്രൂഷകനായത്; അതേ വർഷം വലിയ തിരുമേനിയുടെ അനു ഗ്രഹം അച്ചന് നിർലോഭം ലഭിച്ചു.1946 മുതൽ വീണ്ടും അച്ചൻ 'അകത്തെ ആൾ' ആയി .നഗരികാണിക്കലിനു തിരുമേനിയുടെ മൃതദേഹം ജീപ്പിൽ വച്ച പ്പോൾ അച്ചനും മങ്ങാട്ടമ്പള്ളിൽ അലക്സാണ്ടർ കോർ എപ്പിസ്കോപ്പയും ഇരുവശത്തുമായി ഇരുന്നത് എനിക്ക് ഓർമ്മയുണ്ട്. എന്നും തിരുമേനിയോടും തിരുമേനിക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നുള്ള പിതൃകല്പന പാലിച്ചുകൊ ണ്ടാണിരിക്കുന്നത് എന്നും ഞാൻ രേഖപ്പെടുത്തട്ടെ.

> **അന്നൊക്കെ തിരുമേനിമാർ ഇടവകയിൽ വന്നാൽ ഇന്നത്തെ മന്ത്രിമാർ വരുന്നതുപോലെ ആയിരുന്നില്ല. വാഹനസൗകര്യങ്ങളുടെയും മറ്റും കുറവായിരിക്കാം കാരണം. ഏതായാലും വന്നാൽ ഒരാഴ്ചയെങ്കിലും താമസിക്കും.**

വലിയ തിരുമേനി എന്നെ കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല; കാരണം എന്റെ ഓർമ്മയിലുള്ള വലിയ തിരുമേനി അന്ധനായിരുന്നു. എന്നാൽ, വലിയ തിരു മേനി മദ്ബഹായിലുള്ളപ്പോൾ വി. കുർബാനയിൽ ശുശ്രൂഷകനാകാൻ എനിയ്ക്ക് അരവ്യാഴവട്ടക്കാലം സന്ദർഭം ഉണ്ടായിട്ടുണ്ട്; 5–ാം വയസ്സിൽ ശുശ്രൂ ഷകനായ എനിക്ക് 11 വയസ് ഉള്ളപ്പോഴാണ് തിരുമേനി കാലം ചെയ്യുന്നത്. അച്ചൻ അരമനയിലെ അടുപ്പക്കാരനായിരുന്നതുകൊണ്ട് കൂടെക്കൂടെ അവിടെ പോകുമായിരുന്നു. കുറുപ്പംപടി പള്ളിയിൽ ഇപ്പോൾ ഓഫീസായി പ്രവർത്തി ക്കുന്ന മുറിയിൽ തിരുമേനി കൂടെക്കൂടെ താമസിക്കുകയും ചെയ്യുമായിരു ന്നു. ചെന്നാൽ ഉടനെ ആരാണെന്ന് അന്വേഷിക്കും "മാത്തൂ, എടാ മാത്തൂ, ഈ ചീരത്തോട്ടത്തിലച്ചന്റെ പിള്ളയ്ക്ക് എന്നാടാ കൊടുക്കണ്ടെ" എന്ന ആമു ഖത്തോടുകൂടിയല്ലാതെ തിരുമേനി ഒരിക്കലും എന്നെ മുറിയിൽ സ്വീകരിച്ചിട്ടി ല്ല. മറ്റമന അച്ചന്റെ മകൻ പ്രൊഫ. ഏലിയാസ് വർഗ്ഗീസിനും, മോശയച്ചന്റെ മകൻ ഡോ. എബ്രഹാം മോസസിനുമൊക്കെ ഇതുപോലെ ഉള്ള ഓർമ്മകൾ ഉണ്ടായിരിക്കും എന്ന് ഞാൻ കരുതുന്നു.

അന്നൊക്കെ തിരുമേനിമാർ ഇടവകയിൽ വന്നാൽ ഇന്നത്തെ മന്ത്രിമാർ വരുന്നതുപോലെ ആയിരുന്നില്ല. വാഹനസൗകര്യങ്ങളുടെയും മറ്റും കുറവാ യിരിക്കാം കാരണം. ഏതായാലും വന്നാൽ ഒരാഴ്ചയെങ്കിലും താമസിക്കും. ഇടവകയിലെ കൊള്ളാവുന്ന വീടുകളിൽ നിന്നൊക്കെ പലഹാരങ്ങളും പഴ വർഗ്ഗങ്ങളുമൊക്കെയായി ചെന്ന് മുഖം കാണിക്കും. ആദ്യം ചെല്ലുന്ന വീട്ടു കാർ കൊടുക്കുന്നത് രണ്ടാമത് ചെല്ലുന്ന വീട്ടുകാർക്ക് കിട്ടും. പള്ളിയുടെ


പരിസരങ്ങളിലുള്ള വീടുകളിലെ ആളുകൾ തിരുമേനി ഉള്ളപ്പോൾ സന്ധ്യാ പ്രാർത്ഥനയ്ക്ക് വന്നുകൂടും. അവിടെ പള്ളി പരിസരങ്ങളിൽ പതിവായി കളിച്ചു നടക്കുന്ന കുട്ടികൾക്ക് അത് ഉത്സവകാലം. ജീവിതത്തിന്റെ വർദ്ധമാനമായ ഗതിവേഗം, ഇതൊക്കെ ഇന്നത്തെ തലമുറയ്ക്ക് അന്യമാക്കിയിരിക്കുന്നു. കുറുപ്പംപടി പള്ളിയുടെ തെക്കേ മുറ്റത്ത് ഒരു വലിയ ചാരുകസേരയിൽ കുടുംബകാരണവരെപ്പോലെ കാൽ ഉയർത്തിവച്ച് ഊഷ്മള സ്നേഹം ഏറ്റുവാങ്ങിയും ആർദ്രവാത്സല്യം തിരിച്ച് നൽകിയും സായാഹ്നങ്ങൾ ചെലവഴിച്ച തിരുമേനിയുടെ ആ ദിവ്യസാന്നിദ്ധ്യം അസ്മാദൃശന്മാർക്ക് ഗൃഹാതുരുത്വത്തോടുകൂടി മാത്രമേ അനുസ്മരിക്കുവാൻ കഴിയൂ.

വലിയ തിരുമേനിയുടെ വ്യക്തിത്വത്തിൽ തെളിഞ്ഞു കാണുന്ന ചില സംഗതികൾ എടുത്തു പറയാതെ വയ്യ. ഒന്നാമത് അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വം. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ഭക്തിയും വിധേയത്വവും താൻ നടത്തിയ വിശ്വാസ പ്രഖ്യാപനത്തിന്റെ ഭാഗമാണെന്ന ഉത്തമബോദ്ധ്യം തന്റെ വ്യക്തിപരമായ ഭാഗമാണെന്ന ഇഷ്ടാനിഷ്ടങ്ങളെ പിൻനിരയിൽ മാറ്റി നിറുത്തുവാൻ തിരുമേനിക്ക് ശക്തി നൽകി. രണ്ടാമതായി തിരുമേനിക്ക് പാരമ്പര്യത്തോടുണ്ടായിരുന്ന പ്രതിബദ്ധത ഓർമ്മിക്കേണ്ടതുണ്ട്. സഭയുടെ ആചാരനുഷ്ഠാനങ്ങൾ, മാർഗ്ഗങ്ങളും മാദ്ധ്യമങ്ങളും മാത്രമാണ് എന്ന് അറിഞ്ഞുകൊണ്ടുതന്നെ അവ കർശനമായി പാലിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ആ കാര്യത്തിൽ മാതൃക കാണിക്കുകയും ചെയ്തു തിരുമേനി. തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്ന നാളുകളിൽ തിരുമേനി വീട്ടിൽ പോയി താമസിച്ച് അമ്മയെ ശുശ്രൂഷിച്ച കഥ കേട്ടിട്ടുണ്ടോ? മുറ്റത്ത് ഒരു കുടിൽ - പർണ്ണാശ്രമം- കെട്ടി ആയിരുന്നു താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയോടൊത്ത് പ്രാർത്ഥിക്കാനും അകത്ത് പോകും; ഭക്ഷണവും കിടപ്പും പുറത്തെ പന്തലിൽ. മൂന്നാമതായി തിരുമേനിയുടെ അതിഥിസൽക്കാരം. അതിനെക്കുറിച്ച് ഇത് വായിക്കുന്ന എല്ലാവരും നേരത്തെ തന്നെ കേട്ടറിഞ്ഞിരിക്കുമെന്ന് വിചാരിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. എന്നാൽ അതിന്റെ ഭാഗമായി പറയേണ്ട മറ്റൊരു സംഗതി പറയാതെ വയ്യ. മെത്രാൻ കക്ഷിയിലെ മെത്രാന്മാരും അച്ചന്മാരും മറ്റു പലപ്പോഴും തൃക്കുന്നത്തു സെമിനാരി സന്ദർശിക്കുകയും തിരുമേനിയുടെ ആതിഥ്യം സ്വീകരിക്കുകയുമുണ്ടായിട്ടുണ്ട്. പുത്തൻകാവിലെ മോർ പീലക്സിനോസ് ആയിരുന്നു ഈ കൂട്ടത്തിൽ പ്രമുഖൻ. കേസ് വാശിയായി നടക്കുന്ന കാലത്തും ആലുവ വഴി കടന്നുപോകുമ്പോൾ ഒരു അനിവാര്യത കണക്കെ വലിയ തിരുമേനിയുടെ സന്നിധാനത്തിലേയ്ക്ക് പുത്തൻകാവിലെ തിരുമേനി കടന്നു ചെല്ലുമായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോൾ കേസിൽ എതിർകക്ഷിയായി പയറ്റിയിരുന്ന ഗീവർഗീസ് ദ്വിതീയൻകാതോലിക്ക ആലുവയിൽ വന്ന് തന്റെ പഴയ സഹപാഠിയ്ക്ക് അന്ത്യോപചാരം അർപ്പിച്ചതും വ്യക്തിബന്ധത്തിന്റെ ഊഷ്മളത തന്നെയാണ് കാണിക്കുന്നത്.

**കേസ് വാശിയായി നടക്കുന്ന കാലത്തും ആലുവ വഴി കടന്നുപോകുമ്പോൾ ഒരു അനിവാര്യത കണക്കെ വലിയ തിരുമേനിയുടെ സന്നിധാനത്തിലേയ്ക്ക് പുത്തൻകാവിലെ തിരുമേനി കടന്നു ചെല്ലുമായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോൾ കേസിൽ എതിർകക്ഷിയായി പയറ്റിയിരുന്ന ഗീവർഗീസ് ദ്വിതീയൻകാതോലിക്ക ആലുവയിൽ വന്ന് തന്റെ പഴയ സഹപാഠിയ്ക്ക് അന്ത്യോപചാരം അർപ്പിച്ചതും വ്യക്തിബന്ധത്തിന്റെ ഊഷ്മളത തന്നെയാണ് കാണിക്കുന്നത്.**

സന്തുലിതമായ വ്യക്തിത്വമായിരുന്ന വലിയ തിരുമേനിയുടേത്. പരിശുദ്ധാത്മാവിന്റെ തേജസ് ആയിരുന്നു ആ മുഖത്ത്. എല്ലാം ഈശ്വരനിൽ ഭരമേല്പിച്ച് ജീവിച്ച തിരുമേനി കാലം ചെയ്തപ്പോൾ സഭയുടെ ചരിത്രത്തിലെ ഒരു അദ്ധ്യായത്തിന് അന്ത്യം കുറിക്കപ്പെട്ടു.

തിരുമേനിയുടെ പ്രാർത്ഥന സഭയ്ക്കും പൊതുവേ സഭാംഗങ്ങൾക്കും കോട്ടയായിരിക്കട്ടെ. തിരുമേനിയുടെ മാതൃക ആധുനികതയുടെ ആന്ദോളനങ്ങളിൽ ആടിയുലയാതിരിക്കാൻ ആധുനികരായ - ആചാര്യന്മാർക്ക് ആലംബമായിരിക്കട്ടെ.



# നിരപവാദ്യനും മഹാപരിശുദ്ധനുമായ ആലുവായിലെ മോർ അത്താനാസിയോസ് വലിയ തിരുമേനി

**ഡോ. കുറിയാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**

## ആമുഖം

മുളന്തുരുത്തി സുന്നഹദോസ് മലങ്കര സഭയുടെ ആധുനിക ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവാണ്. പ. പത്രോസ് നാലാമൻ ബാവാ നേതൃത്വം നൽകി സ്ഥാപിതമായ മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും സഭയുടെ പൊതുവായ മേലന്വഷണവും മെത്രാന്മാരുടെ ഏകനായകത്വം മൂലമുണ്ടാകുന്ന അപ്രതിരോധ്യതയും മറികടക്കുവാൻ ഈ ക്രമീകരണത്തിനു സാധിച്ചു. മുളന്തുരുത്തി സുന്നഹദോസിലൂടെ ലഭിച്ച സംഘടനാശക്തി മാർത്തോമാ ക്കാരുമായുള്ള കേസിൽ അനുകൂലമായ തീരുമാനം ഉണ്ടാവുക മാത്രമല്ല, പുതിയ പള്ളികൾ, പ്രസിദ്ധീകരണങ്ങൾ, ജനപങ്കാളിത്തം, ആത്മീക പ്രതിബദ്ധ തയുള്ള ശക്തന്മാരായ നേതൃത്വനിര എന്നിങ്ങനെ അനേകം നേട്ടങ്ങൾ സഭയിലുണ്ടായി. മുളന്തുരുത്തി സുന്നഹദോസിന്റെ ശേഷം ഉണ്ടായ മെത്രാന്മാ രിലൂടെ സഭയിലുണ്ടായ നേട്ടങ്ങളും വളരെയാണ്. പരിശുദ്ധനായ പരുമല തിരുമേനി യുടെ ജീവിത വിശുദ്ധിയുടെ സ്വാധീനത്തിൽ സഭയിൽ ആകമാനം അനേക വിശുദ്ധന്മാരായ താപസന്മാരും ഉണ്ടായി. അവരിൽ പ്രഥമ ഗണനീയരായ രണ്ടു പൗലോസ് റമ്പാന്മാരാണ് അരനൂറ്റാണ്ടിലധികം മലങ്കര സഭയ്ക്ക് നേതൃത്വം നൽകിയ കൊച്ചുപറമ്പിൽ വലിയ പൗലോസ് റമ്പാനും കുറ്റിക്കാട്ടിൽ കൊച്ചുപൗലോസ് റമ്പാനും. വലിയ പൗലോസ് റമ്പാൻ അബ്ദുള്ള പാത്രിയർക്കീസ് ബാവയാൽ പൗലോസ് മോർ കൂറിലോസ് എന്ന പേരിൽ ജറുശലേമിൽ വച്ച് അഭിഷിക്തനായി. അബ്ദുള്ള പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ 1911-ൽ കൂടിയ ആലുവാ സുന്നഹദോസിൽ വച്ച് പൗലോസ് മോർ കൂറിലോസ് മലങ്കര മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം കോട്ട യം പാണമ്പടി പള്ളിയിൽ കബറടക്കപ്പെട്ടു. കക്ഷി വഴക്കിന്റെ പ്രാരംഭ ഘട്ട ത്തിൽ ഏറെ പ്രയാസങ്ങൾ സഹിക്കേണ്ടിവന്ന ഈ പരിശുദ്ധൻ

മുളന്തുരുത്തി സുന്നഹദോസിലൂടെ ലഭിച്ച സംഘടനാശക്തി മാർത്തോമാക്കാരുമായുള്ള കേസിൽ അനുകൂലമായ തീരുമാനം ഉണ്ടാവുക മാത്രമല്ല, പുതിയ പള്ളികൾ, പ്രസിദ്ധീകരണങ്ങൾ, ജനപങ്കാളിത്തം, ആത്മീക പ്രതിബദ്ധതയുള്ള ശക്തന്മാരായ നേതൃത്വനിര എന്നിങ്ങനെ അനേകം നേട്ടങ്ങൾ സഭയിലുണ്ടായി. മുളന്തുരുത്തി സുന്നഹദോസിന്റെ ശേഷം ഉണ്ടായ മെത്രാന്മാരിലൂടെ സഭയിലുണ്ടായ നേട്ടങ്ങളും വളരെയാണ്.

പഴയ സെമിനാരിക്കുവേണ്ടിയും തിരുവനന്തപുരം പള്ളി നിർമ്മാണത്തിനു വേണ്ടിയും ഒക്കെ വളരെ കഷ്ടത സഹിച്ചിട്ടുണ്ട്. പുണ്യശ്ലോകനായ കൊച്ചുപൗലോസ് റമ്പാനാണ് പരുമല തിരുമേനിയുടെയും കടവിൽ പൗലോസ് മോർ അത്താനാസ്യോസ് ഒന്നാമന്റെയും വിശ്വസ്തനായിരുന്ന് ആലുവാ സെമിനാരി പണിയിപ്പിക്കുകയും പരുമല സെമിനാരി പണിക്കും മറ്റും മേൽ നോട്ടം നടത്തുകയും ചെയ്ത ആലുവായിലെ വലിയ തിരുമേനി.

## തെരഞ്ഞെടുപ്പ്

പരിശുദ്ധനായ അബ്ദുള്ള പാത്രിയർക്കീസ് മലങ്കരയിൽ വരുമ്പോ ഴേക്കും പുലിക്കോ ട്ടിൽ യൗസേഫ് മോർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്യുകയും സഭാഭരണ രംഗത്ത് അന്ന് വട്ടശേരിൽ തിരുമേനിയും കൊച്ചുപറമ്പിൽ തിരുമേനിയും മാത്രമാണ് സജീവരായി രംഗത്തുണ്ടാ യിരുന്നത്. മുറിമറ്റം മോർ ഈവാനിയോസ് വാർദ്ധക്യത്തെ തുടർന്ന് ഭരണഭാരം ഒഴിയുവാൻ കാത്തിരിക്കുകയായിരുന്നു. 1909 വൃശ്ചികം 11–ാം ലക്കം 'മലങ്കര ഇടവക പത്രിക' എന്ന സഭയുടെ ഔദ്യോഗിക മാസികയിൽ 'മലങ്കര ഇടവക പൊതുയോഗം' എന്ന തലക്കെട്ടിൽ ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ യോഗനടപടിയെക്കുറിച്ച് അതിന്റെ ആമുഖഭാഗം ശ്രദ്ധിക്കുക.

"വിശുദ്ധ (അബ്ദുള്ള) പാത്രിയർക്കീസ് ബാവാ തിരുമനസിലെ കല്പന പ്രകാരം ഈ വൃശ്ചികം 12നു വ്യാഴാഴ്ചയും അടുത്ത ദിവസങ്ങളിലും മലങ്കര ഇടവകയിലെ പള്ളികളുടെ പ്രതിനിധികൾ ചേർന്ന ഒരു പൊതുയോഗം കോട്ട യത്തു സെമിനാരിയിൽ കൂടിയ വിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ. മലങ്കര ഇടവകയിൽ താൻ പ്രവർത്തിക്കണമെന്നും മലങ്കര ഇടവകയ്ക്ക് ആഗ്രഹമോ അപേക്ഷയോ ഉള്ള സംഗതികൾ ഇന്നതെല്ലാമെന്നു പള്ളിപ്രതിനിധികളുടെ മുഖത്തുനിന്ന് കേൾക്കണമെന്നുള്ളതായിരുന്നു യോഗത്തിന്റെ ഉദ്ദേശ്യവും ക്ഷണകല്പനയുടെ താത്പര്യവും. ഉച്ചകഴിഞ്ഞ് മൂന്നുമണിയോടു കൂടി സെമിനാരി പള്ളിയിൽ യോഗം ആരംഭിച്ചു. പാത്രിയർക്കീസ് ബാവാ തിരു മനസുകൊണ്ട് എഴുന്നെള്ളിയുരുന്ന് പ്രാർത്ഥന കഴിച്ച് യോഗത്തിന്റെ ഉദ്ദേശ്യ ങ്ങളെക്കുറിച്ചും മറ്റും തിരുമനസു കൊണ്ട് ദീർഘമായി പ്രസംഗിച്ച ശേഷം ക്ഷണ കല്പനയുടെ താത്പര്യപ്രകാരം യോഗക്കാർക്കു പൊതുവിലൊ ഏതെ ങ്കിലും ഇടവകക്കാർക്ക് പ്രത്യേകിച്ചോ ബാവായോടു അറിയിപ്പാനുള്ള സംഗതി കൾ എഴുതിക്കൊടുക്കണമെന്നാജ്ഞാപിച്ചു. അന്നും അടുത്ത ദിവസം നടത്തിയ ആലോചനയുടെ ഫലമായി അവരിൽ ഭൂരിപക്ഷക്കാർ ചേർന്ന് ബാവാ തിരുമനസ്സിലെ മുൻപാകെ താഴെ ചേർത്തിരുന്ന അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

1. വിശുദ്ധ പിതാവായ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ തിരുമേനിയെ മലങ്കര പള്ളിപ്രതിപുരുഷന്മാരുടെ ഈ മഹായോഗം ആദരവോടും ഭക്തി യോടും കൂടെ സ്വീകരിക്കുന്നു.

2. മലങ്കര ഇപ്പോഴുള്ള ഏഴു ഭദ്രാസന ഇടവകകളെ മൂന്നു ഡിവിഷനു കളായി വിഭാഗിക്കേണ്ടതാണെന്നു തിരുമനസിനെ അറിയിക്കണം എന്നു നിശ്ചയിച്ചു.

3. കൊച്ചി, അങ്കമാലി, കണ്ടനാട് ഡിവിഷനു ആലുവാ സെമിനാരിയും .... കോട്ടയം ഡിവിഷനു കോട്ടയം സെമിനാരിയും ... കൊല്ലം, നിരണം, തുമ്പമൺ ഡിവിഷനു പരുമല സെമിനാരിയും ആസ്ഥാനങ്ങളായിരിക്കണം.

4.വടക്കൻ ഡിവിഷനു മോർ ഈവാനിയോസ് മെത്രാപ്പോലിത്തായും

പുണ്യശ്ലോകനായ കൊച്ചുപൗലോസ് റമ്പാനാണ് പരുമല തിരുമേനിയുടെയും കടവിൽ പൗലോസ് മോർ അത്താ നാസ്യോസ് ഒന്നാമന്റെയും വിശ്വസ്തനായിരുന്ന് ആലുവാ സെമിനാരി പണി യിപ്പിക്കുകയും പരുമല സെമിനാരി പണിക്കും മറ്റും മേൽനോട്ടം നടത്തുകയും ചെയ്ത ആലുവായിലെ വലിയ തിരുമേനി.

കോട്ടയം ഡിവിഷനു മോർ ദീവന്നാസിയോസ് മെത്രാപ്പോലിത്തായും തെക്കൻ ഡിവിഷനു മോർ കൂറിലോസ് മെത്രാപ്പോലിത്തായും മോർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ വാർദ്ധക്യവും രോഗവും നിമിത്തം അദ്ദേഹത്തിന്റെ അസിസ്റ്റന്റായും കാലശേഷം പിൻഗാമിയായും കൊച്ചു പൗലോസ് റമ്പാനെയും വാഴിക്കണമെന്നും ഈ സുന്നഹദോസിനുള്ള അഭിപ്രായം തിരുമനസ്സിനെ അറിയിക്കണമെന്നും നിശ്ചയിച്ചു.

(ഇതുകൂടാതെ 9 പൊതുനിശ്ചയങ്ങളും അന്ത്യോഖ്യാ പ്രതിനിധിയുടെ ചുമതല സംബന്ധമായി തീരുമാനങ്ങളും ഈ യോഗത്തിൽ എടുത്തിട്ടുണ്ട്. കൂടാതെ തെക്കൻ ഇടവകയ്ക്കു പിൻഗാമിയായി പുന്നൂസ് റമ്പാനെയും (കല്ലാശേരിൽ) വാഴിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്). മലങ്കര ഇടവകയുടെ പൊതുതീരുമാനം ഇപ്രകാരം ഉണ്ടായിരുന്ന പൊതുസ്വീകാര്യനായ വ്യക്തിയായിരുന്നു കൊച്ചുപൗലോസ് റമ്പാൻ എന്നത്, പാത്രിയർക്കീസ് ബാവായുടെ വാഴ്ചാ തീരുമാനത്തിനുള്ള വലിയ പൊതുജന അംഗീകാരമായും കാണുവാൻ കഴിയും.

## വലിയ തിരുമേനിയും ആലുവാ സെമിനാരിയും

ആലുവാ സെമിനാരി അമ്പാട്ടു തിരുമേനിയും കടവിൽ തിരുമേനിയും സ്ഥാപിച്ച് പരിപാലിച്ചതാണെങ്കിലും അവർക്കു പിന്നിൽ നിന്നുപ്രവർത്തിച്ചതു മുഴുവൻ വലിയ തിരുമേനി എന്ന കൊച്ചു പൗലോസ് റമ്പാനായിരുന്നു എന്ന് ചരിത്ര രേഖകൾ സാക്ഷിക്കുന്നുണ്ട്. ആലുവാ സെമിനാരി നിർവാഹക സംഘത്തിന്റെ സെക്രട്ടറിയും ഖജാൻജിയുമായിരുന്ന കൊച്ചു പൗലോസ് റമ്പാന്റെ 1906 ധനു 14-ാം തീയതിയിലെ റിപ്പോർട്ടിൽ നിന്നുമുള്ള ചില ഭാഗങ്ങൾ കാണുക. (മലങ്കര ഇടവക പത്രിക 1907 തുലാം (10) ലക്കം പേജ് 191-193) ആലുവാ സെമിനാരി സ്ഥാപനത്തിന്റെ ആവശ്യകതയെക്കുറിച്ചും പ്രാരംഭ പ്രവർത്തനങ്ങളെക്കുറിച്ചും നിർവാഹക സമിതിയെക്കുറിച്ചും പ്രസ്താവിച്ചതിനുശേഷം റിപ്പോർട്ട് തുടരുന്നു.

"കെട്ടിടത്തിന്റെ തറ നിരപ്പു മുതൽ മേലോട്ടുള്ള പണികൾ മുഴുവനും രണ്ടാമത്തെ പൊതുയോഗം കൂടിയതിന്റെ ശേഷമാണു നടത്തിയിട്ടുള്ളത്. പതിനായിരം റുപ്പിക ചെലവുചെയ്ത് ഒരു കെട്ടിടം പണിയിച്ച് 1905ൽ പഠിത്തം ആരംഭിക്കണമെന്നും, അതിലേക്കുള്ള പണച്ചെലവിലേക്കും മറ്റും അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളിക്കാരും ഒരു കൊല്ലത്തെ ആകെയുള്ള വരുമാനം കൊടുക്കണമെന്നും കൂടിയപക്ഷം നാലു കൊല്ലത്തിനകം ആ സംഖ്യകൊടുത്തു തീർക്കണമെന്നും ഒന്നാമത്തെ യോഗത്തിൽ ചെയ്തിരുന്ന നിശ്ചയം മുഴുവൻ നടപ്പിൽ വരുത്തുവാൻ സാധിക്കുകയില്ലെന്നും ബോധ്യപ്പെടുകകൊണ്ട് അങ്കമാലി ഇടവകയിൽ ഉൾപ്പെടാത്ത പള്ളിക്കാരിൽ നിന്നും ഓരോ മാന്യന്മാരിൽ നിന്നും പണം പിരിച്ചെടുത്തു ഒരു വലിയ സംഖ്യ ഉണ്ടാകേണ്ടതാണെന്നും നിശ്ചയിച്ചു. ഈ നിശ്ചയം അനുസരിച്ച് സംഗതികൾ മുഴുവൻ നടത്തിയിട്ടില്ലെന്നും വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കെട്ടിടം പണിവകയ്ക്ക് പള്ളിക്കാരുടെ തിരട്ടിൻപടിവരേണ്ടത് 10994 രൂപാ 5 അണ 4 പൈസായിൽ 3467 രൂപാ 1 അണ 11 പൈസായും യോഗത്തിൽ വച്ച് സംഭാവന സമ്മതിച്ച് ഒപ്പിട്ടിട്ടുള്ള മാന്യന്മാരിൽ മിസ്റ്റർ എം.പി. പൈലോ വക്കീൽ അവർകൾ മാത്രമെ 15 രൂപാ തന്നിട്ടുള്ളൂ. ആകപ്പാടെ മൂവായിരത്തഞ്ഞൂറിൽപരം രൂപാ വരവും മൂവായിരത്തി മുന്നൂറ്റി അൻപതിപരം രൂപാ ചെലവുമുണ്ട്. തിരട്ടും ലിസ്റ്റും ഇതുസഹിതം ഹാജരാക്കിയിരിക്കുന്നു'' എന്നാണ് റിപ്പോർട്ട്.

അതിലേക്കുള്ള പണച്ചെലവിലേക്കും മറ്റും അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളിക്കാരും ഒരു കൊല്ലത്തെ ആകെയുള്ള വരുമാനം കൊടുക്കണമെന്നും കൂടിയപക്ഷം നാലു കൊല്ലത്തിനകം ആ സംഖ്യകൊടുത്തു തീർക്കണമെന്നും ഒന്നാമത്തെ യോഗത്തിൽ ചെയ്തിരുന്ന നിശ്ചയം മുഴുവൻ നടപ്പിൽ വരുത്തുവാൻ സാധിക്കുകയില്ലെന്നും ബോധ്യപ്പെടുകകൊണ്ട് അങ്കമാലി ഇടവകയിൽ ഉൾപ്പെടാത്ത പള്ളിക്കാരിൽ നിന്നും ഓരോ മാന്യന്മാരിൽ നിന്നും പണം പിരിച്ചെടുത്തു ഒരു വലിയ സംഖ്യ ഉണ്ടാകേണ്ടതാണെന്നും നിശ്ചയിച്ചു.

കൊച്ചുപൗലോസ് റമ്പാന്റെ ഇക്കാര്യത്തിലുള്ള കഷ്ടപ്പാടും വേദനയും എത്രമാത്രം ആയിരുന്നു എന്ന് ഇന്ന് അവിടെ കടുംപിടുത്തം നടത്തി ധൂപാർപ്പണവും പ്രവേശനവും മുടക്കിയിരിക്കുന്ന കഠിന ഹൃദയന്മാർ ആലോചിക്കുന്നതു നന്നായിരിക്കും. 1907 വൃശ്ചികം (ലക്കം11) പേജ് 301ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. അങ്കമാലി ഭദ്രാസനത്തിലെ 22 പള്ളികളിൽ നിന്നും അവിടെയുള്ള 4 വ്യക്തികളിൽ നിന്നും മാത്രമാണ് ഇക്കാര്യത്തിൽ പിരിവുലഭിച്ചതായി ഈ തിരട്ടിൽ കാണുന്നത്. ആലുവാ സെമിനാരി പൊതുസഭയുടേതാണെന്നും മലങ്കര മെത്രാന്റെ വകയാണെന്നും ഒക്കെ ഇന്ന് പ്രചരിപ്പിക്കുന്നവർ അങ്കമാലി ഭദ്രാസനത്തിലെ പള്ളിക്കാരുടെയും കൊച്ചു പൗലോസ് റമ്പാൻ എന്ന വലിയ തിരുമേനിയുടെ വിയർപ്പിന്റെ ഫലമാണ് ഊറ്റിക്കുടിച്ച് പരിശുദ്ധ സിംഹാസന നിന്ദകരായി അവിടെ കിടക്കുന്ന തെന്നതു മറക്കരുത്.

**മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ ഇവിടെ താമസിച്ചിരുന്നപ്പോൾ തിരുമേനിയുടെ സ്വത്തിൽ നിന്നും എല്ലാവരുടെയും ചെലവു കഴിഞ്ഞുകൂടി ബഹു സഹോദരൻ ഗീവർഗീസ് റമ്പാച്ചൻ (വാകത്താനം) അവർകൾ സുഖക്കേടു നിമിത്തം സ്ഥലം വിട്ടുപോയതോടുകൂടി ചെലവിനു മാർഗമില്ലാതാവുകയും പണിമുഴുവൻ ചുമതലയായി നടത്തുന്നതിന് ഞാൻ മാത്രം ശേഷിക്കുകയും ചെയ്തു.**

അഭിവന്ദ്യ റമ്പാച്ചന്റെ 1907 കന്നിയിലെ മാസികയിൽ വന്ന മറ്റൊരു റിപ്പോർട്ടും ശ്രദ്ധാർഹമാണ്. “സെമിനാരി കെട്ടിടം പണി നടത്തുന്നതിനും മറ്റും ആരെങ്കിലും ഇവിടെ താമസിക്കാതെ നിവൃത്തിയില്ല. എന്നാൽ ആളിന്റെ ചെലവുവകയ്ക്കു ഏതുവകയിൽ നിന്നു പണം കൊടുക്കണമെന്നും മുൻപൊതുയോഗത്തിൽ പറവാൻ ആവശ്യപ്പെടാതിരുന്നതിനാൽ പറഞ്ഞിട്ടില്ല. മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ ഇവിടെ താമസിച്ചിരുന്നപ്പോൾ തിരുമേനിയുടെ സ്വത്തിൽ നിന്നും എല്ലാവരുടെയും ചെലവു കഴിഞ്ഞുകൂടി ബഹു സഹോദരൻ ഗീവർഗീസ് റമ്പാച്ചൻ (വാകത്താനം) അവർകൾ സുഖക്കേടു നിമിത്തം സ്ഥലം വിട്ടുപോയതോടുകൂടി ചെലവിനു മാർഗമില്ലാതാവുകയും പണിമുഴുവൻ ചുമതലയായി നടത്തുന്നതിന് ഞാൻ മാത്രം ശേഷിക്കുകയും ചെയ്തു. അകപ്പറമ്പ് ഇടവകക്കാരുടെ പിടിനെല്ല് മുടക്കം കൂടാതെ അയച്ചു തന്നതിനാൽ തൽക്കാല ശമനത്തിനു കാരണമായി”. ഇവിടെ പസാരം വകവരവ് 1 രൂപ 5 അണ 6 പൈസ എന്നൊരു ഇനവും ചേർത്തിട്ടുണ്ട്. ഈ ഉദ്ധരണി അനേകം സത്യങ്ങൾ വെളിവാക്കുന്നതാണ്.

1. കൊച്ചുപൗലോസ് റമ്പാച്ചന്റെ കൃത്യതയും കണിശമനോഭാവവും സെമിനാരി പണിക്കുവേണ്ടി താമസിക്കുമ്പോഴും പണിക്കുവേണ്ടി പള്ളികളിൽ നിന്നും ലഭിക്കുന്ന തുകയിൽ നിന്നും സ്വന്തം ചെലവിനു വ്യയം ചെയ്യുവാനുള്ള വൈമുഖ്യം.

2.മേൽപ്രകാരം പണം ചെലവഴിക്കണ മെങ്കിൽ പൊതുയോഗം അപ്രകാരം തീരുമാനിക്കണമായിരുന്നു എന്നുള്ള കൃത്യത. ജനത്തോടും സംഭാവന തന്ന ലക്ഷ്യത്തോടുമുള്ള കൃത്യതയാണിവിടെ കാണുന്നത്.

3. വാകത്താനം റമ്പാച്ചൻ സുഖക്കേടു നിമിത്തമാണ് പോയതെന്ന സത്യസന്ധമായ സൂചന. അദ്ദേഹത്തെ പുറത്തുചാടിച്ചതാണ് എന്ന ഒരു മെത്രാൻ കക്ഷി എഴുത്തുകാരന്റെ ദുഃസൂചനയ്ക്കുള്ള മറുപടിയും ഇവിടെ തുടർന്നു ചേർത്തിട്ടുണ്ട്. അദ്ദേഹം പോയപ്പോൾ 5 രൂപ സംഭാവനയും നൽകിയാണ് പോയത്.

4. അകപ്പറമ്പ് പള്ളിയിലെ പൂർവ്വികരുടെ സ്നേഹവും ഔദാര്യവും അവർ തിരുമേനി താമസം മാറിയതിനുശേഷവും കൊച്ചുപൗലോസ് റമ്പാച്ചന് ആവശ്യമായ പിടിനെല്ല് മുടക്കംകൂടാതെ എത്തിച്ചു. അദ്ദേഹത്തോടുള്ള മാതൃഇടവകയുടെയും കുടുംബക്കാരുടെയും കരുതൽ.

5. സഭയ്ക്കുവേണ്ടി നിസ്വാർത്ഥം കഷ്ടപ്പെടുന്നവർക്കും ബുദ്ധിമുട്ടുണ്ടായാലും ആവശ്യങ്ങൾ നടത്തിക്കിട്ടുവാൻ ഏതെങ്കിലും വഴികൾ തുറക്കും

എന്ന മാതൃകാ പാഠവും ഇവിടെ കാണാം.

6. പസാരംവക വരവ് ഇവിടെ കാണുന്നതിൽ നിന്നും സെമിനാരിപ്പള്ളിയിൽ ഇടവകക്കാർ ആരംഭം മുതലേ ഉണ്ടായിരുന്നു എന്നും അവരുടെ വിവാഹാദികൾ കർമ്മഫീസ് നൽകി അവിടെ നടത്തി വന്നിരുന്നു എന്നും തെളിയുന്നു. ആലുവാ സെമിനാരി പള്ളി ഇടവകാംഗങ്ങൾ അവിടെ കേവലം കർമ്മാദികൾ അനുഭവിച്ചുപോരുന്നവർ മാത്രമായികരുന്നു എന്നുള്ള ചിലരുടെ വാദമുഖങ്ങൾക്കു ധാർമ്മികാടിത്തറയും സ്ഥാപന പാരമ്പര്യ പിൻതുണയും ഇല്ലാ എന്നും വ്യക്തമാക്കുന്നു.

## അപ്രേം പ്രഥമൻ ബാവാ ആദരിച്ച മഹാപരിശുദ്ധൻ

ആലുവായിലെ വലിയ തിരുമേനി തികഞ്ഞ അന്ത്യോഖ്യാ ഭക്തനും അന്ത്യാഖ്യാ മലങ്കര ബന്ധം ആചന്ദ്രതാരം നിലനിൽക്കുവാൻ ത്യാഗം സഹിച്ച മഹാനുഭാവനുമായിരുന്നു. എന്നാൽ, ഒരിക്കൽപോലും ശീമയാത്ര നടത്തുകയോ അങ്ങനെ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്തയാളുമാണ്. അദ്ദേഹത്തോടൊപ്പം ഭദ്രാസന ചുമതല വഹിച്ചിരുന്നവരിൽ - ഇടവഴിക്കൽ മോർ സേവേറിയോസ് തിരുമേനി ഒഴികെ-എല്ലാവരും വിശുദ്ധ നാടുകളും പാത്രിയർക്കാ ആസ്ഥാനങ്ങളും സന്ദർശിച്ചിട്ടുള്ളവരാണ്. വലിയ തിരുമേനിയെ വാഴിച്ച അബ്ദുള്ളാ പാത്രിയർക്കീസ് ബാവായും പിന്നീടു വന്ന ഏലിയാസ് തൃതീയൻ ബാവായും അപ്രേം പ്രഥമൻ ബാവായും ഒക്കെ വലിയ തിരുമേനിയുടെ ആരാധ്യ പുരുഷന്മാരായിരുന്നു. അവരിൽ അപ്രേം പ്രഥമൻ ബാവാ വലിയ തിരുമേനിയെ ആദ്ധ്യാത്മിക സുകൃതങ്ങളുടെ അതിശ്രേഷ്ഠ മാതൃകയായാണ് കരുതിയിരുന്നത്. ആയതിന്റെ വലിയൊരു തെളിവ് വയലിപ്പറമ്പിൽ മോർ ഗ്രിഗോറിയോസ് തിരുമേനി എഴുതിയ 1946-ലെ ശീമയാത്ര എന്ന കൃതിയിലെ ഒരു പരാമർശമാണ്. മെത്രാഭിഷേകത്തിനുവേണ്ടി ഹോംസിലെ പാത്രിയർക്കാ അരമനയിൽ എത്തിയ വയലിപ്പറമ്പിൽ തിരുമേനി (അച്ചനായി) അരമനയിലെ സ്വീകരണ മുറി വിവരിക്കുന്ന രംഗം വായിക്കുക.

"സ്വീകരണഹാളിന്റെ തെക്കേ അറ്റത്താണ് പ. പാത്രിയർക്കാ സിംഹാസനം പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇതിന്റെ ഇരുവശങ്ങളിലുമുള്ള ഭിത്തിയിൽ, ഇരുതലകളുള്ള സ്വർണ്ണ അംശവടികൾ തൂക്കിയിരിക്കുന്നു. ക്രൂശുമരണം മുതലായ അനവധി ചിത്രങ്ങളാൽ ഭിത്തികൾ അലങ്കരിക്കപ്പെട്ടിരിക്കുന്നു. മെത്രാന്മാരുടെ ഫോട്ടോയായി മലങ്കരയുടെ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ ഒരു ഫോട്ടോ മാത്രമേ ആ മുറിയിലുള്ളൂ. ഒരു വശത്ത് ബാവാ തിരുമനസിലെ പ്രിയ മാതാവിന്റെ ഒരു ഛായാപടവുമുണ്ട്". (വിശുദ്ധനാട് സന്ദർശനങ്ങൾ, മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ, ചങ്ങനാശേരി, പേജ് 224)

"സ്വീകരണ ഹാളിന്റെ തെക്കേ അറ്റത്താണ് പ. പാത്രിയർക്കാ സിംഹാസനം പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇതിന്റെ ഇരുവശ ങ്ങിലുമുള്ള ഭിത്തിയിൽ, ഇരുതലകളുള്ള സ്വർണ്ണ അംശവടികൾ തൂക്കിയിരിക്കുന്നു. ക്രൂശുമരണം മുതലായ അനവധി ചിത്രങ്ങളാൽ ഭിത്തികൾ അലങ്കരിക്കപ്പെട്ടിരിക്കുന്നു. മെത്രാന്മാരുടെ ഫോട്ടോയായി മലങ്കരയുടെ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ ഒരു ഫോട്ടോ മാത്രമേ ആ മുറിയിലുള്ളൂ.

## പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചിരുന്ന മാതൃകാ യോഗ്യൻ

വലിയ തിരുമേനിയുമായി നേരിട്ടു പരിചയമുള്ള പലവ്യക്തികളും വൈദികരും അവരുടെ അഭിപ്രായങ്ങൾ പറയുന്നതുകേട്ടിട്ടുണ്ട്. അവരുടെ മനസ്സിലെ ആശയങ്ങൾ എന്റെ ചിന്തയിൽ ഒരുമിച്ചുകൂടിയപ്പോൾ മനോമുകുരത്തിൽ ഉദിച്ചുവന്ന വേദവാക്യം ഗലാത്യർ 5:22 ആണ്. 'സ്നേഹം. സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസം, വിനയം, സഹനം എന്നിവയാകുന്നു' എന്ന് വിശുദ്ധഗ്രന്ഥം പറയുന്നു. വലിയ തിരുമേനി ഈ വാക്യം അതിന്റെ സൂക്ഷ്മതലത്തിൽ ജീവിതത്തിൽ പാലിച്ചിരുന്നു.

1. വലിയ തിരുമേനി സ്നേഹവും കാരുണ്യവും എപ്പോഴും പ്രകടിപ്പിച്ചിരുന്നു.

2. കോപവും ക്ഷോഭവും തിരുമേനിയുടെ സ്വാഭാവത്തിൽ തന്നെ ഇല്ലായിരുന്നു.

3. വൈദികരോടും ശെമ്മാശന്മാരോടും ജനത്തോടും ശാന്തതയിലും സ്നേഹത്തിലും മാത്രമേ സംസാരിക്കുമായിരുന്നുള്ളൂ. (മോനേ, പുള്ളേ എന്ന സ്നേഹമസൃണമായി സംബോധന തന്നെ ഉദാഹരണം)

4. ദയയും സമാധാന വാഞ്ചയും എപ്പോഴും വാക്കിലും പ്രവൃത്തിയിലും നിഴലിച്ചിരുന്നു.

5. വിശ്വാസ തീക്ഷ്ണതയിലും സംരക്ഷണത്തിലും അഗ്രഗണ്യനായിരുന്നു. പ്രാർത്ഥന ഉപവാസം സമർപ്പണം എന്നീ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത ജീവിതം.

6. വിനയത്തിലും താഴ്മയിലും ഉള്ള സംസാരവും ശൈലിയും മുന്നിട്ടു നിന്നിരുന്നു


7. ദരിദ്രരോടുള്ള കരുതലും സന്ദർശകരോടുള്ള ആദരവും ഭക്ഷണനിർബന്ധവും ഒരുപോലെ നൽകിയിരുന്ന ആതിഥേയൻ ആയിരുന്നു പ. പിതാവ്.

8. വി. മദ്ബഹായിലും ദൈവാലയത്തിലും പ്രാർത്ഥനാവസരങ്ങളിൽ തറയിൽ കുഷ്യനിട്ടു മാത്രം ഇരിക്കുമായിരുന്ന സഹന മാതൃകയായിരുന്നു വലിയ തിരുമേനി. ഇങ്ങനെ നാനാപ്രകാരേണ വിശുദ്ധിയുടെ മാനദണ്ഡങ്ങൾ ജീവിതത്തിൽ പരിപാലിച്ചിരുന്ന മഹാപരിശുദ്ധ നായിരുന്നു വലിയ തിരുമേനി. ആ മഹാപരിശുദ്ധന്റെ ഓർമ്മ സഭയ്ക്കും സമൂഹത്തിനും ആത്മീക പ്രചോദനം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഗലാത്യർ 5:22 ആണ്. 'സ്നേഹം. സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വാസം, വിനയം, സഹനം എന്നിവയാകുന്നു' എന്ന് വിശുദ്ധഗ്രന്ഥം പറയുന്നു.



*ഇടത്തുനിന്ന് ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത, മീഖായേൽ മോർ ദീവന്നാസിയോസ് മെത്രാപ്പോലിത്ത, പ. വലിയ തിരുമേനി, മോർ യൂലിയോസ് ബാവാ, പൗലോസ് മോർ സേവേറിയോസ് മെത്രാപ്പോലിത്ത*



# പ്രാർത്ഥനയുടെയും കണ്ണീരിന്റെയും വലിയതിരുമേനി

**രാമചന്ദ്രൻ (മുൻഡപ്യൂട്ടി എഡിറ്റർ, മംഗളം)**

> തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്നപ്പോൾ അദ്ദേഹം അവരെപ്പോയി ശുശ്രൂഷിച്ച കഥ ഈശ്വരസാക്ഷാൽകാരം സിദ്ധിച്ച സംന്യാസിവര്യനു മാത്രം ചേർന്ന ഒന്നാണ് - വീട്ടുമുറ്റത്ത് ഒരു കുടിൽ അഥവാ പർണാശ്രമം കെട്ടിയാണ് തിരുമേനി താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയോടൊത്തു പ്രാർത്ഥിക്കാനും അകത്തുപോകും. ഭക്ഷണവും കിടപ്പും പുറത്തെ കുടിലിൽ.

പരുമല തിരുമേനിയെ എല്ലാവരും ഓർക്കുന്നത്, പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും ഈശ്വര സാക്ഷാത്കാരം സിദ്ധിച്ച യോഗിയായിട്ടാണ്. എല്ലാ അർത്ഥത്തിലും ഭാരതീയ പാരമ്പര്യത്തിനിണങ്ങുന്ന ഒരു യോഗി. പരുമല തിരുമേനിയുടെ ശിക്ഷണത്തിൽ തന്നെ ശ്ലൈഹികവൃത്തിയിൽ എത്തിയ ആലുവയിലെ വലിയ തിരുമേനി പൌലോസ് മോർ അത്താനാസിയോസിന്റെ ജീവിതം പഠിക്കുമ്പോഴും നാം കാണുന്നത് പ്രാർത്ഥനകളുടെ ഒരു വലിയ തിരുമേനിയെ തന്നെയാണ്.

പ്രാർത്ഥനയിൽ ഇത്രമാത്രം തീക്ഷ്ണതയുള്ള ഒരാചാര്യനെ താൻ കണ്ടിട്ടില്ലെന്നാണ് ക്നാനായ ഭദ്രാസന ഇടവകയുടെ കാലം ചെയ്ത വലിയ മെത്രാപ്പൊലിത്ത ഏബ്രഹാം മോർ ക്ലീമിസ് ഓർമിച്ചിട്ടുള്ളത്. കുറുപ്പുംപടി പള്ളിയുടെ തെക്കേമുറ്റത്ത് വലിയ ചാരുകസേരയിൽ കാരണവരെപ്പോലെ കാൽ ഉയർത്തിവച്ച് ഊഷ്മള സ്നേഹം ഏറ്റു വാങ്ങിയും ആർദ്രവാത്സല്യം തിരിച്ചു കൊടുത്തും സായാഹ്നങ്ങൾ ചെലവിട്ട ആ ദിവ്യസാന്നിധ്യം അദ്ദേഹത്തെ അടുത്തു കണ്ടിട്ടുള്ള മറ്റു പലരുടെയും ഓർമയിൽ വന്നു നിറയുന്നു.

തിരുമേനിയുടെ അമ്മ മരണാസന്നയായി കിടന്നപ്പോൾ അദ്ദേഹം അവരെപ്പോയി ശുശ്രൂഷിച്ച കഥ ഈശ്വരസാക്ഷാൽകാരം സിദ്ധിച്ച സന്യാസിവര്യനു മാത്രം ചേർന്ന ഒന്നാണ്- വീട്ടുമുറ്റത്ത് ഒരു കുടിൽ അഥവാ പർണാശ്രമം കെട്ടിയാണ് തിരുമേനി താമസിച്ചത്. അമ്മയെ ശുശ്രൂഷിക്കാനും അമ്മയോടൊത്തു പ്രാർത്ഥിക്കാനും അകത്തുപോകും. ഭക്ഷണവും കിടപ്പും പുറത്തെ കുടിലിൽ.

ഇടവകയിൽ തിരുമേനി താമസിക്കാൻ ചെല്ലുന്ന കാലം, ഇടവകയിലെ ഉത്സവകാലമായിരുന്നു. ഇടവകയിൽ ചെന്നാൽ ഒരാഴ്ചയെങ്കിലും താമസിക്കും. ഇടവകാംഗങ്ങൾ പലഹാരങ്ങളും പഴങ്ങളുമായി ചെന്ന് അദ്ദേഹത്തെ മുഖം

കാണിക്കും. എന്നാൽ, ആദ്യം ചെല്ലുന്ന വീട്ടുകാർ കൊടുക്കുന്നത് രണ്ടാമതു ചെല്ലുന്ന വീട്ടുകാർക്കു കിട്ടും. ആളുകളെല്ലാം അവിടെ സന്ധ്യാപ്രാർത്ഥനയ്ക്ക് എത്തും. പള്ളി പരിസരങ്ങളിൽ കളിച്ചു നടക്കുന്ന കുട്ടികൾക്ക് അത് ആഘോഷകാലമാകും.

'അതിഥി ദേവോ ഭവ' എന്ന ഉപനിഷത് ചിന്ത അങ്ങനെതന്നെ ജീവിതത്തിൽ അദ്ദേഹം സ്വാംശീകരിച്ചു.

മെത്രാൻകക്ഷിയിലെ മെത്രാന്മാരും അച്ചന്മാരും തൃക്കുന്നത്തു സെമിനാരിയിലെത്തി ആ അതിഥിസൽക്കാരം പലവട്ടം സ്വീകരിച്ചതായാണ് ചരിത്രം. കേസ് വാശിയായി നടക്കുന്ന കാലത്തും പുത്തൻകാവിലെ മാർ പീലക്സിനോസ് അവിടെ കയറിച്ചെല്ലുമായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോഴാകട്ടെ, എതിർ കക്ഷിയായി പയറ്റിയിരുന്ന ഗീവർഗീസ് ദ്വിതിയൻ കാതോലിക്ക ആലുവായിലെത്തി പഴയ സഹപാഠിക്ക് അന്ത്യോപചാരം അർപ്പിക്കുകയും ചെയ്തു.

തൃക്കുന്നത്തു സെമിനാരിയിൽ തിരുമേനിയുള്ളപ്പോൾ അക്രൈസ്തവരും അവിടെ വന്ന് ആ സാന്നിധ്യം അനുഭവിച്ചിരുന്നു, പക്ഷേ, എത്ര തീവ്രമായ, സംസാരമായിരുന്നാലും, യാമപ്രാർത്ഥനകൾക്കു മണിയടിച്ചാലുടൻ അദ്ദേഹം സംസാരം നിർത്തുമായിരുന്നു.

ഇടപ്പള്ളിയിൽ നിന്ന് അയ്യമ്പിള്ളിയിലേക്കു കുടിയേറിയ തെക്കേക്കര മത്തായിയുടെയും അകപ്പറമ്പ് പൈനാടത്ത് അന്നയുടെയും മകനായി പിറന്ന കൊച്ചുപൌലോസിനെ കണ്ടെടുത്തത് ഗീവർഗീസ് മോർ കൂറിലോസ് (അമ്പാട്ട്) മെത്രപ്പൊലിത്തയായിരുന്നു.1869 ജനുവരി 23-ന് പിറന്ന കൊച്ചു പൌലോസ് 1879 ഏപ്രിൽ 21 നാണ് അമ്പാട്ട് മെത്രാപ്പൊലിത്തായിൽ നിന്ന് കോറൂയോ സ്ഥാനമേറ്റത്.

ശെമ്മാശനാകുന്നതിനു മുമ്പും കുഞ്ഞിപ്പൗലോ മദ്ബഹായിൽ ശുശ്രൂഷ ചെയ്തിരുന്നു. പ.പത്രോസ് പാത്രിയർക്കീസ് ബാവാ അങ്കമാലിപ്പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ ഉണ്ടായ ഒരു സംഭവവും ചരിത്രമാണ്. അഞ്ചാമത്തെ തുബ്ദേൻ സുറിയാനിയിൽ വായിക്കാൻ മദ്ബഹായിലുള്ള പലരും ശങ്കിച്ചു നിൽക്കെ, അമ്പാട്ടു തിരുമേനി കുഞ്ഞിപ്പൗലോയെ തള്ളി മുന്നോട്ടുവിട്ടു. ആ സ്വരമാധുരി അവിടെ ഉയർന്നു. അതുകേട്ട് ബാവാ തരിച്ചു നിന്നു. പിന്നീട് മരണം വരെയും, 'അമ്പാട്ടു മെത്രാച്ചനെപ്പറ്റി അത്തനാസിയോസ് തിരുമേനി ഓർക്കുമ്പോൾ തന്നെ ആ മുഖത്ത് ഭക്തിയുടെ കളിയാട്ടം കാണാമായിരുന്നു. പത്തുകൊല്ലം കൂറിലോസ് തിരുമേനിയുടെ ശിക്ഷണത്തിൽ സുറിയാനി പഠിച്ച ശേഷമാണ് വലിയ തിരുമേനി ഇംഗ്ലീഷ് പഠനത്തിനു ചേർന്നത്. ആലുവയിലെ സർക്കാർ ഇംഗ്ലീഷ് സ്കൂളിലും കോട്ടയം സി.എം.എസ്. കോളേജ് ഹൈസ്കൂളിലും പഠിച്ചശേഷം, എം.ഡി. സെമിനാരിയിൽ സുറിയാനിയും വേദപാഠവും പഠിപ്പിക്കാൻ നിയുക്തനായി. ഇക്കാലത്ത്, സി.ജെ കുര്യൻ, എം.എ ചാക്കോ, ഇ.ജെ ജോൺ, കണ്ടത്തിൽ വറുഗീസ് മാപ്പിള, കെ.സി. മാമ്മൻമാപ്പിള, കൊച്ചു പാറേട്ടു ഫിലിപ്പു വക്കീൽ, ഇ.എം. ഫിലിപ്പ് തുടങ്ങിയവരുമായി പരിചയമുണ്ടായി. ഒളശ കളപ്പുരയ്ക്കൽ കെ.സി. ചാക്കോ തരകനുമായും അടുപ്പമുണ്ടായത് ഇക്കാലത്താണ്.

അമ്പാട്ടു മെത്രാച്ചൻ കാലം ചെയ്തപ്പോൾ അടുത്തുനിന്നു ശുശ്രൂഷിക്കാൻ കഴിയാതിരുന്നത് ജീവിതാവസാനം വരെയും വലിയ തിരുമേനിയെ അലട്ടിയിരുന്നു. എന്നാൽ, അമ്പാട്ടു മെത്രാച്ചനോടുണ്ടായിരുന്ന വലിയ തിരുമേനിയുടെ ഭക്തിയുടെ സ്മാരകം ആലുവാ സെമിനാരിപ്പള്ളിയുടെ മദ്ബഹാ

**അമ്പാട്ടു മെത്രാച്ചൻ കാലം ചെയ്തപ്പോൾ അടുത്തുനിന്നു ശുശ്രൂഷിക്കാൻ കഴിയാതിരുന്നത് ജീവിതാവസാനം വരെയും വലിയ തിരുമേനിയെ അലട്ടിയിരുന്നു. എന്നാൽ, അമ്പാട്ടു മെത്രാച്ചനോടുണ്ടായിരുന്ന വലിയ തിരുമേനിയുടെ ഭക്തിയുടെ സ്മാരകം ആലുവാ സെമിനാരിപ്പള്ളിയുടെ മദ്ബഹാ വളവിന്റെ വടക്കേ കാലിൻമേൽ കാണാം. സ്മാരകശില സ്ഥാപിക്കാൻ എത്രയോ സ്ഥലങ്ങൾ ഉണ്ടായിരുന്നിട്ടും, താൻ പ്രതിദിനം രണ്ടുനേരം മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്ന സ്ഥലത്തിന് നേരെയാണ് ആ മാർബിൾ ശില സ്ഥാപിച്ചത്.**

വളവിന്റെ വടക്കേ കാലിൻമേൽ കാണാം. സ്മാരകശില സ്ഥാപിക്കാൻ എത്രയോ സ്ഥലങ്ങൾ ഉണ്ടായിരുന്നിട്ടും, താൻ പ്രതിദിനം രണ്ടുനേരം മുട്ടു കുത്തി പ്രാർത്ഥിച്ചിരുന്ന സ്ഥലത്തിന് നേരെയാണ് ആ മാർബിൾ ശില സ്ഥാപിച്ചത്.

എം.ഡി സെമിനാരിയിൽ നിന്ന്, റമ്പാൻ സ്ഥാനത്തേക്കുള്ള വലിയ തിരുമേനിയുടെ യാത്ര ഒരു അത്ഭുത രോഗശാന്തിയുടെ യാത്രകൂടിയാണ്. കടുത്ത ജ്വരം ബാധിച്ച് ചികിത്സിച്ചിട്ടും സുഖമാകാതിരുന്ന ശെമ്മാശനെ കോട്ടയത്തു നിന്ന് വള്ളത്തിൽ അങ്കമാലിയിലേക്ക് കൊണ്ടുവരുമ്പോൾ വള്ളത്തിൽ വച്ചു തന്നെ തൈലാഭിഷേകം നടത്തിയിരുന്നു. ഏതോ ദൈവിക കൽപനയാലെന്ന പോലെ, വീട്ടിലെ പരിചരണത്തിൽ ശെമ്മാശൻ സുഖം പ്രാപിച്ചു; എന്നാൽ, ആ പരിചരണത്തിനിടയിൽ ജ്വരബാധിതരായി അദ്ദേഹത്തിന്റെ അമ്മയും ജ്യേഷ്ഠനും ഇഹലോകത്തിൽ നിന്നു വിടവാങ്ങി. ഈ അനുഭവങ്ങൾ യേശുവിലേക്ക് അദ്ദേഹത്തെ കൂടുതൽ അടുപ്പിക്കുകയായിരുന്നു. ഗുരുവായിരുന്ന പരുമല തിരുമേനി പലപ്പോഴും പൌലൂസ് ശെമ്മാശനെ റമ്പാനാകാൻ നിർബന്ധിച്ചിരുന്നെങ്കിലും, അദ്ദേഹം വഴങ്ങിയിരുന്നില്ല. എന്നാൽ, രോഗശാന്തിയോടെ, ശെമ്മാശൻ യേശുവിന്റെ പാത തന്നെയാണു തന്റെ പാതയെന്നു തിരിച്ചറിഞ്ഞു. പിന്നെ മനുഷ്യ പീഡനത്തിന്റെ കുരിശേന്തി. മോർ കൂറിലോസിന്റെ കബറിൽ കുറെ ദിവസം ധ്യാനമിരുന്നു.

റമ്പാനായിരിക്കെ, വടക്കൻ പറവൂർ പള്ളിയിൽനിന്നു കിട്ടിയ ആദ്യകൈനീട്ടം ഗുരുദക്ഷിണയായി ആലുവ പള്ളി പണിക്ക് കല്ലുവെട്ടിക്കാൻ കാണിക്ക വയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. അന്ന് അത് ഓലമേഞ്ഞ പള്ളിയായിരുന്നു; ഇന്ന് സെമിനാരി മന്ദിരത്തിന്റെ വടക്ക് മതിലിനോടു ചേർന്നു കാണുന്ന അഴിയിട്ട ചെറിയ കെട്ടിടമല്ലാതെ മറ്റൊന്നും അവിടെയില്ലായിരുന്നു. അന്ന് ഈ കെട്ടിടം പള്ളിമതിൽക്കകത്ത് തന്നെ മുറ്റത്തു നിൽക്കുന്ന രണ്ടു പ്ലാവുകളുടെ ഇടയിൽ ആയിരുന്നു. പള്ളി പണി പൂർത്തിയായത് കൊച്ചു പൌലൂസ് റമ്പാന്റെ പരിശ്രമത്താൽ 1900 ന് അടുത്താണ്. ആലുവാ പള്ളി പണിക്കിടയിൽ അവിടെയെത്തിയ പരുമല തിരുമേനി പരുമല പള്ളി പണിക്കായി റമ്പാനെ അങ്ങോട്ടുക്ഷണിച്ചു കൊണ്ടുപോയി. മൂന്നു വർഷം അവിടെ താമസിച്ചാണ് സെമിനാരി പണി നടത്തിയത്. സമ്മാനമായി പരുമല തിരുമേനി റമ്പാന് ഒരു ശീലമുടിയും പത്രസീനും പട്ടംകൊട പുസ്തകവും കൊടുത്തു.

ആലുവാ സെമിനാരിയിൽ 1909 ചിങ്ങം 15-ന് ചേർന്ന പള്ളി പ്രതിപുരുഷയോഗമാണ് കൊച്ചുപൌലൂസ് റമ്പാനെ അങ്കമാലി ഭദ്രാസന ഇടവക മെത്രാപ്പൊലിത്ത സ്ഥാനത്തേക്കു തെരഞ്ഞെടുത്തത്. 1910 ഇടവം 27-ന് അകപ്പറമ്പ് പള്ളിയിലായിരുന്നു സ്ഥാനാഭിഷേകം. അദ്ദേഹം മോർ അത്താനാസിയോസ് ആയി. ആ സമയത്തെ സത്യപ്രതിജ്ഞ, അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുകയില്ലെന്ന പ്രതിജ്ഞ, അവസാനം വരെയും അദ്ദേഹം ലംഘിച്ചില്ല.

മോർ അത്താനാസിയോസിന്റെ 1910 മുതൽ 1953 വരെയുള്ള ഭരണമാണ് അങ്കമാലി ഭദ്രാസന ഇടവകയെ ഉന്നതിയിൽ എത്തിച്ചത്. രണ്ടുവർഷം തന്റെ സഹചാരിയായിരുന്ന കൊച്ചുമെത്രാച്ചനോട് പ.അബ്ദുള്ള പാത്രിയർക്കീസ് ബാവായ്ക്കുണ്ടായിരുന്ന സ്നേഹവായ്പ് അദ്ദേഹം 1911-ൽ മേസ്രേനിൽ നിന്നയച്ച ഈ കത്തിൽ കാണാം: "എന്റെ വാത്സല്യമകനെ, നിന്റെ സ്നേഹവും ത്യാഗവും വിശ്വാസവൈരാഗ്യവും നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നു മാറുന്നില്ല. നിന്നെ വിട്ടുപോന്നതിൽ നമുക്ക് അടങ്ങാത്ത സങ്കടമുണ്ട്. ശാരീരി

1910 ഇടവം 27-ന് അകപ്പറമ്പ് പള്ളിയിലായിരുന്നു സ്ഥാനാഭിഷേകം. അദ്ദേഹം മോർ അത്താനാസിയോസ് ആയി. ആ സമയത്തെ സത്യപ്രതിജ്ഞ, അന്ത്യോഖ്യാ സിംഹാസനത്തിന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുകയില്ലെന്ന പ്രതിജ്ഞ, അവസാനം വരെയും അദ്ദേഹം ലംഘിച്ചില്ല. മാത്രമല്ല, തന്നെ ധിക്കരിച്ചതിന് 1911 മെയ് 31-ന് വട്ടശേരിൽ മോർ ദിവന്നാസ്യോസ് മെത്രാപ്പൊലിത്തായെ പ.അബ്ദുള്ള പാത്രിയർക്കീസ് ബാവാ മുടക്കിയ ശേഷം ഓഗസ്റ്റ് 19ന് മുളന്തുരുത്തി പള്ളിയിൽ നടന്ന മൂറോൻ കൂദാശയിൽ മോർ അത്താനാസ്യോസ് മെത്രപ്പൊലിത്ത പങ്കെടുക്കുകയും ചെയ്തു.

ക കണ്ണുകൾ കൊണ്ട് നമ്മൾ തമ്മിൽ കാണുന്നില്ലെങ്കിലും, ആത്മാവിലും ഹൃദയത്തിലും നാം നിന്നോടുകൂടെയുണ്ട്."

പിൽക്കാലത്ത് കേസുകൾ മൂർധന്യം പ്രാപിക്കുകയും എതിർകക്ഷിയിലെ പ്രമാണികൾ തിരുമേനിയെ ആലുവാ സെമിനാരിയിൽ നിന്ന് ഇറക്കിവിടുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദഹത്തിന്റെ പ്രതികരണം ഇതായിരുന്നു: 'മക്കളെ, ഭയമില്ല. അകപ്പറമ്പിൽ നമുക്കൊരു പുരയിടമുണ്ട്. കിണറും കുഴിപ്പിച്ചിട്ടുണ്ട്, ഒരു ചെറിയ കെട്ടിടം വയ്ക്കണം, നാമവിടെ കഴിഞ്ഞുകൂടിക്കൊള്ളാം. എന്നാലും അസത്യത്തിനു നാം കൂട്ടുനിൽക്കയില്ല.'

വാത്സല്യം നിറഞ്ഞ സംഭാഷണമായിരുന്നു അദ്ദേഹത്തിന്റെ ഓരോ പ്രഭാഷണവും. ഏത് ഇടവകക്കാരും അദ്ദേഹത്തെ കാത്തിരുന്നത് ആ പ്രസംഗം കേട്ടൊന്നു കണ്ണീർ വാർക്കാനും ആ കുർബാന കേട്ടൊന്നു കരയാനുമായിരുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ തിരുവല്ലാ സന്ദർശനത്തിനിടയിൽ, കട്ടപ്രത്തു പള്ളിയിൽ എത്തിയ അദ്ദേഹം ഒരു സുറിയാനി ഗീതം ചൊല്ലി. അതിന്റെ അർത്ഥം ഇങ്ങനെ വിശദീകരിച്ചു. യോനാ നിനവേയിൽ നിന്നു പുറപ്പെട്ടപ്പോൾ അവനു സങ്കടമായി നിനവേക്കാർ അവനെ അനുയാത്ര ചെയ്തു. അവരിങ്ങനെ പറഞ്ഞു. 'സത്യത്തിന്റെ പ്രസംഗകനെ, തെറ്റിൽ നിന്നു ഞങ്ങളെ സത്യവഴിയിലേക്കു തിരിച്ചവനെ, സമാധാനത്തോടെ പോയാലും.'

അവനു സങ്കടമായി എന്നു പറഞ്ഞപ്പോഴേക്കും തിരുമേനിയുടെ തൊണ്ടയിടറി, കണ്ണു നിറഞ്ഞു. അദ്ദേഹം കരഞ്ഞു, കൂടെയിരുന്നവരും കരഞ്ഞു. മൂന്നു മണിക്കൂർ നേരം പ്രസംഗിച്ചാലും, ആ മൂന്നു മിനിട്ടു നേരത്തെ വിതുമ്പലിന്റെ ധ്യാന വിശുദ്ധി കിട്ടുമായിരുന്നില്ല.

'മക്കളെ, ഭയമില്ല. അകപ്പറമ്പിൽ നമുക്കൊരു പുരയിടമുണ്ട്. കിണറും കുഴിപ്പിച്ചിട്ടുണ്ട്, ഒരു ചെറിയ കെട്ടിടം വയ്ക്കണം, നാമവിടെ കഴിഞ്ഞു കൂടിക്കൊള്ളാം. എന്നാലും അസത്യത്തിനു നാം കൂട്ടു നിൽക്കയില്ല.'

1913 ൽ തുടങ്ങിയ വട്ടിപ്പണക്കേസ് തുടരുന്നതിനിടയിലാണ് 1917 ൽ മലങ്കര മെത്രപ്പൊലിത്താ മോർ കൂറിലോസ് കാലം ചെയ്തത്. സ്വാഭാവികമായും മലങ്കര മെത്രപ്പൊലിത്ത ആയി പിന്നീടു മോർ അത്താനാസിയോസ് തന്നെയായിരുന്നു. 1935 ൽ കരിങ്ങാച്ചിറ പള്ളിയിൽ ചേർന്ന അസോസിയേഷൻ യോഗത്തിൽ അദ്ദേഹം വീണ്ടും മലങ്കര മെത്രപ്പൊലിത്ത ആയി തെരഞ്ഞെടുക്കപ്പെട്ടു. കേസ് വാദിക്കാൻ അദ്ദേഹം ക്ഷണിച്ചതനുസരിച്ചാണ് സർ സി.പി രാമസ്വാമി അയ്യർ ആദ്യമായി കേരളത്തിൽ എത്തിയത്. സമുദായക്കേസ് തോറ്റ് ജയിലിൽ പോകേണ്ടിവന്നാൽ ജയിലിലേക്ക് ഒരു യാമനമസ്കാര പുസ്തകവും സങ്കീർത്തന പുസ്തകവും കൊണ്ടുപോകണമെന്നാണ് സഹായി മാത്തുവിനോട് വലിയ തിരുമേനി പറഞ്ഞിരുന്നത്.

'കർത്താവേ, എന്റെ ദിവസങ്ങളുടെ മധ്യത്തിൽ എന്നെ നീ എടുത്തുകളയരുതേ...' എന്ന സങ്കീർത്തനവാക്യം വായിക്കുമ്പോൾ തിരുമേനിയുടെ തൊണ്ടയിടറുന്നത് പലരും കണ്ടിട്ടിട്ടുണ്ട്. 'എന്റെ ബലം ക്ഷയിക്കുമ്പോൾ എന്നെ നീ കൈവിട്ടു കളയരുതേ' എന്ന വാക്യം വായിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ സജലങ്ങളാകുന്നതും പലരും കണ്ടിട്ടുണ്ട്. ഒടുവിൽ, കാഴ്ച നശിക്കും മുൻപുപോലും, ആലുവാ സെമിനാരിയുടെ ഏതെങ്കിലും മൂലയ്ക്ക് ചിതലിന്റെ ഒരംശം കണ്ടാൽ പോലും, അദ്ദേഹം തന്നെ തൂത്തുകളയുമായിരുന്നു; 'നാന്തകണ്ണിലേ അന്തം പായൂ' എന്ന പഴമൊഴി പറയുകയും ചെയ്യും

വലിയ തിരുമേനി ജനിച്ചത് അകപ്പറമ്പിലാണ്; അദ്ദേഹത്തിന്റെ മനസ്സിന്റെ അകപ്പറമ്പു നിറച്ചും കാരുണ്യവും ധ്യാനത്തിൽ കാച്ചിയെടുത്ത ആർദ്രതയുമായിരുന്നു. 'നിന്റെ കല്യാണവസ്ത്രം ഒരുക്കന്നതോടൊപ്പം നിന്റെ ശവസംസ്കാരത്തിനുള്ള വസ്ത്രവും ഒരുക്കുക' എന്ന സുറിയാനി ഗീതം പലവുരു ഉപദേശിച്ച അദ്ദേഹത്തിന്, മരണംപോലും ഒരു വിശുദ്ധധ്യാനമായിരുന്നു.



# 'വലിയ തിരുമേനി' എന്ന വലിയ മദ്ധ്യസ്ഥൻ

**പ്രൊഫ. ഡോ. സി.എ. നൈനാൻ, തിരുവനന്തപുരം**

## 1. ഒരു അനുഭവ സാക്ഷ്യം

ഞാൻ 57 വർഷങ്ങൾക്ക് മുമ്പ് ഒരു നേർച്ച നേർന്നു. ഈ കാര്യം ആദ്യമായാണ് പുറത്ത് പറയുന്നത്, അന്നു നേർച്ചയെപ്പറ്റി ശാസ്ത്രീയമായി ഒരറിവും ഇല്ലായിരുന്നു. ഈ നേർച്ച അന്നു വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലായിരുന്ന വിശുദ്ധനായ വലിയ തിരുമേനിയുടെ പേരിലായിരുന്നു.

തിരുമേനിയെ ആകെ ഒരേ ഒരു പ്രാവശ്യം മാത്രമെ ഞാൻ കണ്ടിട്ടുള്ളു. അതു കേവലം 10 മിനിട്ട് മാത്രം, ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥി ആയിരുന്ന കാലത്ത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം അന്നു കിട്ടിയിട്ടില്ല. ആലുവാ സെറ്റിൽമെന്റിൽ ബഹു. വി.സി. ഗീവർഗീസ് അച്ചന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ ക്ലാസ്സിൽ സംബന്ധിക്കുവാൻ എന്റെ പിതൃസഹോദരൻ ബഹു. സി.വി. ജോർജ്ജ് കോർഎപ്പിസ്കോപ്പയോടൊപ്പം പോയപ്പോൾ.

മേൽപ്പറഞ്ഞ നേർച്ച നേരുമ്പോൾ (1952) ബോട്ടണി M.Sc യ്ക്ക് ഒന്നാം ക്ലാസ്സിൽ ഒന്നാമനായി പാസ്സായി പാലാ സെന്റ് തോമസ് കോളേജിൽ ലെക്ച്ചറർ ആയി ആദ്യം ജോലിയിൽ പ്രവേശിച്ച സമയം, ശമ്പളം 150 രൂപാ പ്രതിമാസം.

ഇന്ത്യാ ഗവണ്മെന്റിന്റെ ദേശീയ തല ഗവേഷണ സ്കോളർഷിപ്പുകൾ ആദ്യമായി തുടങ്ങിയത് ഈ വർഷത്തിലാകുന്നു. കേരള സർവ്വകലാശാലയുടെ വിഹിതം കേവലം രണ്ടു സ്കോളർഷിപ്പുകൾ മാത്രം. ഒന്ന് ബോട്ടണിക്കും മറ്റതു ഫിസിക്സിനും, സ്കോളർഷിപ്പു തുക മാസം 200 രൂപ. അന്ന് കോളേജ് ലെക്ച്ചറർക്ക് കിട്ടുന്ന ശമ്പളം 125 രൂപ. പല അദ്ധ്യാപകരും ഇതിനപേക്ഷിക്കും. എനിക്കു കിട്ടാൻ സാദ്ധ്യത കുറവ്, ഏതായാലും ഞാനും അപേക്ഷിച്ചു. വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ. ഇതോടൊപ്പം ഒരു നേർച്ചയും നേർന്നു. ഗവേഷണ സ്കോളർഷിപ്പു കിട്ടി. ഡോക്ടർ ബിരുദം ലഭിച്ചാൽ വലിയ തിരുമേനി

ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥി ആയിരുന്ന കാലത്ത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം അന്നു കിട്ടിയിട്ടില്ല. ആലുവാ സെറ്റിൽമെന്റിൽ ബഹു. വി.സി. ഗീവർഗീസ് അച്ചന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ ക്ലാസ്സിൽ സംബന്ധിക്കുവാൻ എന്റെ പിതൃസഹോദരൻ ബഹു. സി.വി. ജോർജ്ജ് കോർഎപ്പിസ്കോപ്പയോടൊപ്പം പോയപ്പോൾ.

യുടെ മൂന്നു ഫോട്ടോകൾ ദിനപത്രത്തിൽ ഉപകാരസ്മരണയായി പ്രസിദ്ധീ കരിക്കും. സ്കോളർഷിപ്പു കിട്ടി. Ph.D യിൽ ഡിഗ്രിയും കിട്ടി. പക്ഷേ നേർച്ച നടപ്പാക്കിയില്ല, ഇതിന്റെ ഗൗരവത്തെപ്പറ്റി അന്ന് അത്ര അറിവും ഇല്ലായിരുന്നു. അതു മനസ്സിലായത് സങ്കീർത്തനം 76:11 എന്ന വേദഭാഗം വായിച്ചപ്പോൾ മാത്ര മാണ്. (നിങ്ങളുടെ ദൈവമായ യഹോവയ്ക്ക് നേരുകയും നിവർത്തിക്കുകയും ചെയ്‌വിൻ). അധികം താമസിയാതെ മൂന്നു ഫോട്ടോകളും കേരള ഭൂഷണം പത്രത്തിൽ പ്രസിദ്ധീകരിച്ചു.

വർഷങ്ങൾ കടന്നുപോയി. ഡോക്ടർ ബിരുദങ്ങളുടെ ഘോഷയാത്ര യായി. ജീവശാസ്ത്ര ത്തിൽ Ph.D, ദൈവശാസ്ത്രത്തിൽ D.D., Th.D. തുടർന്ന് Dlitt, ഇതിൽ Th.D. (Doctor of Theology) ലഭിച്ചത്. പ. പാത്രിയർക്കീസ് ബാവാ യിൽ നിന്നു തന്നെയാകുന്നു. DN4 To Divinity എന്ന എന്റെ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതും, ആവശ്യപ്പെടാതെ വീട്ടിൽ വന്നുകണ്ട് ധനസഹായം എത്തിച്ചതും പ്രൊഫ. എം.പി. വർഗീസ് (കോതമംഗലം) ആകുന്നു. ഇതിന്റെ ആദ്യകോപ്പി പ. യൽദോ ബസേലിയോസ് ബാവായുടെ കബറിടത്തിൽ സമർപ്പിക്കുകയും, ഈ പുസ്തകം ബാവായുടെ നാമത്തിൽ Dedicate ചെയ്യുകയും ചെയ്തു.

## 2. അനുഗ്രഹങ്ങളുടെ നാൾവഴികൾ

ഇത്തരുണത്തിൽ നന്ദിരേഖപ്പെടു ത്തുവാൻ ഉള്ളവരും നമ്മുടെ സഭയിലെ തിരുമേനിമാർ തന്നെ എനിക്കു D.D. (Doctor of Divinity) കിട്ടുവാൻ സഹായ മായി വന്നത്. വന്ദ്യ കടവിൽ അത്താനാസ്യോസ് പൗലോസ് തിരുമേനി യാകുന്നു അതും ചോദിക്കാതെ തന്നെ. അടിസ്ഥാനം എന്റെ മറ്റൊരു പുസ്തകം (Cell To Self). Degree ലഭിച്ചത് Swedan ലെ Christian Institute ൽ നിന്നും. ഈ തിരുമേനി സ്വന്തം Ph.D. എടുത്തത് കേരള യൂണിവേഴ്സിറ്റിയിൽ നിന്നായിരുന്നു. കോൺവൊക്കേഷന് ഗൗൺ, തൊപ്പി തുടങ്ങിയ ''അംശവസ്ത്ര ങ്ങൾ" അന്നു ധരിക്കണം. ഇവയെല്ലാം എന്റെ ഡിഗ്രി എടുക്കുവാൻ ഞാൻ സ്വന്തമായി തൈപ്പിച്ചിരുന്നു. ഇവ തിരുമേനിയെ ധരിപ്പിച്ചാണ് കോൺവൊക്കേ ഷന് ഞാൻ കൂടെപോയതും, തിരുമേനി ഡിഗ്രി എടുത്തതും.

വർഷങ്ങൾ കഴിഞ്ഞപ്പോൾ 'DNA വഴി ജീവാത്മാവിലേക്കു' എന്ന എന്റെ മലയാളം ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാഡമിയുടെ വൈജ്ഞാന സാഹിത്യ അവാർഡുകൾ ലഭിച്ചു. ഇതിനുവേണ്ടി പൊങ്ങുംമൂട് സെന്റ് മേരീസ് പള്ളിക്കാർ ശ്രേഷ്ഠ ബസേലിയോസ് തോമസ് കാതോലിക്കാ ബാവായെ വരുത്തി. വി. കുർബ്ബാന മദ്ധ്യേ പ. പാത്രിയർക്കീസ് ബാവായിൽ നിന്നുള്ള കമാൻഡർ പദവിയും കല്പിച്ചു തന്നു. ഇതിനു വർഷങ്ങൾ മുമ്പായി ശ്രേഷ്ഠ ബാവാ (അന്നു മെത്രാപ്പോലിത്ത) തന്നെ എന്റെ സഭാ പ്രസിദ്ധീകരണങ്ങളെ മുൻനിർത്തി ഷെവലിയാർ സ്ഥാനവും ലഭ്യമാക്കി. ഇതിനെല്ലാം ശ്രേഷ്ഠ ബാവായോടുള്ള കടപ്പാട് രേഖപ്പെടുത്തട്ടെ.

**വർഷങ്ങൾ കഴിഞ്ഞപ്പോൾ 'DNA വഴി ജീവാത്മാവിലേക്കു' എന്ന എന്റെ മലയാളം ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാഡമിയുടെ വൈജ്ഞാന സാഹിത്യ അവാർഡുകൾ ലഭിച്ചു. ഇതിനുവേണ്ടി പൊങ്ങുംമൂട് സെന്റ് മേരീസ് പള്ളിക്കാർ ശ്രേഷ്ഠ ബസേലിയോസ് തോമസ് കാതോലിക്കാ ബാവായെ വരുത്തി. വി. കുർബ്ബാന മദ്ധ്യേ പ. പാത്രിയർക്കീസ് ബാവായിൽ നിന്നുള്ള കമാൻഡർ പദവിയും കല്പിച്ചു തന്നു.**

എന്റെ മേൽനോട്ടത്തിൽ 13 പേർ (സഭയുടെ സംഖ്യ) ജീവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടിയിട്ടുണ്ട്. അതിൽ ഒന്നാമൻ നമ്മുടെ ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവയുടെ സഹോദരി പുത്രനാകുന്നു. മറ്റൊരാൾ ഒരു Jesuite വൈദികനും തന്നെ.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ പ. വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയുടെ ഫലമാകുന്നു എന്നു ഞാൻ വിശ്വസിക്കുകയും സാക്ഷ്യ

പ്പെടുത്തുകയും ചെയ്യുന്നു. അതിനുവേണ്ടി മാത്രമാണ് ഈ കാര്യങ്ങൾ ആദ്യമായി പരസ്യമാക്കുന്നത്.

## 3. നേർച്ചകളെപ്പറ്റി

ഇത്രയും നേരം സ്വന്തം അനുഭവസാക്ഷ്യം പറഞ്ഞു. പ. തിരുമേനിയുടെ മദ്ധ്യസ്ഥത വഴിയുള്ള അനുഗ്രഹങ്ങളുടെ നാൾ വഴിയായി മാത്രം ഇതു വായനക്കാർ കരുതുവാനപേക്ഷ. ഇനിയും നേർച്ചകളെപ്പറ്റി പൊതുവായി പറയട്ടെ. ഇതിനു വേദസാക്ഷ്യവും ഉണ്ട്. (ഉല്പ. 28)

ഗോത്രപിതാവായ യാക്കോബ് ദൈവത്തിന് ഒരു നേർച്ച നേർന്നു ചോദിച്ച കാര്യങ്ങൾ;

1. ദൈവം എന്നോടു കൂടെ ഇരിക്കണം 2. ഞാൻ പോകുന്ന യാത്രയിൽ എന്നെ കാക്കണം 3. ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും വേണം 4. എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കി വരുത്തണം. എങ്കിൽ; 1. യഹോവ എനിക്കു ദൈവമായിരിക്കും. 2. ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിന്റെ ആലയം ആകും. 3. നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും.

ഈ നേർച്ചയ്ക്കു മുമ്പായി താൻ തലയണയായി വച്ചിരുന്ന കല്ല് നാട്ടി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ച് ആ സ്ഥലത്തിനു ബഥേൽ (ദൈവത്തിന്റെ ഭവനം) എന്നു പേരും ഇട്ടു. കല്ല് (പാറ) ദൈവനാമ സൂചകമാകയാൽ ദൈവനാമ ത്തിലുള്ള തൈലാഭിഷേക സൂചനയാണിത്. നാമകരണം, ദശാംശം, നേർച്ച എന്നിവയുടെ സൂചനകളും ഇതിലുണ്ട്. അബ്രഹാമിന്റെ ചേലാ കർമ്മവും (മാമ്മോദീസായുടെ മുൻകുറി) പേരുമാറ്റവും മൽക്കിസദേക്കിന് അബ്രഹാം നൽകിയ ദശാംശവും ഇതിന്റെ മുൻകുറികൾ ആകുന്നു.

എന്നാൽ ദശാംശം ദൈവത്തിന്റെ അവകാശമായും അതു കൊടുക്കാത്തവർ ദൈവത്തെ തോല്പിക്കുന്നവനായും മലാഖി 3:7-10 വരെയുള്ള വേദഭാഗങ്ങളിൽ കാണാം. ദശാംശം കൊടുക്കാത്തവർ ദൈവത്തെ തോല്പിക്കുന്ന വനാകയാൽ ശാപഗ്രസ്തനും ആകുന്നു

## 4. ദശാംശം എന്ന അവകാശം

യാക്കോബിന്റെ ദശാംശ അവകാശം ഒരു നേർച്ചയായിരുന്നു. രാത്രിയിൽ സ്വർഗ്ഗംവരെ എത്തിയിരുന്ന കോവണിയുടെ അഗ്രത്തു താൻ സ്വപ്നത്തിൽ കയറുകയും തന്നോടു സംസാരിക്കുകയും ചെയ്ത യഹോവയ്ക്ക് നേർന്ന നേർച്ച. എന്നാൽ ദശാംശം ദൈവത്തിന്റെ അവകാശമായും അതു കൊടുക്കാത്തവർ ദൈവത്തെ തോല്പിക്കുന്നവനായും മലാഖി 3:7–10 വരെയുള്ള വേദഭാഗങ്ങളിൽ കാണാം. ദശാംശം കൊടുക്കാത്തവർ ദൈവത്തെ തോല്പ്പിക്കുന്ന വനാകയാൽ ശാപഗ്രസ്തനും ആകുന്നു എന്നും ദൈവം കല്പിക്കുന്നുണ്ട്. ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടു വരുന്നവൻ അനുഗൃഹീതനാകുന്നു. "ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളി വാതിലുകൾ തുറന്നു സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ" എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നും യഹോവ അരുളിച്ചെയ്യുന്നുണ്ട്. ദൈവത്തെ പരീക്ഷിപ്പാൻ അനുവാദമുള്ള ഏക സംഗതിയും ഇതാകുന്നു.

നേർച്ചകൾ നേരുക മാത്രം പോരാ, അവ നിവർത്തിക്കുകയും വേണം (സങ്കീ.76:11) അല്ല എങ്കിൽ അതു ദോഷം വരുത്തും. നേർച്ച നേർന്നിട്ടു മറന്നു പോയി അതു നിവർത്തിക്കാതിരിക്കുന്നതിന്റെ ദോഷവും വിട്ടുമാറാതെ പിന്തുടരുമെന്നും അറിഞ്ഞിരിക്കണം. നമ്മുടെ സഭാമക്കൾ ഒട്ടുമിക്കവരും നേർച്ചകൾ നേരുന്നവരാണെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. നേരുന്ന

നേർച്ചകൾ കഴിവതും വേഗം നിവർത്തിപ്പാൻ ശ്രദ്ധിക്കണം. മറന്നുപോയവ ഓർത്തു കണ്ടെത്തി പ്രായശ്ചിത്ത സഹിതം അർപ്പിക്കുകയും വേണം. പ്രായശ്ചിത്തം കൊടുക്കുന്നതിനുപോലും വേദസാക്ഷ്യം ഉണ്ട്. യഹോവയുടെ പെട്ടകം ഫെലിസ്ത്യർ പിടിച്ചടക്കി കൈവശം വച്ചതിന്റെ ദോഷമായി വന്നുചേർന്ന എലിയുടെയും, മൂലക്കുരുവിന്റെയും ഉപദ്രവം ഇവർ സ്വർണ്ണ പ്രതിമകൾ ഉണ്ടാക്കി പ്രായശ്ചിത്തം ചെയ്തതുമൂലം പരിഹരിക്കപ്പെട്ടു (1 ശമുവേൽ 6,7 അദ്ധ്യായങ്ങൾ). ഈ സ്വർണ്ണ പ്രതിമകളുടെ പിന്നിലുള്ളതു പ്രാണതല ജീവശാസ്ത്രമാകുന്നു. നവരത്നങ്ങൾ, സ്വർണ്ണം, വെള്ളി എന്നിവയുടെ തത്ത്വശാസ്ത്രവും വി. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നുണ്ട്. (വെളി. 21:17-27; പുറപ്പാട് 28:17-21).

## 5. നേർച്ചയും മദ്ധ്യസ്ഥതയും

നമ്മുടെ പുരാതന ദൈവാലയങ്ങളിലെയും സ്വർണ്ണ, വെള്ളി എന്നിവകൾ കൊണ്ടുള്ള ആൾരൂപം, പാമ്പും പുറ്റും തുടങ്ങിയ നേർച്ചാ സംവിധാനങ്ങൾ ഉണ്ടായിരുന്നു. ഇപ്പോഴും ചില പള്ളികളിൽ ഇവ ഉണ്ട്. അസുഖങ്ങൾ മാറാനായി സ്വർണ്ണ-വെള്ളി ആൾരൂപങ്ങൾ, കണ്ണ് തുടങ്ങിയ അവയവ രൂപങ്ങൾ എന്നിവ നേരുന്നവരും ഉണ്ട്. ഇതിന്റെ പിന്നിലുമുണ്ട് പ്രാണശംസം. പുതുപ്പള്ളി, മണർകാട് തുടങ്ങിയ പഴയ പള്ളികളിൽ പൊന്നിൻ കുരിശുകളും, കാസാ, പീലാസ തുടങ്ങിയ പൂജാ പാത്രങ്ങളും ഉണ്ട്. സ്വർണ്ണം ദൈവിക ജീവ പ്രതീകമാകുന്നു. ഇപ്പോൾ പൊന്ന് പോയി സ്റ്റീൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇതുപോലെ  തന്നെ വിശ്വാസ സംരക്ഷണവും നവീകരണവും വഴി തരം താഴ്ത്തിയിട്ടുണ്ട്. നെബ്ക്കദ്നേസറിന്റെ സ്വപ്നത്തിൽ കണ്ട പ്രതിമ പോലെ തല മുതൽ താഴോട്ടു തന്നെയുള്ള തരം താഴൽ ക്രമം ബിംബത്തിന്റെ തല-തങ്കം, നെഞ്ചു-വെള്ളി, വയറും അരയും-താമ്രം, തുട-ഇരുമ്പ്, കാൽ-ഇരുമ്പും കളിമണ്ണും ചേർന്നത്. കൈതൊടാതെ ഒരു കല്ലുവന്നു ബിംബത്തേ കാലിൽ അടിച്ചുതകർത്തു (ദാനി.2)

യഹോവയുടെ പെട്ടകം ഫെലിസ്ത്യർ പിടിച്ചടക്കി കൈവശം വച്ചതിന്റെ ദോഷമായി വന്നുചേർന്ന എലിയുടെയും, മൂലക്കുരുവിന്റെയും ഉപദ്രവം ഇവർ സ്വർണ്ണ പ്രതിമകൾ ഉണ്ടാക്കി പ്രായശ്ചിത്തം ചെയ്തതുമൂലം പരിഹരിക്കപ്പെട്ടു. സ്വർണ്ണം ദൈവിക ജീവ പ്രതീകമാകുന്നു. ഇപ്പോൾ പൊന്ന് പോയി സ്റ്റീൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇതുപോലെ തന്നെ വിശ്വാസ സംരക്ഷണവും നവീകരണവും വഴി തരം താഴ്ത്തിയിട്ടുണ്ട്.

## 6. സത്യവിശ്വാസ സംരക്ഷണം

അന്ത്യകാലം വരുമ്പോൾ ഭൂമിക്കു നാശം ഉണ്ടാകയും, ലോകം അന്യായത്തിന്റെ മാലിന്യത്താൽ കേഴുകയും ശുശ്രൂഷകളും ബലികളും നീങ്ങിപ്പോകുമെന്നും, ദ്രവ്യാഗ്രഹം ഏറുകയും ജനം അന്യോന്യം കലഹിച്ച് നാശം വിതയ്ക്കുമെന്നും നമ്മുടെ പ്രാർത്ഥനകൾ വഴി പ. സുറിയാനി സഭാ പിതാക്കന്മാർ നമ്മെ അറിയിച്ചിട്ടുണ്ട്. സത്യവിശ്വാസത്തിനു നാനാതരത്തിൽ ശോഷണം വന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഇവ ഏറ്റവും ബാധിക്കുന്നത് നമ്മുടെ പാരമ്പര്യങ്ങളെയും സത്യവിശ്വാസത്തേയും തന്നെ ആകുന്നു എന്നും നാം അറിയണം. ഉള്ളവന് മാത്രമേ നഷ്ടം വരികയുള്ളൂ.

ശ്ലീഹായിക്കുള്ളതും, കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ പാലിച്ചു നമുക്ക് ഏല്പിച്ചു തന്ന പരിശുദ്ധ പിതാവാണ് വലിയ തിരുമേനി. ഈ വിശ്വാസത്തിലും, ആചരണത്തിലും നാം വ്യതിയാനങ്ങൾ വരുത്തുമ്പോൾ “വലിയ തിരുമേനി ഉണ്ടായിരുന്നെങ്കിൽ'' എന്ന് ഉറക്കെ ചിന്തിക്കുവാൻ നാം ബാദ്ധ്യസ്ഥരാകുന്നു. തിരുമേനിയുടെ ദിവ്യസാന്നിദ്ധ്യം നമ്മിൽ നിന്നും അകന്നുമാറാവുന്ന യാതൊന്നും നമുക്കുവേണ്ട.

തങ്കത്തേക്കാൾ കാമ്യവും, ജീവശാസ്ത്ര നിബിഡമായ ദൈവശാസ്ത്ര സത്യങ്ങളും നിറഞ്ഞ നമ്മുടെ അതിവിശുദ്ധ വിശ്വാസവും (യൂദാ 20)

വിശേഷതയേറിയ ശുശ്രൂഷകളും (എബ്രാ. 8:6) വഴി വേണം വി. സഭാമക്കൾ ആത്മീയ വർദ്ധന വരുത്തുവാൻ. ഉപരിവിപ്ലവങ്ങളായ വൈകാരിക അനുഭൂതികളല്ല നാം കാംക്ഷിക്കേണ്ടത്. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭാരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസം സംരക്ഷിപ്പാനും അതിനുവേണ്ടി പോരാടുവാനും വി. ശ്ലീഹായും (യൂദാ 3) നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. നമ്മുടെ സത്യവിശ്വാസം നിലവാരതാഴ്ച കൂടാതെയും, കലർപ്പുകൾ വരാതെയും സംരക്ഷിക്കുവാനും, വരും തലമുറകളിലേക്കും അതേപടി പകരുവാൻ തക്കവണ്ണം നിലനിർത്തുവാനും വലിയ തിരുമേനിയുടെ അദൃശ്യ സാമീപ്യവും, സംരക്ഷണവും നമുക്കു ലഭിക്കുവാനും അവിടുത്തെ പ്രാർത്ഥന എന്നും സമുക്കു കോട്ടയായിരിപ്പാനും നമുക്കു പ്രാർത്ഥിക്കാം. പ. തിരുമേനിയുടെ നാമത്തിൽ വളർന്ന ഒരു വലിയ സ്ഥാപനമാണ് കോതമംഗലം എൻജിനിയറിംഗ് കോളേജും, മാർ അത്തനേഷ്യസ് കോളേജും, മറ്റും പുത്തൻകുരിശിലുള്ള പുതിയ ദൈവാലയം എന്നതും പരിശുദ്ധന്റെ ഓർമ്മയെ നിലനിർത്തും. ഈ ദൈവാലയം സ്ഥാപിച്ച ശ്രേഷ്ഠ കാതോലിക്കാ ബാവയെ പ്രത്യേകം ഓർക്കയും, പ്രാർത്ഥിക്കയും വേണം. വലിയ തിരുമേനിയെപ്പറ്റിയുള്ള പുസ്തകം പ്രസിദ്ധീകരിപ്പാനും ശ്രേഷ്ഠ ബാവയാണ് മുൻകൈ എടുത്തതും എന്നുള്ളതും പ്രത്യേകം ഓർക്കാം. പ. അത്താനാസ്യോസ് തിരുമേനിയുടെ നാമത്തിൽ പുതിയ സ്ഥാപനങ്ങൾ ഇനിയും നമുക്കുണ്ടാകണം. അതിനുവേണ്ടിയും ശ്രമിക്കാം.

**സത്യവിശ്വാസത്തിനു നാനാതരത്തിൽ ശോഷണം വന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഇവ ഏറ്റവും ബാധിക്കുന്നത് നമ്മുടെ പാരമ്പര്യങ്ങളെയും സത്യവിശ്വാസത്തേയും തന്നെ ആകുന്നു എന്നും നാം അറിയണം. ഉള്ളവന് മാത്രമേ നഷ്ടം വരികയുള്ളൂ.**



***ആലുവാ തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയിൽ സ്ഥിതി ചെയ്യുന്ന പ. വലിയ തിരുമേനിയുടെ വിശുദ്ധ കബറിടവും, തൃക്കുന്നത്ത് സെമിനാരിയിൽ പ. പിതാവ് ഉപയോഗിച്ചിരുന്ന കട്ടിലും***



# ജീവിത വിശുദ്ധിയുടെ പ്രതീകം

## ക്നാനായ ഭദ്രാസന ഇടവകയുടെ കാലം ചെയ്ത എബ്രഹാം മോർ ക്ലീമിസ് വലിയ മെത്രപ്പൊലിത്തായാൽ എഴുതപ്പെട്ടത്

**ആ**ലുവ തൃക്കുന്നത്തു സെമിനാരി - അതെ ആ ആശ്രമം - അവിടെ ഭാഗ്യമോടെ ജീവിച്ചുപോന്ന യോഗിവര്യനായ വലിയ തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യംകൊണ്ട് ആരെയും ആവേശം കൊള്ളിക്കുന്ന ഒരു അപൂർവ്വ ദൃശ്യമായിരുന്നു. അവിടം സന്ദർശിച്ച് പുണ്യശ്ലോകനായ തിരുമേനിയെ കാണുവാനോ, തിരുമേനിയിൽ നിന്ന് കേൾക്കുവാനോ ലഭിക്കുന്ന അവസരം മലങ്കര സഭാമക്കൾക്ക് ഒരു സായൂജ്യം തന്നെയായിരുന്നു. ഒരു കാലത്ത് മലങ്കര സുറിയാനി സഭ, തിരുമേനിയേയും തിരുമേനി, വി. സഭയേയും മുഴുവനായി ഉൾക്കൊണ്ടിരുന്നുവെന്നു പറയാം. തിരുമേനിയുടെ പാണ്ഡിത്യമോ, പ്രസംഗധോരണിയൊ ബുദ്ധി സാമർത്ഥ്യമോ ഇവമാത്രമല്ലായിരുന്നു അതിന് കാരണം. അതിലെല്ലാമുപരിയായി തിരുമേനിയിൽ ജനം ദർശിച്ച ദിവ്യത്വം, തിരുമേനിയിൽ ഉളവായ വിശ്വാസസ്ഥിരത, തിരുമേനിയിൽ ഉൾക്കൊണ്ടിരുന്ന നിഷ്കളങ്കത, തിരുമേനിയുടെ ഉദാത്തമായ അന്ത്യോഖ്യാസിംഹാസനഭക്തി, തിരുമേനിയുടെ ആരാധനകളിലെ സ്വർഗ്ഗീയാനുഭൂതി, തിരുമുഖശോഭ, സംസാര സ്ഫുടത - ഇവയെല്ലാം തിരുമേനിക്ക് ജനഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്ത സ്വഭാവ സവിശേഷതകളായിരുന്നു. തിരുമേനിയെ അടുത്തറിയുന്നവർ ആരും ഒരിക്കലും വിസ്മരിക്കുവാനാത്തവിധത്തിലുള്ള ഒരു ബന്ധത്തിൽ വരുമായിരുന്നു.

ഞാൻ റാന്നി സ്വദേശിയാണ്. കടുത്ത അന്ത്യോഖ്യാഭക്തനായിരുന്ന എന്റെ പിതാവ് ഉപരിപഠനത്തിനായി എന്നെ ആലുവ തൃക്കുന്നത് സെമിനാരിയിൽ താമസിച്ച് ആലുവ സെന്റ് മേരീസ് ഹൈസ്കൂളിൽ പഠിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു. എന്റെ പിതാവിന്റെ പ്രധാന ലക്ഷ്യം, എന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനോടൊപ്പം അഭിവന്ദ്യനായ വലിയ തിരുമേനിയുടെ അരമനയിൽ താമസിച്ചു നേരായ വിശ്വാസവും ഭക്തി ജീവിതവും തിരുമേനിയിൽ

തിരുമേനിയുടെ പാണ്ഡിത്യമോ, പ്രസംഗധോരണിയൊ ബുദ്ധി സാമർത്ഥ്യമോ ഇവമാത്രമല്ലായിരുന്നു അതിന് കാരണം. അതിലെല്ലാമുപരിയായി തിരുമേനിയിൽ ജനം ദർശിച്ച ദിവ്യത്വം, തിരുമേനിയിൽ ഉളവായ വിശ്വാസസ്ഥിരത, തിരുമേനിയിൽ ഉൾക്കൊണ്ടിരുന്ന നിഷ്കളങ്കത, തിരുമേനിയുടെ ഉദാത്തമായ അന്ത്യോഖ്യാസിംഹാസനഭക്തി, തിരുമേനിയുടെ ആരാധനകളിലെ സ്വർഗ്ഗീയാനുഭൂതി, തിരുമുഖശോഭ, സംസാര സ്ഫുടത - ഇവയെല്ലാം തിരുമേനിക്ക് ജനഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്ത സ്വഭാവ സവിശേഷതകളായിരുന്നു.

നിന്നും വേണ്ട വിധം മനസ്സിലാക്കി പഠിക്കണമെന്നതിനും കൂടിയായിരുന്നു.

മൂന്നുവർഷം ഞാൻ ആലുവ സെമിനാരിയിൽ താമസിച്ച് പഠിച്ചു. അക്കാലത്ത് എനിക്ക് വന്ദ്യ തിരുമേനിയിൽ നിന്ന് അസുലഭമായ ഒട്ടനേകം അനുഭവങ്ങളാണുണ്ടായിട്ടുള്ളത്. തിരുമേനിയുടെ കൂടെയുള്ള എന്റെ മൂന്നു വർഷത്തെ താമസം എനിക്കു ലഭിച്ച ഒരു മഹാഭാഗ്യമായി ഞാൻ ഇന്നും വിശ്വസിച്ചു പോരുന്നു. കൊച്ചു 'ശെമ്മാശ്ശൻ' എന്നു വിളിക്കപ്പെട്ടുപോന്ന എന്റെ നേർക്ക് വന്ദ്യതിരുമേനിക്ക് അതിരറ്റ വാത്സ്യല്യമാണുണ്ടായിരുന്നത്. പിതൃനിർവ്വിശേഷമായ കൊച്ചു "ശെമ്മാശ്ശാ" എന്ന ആ വിളി കേൾക്കുവാൻ ഞാൻ പലപ്പോഴും കാതോർത്ത് ഇരിക്കുമായിരുന്നു.

അവിടുത്തെ പ്രാർത്ഥനകൾ ഭക്തിനിർഭരവും ഹൃദയം നൊന്തുകൊണ്ടുള്ളതുമായിരുന്നു. കോതമംഗലം ബ: ഇട്ടിരമൽപ്പാനച്ചന്റെ കീഴിൽ അനേകം ശെമ്മാശ്ശന്മാർ സെമിനാരിയിൽ സുറിയാനി പഠിച്ചിരുന്നു. അവിടെ താമസിച്ച് വൈദികപഠനം നടത്തിയിട്ടുള്ളവരെയെല്ലാം തന്നെ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളോടും അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ യാക്കോബായ സഭയോടും വലിയ തിരുമേനിയോടും നിഷ്കളങ്കത കൂറ് പുലർത്തി അകമഴിഞ്ഞ ഭക്തി ജീവിതം ജീവിതകാലം മുഴുവൻ നിലനിർത്തിപ്പോന്നവരായിരുന്നു. ബലഹീനനായ എനിക്കും ആ ഭാഗ്യം കുറെയൊക്കെ അനുഭവിക്കുവാനുള്ള അവസരം ആലുവായിലെ താമസക്കാലത്ത് ലഭിച്ചുവെന്നതു പ്രസ്താവയോഗ്യമാണ്.

ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ഞാൻ അഭിവന്ദ്യ തിരുമേനിയോട് യാത്ര പറഞ്ഞു പോന്നപ്പോൾ തിരുമേനി കല്പിച്ചത് "താനൊരു മെത്രാൻ ആകും" എന്നാണ്.

പിന്നീട് എന്നെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ ഈ പഴയകാര്യങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു വന്ദ്യതിരുമേനി ഒരു ആശീർവാദ കല്പന സസ്നേഹം അയച്ചിരുന്നതും ഞാൻ ഇന്നും ഓർക്കുന്നു.

ബലഹീനനായ എനിക്ക് മെത്രാൻ സ്ഥാനം കല്പിച്ചു നൽകിയ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ വന്ദ്യനായ വലിയ തിരുമേനിയോട് അങ്ങേയറ്റം താത്പര്യവും ബഹുമാനവുമുള്ള ഒരു പിതാവായിരുന്നു. ആലുവായിലെ എന്റെ താമസകാലത്തെപ്പറ്റിയെല്ലാം പരി. പിതാവ് എന്നോട്, കല്പിച്ചു ചോദിക്കുകയുണ്ടായി. 1951 ൽ ഞാൻ മെത്രാൻ സ്ഥാനമേറ്റ് മലങ്കരയിലേക്ക് തിരുച്ചുവന്നപ്പോൾ ആദ്യമായി ആലുവ സെമിനാരിയിൽ എത്തി അഭിവന്ദ്യനായ തിരുമേനിയെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചതിനു ശേഷമാണ് ചിങ്ങവനത്ത് വന്നെത്തിയത്.

**ക്രൈസ്തവരും അക്രൈസ്തവരുമായി അനേകം സന്ദർശകർ സെമിനാരിയാൽ സദാ വന്നുപോകുമായിരുന്നു. ആരുമായും എന്തിനെപ്പറ്റിയെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണെങ്കിലും യാമപ്രാർത്തനകൾക്ക് മണിയടിച്ചാലുടൻ സംസാരം നിർത്തി പ്രാർത്ഥനയക്ക് ഒരുങ്ങുന്ന കാഴ്ച ഇന്നെന്ന പോലെ എന്റെ ഓർമ്മയിൽ നിലനിൽക്കുന്നു.**

ആലുവായിലെ താമസക്കാലത്ത് മറക്കാനാവാത്ത പല അനുഭവങ്ങളും പഠിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ക്രൈസ്തവരും അക്രൈസ്തവരുമായി അനേകം സന്ദർശകർ സെമിനാരിയാൽ സദാ വന്നുപോകുമായിരുന്നു. ആരുമായും എന്തിനെപ്പറ്റിയെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണെങ്കിലും യാമപ്രാർത്തനകൾക്ക് മണിയടിച്ചാലുടൻ സംസാരം നിർത്തി പ്രാർത്ഥനയക്ക് ഒരുങ്ങുന്ന കാഴ്ച ഇന്നെന്നപോലെ എന്റെ ഓർമ്മയിൽ നിലനിൽക്കുന്നു.

ഒരിക്കൽ അഭിവന്ദ്യനായ പുത്തൻകാവ് പീലക്സിനോസ് തിരുമേനി (ഓർത്തഡോക്സ് മെത്രാൻ) ആലുവ സെമിനാരിയിൽ വന്ന സംഭവം ഓർക്കുന്നു. ആ തിരുമേനി വരുന്നവിവരം നേരത്തെ അറിയിച്ചിരുന്നു. വലിയ തിരുമേനി എന്നെ വിളിച്ച് ആ തിരുമേനിയെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ചു. ഞാൻ നല്ല അഭിപ്രായമാണ് പറഞ്ഞത്. പക്ഷേ, തിരുമേനിയിൽ നിന്നും ഒരു പ്രതികരണവുമുണ്ടായി

ല്ല. നിശ്ചിത സമയത്തു തന്നെ അദ്ദേഹം വന്നു. വിശാലമായ സെമിനാരി ഹാളിന്റെ മദ്ധ്യത്തിൽ ഒരുക്കിയിട്ടിരുന്ന സ്ഥാനത്ത് അദ്ദേഹമിരുന്നു. സമീപത്തു തന്നെ വലിയ തിരുമേനിയും ഇരുന്നു. സഭാ വിഭാഗങ്ങൾ തമ്മിൽ യോജിക്കുന്നതിനെപ്പറ്റി മാർ പീലക്സിനോസ് തിരുമേനി ദീർഘമായി സംസാരിച്ചു. വളരെ ആകർഷകവും, ബോദ്ധ്യം വരുത്തുന്ന രൂപത്തിലുള്ളതുമായിരുന്നു സംസാരം.

അന്നവിടെ സന്നിഹിതരായിരുന്ന പ്രമുഖരും പ്രശസ്തരുമായിരുന്നവരെല്ലാം വലിയ തിരുമേനിയുടെ മറുപടി കേൾക്കുവാൻ ശ്രദ്ധാലുക്കളായിരുന്നു.

തിരുമേനി ഒറ്റ വാക്യത്തിൽ തന്റെ സംഭാഷണമവസാനിപ്പിച്ചു. ഞാൻ ഈ മലങ്കര യാക്കോബായ സഭയിലെ ഒരു മെത്രപ്പൊലിത്താ മാത്രമാണെന്നും, പരമോന്നതമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് എന്തെങ്കിലും വാദിക്കുന്നതിന് ഞാൻ ഒരുകാലത്തും ശക്തനല്ലെന്നും, പ. സിംഹാസനത്തിൽ നിന്നുള്ള അപ്പോസ്തോലിക കല്പനകൾ അനുസരിക്കുന്നവൻ മാത്രമാണെന്നും തന്നോട് പറഞ്ഞ കാര്യങ്ങളെല്ലാം അവിടെ അറിയിച്ച് അനുവാദകല്പന കിട്ടിയാൽ താൻ അത് അനുസരിച്ചു കൊള്ളാമെന്നുമായിരുന്നു മറുപടി.

വിഭവ സമൃദ്ധമായ ഒരു കാപ്പി സൽക്കാരവും നടക്കുകയുണ്ടായി. അതിഥി യാത്ര പറഞ്ഞു സ്ഥലം വിട്ടു. വലിയ തിരുമേനി പ്രാർത്ഥിക്കുവാൻ പള്ളിയിലേക്കും പോയി.

വന്ദ്യതിരുമേനിയുടെ കൂടെ ചിലപ്പോഴൊക്കെ പള്ളിസന്ദർശനത്തിന് ഞാനും പോകുമായിരുന്നു. ആ സന്ദർഭങ്ങളിലൊക്കെ വി. സഭയിലെ ശുശ്രൂഷകളുടെ മഹത്തരമായ ഭക്തി എന്നിൽ അവശേഷിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ എന്റെ പിതാവിന്റെ ഹിതമനുസരിച്ചു തന്നെ ആലുവ സെമിനാരിവാസം എന്നെ ഒരു ഉറച്ച അന്ത്യോഖ്യാ ഭക്തനാക്കിത്തീർത്തു എന്നു തുറന്നു പറയുവാൻ എനിക്കൊരു മടിയുമില്ല. ഞാനതു പലപ്പോഴും പ്രസംഗങ്ങളിൽ എടുത്തു പറയാറുമുണ്ട്. വന്ദ്യതിരുമേനി പ്രസംഗത്തിലും, സംസാരത്തിലും മറ്റും പലപ്പോഴും പറയാറുണ്ട്, "മക്കളേ, ഞാൻ ഈ അന്ത്യോഖ്യാ വിശ്വാസത്തിൽ ജനിച്ചു വളർന്നവനാണ്, അതിൽത്തന്നെ ഞാൻ മരിക്കുകയും ചെയ്യും"

മലങ്കര മെത്രപ്പൊലിത്തയായി നിയോഗിക്കപ്പെട്ടതു മുതൽ തിരുമേനിക്ക് സമുദായ കേസുകാര്യങ്ങളിൽ പ്രമുഖമായ പങ്കു വഹിക്കേണ്ടതായി വന്നു. അതങ്ങു നീണ്ടു പോകുകയും ചെയ്തു. ഒരിക്കൽ കേസിന്റെ ആവശ്യത്തിന് പണത്തിന്റെ ബുദ്ധിമുട്ട് തിരുമേനിയെ വല്ലാതെ വിഷമിപ്പിച്ചു. ഏതായാലും കോട്ടയത്തുകാർ എന്തെങ്കിലും തരുമെന്ന പ്രതീക്ഷയിൽ മുന്നറിയിപ്പ് നൽകി ഒരു ദിവസം കോട്ടയം സിംഹാസനപ്പള്ളിയിൽ തിരുമേനി എഴുന്നള്ളുന്നുവെന്നറിഞ്ഞ് വളരെയധികം ആളുകൾ അന്ന് പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു. വി. കുർബാന മദ്ധ്യേ നടത്തിയ പ്രസംഗത്തിനിടയിൽ തിരുമേനി പണത്തെപ്പറ്റി സൂചിപ്പിച്ചത്, ഇത്ര മാത്രമാണ്. "മക്കളേ നമ്മുടെ സമുദായക്കേസിന് കുറെ പണം വേണം" തിരുമേനിയുടെ കണ്ണുകൾ നനഞ്ഞു; തൊണ്ടയിടറി പ്രസംഗമവസാനിച്ചു. എന്തുണ്ടായിയെന്നോ? തിരുമേനി പ്രതീക്ഷിച്ചതിലും ഉപരിയായ തുകയാണ് അന്ന് അവിടെനിന്നും തിരുമേനിക്ക് ലഭിച്ചത്. തിരുമേനിയുടെ അനുഗ്രഹാശിസ്സുകൾ ആ ഭക്തരുടെ മേൽ വർഷിച്ച് തിരുമേനി മടങ്ങിപ്പോന്നു.

ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനുഭവങ്ങളും സംഭവങ്ങളും അഭിവന്ദ്യനായ വലിയ തിരുമേനിയെപ്പറ്റി പറയുവാൻ സാധിക്കും. വിസ്താരഭയത്താൽ ചുരുക്കുന്നു.

**മലങ്കര മെത്രപ്പൊലിത്തയായി നിയോഗിക്കപ്പെട്ടതു മുതൽ തിരുമേനിക്ക് സമുദായ കേസുകാര്യങ്ങളിൽ പ്രമുഖമായ പങ്കു വഹിക്കേണ്ടതായി വന്നു. അതങ്ങു നീണ്ടു പോകുകയും ചെയ്തു. ഒരിക്കൽ കേസിന്റെ ആവശ്യത്തിന് പണത്തിന്റെ ബുദ്ധിമുട്ട് തിരുമേനിയെ വല്ലാതെ വിഷമിപ്പിച്ചു.**



# വലിയ തിരുമേനിയും ആലുവ സെമിനാരിയും

**പീറ്റർ വേലംപറമ്പിൽ കോർഎപ്പിസ്കോപ്പ**

**ഫീ**ലിപ്പോസിന്റെ കൂടെ നടന്നു വരുന്ന നഥാനിയേലിനെ നോക്കി കർത്താവു പറഞ്ഞു 'ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല'. നീ എന്നെ എവിടെ വച്ചാണറിയുന്നത് എന്നുള്ള ഫീലിപ്പോസിന്റെ ചോദ്യത്തിന് 'നിന്നെ ഫീലിപ്പോസ് വിളിക്കുന്നതിന് മുമ്പ് നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു' എന്നായിരുന്നു കർത്താവിന്റെ മറുപടി. 1869 ജനുവരി 23-ന് അകപ്പറമ്പ് ഇടവകയിൽ പൈനാടത്ത് കുറ്റിക്കാട്ടിൽ കുടുംബത്തിൽ ഭൂജാതനായ വലിയ തിരുമേനി മാതൃ ഗർഭത്തിൽ വച്ചു തന്നെ വിളിച്ചുവേർതിരിക്കപ്പെട്ടിരുന്നു. താപസന്മാരിൽ താപസനും ഭക്തന്മാരിൽ അദ്വിതിയനുമായിരുന്ന പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയിൽനിന്നും, പിന്നീട് മലങ്കര മെത്രാപ്പോലിത്തയായിത്തീർന്ന കൊച്ചുപറമ്പിൽ കൂറിലോസ് തിരുമേനിയോടൊപ്പം റമ്പാൻ സ്ഥാനം സ്വീകരിച്ചതോടെ വലിയ തിരുമേനി കൊച്ചുപൗലോസ് റമ്പാൻ എന്ന ശ്രവണമധുരമായ പേരിൽ വിളിക്കപ്പെട്ടുവന്നു.


കോട്ടയം പഴയ സമിനാരിയിൽനിന്നും അങ്കമാലി പള്ളിയിലേക്കുവന്ന് അവിടെ ചുരുങ്ങിയ ദിവസങ്ങൾ താമസിച്ചെങ്കിലും പിന്നീട് ആലുവ പള്ളിയിൽ വന്നു താമസമായി. വലിയ തിരുമേനിയുടെ ആലുവ പള്ളിയും സെമിനാരിയുമായുള്ള ബന്ധം അക്കാലം മുതലേ ആരംഭിച്ചു. ഓലമേഞ്ഞ പള്ളിയും സെമിനാരി കെട്ടിടത്തിന്റെ വടക്കുവശത്തു മതിലിനോട് ചേർന്നു കാണുന്ന അഴിയിട്ട ചെറുകെട്ടിടവും അല്ലാതെ മറ്റൊന്നും അന്ന് അവിടെ ഉണ്ടായിരുന്നില്ല. ആലുവായിലെ താമസക്കാലത്ത് ഒരിക്കൽ വടക്കൻ പറവൂർ പള്ളിയിലേക്ക് ക്ഷണിക്കപ്പെട്ട കൊച്ചുപൗലോസ് റമ്പാൻ മടങ്ങിപ്പോരുമ്പോൾ പാരിതോഷികമായി ലഭിച്ച സംഖ്യയിൽ നിന്ന് സ്വന്ത ആവശ്യത്തിന് ഒരു പൈസപോലും എടുക്കാതെ ഗുരുദക്ഷിണയായി ആലുവ പള്ളി പണിക്കു കല്ലു വെട്ടിക്കാൻ കാണിയ്ക്കവെയ്ക്കുകയാണ് ചെയ്തത്. ഇതിവിടെ അനുസ്മരിച്ചത് ആലുവ

ആലുവായിലെ താമസക്കാലത്ത് ഒരിക്കൽ വടക്കൻ പറവൂർ പള്ളിയിലേക്ക് ക്ഷണിക്കപ്പെട്ട കൊച്ചുപൗലോസ് റമ്പാൻ മടങ്ങിപ്പോരുമ്പോൾ പാരിതോഷികമായി ലഭിച്ച സംഖ്യയിൽ നിന്ന് സ്വന്ത ആവശ്യത്തിന് ഒരു പൈസപോലും എടുക്കാതെ ഗുരുദക്ഷിണയായി ആലുവ പള്ളിപണിക്കു കല്ലു വെട്ടിക്കാൻ കാണിയ്ക്കവെയ്ക്കുകയാണ് ചെയ്തത്.

പള്ളിയും സെമിനാരിയും എങ്ങനെ ഉണ്ടായി എന്ന് ഓർമ്മപ്പെടുത്തുവാനാണ്. പ. പിതാവിനെ മെത്രാപ്പോലിത്ത സ്ഥാനത്തേക്കു തെരഞ്ഞെടുത്ത 1909 ചിങ്ങം 15-ലെ അങ്കമാലി ഭദ്രാസന പള്ളിപ്രതി പുരുഷയോഗം പ. അബ്ദുള്ള പാത്രിയർക്കീസ് ബാവായ്ക്കു സമർപ്പിച്ച അപേക്ഷയിൽനിന്നും പ.വലിയ തിരുമേനി ആലുവ പള്ളിക്കും സെമിനാരി നിർമ്മാണത്തിനും വഹിച്ച പങ്ക് വ്യക്തമാക്കുന്നതാണ്. 'പരേതനായ മാർ കൂറിലോസ് തിരുമേനിയുടെ ശിഷ്യനായ കൊച്ചുപൗലോസ് റമ്പാൻ ദൈവികമായ തീക്ഷ്ണതയോടെ ഒരു ഭിക്ഷക്കാരനെപ്പോലെ പള്ളികളിൽ സഞ്ചരിച്ച് വളരെ പ്രയാസപ്പെട്ടു പണം പിരിച്ചു സെമിനാരി കെട്ടിടത്തിന്റെ പണിമിക്കവാറും പൂർത്തിയാക്കി'. അദ്ദേഹം വിശ്വാസ വൈരാഗ്യമുള്ളവനും, പരിശ്രമശീലനം, ദൈവഭക്തനും, സ്വാഭാവശുദ്ധിയുള്ളവനുമാകുന്നു. പിതൃസ്വത്തിന്റെ മുഴുവൻ വിഹിതവും വാങ്ങി അത് ആലുവ സെമിനാരിയ്ക്ക് മുതൽക്കൂട്ടിയ തിരുമേനി കല്പിച്ചത് 'എന്റെ കുടുംബാംഗങ്ങളും മറ്റും ചിലപ്പോൾ ഇവിടെ വന്നു താമസിക്കും. അവരുടെ ഭക്ഷണച്ചെലവിനും മറ്റും ഈ വിഹിതം കൂടിയെതീരൂ' എന്നാണ്. (ആലുവായിലെ വലിയ തിരുമേനി പേജ് 21, 111) തങ്ങളാണ് യഥാർത്ഥ അകവാശികൾ എന്ന് വീമ്പിളക്കുന്ന കുടുയേറ്റക്കാരായ വേദവിപരീതികൾ വിരിച്ചതിനുമീതെ കിടക്കുന്നവരും വിതക്കാത്തിടത്തു നിന്ന് കൊയ്തെടുത്ത് ഉദരപൂരണം നടത്തുന്ന വരുമാണല്ലോ. ഈ സത്യം ഇക്കൂട്ടർ മനസ്സിലാക്കിയിരുന്നെങ്കിൽ !!

**'അത്തിവൃക്ഷം തളിർക്കയില്ല മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവു വൃക്ഷത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യാഹോവയിൽ ആനന്ദിക്കും' (ഹബക്കൂക്ക് 3:17) ഹബക്കൂക്ക് എന്ന വാക്കിന്റെ അർത്ഥം കെട്ടിപ്പിടിക്കുന്നവൻ അഥവാ മുറുകെ പിടിക്കുന്നവൻ എന്നത്രേ.**

'അത്തിവൃക്ഷം തളിർക്കയില്ല മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല, ഒലിവു വൃക്ഷത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യാഹോവയിൽ ആനന്ദിക്കും' (ഹബക്കൂക്ക് 3:17) ഹബക്കൂക്ക് എന്നവാക്കിന്റെ അർത്ഥം കെട്ടിപ്പിടിക്കുന്നവൻ അഥവാ മുറുകെ പിടിക്കുന്നവൻ എന്നത്രേ. പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായ അവസരങ്ങളിലെല്ലാം അടിപതറാതെ, ചഞ്ചലചിത്തനാകാതെ ഹബക്കൂക്കിനെപ്പോലെ യഹോവയെ മുറുകെ പിടിച്ചു മുന്നേറിയ പിതാവ് 1943-ൽ സമുദായ ക്കേസിൽ മെത്രാൻ കക്ഷികൾക്കനുകൂലമായ വിധിയുണ്ടായപ്പോൾ പ്രതികരിച്ചതെങ്ങനെയെന്ന് അദ്ദേഹത്തിന്റെ ആശ്രിതവത്സലനായിരുന്ന മാത്തുവിന്റെ ഒരു വിശദീകരണത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. '........അവർ നമ്മെ അപമാനിക്കാൻ വേണ്ടി കോടതി ചെലവവിനും നമുക്കു വാറണ്ടുവക്കും. വാറണ്ടുവച്ചാൽ നമുക്കു ജയിലിൽ പോകണം. നമ്മുടെ യാമനമസ്ക്കാര പുസ്തകവും, ഒരു സങ്കീർത്തന പുസ്തകവും കൂടെ കൊണ്ടുപോകണം. മാത്തുവും കൂടെ നമ്മുടെ കൂടെ വരണം'. (സ്തുതി ചൊവ്വാക്കപ്പെട്ട വി. സഭയുടെ ചരിത്രം)



സത്യവിശ്വാസ സംരക്ഷണത്തെ പ്രതി വേണ്ടിവന്നാൽ ജയിൽവാസം പോലും അനുഭവിക്കാൻ ശരീരാത്മ മനസ്സുകളെ ഒരുക്കിയ വിശ്വാസ ധീരനായ പിതാവിന് 'വിശ്വാസസംരക്ഷകൻ' എന്ന പേര് എത്രയോ അന്വർത്ഥമായിരിക്കുന്നു.



# വലിയ തിരുമേനിയുടെ ജീവിതം ഈ തലമുറയ്ക്ക് അനുകരണീയം

**ഫാ. ജേക്കബ്ബ് മീഖായേൽ പുല്ല്യാട്ടേൽ**

മലബാറിലെ ആദ്യത്തെ ദൈവാലയമായ മലങ്കരക്കുന്ന് പള്ളി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയതും ബഹുമാനപ്പെട്ട വൈദികരെ അയച്ചതും സത്യവിശ്വാസ സംരക്ഷകൻ പരി. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയാണ്. വലിയ തിരുമേനിയുടെ നാമത്തിൽ സുൽത്താൻ ബത്തേരി പള്ളിയിൽ 1960 കളിൽ കുടുംബ യോഗങ്ങൾ നടത്തിയിരുന്നു.


സത്യവിശ്വാസ സംരക്ഷകൻ എന്നറിയപ്പെട്ടിരുന്ന ആലുവായിലെ വലിയ തിരുമേനി, പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷിക്കുവാൻ യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾക്ക് സാധിക്കുന്നത് വലിയ ദൈവാനുഗ്രഹമാണ്.

പരി. അന്തോഖ്യാ സിംഹാസനത്തോട് മറുതലിച്ച് വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മോർ ദിവന്ന്യാസ് മെത്രാപ്പോലീത്തായും കൂട്ടരും, സഭാമക്കളെ പീഡിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ സത്യവിശ്വാസത്തിൽ നിലനിർത്തുവാൻ അഹോരാത്രം പ്രവർത്തിച്ചത് വലിയ തിരുമേനിയായിരുന്നു.

പരി. പൗലോസ് മോർ അത്താനാസിയോസ് പിതാവിന്റെ ഇമ്പകരമായ സ്വർഗ്ഗീയ ആരാധന, കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന, ആരേയും അതിശയിപ്പിക്കുന്ന പരി. അന്തോഖ്യ സിംഹാസനത്തോടുള്ള ഭക്തിയും വിധേയത്വവും, യാമനമസ്കാരങ്ങളിലുള്ള നിഷ്കർഷത, ഉപവാസം, ദാനധർമ്മങ്ങൾ, സഭയോടുള്ള അകൈതവമായ സ്നേഹം എന്നീ ഗുണങ്ങൾ ഈ തലമുറയ്ക്ക് അനുകരണീയമാണ്. ആലുവായിലെ വലിയ തിരുമേനിയുടെ ഈ ഗുണങ്ങൾ നമ്മുടെ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായിൽ കൂടി ഇന്നത്തെ തലമുറക്ക് ദർശിക്കുവാൻ കഴിയും.

മലബാറിലെ ആദ്യത്തെ ദൈവാലയമായ മലങ്കരക്കുന്ന് പള്ളി സ്ഥാപിക്കുന്നതിന് അനുവാദം നൽകിയതും ബഹുമാനപ്പെട്ട വൈദികരെ അയച്ചതും സത്യവിശ്വാസ സംരക്ഷകൻ പരി. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയാണ്. വലിയ തിരുമേനിയുടെ നാമത്തിൽ സുൽത്താൻ ബത്തേരി പള്ളിയിൽ 1960 കളിൽ കുടുംബ യോഗങ്ങൾ നടത്തിയിരുന്നു. ചീങ്ങേരി പള്ളിയിലെ കുടുംബയൂണിറ്റുകളിൽ ഒന്ന് ആലുവായിലെ വലിയ തിരുമേനിയുടെ പേരിലാണ്. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപനകനായ വലിയ തിരുമേനിയുടെ നാമത്തിലാണ് അയ്യംകൊല്ലിയിൽ പണി കഴിപ്പിച്ച നീലഗിരി ജില്ല എം. ജെ. എസ്. എസ്. എ. ആസ്ഥാന മന്ദിരം.

വലിയ തിരുമേനി കാണിച്ചു തന്ന സത്യവിശ്വാസ പാതയിൽ ചരിച്ചുകൊണ്ട് സഭയെ ധന്യമാക്കുവാൻ ഏവർക്കും സാധിക്കട്ടെ. പരി. പിതാവിന്റെ മധ്യസ്ഥത നമുക്ക് കോട്ടയായി തീരട്ടെ.



# സത്യവിശ്വാസത്തിന്റെ കാവൽഭടൻ

**കാലം ചെയ്ത പുണ്യശ്ലോകനായ ഗീവർഗീസ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത രചിച്ചത്**

അതിലളിതമായ ജീവിതവും പരിപാവനമായ ജീവിത നിഷ്ഠയും കൊണ്ട് ധന്യമാക്കപ്പെട്ട ആ പുണ്യ ജീവിതം ആചാരത്വത്തിനും പ്രധാനചാര്യത്വത്തിനും മഹാ മാതൃക തന്നെ. പുണ്യചരിത്രമായ വലിയ തിരുമേനിയുടെ കാലഘട്ടത്തിൽ ജീവിച്ചവരുടെ പിൻ തലമുറകളായി ജീവിച്ചിരിക്കുന്നവരുമായ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ആദരവിന്റെയും അതിലേറെ ഭക്തിയുടേയും അനുഭൂതികൾ അലയടിക്കുന്നു.

ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ് പരിശുദ്ധാത്മ പ്രചോദിതനായി കർത്തൃ സന്നിധിയിൽ ഏറ്റു പറഞ്ഞ വിശ്വാസമാകുന്ന 'പാറമേൽ' മശിഹാ സ്ഥാപിച്ച സഭയുടെ വിശ്വാസ സത്യങ്ങളേയും ശ്ലൈഹിക പാരമ്പര്യങ്ങളേയും രക്ഷാകരമായ വി. കൂദാശകളുടെ അനുഷ്ഠാനങ്ങളേയും വിശുദ്ധ പിതാക്കന്മാർ അപ്പോസ്തോലിക കാലം മുതൽ നിലനിർത്തി വരുന്ന നമ്മുടെ പരിശുദ്ധ പൈതൃക പാരമ്പര്യങ്ങളേയും അണുവിട വ്യത്യാസപ്പെടുത്താതെ കാത്തു പരിരക്ഷിച്ച്, തന്നെ ഭരമേല്പിച്ച മശിഹായുടെ അജഗണത്തെ സംശുദ്ധിയോടും അതിലേറെ ഉത്തരവാദിത്വത്തോടും പരിപാലിച്ച് സത്യമാർഗ്ഗത്തിലും സത്യവിശ്വാസത്തിലും നിലനിർത്തിയ കർമ്മധീരനും പുണ്യധനനുമായ 'സത്യവിശ്വാസസംരക്ഷക'നായിരുന്നു ആലുവായിലെ വലിയ തിരുമേനി.

അതിലളിതമായ ജീവിതവും പരിപാവനമായ ജീവിത നിഷ്ഠയും കൊണ്ട് ധന്യമാക്കപ്പെട്ട ആ പുണ്യ ജീവിതം ആചാരത്വത്തിനും പ്രധാനചാര്യത്വത്തിനും മഹാ മാതൃക തന്നെ. പുണ്യചരിത്രമായ വലിയ തിരുമേനിയുടെ കാലഘട്ടത്തിൽ ജീവിച്ചവരുടെ പിൻതലമുറകളായി ജീവിച്ചിരിക്കുന്നവരുമായ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ആദരവിന്റെയും അതിലേറെ ഭക്തിയുടേയും അനുഭൂതികൾ അലയടിക്കുന്നു.

പുണ്യപിതാവിന്റെ ആരാധനകളും കർമ്മാനുഷ്ഠാനങ്ങളും സ്വർഗ്ഗീയാനുഭൂതിയും മാലാഖമാർക്കടുത്ത ശബ്ദമാധുരിയും കിന്നര സദൃശമായ ഗാന സൗഭഗതയും ആ തലമുറയിലെ സമസ്ത ആരാധനകരുടേയും അന്തരാളത്തിൽ കോൾമയിർ ഉയിർക്കുന്നവയായിരുന്നു.

ജീവിച്ചിരിന്നപ്പോഴും മരണാനന്തരവും അവിടുത്തെ ദിവ്യമദ്ധ്യസ്ഥ വഴിയായി അനേകായിരങ്ങൾ അനുഗൃഹീതരായി തീർന്നിരുന്നു.തീർന്നുകൊണ്ടിരുന്നു. തിരുവായ്മൊഴിഞ്ഞും തൃക്കൈവെച്ചും, സഭാ മക്കളേയും അന്യജാതി

മതസ്ഥരേയും അവിടുന്നു അനുഗ്രഹിച്ച് അത്ഭുതകരമായ കൃപാദാനങ്ങളാൽ സംതൃപ്തരാക്കുന്നു.

സഭാന്തരീക്ഷം കൊടുങ്കാറ്റും കൊള്ളിയാൻ മിന്നലുകളും ഇടിമുഴക്കവും കൊണ്ട് പ്രക്ഷുബ്ധമായിരുന്ന കാലഘട്ടത്തിൽ വി. സഭാനൗകയെ കണ്ണീരോടെ പ്രാർത്ഥിച്ചും ഉപവസിച്ചും അതിലേറെ ദൈവാശ്രയത്തിൽ ശരണപ്പെട്ടും ഏകനായി നയിച്ചു. പ്രതിസന്ധികളും ഗുരുതരമായ മനഃക്ലേശങ്ങളും അവിടുത്തെ ജീവിത സരണികളെ വലയം ചെയ്യുമ്പോഴെല്ലാം സമചിത്തതയോടും ദൈവാശ്രയത്തോടും കൂടി ആ പുണ്യവാൻ അവയെല്ലാം അതിജീവിച്ചു.

അവിടുത്തെ സന്നിധിയിൽ തിരുമനസ്സിന് പ്രയാസമുളവാക്കിയിട്ടുള്ളവർക്ക് ലഭിച്ച കടുത്ത ശിക്ഷകൾ അസംഖ്യമാണ്. വിശ്വാസപൂർവ്വം ആദരവോടെ തിരുസന്നിധിയിൽ അഭയപ്പെടുന്നവർക്ക് കൃപാദാനങ്ങളും നൽവരങ്ങളും ലഭിച്ചതും അസംഖ്യമാണ്


ബലഹീനനായ എന്നെ ഏഴുവയസ്സിൽ ദൈവവേലയ്ക്കായി കൈപിടിച്ചു കയറ്റിയത് ആ പുണ്യവാനാണെന്ന് എനിക്ക് അഭിമാനപൂർവ്വം ആദരവോടെ സ്മരിക്കാം. തൃക്കോതമംഗലം ശർബീൽ ദയറാപ്പള്ളിയിൽ എന്റെ പുണ്യപിതാവായ 'മീഖായേൽ മോർ ദിവന്നാസ്യോസ്' തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ദൈവിക ശുശ്രൂഷയ്ക്കായി കൈവച്ച് സ്ഥാനം നൽകി അനുഗ്രഹിച്ചു.

കാലാകാലങ്ങളിലെ തലമുറകളിൽ ആ പുണ്യനാമം ആദരവോടെ സ്മരിക്കപ്പെടട്ടെ.

അവിടുത്തെ സന്നിധിയിൽ തിരുമനസ്സിന് പ്രയാസമുളവാക്കിയിട്ടുള്ളവർക്ക് ലഭിച്ച കടുത്ത ശിക്ഷകൾ അസംഖ്യമാണ്. വിശ്വാസപൂർവ്വം ആദരവോടെ തിരുസന്നിധിയിൽ അഭയപ്പെടുന്നവർക്ക് കൃപാദാനങ്ങളും നൽവരങ്ങളും ലഭിച്ചതും അസംഖ്യമാണ്



*പ. വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന ശ്രേഷ്ഠ ബാവായുടെയും മെത്രാപ്പോലിത്തന്മാരുടെയും സാന്നിധ്യത്തിൽ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത വായിക്കുന്നു*



# സ്നേഹത്തിന്റെ പ്രധാനാചാര്യൻ

**ഏബ്രഹാം തരിയൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, സൗത്ത് ഇന്ത്യൻ ബാങ്ക്**

കണ്ടറിയുവാൻ ഭാഗ്യമുണ്ടായില്ലെങ്കിലും പ. വലിയ തിരുമേനി എന്ന് മലങ്കരസഭ മുഴുവൻ അറിയപ്പെടുന്ന പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയെക്കുറിച്ച് വളരെയധികം കേട്ടറിയാനും വായിച്ചറിയാനും എനിക്ക് സാധിച്ചിട്ടുണ്ട്.

ഞങ്ങളുടെ കുടുംബവും തിരുമേനിയുടെ കുടുംബവും അടുത്തടുത്ത രണ്ടു ഗ്രാമങ്ങളിൽ നിന്നാണ് ഉടലെടുത്തത്. ഇപ്പോൾ കൊച്ചിൻ എയർപോർട്ട് ഇരിയ്ക്കുന്ന ഭൂപ്രദേശത്ത് ആയിരുന്ന ഞങ്ങളുടെ കുടുംബം പിൽകാലത്ത് ആഴകം പ്രദേശത്തേക്ക് മാറിത്താമസിക്കുകയായിരുന്നു.

എന്റെ പിതാവിന്റെ (യശശരീരനായ കെ.വി. തരിയൻ കോർഎപ്പിസ് കോപ്പ)കോറൂയോയ പട്ടം, വിവാഹം എല്ലാം നടത്തിയത് പ. വലിയ തിരുമേനി യായിരുന്നു. എന്റെ പിതാവ് പ. തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിക്ക പ്പെട്ട നെടുമ്പാശ്ശേരി മാർ അത്തനേഷ്യസ് ഹൈസ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റ റായി 29 വർഷം സേവനം ചെയ്ത വൈദിക ശ്രേഷ്ഠനായിരുന്നു. ഞാൻ പഠി ച്ചത് ആ സ്കൂളിൽ തന്നെ. എന്റെ ഓർമ്മയിൽ ഞാൻ പങ്കെടുത്തിരുന്ന പെരുന്നാ ൾ (വലിയ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ) ആലുവാ സെന്റ് മേരീസ് പള്ളിയിൽ ആയിരുന്നു. നെടുമ്പാശ്ശേരി സ്കൂളിൽ നിന്ന് തലേ ദിവസം കാൽനടയായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന ഈ യാത്രയിൽ ഞാനും പങ്കെടുത്തിരുന്നു.

പ. വലിയ തിരുമേനിയുടെ സെക്രട്ടറിയായി വളരെക്കാലം സേവനം അനുഷ്ഠിച്ചിരുന്ന കോച്ചേരിൽ അച്ചൻ എന്റെ മാതൃഇടവകയായ ആഴകം പള്ളിയിൽ ദീർഘകാലം വികാരിയായും അതിന് ശേഷം മരണംവരെയും ആ പള്ളിയിൽ സ്ഥിരം കുർബ്ബാനയിൽ സംബന്ധിച്ചിരുന്ന വന്ദ്യാദേഹവുമായിരുന്നു. ബഹുമാനപ്പെട്ട കോച്ചേരിൽ അച്ചൻ പ. വലിയ തിരുമേനിയുമായുള്ള

ദീർഘകാല ബന്ധത്തിലുണ്ടായ അനുഭവങ്ങൾ പലപ്പോഴും എന്റെ പിതാവിനോട് പങ്കുവയ്ക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

എന്റെ പിതാമഹനും പിതാവും പ. വലിയതിരുമേനിയെ വളരെ ഭയഭക്തിയോടെ മാത്രമെ ചിത്രീകരിച്ചിട്ടുള്ളു. അങ്ങനെ ചെറുപ്പംമുതലെ പ.വലിയതിരുമേനയേക്കുറിച്ചുള്ള ഒരു നല്ല ചിത്രം എന്റെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്. എല്ലാവരാലും സ്നേഹിക്കപ്പെടുകയും ബഹുമാനിയ്ക്കപ്പെടുകയും ചെയ്ത ഒരു പുണ്യപുരുഷനായിരുന്നു പ. വലിയ തിരുമേനി.

കുശാഗ്രബുദ്ധി, കഴിവുറ്റ ഭരണ കർത്താവ്, കറയറ്റ മനുഷ്യസ്നേഹി, പ്രാർത്ഥനയിൽ അർപ്പിച്ച ജീവിതം ഇതെല്ലാമായിരുന്നു തിരുമേനിയുടെ മുഖമുദ്രകൾ. ഇന്ന് സഭയിൽ നിലനില്കുന്ന മിക്ക പ്രസ്ഥാനങ്ങൾക്കും മലങ്കര സിറിയൻ സണ്ടേസ്കൂൾ അസോസിയേഷൻ, മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥിസംഘം, പൗരസ്ത്യ സുവിശേഷസമാജം, ഇവയെല്ലാം അതിൽ ചിലത് മാത്രം. 1898 ൽ പ.പരുമല തിരുമേനിയിൽ നിന്ന് പരുമലപ്പള്ളിയിൽവച്ച് കശ്ശീശാപട്ടവും, റമ്പാൻ സ്ഥാനവും, 1910 ൽ പ. അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്ന് അകപ്പറമ്പ് പള്ളിയിൽവച്ച് മെത്രാൻ സ്ഥാനവും ലഭിച്ച ഈ പുണ്യാത്മാവിന് 1932 ൽ മലങ്കര സഭാദർശനവേളയിൽ മഞ്ഞനിക്കരിയിൽവച്ച് കാലം ചെയ്ത പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബറടക്കത്തിൽ പ്രധാന കാർമ്മികനാകുവാനുമുള്ള ഭാഗ്യം സിദ്ധിച്ചു.

**തന്റെ സഭാ ഭരണകാലത്തിൽ മുഖ്യഭാഗവും വ്യവഹാരത്തിൽ മുങ്ങിയ വേളയിൽ സമാധാനത്തിനായി നിലകൊണ്ടിരുന്ന തിരുമേനി, അന്ന് എതിർ കക്ഷിയിൽ നിന്നിരുന്ന തിരുമേനിമാരായും, സമുദായപ്രമുഖന്മാരുമായും നല്ലബന്ധം നിലനിർത്തിയിരുന്നു. സഹപാഠിയായ മനോരമ പത്രാധിപരാ യിരുന്ന കെ.സി.മാമൻ മാപ്പിളയുമായി സഭാകാര്യങ്ങളിൽ രണ്ടു ധ്രുവങ്ങളിലാ യിരുന്നുവെങ്കിലും വളരെ നല്ല ബന്ധം നിലനിർത്തി.**


തന്റെ സഭാ ഭരണകാലത്തിൽ മുഖ്യഭാഗവും വ്യവഹാരത്തിൽ മുങ്ങിയ വേളയിൽ സമാധാനത്തിനായി നിലകൊണ്ടിരുന്ന തിരുമേനി, അന്ന് എതിർ കക്ഷിയിൽ നിന്നിരുന്ന തിരുമേനിമാരായും, സമുദായപ്രമുഖന്മാരുമായും നല്ലബന്ധം നിലനിർത്തിയിരുന്നു. സഹപാഠിയും മനോരമയുടെ മുഖ്യ പത്രാധിപരുമായിരുന്ന കെ.സി.മാമൻ മാപ്പിളയുമായി സഭാകാര്യങ്ങളിൽ രണ്ടു ധ്രുവങ്ങളിലായിരുന്നുവെങ്കിലും വളരെ നല്ല ബന്ധം നിലനിർത്തി.

സമുദായക്കേസിൽ പാത്രിയർക്കീസ് കക്ഷിക്കുവേണ്ടി അക്കാലത്ത് വാദം നടത്താൻ മദ്രാസിൽ നിന്നും വന്ന സർ സി.പി. രാമസ്വാമി അയ്യരാണ്. പിൽകാലത്ത് തിരുവിതാംകൂർ ദിവാനായി വന്ന സർ സി.പി., വിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിർക്കിസു ബാവ ഇൻഡ്യാ സന്ദർശനത്തിന് കറാച്ചി വഴി ഇൻഡ്യയിൽ എത്തിയപ്പോൾ ബോംബെയിൽ എത്തി ബാവായെ സ്വീകരിക്കുകയും, ഇൻഡ്യാ വൈസ്രോയി, മദ്രാസ് ഗവർണർ മുതലായ അന്നത്തെ മഹൽവ്യക്തികളെ ബാവ ഒരുമിച്ച് സന്ദർശിക്കുകയും ചെയ്തു.

ചെറിയവരെയും വലിയവരെയും ഒരേപോലെ സ്നേഹത്തോടെ സ്വീകരിച്ച ബാവ എന്നും ലളിത ജീവിതം നയിച്ചിരുന്ന ഒരാളായിരുന്നു. വലിയ തിരുമേനി കാലം ചെയ്തപ്പോൾ മനോരമ മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതി "ആചാര്യന്മാർക്ക് യോജിച്ച നിഷ്ക്കളങ്കമായ ഭക്തിയും സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു തിരുമേനിയുടെ പ്രധാന ഗുണങ്ങൾ''

ശെമ്മാശന്മാരെയും വൈദീകരെയും വേണ്ടുംവിധം പരിശീലനം ചെയ്യുന്നതിനും യേഗ്യതയുള്ളവരെ മാത്രം വൈദീകരാക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചു. വലിയ തിരുമേനി സഭയുടെ അനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും മരണംവരെയും ഉയർത്തിപ്പിടിച്ചു.

തിരുമേനിയുടെ മദ്ധ്യസ്ഥത എന്നാളും നമുക്ക് കൊട്ടയാകട്ടെ.



# ഞാൻ തൊട്ടറിഞ്ഞ ആലുവായിലെ പരിശുദ്ധ വലിയതിരുമേനി

**ഫാ. വർഗീസ് കല്ലാപ്പാറ**

1953 ജനുവരി 25 ഒരു പ്രവൃത്തി ദിവസം എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഒരു ചെറു വിദ്യാർത്ഥിയായിരുന്നു ഞാൻ. കിഴക്കമ്പലം സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ എട്ടാംക്ലാസ്സിലെ ഏറ്റവും ചെറിയ കുട്ടിയും മോനിട്ടറുമായ തിനാൽ ഒന്നാം സീറ്റ് സ്വന്തം. ക്ലാസ്സ് തുടങ്ങിയപ്പോൾ മുൻവശത്തെ പള്ളിക്കര - ആലുവാ റോഡിലൂടെ ചീറിപ്പാഞ്ഞുപോകുന്ന ഒരു അനൗൺസ്മെന്റ് വാഹനത്തിൽനിന്നും വന്ന ഒരു ശോകഗാനവും തുടർന്നുള്ള താഴ്ന്ന ശബ്ദത്തിൽ പുറത്തുവന്ന അനൗൺസ്മെന്റും റോഡിനോടുചേർന്നുള്ള ക്ലാസ്സ് മുറിയിൽ അലയടിച്ചു ''ആലുവായിലെ വലിയ തിരുമേനി കാലം ചെയ്തു".

ഈ പ്രഖ്യാപനം എന്നെ വല്ലാതെ വേദനിപ്പിച്ചു. ഹെഡ്മാസ്റ്റർ അച്ചൻ ഇംഗ്ലീഷ് ക്ലാസ്സെടുക്കുന്നു. എന്റെ ചിന്ത അഞ്ചുകൊല്ലം മുമ്പ് താമരച്ചാൽ സെന്റ് മേരീസ് പള്ളിയിൽ വച്ചും തേർഡ്ഫോറത്തിൽ (ഇന്നത്തെ ഏഴാം ക്ലാസ്) സ്കോളർഷിപ്പു പരീക്ഷയെഴുതാൻ ആലുവായിലെത്തി സിറിയൻ ഹോസ്പിറ്റലിൽ താമസിക്കുമ്പോൾ ഒരാഴ്ചക്കാലം തൃക്കുന്നത്തു പള്ളിയിൽ സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുക്കുമ്പോഴും മുഖാമുഖം കണ്ട് ആദരിച്ചു ബഹുമാനിച്ച് പരിശുദ്ധ വലിയ തിരുമേനിയിലുമായത് ഹെഡ്മാസ്റ്ററച്ചൻ ശ്രദ്ധിച്ചു. എന്നെ സ്നേഹിക്കുന്ന അദ്ധ്യാപകനച്ചൻ വിവരം തിരക്കി എന്നെ ആശ്വസിപ്പിച്ചത് ഇന്നും ഓർക്കും.

1953 ജനുവരി 26ന് രാവിലെ തന്നെ ഞാൻ എന്റെ മാതാപിതാക്കളും സഹോദരങ്ങളുമൊത്ത് ആലുവായ്ക്ക് നടന്നു. പത്തുമണിക്ക് തൃക്കുന്നത്തു പള്ളിയിലെത്തി കസേരയിൽ പടിഞ്ഞാറോട്ടഭിമുഖമായി അംശവസ്ത്രം ധരിപ്പിച്ച് കസേരയിലിരിക്കുന്ന പ. തിരുമേനിയുടെ ചലനമറ്റതെങ്കിലും പാവനമായ തൃക്കൈയ്യിൽ പിടിപ്പിച്ചിരിക്കുന്ന സ്ലീബാ മുത്തി വിതുമ്പിക്കരഞ്ഞുപ്രാർത്ഥിച്ചു. അവിടെവച്ച് വൈദികനാകാനുള്ള താമരച്ചാൽ പള്ളിയിൽ വച്ച് പ. പിതാ

1953 ജനുവരി 26ന് രാവിലെ തന്നെ ഞാൻ എന്റെ മാതാപിതാക്കളും സഹോദരങ്ങളുമൊത്ത് ആലുവായ്ക്ക് നടന്നു. പത്തുമണിക്ക് തൃക്കുന്നത്തു പള്ളിയിലെത്തി കസേരയിൽ പടിഞ്ഞാറോട്ടഭിമുഖമായി അംശവസ്ത്രം ധരിപ്പിച്ച് കസേരയിലിരിക്കുന്ന പ. തിരുമേനിയുടെ ചലനമറ്റതെങ്കിലും പാവനമായ തൃക്കൈയ്യിൽ പിടിപ്പിച്ചിരിക്കുന്ന സ്ലീബാമുത്തി വിതുമ്പിക്കരഞ്ഞു പ്രാർത്ഥിച്ചു.

വിനെ ആദ്യമായി കണ്ടമാത്രയിലെടുത്ത തീരുമാനം പുതുക്കി.

അന്നും പ. പിതാവിന്റെ നാല്പതാംദിന അടിയന്തിരത്തിനും ഉണ്ടായ തിക്കുംതിരക്കും മറ്റൊരിക്കലും ആലുവായിൽ ഉണ്ടായിട്ടില്ല. ക്രൈസ്തവർ മാത്രമല്ല, അക്രൈസ്തവരും ജീവിച്ചിരിക്കുമ്പോൾതന്നെ പരിശുദ്ധനായി അംഗീകരിച്ചതാണ് ഈ തിരക്കിനും ഈ കൂട്ടത്തിനും കാരണം.

1958 മുതൽ 1968 വരെ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ചു പരിശുദ്ധ വലിയ തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥിക്കാനും അനുഗ്രഹം പ്രാപിക്കാനും ഇടയായതാണ് എന്നെ ഇന്നത്തെ ഞാനാക്കിയത്.

പരിശുദ്ധ വലിയ തിരുമേനി എന്നെ പൗലോസ് മാർ അത്താനാസ്യോസ് പിതാവിന്റെ കിടപ്പുമുറിയോടു ചേർന്നുള്ള ഒരു കൊച്ചുമുറിയിൽ പത്തുവർഷക്കാലം തൃക്കുന്നത്തു സെമിനാരിയിൽ താമസിക്കാൻ ഭാഗ്യംസിദ്ധിച്ചത് എന്നെ വളരെ ഭക്തിയുള്ളവനും, വിശ്വാസതീക്ഷ്ണതാവീരനുമാക്കി ത്തീർത്തു; സഭാസ്നേഹംകൊണ്ട് ജീവൻ പണയംവച്ചും പൊരുതുന്നു.

പ. വലിയ തിരുമേനിയുടെ ആചാരാനുഷ്ഠാനങ്ങളിലും വിശ്വാസ തീക്ഷ്ണതയിലും ആരാധനാ പ്രാർത്ഥനാജീവിതത്തിലും വേഷവിധാനശുദ്ധിയിലും സ്ഫുടമായ വായനയിലും മാനസാന്തരം ഉളവാക്കുന്ന ഭക്തിനിർഭരമായ വി. ശുശ്രൂഷകളിലും വി. കുർബ്ബാനയിലും ആകൃഷ്ടരായതാണ് ഇന്നത്തെ സഭയുടെ സുതാര്യമായ നിലനില്പിനാധാരമായ വിശ്വാസികളുടെ സമൂഹം.

**കാറിലും കോളിളക്കത്തിലും പ്രതിസന്ധിയിലും തളരാതെയും വാടാതെയും കൊഴിയാതേയും നശിക്കാതെയും നിലനിർത്തുന്നത് പ. വലിയതിരുമേനിയുടെ വാടാത്ത ശോഭയുള്ള പരിശുദ്ധാത്മ പ്രേരിതമായ പ്രാർത്ഥനയാണെന്ന് സാക്ഷ്യപ്പെടുത്താൻ മറന്നാൽ പാപമാകും.**

കാറിലും കോളിളക്കത്തിലും പ്രതിസന്ധിയിലും തളരാതെയും വാടാതെയും കൊഴിയാതേയും നശിക്കാതെയും നിലനിർത്തുന്നത് പ. വലിയതിരുമേനിയുടെ വാടാത്ത ശോഭയുള്ള പരിശുദ്ധാത്മ പ്രേരിതമായ പ്രാർത്ഥനയാണെന്ന് സാക്ഷ്യപ്പെടുത്താൻ മറന്നാൽ പാപമാകും.

യോജിച്ച സഭയിൽ വൈദികനായ എന്റെ പട്ടത്വശുശ്രൂഷ ആരംഭിക്കുന്നത് പരിശുദ്ധന്റെ മാതൃദൈവാലയമായ അകപ്പറമ്പു മാർ ശാബോർ അഫ്രോത്ത് കത്തീഡ്രലിൽനിന്നുമാണ്. 1968 ജൂലൈ ഒന്നിനാണ് വൈദികവേലയ്ക്കാരംഭം കുറിക്കുന്നത്. പരിശുദ്ധന്റെ ഇടവക പള്ളിയിൽനിന്നാരംഭിച്ച ദൈവിക ശുശ്രൂഷ 71-ാം വയസിലും തുടരാൻ ആയുസും ആരോഗ്യവും പരിശുദ്ധാത്മ നൽവരവും ലഭിക്കാൻ പരിശുദ്ധ വലിയതിരുമേനിയുടെ വിശുദ്ധജീവിതം വഴികാട്ടിയാകുന്നു.

പരിശുദ്ധൻ സ്ഥാപിച്ച സെന്റ് ജോൺസ് ചാപ്പൽ സ്വന്തം നാട്ടിലും കുടുംബതറവാടിനടുത്തും അകപ്പറമ്പു കത്തീഡ്രൽ ഇടവകാതിർത്തിയിലുള്ള നായത്തോടുകരയിലും നെടുമ്പാശേരി എയർപോർട്ടിനടുത്തുമാണ്.

പരിശുദ്ധ പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി വർഷാചാരണസമാപനം നാം ആലുവാ തൃക്കുന്നത്തു പള്ളിയിലും കബറിടത്തിലും നടക്കാനാവാതെ വേദനിപ്പിക്കുന്ന ഓർത്തഡോക്സ് സഭയോടു ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നതോടൊപ്പം 34 വർഷമായി പൂട്ടിയതുമൂലം ആരാധാനയും സഭ സഭയുടെ ആചാരപ്രകാരമുള്ള ധൂപപ്രാർത്ഥനയും ദിവസവും നടത്താൻ അവകാശികളായ യാക്കോബായ സഭയ്ക്ക് ലഭിക്കുന്ന കാലം അകലെയല്ലെന്ന് പരിശുദ്ധനായ വലിയ തിരുമേനി അബ്രഹാമിന്റെ മടിയിലിരുന്നുകൊണ്ട് കല്പിക്കുന്നത് കേൾക്കുന്ന അനേകരിൽ ഒരുവൻ മാത്രമാണ് ഈ ലേഖകൻ. പരിശുദ്ധ പിതാവേ, യാക്കോബായ സഭയെ കാക്കണമേ എന്ന് മുട്ടിപ്പായി പ്രാർത്ഥിച്ച് നിർത്തുന്നു. ആമീൻ



# പ. വലിയ തിരുമേനിയും സൺഡേസ്കൂൾ പ്രസ്ഥാനവും

**ഷെവ. കെ.വി.പൗലോസ്**

പിറവം സെന്റ് മേരീസ് വലിയ പള്ളിയുടെ സമീപത്തുള്ള പിറവം സെമിനാരിയിൽ സഭയിലെ പ്രമുഖരായ വൈദികരെയും ആത്മായക്കാരെയും വിളിച്ചു വരുത്തി പുണ്യശ്ലോകനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി 1920 ഡിസംബർ 26ന് (ധനു 12) സൺഡേസ്കൂൾ അസോസിയേഷന് രൂപം നല്കി.

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവ വിശുദ്ധ പദവിലേയ്ക്ക് ഉയർത്തിയ സത്യവിശ്വാസ സംരക്ഷകൻ പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മെത്രാഭിഷേക ശതാബ്ദി വർഷവും ആ പരിശുദ്ധമാനസൻ നട്ടുനനച്ച് പരിപാലിക്കപ്പെട്ട മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ നവതിയാഘോഷവും ഒരുമിച്ചു വന്നത് ചരിത്ര നിയോഗം. ചരിത്രത്തിന് എന്നെന്നും എടുത്തോമനിക്കാൻ ഒരു അസുലഭനിമിഷം.

പൂജരാജാക്കളുടെ നാമധേയവുമായി ബന്ധപ്പെട്ട ചരിത്രപ്രസിദ്ധമായ പിറവം സെന്റ് മേരീസ് വലിയ പള്ളിയുടെ സമീപത്തുള്ള പിറവം സെമിനാരിയിൽ സഭയിലെ പ്രമുഖരായ വൈദികരെയും ആത്മായക്കാരെയും വിളിച്ചു വരുത്തി പുണ്യശ്ലോകനായ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി 1920 ഡിസംബർ 26 ന് (ധനു 12) സൺഡേസ്കൂൾ അസോസിയേഷന് രൂപം നല്കി. പാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ വന്ദ്യകോനാട്ട് മാത്തൻ മല്പാൻ കുഴിക്കാട്ട്, കുന്നേൽ വന്ദ്യ ഗീവർഗീസ് റമ്പാൻ എന്നിവരെ ചുമതലപ്പെടുത്തി. പ്രഥമ വർഷത്തിൽ 20 സൺഡേസ്കൂളുകളുടെ 92 അദ്ധ്യാപകരും 1300- ൽ പരം വിദ്യാർത്ഥികളുമാണ് പ്രസ്ഥാനത്തിൽ ഉണ്ടായിരുന്നത്. 1922 ഏപ്രിൽ മാസം 29-ാം തീയതി പിറവം സെമിനാരിയിൽ വച്ചുതന്നെ നടത്തപ്പെട്ട വാർഷിക പൊതുയോഗത്തിൽ അസോസിയേഷന്റെ പൂർണ്ണമായ പേര് മലങ്കര സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ (എം. എസ്.എസ്.എ) എന്നായിരിക്കുമെന്ന് തീരുമാനിച്ചു. ഈ യോഗത്തിന്റെ ഏകകണ്ഠമായ അഭ്യർത്ഥനയനുസരിച്ച് അഭിവന്ദ്യ വലിയ തിരുമേനി പ്രസ്ഥാനത്തിന്റെ സ്ഥിരാദ്ധ്യക്ഷ സ്ഥാനം ഏറ്റെടുത്തു. കാലം ചെയ്യുന്നതുവരെ ധന്യമായ രീതിയിൽ അതിനു നേതൃത്വം കൊടുക്കുകയും ചെയ്തു.

പൊതുവായ പാഠപുസ്തകം വിതരണം ചെയ്തു. പൊതുപരിക്ഷ നടത്തുക വിജയികൾക്ക് അഖിലമലങ്കരയടിസ്ഥാനത്തിൽ സമ്മാനങ്ങൾ നല്കുക, മത്സരങ്ങൾ സംഘടിപ്പിക്കുക, അദ്ധ്യാപക യോഗങ്ങൾ നടത്തുക മുതലായവയെല്ലാം അസോസിയേഷൻ ഏറ്റെടുത്തു നടത്തി. 1923 ൽ ദിവ്യശ്രീ. എം. കുര്യാക്കോസ് കത്തനാരുടെ പത്രാധിപത്യത്തിൽ അസോസിയേഷൻ അതിന്റെ മുഖപത്രമായ ഒരു മാസികയും പുറത്തിറക്കി. 1924 ൽ സ്കൂളുകളുടെ എണ്ണം 120 ആയി കുട്ടികൾ എണ്ണായിരത്തിൽപരം വർദ്ധിച്ചു. ഭരണ സൗകര്യാർത്ഥം സൺഡേസ്കൂളുകളെ 14 സെന്ററുകളായി വിഭജിക്കിന്നതിനും 1-10 ക്ലാസ്സ് തുടങ്ങുന്നതിനും തീരുമാനമുണ്ടായത് ഈകാലഘട്ടത്തിലാണ്.

1926 മേടം 8-ാം തീയതി കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ കൂടിയ അസോസിയേഷൻ വാർഷിക സമ്മേളനത്തിൽ വെച്ച് സൺഡേസ്കൂൾ പ്രസ്ഥാനം കൂടുതൽ ഊർജ്ജിതമാക്കിക്കൊണ്ടുവരുവാൻ വന്ദ്യ ദിവ്യ ശ്രീ ഔഗേൻ റമ്പാൻ, ദിവ്യ.ശ്രീ. പുത്തൻവീട്ടിൽ യാക്കോബ് കത്തനാർ, ദിവ്യ ശ്രീ എം. പി. പത്രോസ് ശെമ്മാശൻ, ശ്രീ. തോമസ് വർഗീസ് വയലിപ്പറമ്പിൽ എന്നിവരെ സഞ്ചാര സൂപ്രണ്ടുമാരായി നിയമിച്ചു. അവരുടെ ശ്രമഫലമായി സൺഡേസ്കൂളുകളുടേയും കുട്ടികളുടേയും എണ്ണം ഗണ്യമായി വർദ്ധിച്ചു. ആ വർഷം മുതൽ 7 ക്ലാസ്സിൽ പൊതുപരീക്ഷ ആരംഭിച്ചു. 1926 ൽ വേദകഥകൾ എന്ന പുസ്തകവും 1927 ൽ ദാവീദിന്റെ ജീവചരിത്രം എന്ന പുസ്തകവും ഉപപാഠപുസ്തകങ്ങളായി അംഗീകരിച്ചു. 1931 ൽ ചരിത്ര പ്രസിദ്ധമായ സെന്റ് ജോർജ് കരിങ്ങാച്ചിറ പള്ളിയിൽ വെച്ചുകൂടിയ അസോസിയേഷന്റെ വാർഷിക പൊതുയോഗത്തിൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അനുഗൃഹീത സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായ ആ പരിശുദ്ധ പിതാവിന്റെ തൃക്കരങ്ങളിൽ നിന്നും സമ്മാനങ്ങൾ സ്വീകരിക്കുവാനും ആ മഹാത്മാവിനെ കൺകുളിർക്കെ കാണുവാനും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങുവാനും സാധിച്ചവർ ഭാഗ്യവാന്മാർ തന്നെ.

**1931 ൽ ചരിത്ര പ്രസിദ്ധമായ സെന്റ് ജോർജ് കരിങ്ങാച്ചിറ പള്ളിയിൽ വെച്ചുകൂടിയ അസോസിയേഷന്റെ വാർഷിക പൊതുയോഗത്തിൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അനുഗൃഹീത സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയമായ ആ പരിശുദ്ധ പിതാവിന്റെ തൃക്കരങ്ങളിൽ നിന്നും സമ്മാനങ്ങൾ സ്വീകരിക്കുവാനും ആ മഹാത്മാവിനെ കൺകുളിർക്കെ കാണുവാനും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങുവാനും സാധിച്ചവർ ഭാഗ്യവാന്മാർ തന്നെ.**

1933-ൽ റവ.ഫാ. കുര്യൻ കണിയാമ്പറമ്പിൽ എം.എസ്.എസ്.എ.യുടെ സെക്രട്ടറിയായി ചാർജെടുത്തു. തുടർന്ന് വന്ദ്യദിവ്യ ശ്രീ മുളയിരിക്കൽ പൗലോസ് റമ്പാൻ, വയലിപ്പറമ്പിൽ ബഹു. തോമസ് വർഗീസ് ശെമ്മാശൻ (ഇരുവരും പിന്നീടു മെത്രാപ്പോലീത്തന്മാർ) എന്നിവർ സെക്രട്ടറിമാരായി ചുമതലയേറ്റു. ഈ കാലഘട്ടത്തിൽ ബഹു. തോമസ് വർഗീസ് ശെമ്മാശൻ തയ്യാറാക്കിയ ചോദ്യോത്തരം 1,2,3 ഭഗങ്ങളുടെ പകർപ്പവകാശം അസോസിയേഷന് ലഭിച്ചു. 1944 ലെ പൊതുയോഗത്തിൽ വച്ച് ബഹു. കണിയാമ്പറമ്പിൽ അച്ചൻ ഏർപ്പെടുത്തിയ ഇട്ടിത്തൊമ്മൻ കത്തനാർ മെമ്മോറിയൽ മെഡൽ മലങ്കരയിലെ മികച്ച അദ്ധ്യാപകനായി തെരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകന് നല്കുകയുണ്ടായി. 1945 മേടം 27 ന് സുപ്രസിദ്ധതീർത്ഥാടന കേന്ദ്രമായ കട്ടപ്പുറത്തു പള്ളിയിൽ കൂടിയ പൊതുയോഗം അസോസിയേഷന്റെ ഭരണഘടന സ്വീകരിച്ചു.

എം.എസ്.എസ്.എ. യുടെ രജതജൂബിലി 1946 ൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ സ്ഥിരം പ്രസിഡന്റ് അഭി. പൗലോസ് മോർ അത്താനാസിയോസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിലും പിൽക്കാലത്ത് പ. അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിക്കപ്പെട്ട വ.ദി.ശ്രീ. അബ്ദൽ ആഹാദ് റമ്പാച്ചന്റെ മഹനീയ സാന്നിദ്ധ്യത്തിലുമായിരുന്നു നടത്തപ്പെട്ടത്. 1946 ലെ പൊതുയോഗം പുതിയ ഭരണഘടന യനുസരിച്ച് മൂന്നു വർഷകാലാവധിക്ക് ഭാരവാഹികളെയും സെൻട്രൽ കമ്മിറ്റിയംഗങ്ങളേയും

തെരഞ്ഞെടുത്തു. സഭോപദേശം സുറിയാനി സഭാചരിത്രം എന്നിവ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയതും ഇക്കാലഘട്ടത്തിലാണ്. 1949 ൽ ബഹു. കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ് കോപ്പ എം.എസ്.എസ്.എ.യുടെ ഡയറക്ടർ ആയി സ്ഥാനമേറ്റു. 1952-55 കാലത്ത് കർണ്ണാടകയിലെ സൗത്ത് കാനറ ഭാഗത്ത് അസോസിയേഷനുമായി ബന്ധപ്പെട്ട് സൺഡേസ്കൂളുകൾ ആരംഭിച്ചു.

1952-ലെ അസോസിയേഷൻ വാർഷിക പൊതുയോഗം ഒരു ചരിത്രസംഭവമായി മാറി. 30-ൽപരം വർഷം അസോസിയേഷന്റെ സ്ഥിരാദ്ധ്യക്ഷസ്ഥാനം പ്രതിസന്ധികളെ തരണം ചെയ്ത് നിറപടിയായി നിർവ്വഹിക്കുകയും അതിനെ പരിപാലിക്കുകയും ചെയത് പരിശുദ്ധനായ വലിയ തിരുമേനിയോടൊപ്പം മലങ്കരയിലെ മൂന്നു മെത്രാപ്പോലിത്താ തിരുമേനിമാർ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. പ. വലിയ തിരുമേനി അവസാനമായി അദ്ധ്യക്ഷത വഹിച്ച ആ സമ്മേളനം നടന്നത് പ. പിതാവിന്റെ ആസ്ഥാനമായ തൃക്കുന്നത്ത് സെമിനാരിയിൽ വച്ചുതന്നെയായിരുന്നു.

1953 ജനുവരി 25-ാം തീയതി സഭയ്ക്കും സണ്ടേസ്കൂൾ പ്രസ്ഥാനത്തിനും വിലാപദിനമായി മാറി. സണ്ടേസ്കൂൾ അസോസിയേഷന്റെ സ്ഥാപകനും പരിപാലകനും ആയിരുന്ന പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് കർത്തൃസന്നിധി പൂകി. പ. വലിയ തിരുമേനി കാലം ചെയ്ത ശേഷം വയലിപ്പറമ്പിൽ അഭി. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ അസോസിയേഷൻ പ്രസിഡന്റായി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിയമിച്ചു. കാലം ചെയ്ത സ്ഥാപക പ്രസിഡന്റ് മെത്രാപ്പോലിത്തായുടെ സ്മരണയ്ക്കായി പത്താം ക്ലാസ്സിൽ (J.S.S.L.C.) ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് മാർ അത്താനാസ്യോസ് സ്വർണ്ണ മെഡൽ നൽകി വരുന്നു.

**അഭി. തിരുമേനിയുടെ ഒരു പ്രസംഗം കേട്ടാൽ മതി, ആ പുണ്യശ്ലോകനെ ഒന്നു കണ്ടാൽ മതി, ആ തൃക്കൈകളൊന്നു മുത്തിയാൽ മതി, പൊതുയോഗത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ആത്മസംതൃപ്തി ലഭിക്കുവാൻ.**

പ. പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനി പ്രാർത്ഥനയിലൂടെ സർവ്വശക്തനായ അരുമനാഥനിൽ നിന്ന് ശക്തി നേടിയെടുത്ത് സണ്ടേസ്കൂൾ പ്രസ്ഥാനത്തെ വളർത്തിയെടുക്കുകയായിരുന്നു. അഭി. തിരുമേനിയുടെ ഒരു പ്രസംഗം കേട്ടാൽ മതി, ആ പുണ്യശ്ലോകനെ ഒന്നു കണ്ടാൽ മതി, ആ തൃക്കൈകളൊന്നു മുത്തിയാൽ മതി, പൊതുയോഗത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ആത്മസംതൃപ്തി ലഭിക്കുവാൻ. പ്രസംഗത്തിനിടയിൽ ആ പരിശുദ്ധ മാനസനും കണ്ണുനീർ വാർക്കും; കേട്ടിരിക്കുന്നവരും കണ്ണുനീരൊപ്പം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആത്മസംഘർഷം നീങ്ങിക്കിട്ടിയഭാവം; മനസ്സൊന്നു ശുദ്ധമായി എന്ന് ഏതൊരാൾക്കും തോന്നും. പ്ലാവിലക്കുമ്പിൾ കൊണ്ട് തിരുമേനി കഞ്ഞി കോരിക്കുടിക്കുന്നത് ഏതൊരാളും നോക്കിനിന്നുപോകും. തിരുമേനി സ്പൂൺ ഉപയോഗിച്ചിരുന്നില്ല. അതിരാവിലെ എഴുന്നേറ്റ് നാലുമണിക്കുതന്നെ പള്ളിയിലെത്തി പ്രാർത്ഥിക്കുന്ന തിരുമേനി, താൻ ദൈവത്തിൽ നിന്നും ശക്തി നേടിയെടുക്കുന്നത് എങ്ങനെയെന്നു നമുക്കു കാണിച്ചുതരുന്നു. ഓരോ വാക്കും സ്ഫുടമായി ഉച്ചരിച്ചും പ്രാർത്ഥനാ ഗീതങ്ങൾ മനോഹരമായി ആലപിച്ചും, യാമപ്രാർത്ഥനകളെല്ലാം പൂർത്തിയാക്കുന്ന അഭി. തിരുമേനി മറ്റുള്ളവർക്ക് ഒരു അത്ഭുതമായിരുന്നു. 'ആലുവായിലെ മാമുനി' യെന്ന് ഇതര മതസ്ഥരും സ്നേഹാദരവോടെ തിരുമേനിയെ വിളിച്ചിരുന്നത് ആ മഹത്ത്വം കണ്ടറിഞ്ഞിട്ടുതന്നെ. എത്ര പ്രക്ഷുബ്ധമായ ഘട്ടമാണെ

ങ്കിൽപോലും തിരുമേനിയുടെ ആമുഖ പ്രസംഗം കേട്ടുകഴിയുമ്പോൾ പ്രതിനിധികൾ ശാന്തരായി കഴിഞ്ഞിരിക്കും. ഒരു അഭൗമ തേജസ്സാണല്ലോ ആ തിരുമുഖത്തുനിന്നു വഴിഞ്ഞൊഴുകുന്നത്. ആ വചോധോരണിയിലെ ആത്മാർത്ഥത ആരെയാണ് ആകർഷിക്കാതിരിക്കുക! അന്ന് പ്രസ്ഥാനത്തിന്റെ വാർഷിക പൊതുയോഗം പ്രതിനിധികളെ സംബന്ധിച്ചിടത്തോളം ഒരു തീർത്ഥാടനം തന്നെയായിരുന്നു. കൂടുതൽ ഊർജ്ജസ്വലരായി പ്രവർത്തനനിരതരാകാൻ, ശക്തി സംഭരിക്കാൻ, ആ തീർത്ഥാടനം അവരെ സഹായിച്ചിരുന്നു. ആ ശക്തി ഇന്നും പ്രസ്ഫുരിച്ചുകൊണ്ടിരിക്കുന്നു; പ്രവർത്തനങ്ങളിൽ അത് ദൃശ്യമാകുന്നു. പ. വലിയ തിരുമേനിയുടെ പ്രാർത്ഥന നമുക്കെന്നും കൈമുതലായുണ്ടല്ലോ. തന്മൂലം സണ്ടേസ്കൂൾ പ്രസ്ഥാനം, ഇന്ന് വി. സഭയുടെ പോഷക സംഘടനകളിൽ അതുല്യ സ്ഥാനത്തെത്തിയിരിക്കുകയാണല്ലോ. കുഞ്ഞുങ്ങളെ വി. സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും കൊള്ളാവുന്നവരായി വളർത്തിയെടുക്കുന്ന ഈ പ്രസ്ഥാനം യശോധാവളും പരത്തി പരിലസിക്കുക തന്നെ ചെയ്യും.

**പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി നട്ടുനനച്ചു വളർത്തിയ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു. പുത്തൻകുരിശിൽ എം.ജെ.എസ്.എ.യ്ക്ക് മനോഹരമായ ആസ്ഥാനമന്ദിരം ഇന്നുണ്ട്. സ്വന്തമായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് ഇരുനില ഓഫീസ് മന്ദിരവും, ഇരുനില കോൺഫറൻസ് ഹാളും, പ്രസ്ഹാളും സ്ഥിതി ചെയ്യുന്നു.**

പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി നട്ടുനനച്ചു വളർത്തിയ സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ച ദ്രുതഗതിയിലായിരുന്നു. പുത്തൻകുരിശിൽ എം.ജെ.എസ്.എ.യ്ക്ക് മനോഹരമായ ആസ്ഥാനമന്ദിരം ഇന്നുണ്ട്. സ്വന്തമായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് ഇരുനില ഓഫീസ് മന്ദിരവും, ഇരുനില കോൺഫറൻസ് ഹാളും, പ്രസ്ഹാളും സ്ഥിതി ചെയ്യുന്നു. സ്വന്തമായി ഡി.റ്റി.പി. സെന്റർ, ബുക്ക് ഡിപ്പോ, റിസർച്ച് സെന്റർ എന്നിവ ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1981 മുതൽ മുടക്കം വരാതെ ആത്മദീപം മാസിക പ്രസ്ഥാനത്തിന്റെ ജിഹ്വയായി പ്രവർത്തിച്ചുവരുന്നു. ഇംഗ്ലീഷ്, മലയാളം പാഠപുസ്തകങ്ങൾ കൂടാതെ കന്നഡ ഭാഷയിലും പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നു. യൂണിവേഴ്സിറ്റിയിലെ വെല്ലുന്ന രീതിയിൽ പരീക്ഷാഭവൻ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വെക്കേഷൻ ബൈബിൾ സ്കൂൾ (J.S.V.B.S.) പ്രത്യേകമായ പാഠ്യപദ്ധതിയോടുകൂടി ഭംഗിയായി നടത്തപ്പെടുന്നു. സുറിയാനി ഭാഷാ പഠനവും നടന്നുവരുന്നു. 1 മുതൽ 12 വരെ ക്ലാസ്സുകളിലായിട്ടാണ് സണ്ടേസ്കൂൾ പഠനം ക്രമീകരിച്ചിരിക്കുന്നത്. വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം, രോഗികൾക്ക് ചികിത്സാ സഹായം, സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ സേവനോന്മുഖ പ്രവർത്തനങ്ങളിലും അസോസിയേഷൻ മുന്നിട്ട് നിന്നു പ്രവർത്തിക്കുന്നു. ഇന്ന് എം.ജെ.എസ്.എസ്.എ.യുടെ കീഴിൽ 73 ഡിസ്ട്രിക്റ്റുകളിലായി 640 സണ്ടേസ്കൂൾ പ്രവർത്തിക്കുന്നുണ്ട്. എണ്ണായിരത്തിൽപരം അദ്ധ്യാപകർ നിസ്വാർത്ഥസേവനം അനുഷ്ഠിക്കുന്നു. ഈ മഹത് പ്രസ്ഥാനത്തിന്റെ കീഴിൽ 70,000-ത്തിൽപരം കുട്ടികൾ പഠിക്കുന്നു.

ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാവിനെ, പ. പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയെ 2004 ആഗസ്റ്റ് 19ന് പ. ഇഗ്നാത്തിയോസ് സാഖാ ഈവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ E215/04 -ാം നമ്പർ കല്പന വഴിയായി പരിശുദ്ധനായി പ്രഖ്യാപിക്കുകയും 2009 സെപ്റ്റംബർ 18ന് E152/09 -ാം നമ്പർ കല്പന വഴിയായി പ. വലിയ തിരുമേനിയുടെ നാമം 5-ാം തുബ്ദേനിൽ ചേർക്കുകയും ചെയ്തു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനയും അനുഗ്രഹവും നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.



# ദൈവസന്നിധിയിലെ മദ്ധ്യസ്ഥൻ

**തേനുങ്കൽ ഡോ.ടി.പി ജേക്കബ്**

''എന്റെ മക്കളേ, നിങ്ങൾ അവിടെ ആദ്യം കാണുന്നത് കാൽക്കുപ്പായത്തിൽ കാലുകളിട്ട പുരോഹിതന്മാരുടെ തലകളായിരിക്കും. അവരാണ് ഏറെ പാപം ചെയ്യുന്നവർ' ഞങ്ങൾ അതുകേട്ട് അമ്പരന്നുപോയി. പൗരോഹിത്യത്തിന്റെ പവിത്രത നിലനിർത്തേണ്ടതിന്റെ ആവശ്യകതയെയാണ് ഇതുകൊണ്ട് തിരുമേനി അർത്ഥമാക്കിയത്.

**ഞാ**ൻ ഒരു ചെറിയകുട്ടിയായി ആലുവ സെമിനാരി സണ്ടേസ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരു ഞായറാഴ്ച വന്ദ്യനായ തിരുമേനി ഞങ്ങളുടെ ക്ലാസ്സിൽ വന്ന് ''പൗലോസ് ശ്ലീഹാ....'' എന്ന ഗീതം ഞങ്ങളെക്കൊണ്ട് പാടിക്കുകയും തിരുമേനി വളരെ മനോഹരമായി ഞങ്ങളോടൊപ്പം പാടുകയും ചെയ്തു. തുടർന്ന് ആ പാട്ടിന്റെ അർത്ഥം വിവരിച്ചുകൊണ്ട് സഭയുടെ കാതലായ വിശ്വാസത്തെ മുറുകെപ്പിടിക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിത്തരുകയുണ്ടായി.

അതിനുശേഷം തിരുമേനി ചോദിച്ചു ''നിങ്ങൾ നരകത്തിൽ പോയി നോക്കിയാൽ അവിടെ കൂടുതലായി ആരുടെ തലകളായിരിക്കും കാണുക?'' എന്നേ, പാപികൾ, കള്ളന്മാർ, ദുഷ്ടന്മാർ......' എന്നിങ്ങനെ പലരുടേയു മായിരിക്കുമെന്ന് ഞങ്ങൾ പറഞ്ഞു. അപ്പോൾ, തിരുമേനി കല്പിച്ചത് ഇന്നും ഓർക്കുകയാണ്. ''എന്റെ മക്കളേ, നിങ്ങൾ അവിടെ ആദ്യം കാണുന്നത് കാൽക്കുപ്പായത്തിൽ കാലുകളിട്ട പുരോഹിതന്മാരുടെ തലകളായിരിക്കും. അവരാണ് ഏറെ പാപം ചെയ്യുന്നവർ'' ഞങ്ങൾ അതുകേട്ട് അമ്പരന്നുപോയി. പൗരോഹിത്യത്തിന്റെ പവിത്രത നിലനിർത്തേണ്ടതിന്റെ ആവശ്യകതയെയാണ് ഇതുകൊണ്ട് തിരുമേനി അർത്ഥമാക്കിയത്.

എന്റെ മൂത്തസഹോദരൻ ജോണിനെ തലതൊട്ടത് അഭിവന്ദ്യ വലിയ തിരുമേനിയായിരുന്നു. ആ ജ്യേഷ്ഠന്റെ കല്യാണം ആലുവ പള്ളിയിൽ വച്ചാണ് നടന്നത്. അന്നുണ്ടായ ഒരു സംഭവമാണിത്. ഞങ്ങളുടെ വീട്ടിലെ ആദ്യ കല്യാണം. വളരെ വിസ്തരിച്ച് ആഘോഷ പൂർവ്വമാണ് നടത്തിയത്.

പള്ളിയിൽ കെട്ടിനു നിർത്തുവാൻ മണവാളനേയും, മണവാട്ടിയേയും തിരുമേനി വിളിച്ചു. അപ്പോഴാണ് മണവാട്ടിയുടെ ഇടവകയായ വടവുകോട് പള്ളിയിൽ നിന്നുള്ള കുറികൊണ്ടുവരാൻ മറന്നുപോയ വിവരം ചുമതലക്കാർ

അറിയുന്നത്. വിവരം തിരുമേനി അറിഞ്ഞ ഉടനെ കല്പ്പിച്ചു. "കുറിയില്ലാതെ കല്യാണം കെട്ടിക്കുകയില്ല". എല്ലാവർക്കും അമ്പരപ്പായി. തിരുമേനിയുടെ തലതൊട്ടമകൻ, ആലുവായിലെ പൗരാണിക തേനുങ്കൽ കുടുംബം, പിതാവ് പൈലിയാണെങ്കിൽ തിരുമേനിയുമായി ഏറെ അടുപ്പമുള്ള ആൾ. പക്ഷേ, തിരുമേനിയുടെ കല്പ്പന കർക്കശമായിരുന്നു. പലരും ശുപാർശ പറഞ്ഞു "കുറി ഉടനെ കൊണ്ടുവരാം കല്യാണം കെട്ട് നടന്നുകൊള്ളട്ടെ സമയം പോക ണ്ടല്ലോ, താമസിച്ചാൽ ഏറെ ബുദ്ധിമുട്ടാകുമല്ലോ."

എന്നാൽ, തിരുമേനി യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. ആൾപോയി കുറികൊണ്ടുവന്നതിനു ശേഷമേ കല്യാണം കെട്ടിച്ചുള്ളു. അതോടൊപ്പം തിരുമേനി ഒരു കാര്യം കൂടിചെയ്തു. കല്യാണം കെട്ടിച്ചതിനുശേഷമേ അവി ടുന്ന് ഉച്ചഭക്ഷണം കഴിച്ചുള്ളു. ഞങ്ങളുടെ കഷ്ടപ്പാടിൽ വന്ദ്യതിരുമേനിയും പങ്കാളിയായി. സഭയിലെ നിയമപരിപാലനത്തിന് ഇതിലുപരി ദൃഷ്ടാന്തം ആവശ്യമുണ്ടോ?.

ഞങ്ങളുടെ വീട്ടിലേയ്ക്കു നല്ല വഴിയൊന്നും ഇല്ലായിരുന്നു. പാടത്തുകൂടി നടന്നുകയറണം. പാടം മുഴുവൻ വെള്ളവും. എന്നാൽ, ഇതൊന്നും പരിഗണിക്കാതെ തിരുമേനി ഒരു ഭൃത്യനേയും കൂട്ടിക്കൊണ്ട് വളരെ ബുദ്ധിമുട്ടി പാടത്തെ വരമ്പുകളിലൂടെ നടന്ന് വീട്ടിലെത്തി. ഉപ്പാപ്പന്റെ അടുത്ത് വന്നിരുന്ന് സമാശ്വസിപ്പിച്ചു.

### മറ്റൊരു വസ്തുത

എന്റെ പിതാമഹനെ (പത്രോസ്) തിരുമേനി പത്രോസ് ചേട്ടൻ എന്നാണ് വിളിച്ചിരുന്നത്. ഉപ്പാപ്പന് തിരുമേനിയോട് അങ്ങേയറ്റം ബഹുമാനമായിരുന്നു. അതുപോലെ തിരുമേനി പത്രോസ് ചേട്ടനേയും സ്നേഹിച്ചിരുന്നു.

ഒരിക്കൽ ഉപ്പാപ്പന് അസുഖം പിടിപെട്ടു ക്ഷീണം വർദ്ധിച്ചു. ആരോഗ്യനില ആശങ്കാജനകമായി. തിരുമേനി ഇത് അറിഞ്ഞു നല്ല വർഷകാലം. ഞങ്ങളുടെ വീട്ടിലേയ്ക്കു നല്ല വഴിയൊന്നും ഇല്ലായിരുന്നു. പാടത്തുകൂടി നടന്നുകയറണം. പാടം മുഴുവൻ വെള്ളവും. എന്നാൽ, ഇതൊന്നും പരിഗണിക്കാതെ തിരുമേനി ഒരു ഭൃത്യനേയും കൂട്ടിക്കൊണ്ട് വളരെ ബുദ്ധിമുട്ടി പാടത്തെ വരമ്പുകളിലൂടെ നടന്ന് വീട്ടിലെത്തി. ഉപ്പാപ്പന്റെ അടുത്ത് വന്നിരുന്ന് സമാശ്വസിപ്പിച്ചു. അന്നു തന്നെ തിരുമേനി ഉപ്പാപ്പന് തൈലാഭിഷേകകൂദാശ നടത്തുകയും ഉണ്ടായി. തിരുമേനിയുടെ ഭക്തവാത്സല്യം ഞങ്ങൾ ഇതെല്ലാം നന്ദിയോടെ ഓർക്കുന്നുണ്ട്.

വന്ദ്യതിരുമേനിയ്ക്ക് പിതാവിൽ നിന്ന് കിട്ടുവാൻ അവകാശപ്പെട്ട സ്വത്ത് വിഹിതം ഒട്ടും കുറയാതെ വാങ്ങി, തിരുമേനി അത് ആലുവ സെമിനാരിയ്ക്ക് മുതൽകൂട്ടുകയുമുണ്ടായി. അതേപ്പറ്റി തിരുമേനി പറഞ്ഞത് "എന്റെ കുടുംബാം ഗങ്ങളും മറ്റും ഇടയ്ക്ക് സെമിനാരിയിൽ വരികയും ചിലപ്പോൾ ഇവിടെ താമസിക്കുകയും ചെയ്തെന്ന് വരും. അവരുടെ ഭക്ഷണ ചെലവിനും മറ്റും ഈ വിഹിതം കൂടിയേതീരു എന്നാണ്. സെമിനാരി സ്വത്തിനെപ്പറ്റി തിരുമേനിക്കു ണ്ടായിരുന്ന കരുതൽ!

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ബന്ധുക്കൾ ആയാലും സെമിനാരിയിൽ വന്ന് സങ്കടം ഉണർത്തി ക്കുമ്പോൾ തിരുമേനി പറയാറുള്ളത്, "പള്ളിയുടെ പണം തീയാണ്. അത് തെറ്റായ രീതിയിൽ ഉപയോഗിക്കുകയോ വ്യക്തിപരമായി മുതൽ കൂട്ടുവാൻ എടുക്കുകയോ ചെയ്താൽ അത് ശാപമായി ത്തീരും." അവരോട് തിരുമേനി കല്പിക്കുമായിരുന്നു. "മക്കളേ നിങ്ങളുടെ ബുദ്ധിമുട്ട് തീരുവാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കാം" ആ പ്രാർത്ഥന പലർക്കും ഫലിച്ചിട്ടുണ്ടെന്ന് അവർ എന്നോട് പറഞ്ഞിട്ടുള്ളത് ഞാൻ ഓർക്കുന്നു.

ഒരിക്കൽ കേസിന്റെ ആവശ്യത്തിനായി കുറെ പണം ആവശ്യപ്പെട്ടുകൊണ്ട് തിരുമേനി വടക്കൻ പറവൂർ പള്ളിയിൽ എഴുന്നള്ളി താമസിച്ചു. പള്ളി ഭാരവാഹികൾ യോഗം വിളിച്ചുകൂട്ടി ആലോചിച്ചു. തിരുമേനി ആവശ്യപ്പെട്ട

തിനേക്കാൾ കൂടിയ ഒരു തുക അനുവദിച്ചു കൊടുക്കണമെന്നാണ് അവർ തീരുമാനിച്ചത്. വിവരം തിരുമേനിയെ അറിയിച്ചു. തിരുമേനി കല്പിച്ചത് 'മക്കളേ അത്രയും പണം എനിക്കു വേണ്ട. എനിക്കിപ്പോൾ അത്യാവശ്യത്തിനുള്ള തുക മാത്രം തന്നാൽ മതി' കേട്ടവർ വിസ്മയിച്ചുപോയി. തിരുമേനി ഉദ്ദേശിച്ച തുക മാത്രമേ കൈപ്പറ്റിയുള്ളു.

മദ്രാസിലെ നമ്മുടെ പള്ളിയിലെ എന്റെ ഒരു ഉറ്റസുഹൃത്ത് ഈ വിവരം പള്ളിയിൽ അറിയിച്ചപ്പോൾ കേൾവിക്കാർ വന്ദ്യതിരുമേനിയെപ്പറ്റി തോന്നിയ ആദരവ് വർണ്ണിക്കാനാവില്ല. എന്തൊര സാധാരണത്വം!.

ബലഹീനനായ എന്നെ എന്റെ പിതാവ് ഒരു വൈദികനാകുവാൻ ആഗ്രഹിച്ചിരുന്ന വിവരം വന്ദ്യ തിരുമേനിയെ അറിയിച്ചു. അപ്പോൾ തിരുമേനികൊടുത്ത മറുപടി ശ്രദ്ധേയമാണ്. 'വൈദികനാകണമെങ്കിൽ അവിവാഹിതനായി ഒരു ദയറാ പട്ടക്കാരനാകുകയാണ് കൂടുതൽ അഭികാമ്യം. അത് വളരെ ബുദ്ധിമുട്ടും പ്രയാസവുമുള്ള കാര്യമാണ് താനും. പലവിധ പരീക്ഷണങ്ങളും നേരിടേണ്ടിവരും. ആയതിന് നല്ല കരുത്ത് വേണം. അതല്ല വിവാഹിതനായ ഒരു പട്ടക്കാരനാകുകയാണെങ്കിൽ കുടുംബാവശ്യങ്ങൾക്കായി പണം വേണ്ടിവരും. ഒരു വൈദികന്റെ ലക്ഷ്യം ഒരിക്കലും അതായിരിക്കരുത്. ഇതെല്ലാം ആലോചിച്ച് വേണ്ടതെന്തെന്ന് തീരുമാനിക്കുക.'

ചുരുക്കത്തിൽ എനിക്ക് ഇതിനകം ദൈവത്തിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ വിധത്തിലുള്ള ഉയർച്ചകൾക്കും നേട്ടങ്ങൾക്കും പരിശുദ്ധ വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയാണ് വഴി ഒരുക്കിയത് എന്നതിനു സംശയമില്ല, ഞാൻ അങ്ങനെ പൂർണ്ണമായി വിശ്വസിച്ച് ജീവിക്കുന്നു.

ഇതുകേട്ടതോടെ പിതാവിന്റെ ചിന്താഗതി ആകെ മാറി പിന്നീട് അതേപ്പറ്റി ചിന്തിച്ചിട്ടില്ല. A.D1952-ൽ ഒരു ദിവസം ഞാൻ ആലുവ യു.സി കോളജിലേക്ക് പോയപ്പോൾ അമ്മ തന്നയച്ച കുറെ പലഹാരം തിരുമേനിക്ക് കൊടുത്ത് യാത്ര ചോദിച്ചു. അപ്പോൾ തിരുമേനി കല്പിച്ച ഒരു കാര്യം ഞാൻ എപ്പോഴും ഓർക്കും. എന്നെ അനുഗ്രഹിക്കണമെന്ന് ഞാൻ അപേക്ഷിച്ചു. ഉടനെ തിരുമേനി കല്പിച്ചു. 'നിന്റെ കൂടെ എന്റെ അനുഗ്രഹം സദാ ഉണ്ടാകും. നീ വലിയവനായിത്തീരും. ഞാൻ ഏതു വിശ്വാസത്തിനുവേണ്ടി നിൽക്കുന്നുവോ, അതിൽ നിന്റെ ആയുസ്സ് മുഴുവൻ നീ അടിയുറച്ച് നിൽക്കണം.' ഞാൻ തിരുമേനിയുടെ കൈമുത്തി ഉറപ്പുകൊടുത്തു.

A.D1953 ജനുവരി 25-ാം തിയതി പുണ്യപിതാവ് കാലം ചെയ്തു. അന്നുമുതൽ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടിട്ടുള്ളതെല്ലാം ദൈവമായ കർത്താവ് എനിക്ക് നൽകി അനുഗ്രഹിച്ചു പോരുന്നു. A.D 1954 -ൽ മദ്രാസിൽ മെഡിക്കൽ കോളേജിൽ എനിക്ക് അഡ്മിഷൻ കിട്ടിയതും ഒരത്ഭുതമായി ഇന്നും തോന്നുന്നു. അഡ്മിഷൻ കാർഡ് കിട്ടിയതിന്റെ തലേന്ന് രാത്രി പരിശുദ്ധനായ തിരുമേനിയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ചു കിടന്ന ഞാൻ, എനിക്ക് അഡ്മിഷൻ കിട്ടിയതായി സ്വപ്നം കണ്ടതു എപ്പോഴും എന്റെ ഓർമ്മയിലുണ്ട്.

എനിക്ക് ഒരു മകൻ ഉണ്ടാകണമേ എന്ന് വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ യാചിച്ച്, കബറിങ്കൽ പ്രത്യേകം പ്രാർത്ഥിച്ചു കഴിഞ്ഞുകൂടിയ എനിക്ക് ആ ഇടയ്ക്കാണ് ഒരു പുത്രൻ പിറന്നത്. അതിന് തൊട്ടുമുമ്പും ഒരു സ്വപ്നം കണ്ടു. വലിയ തിരുമേനി എന്നോടു കല്പിക്കുന്നതായി 'നിനക്ക് ഒരു മകൻ പിറക്കും. അവന്റെ വലത്തെ തോളിൽ ഒരു മറുക് ഉണ്ടാകും' എന്ന്. അതു സത്യമായി, എന്റെ മകന്റെ വലത്തെ തോളിന് മറുക് ഇന്നും കാണാം.

ചുരുക്കത്തിൽ എനിക്ക് ഇതിനകം ദൈവത്തിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ വിധത്തിലുള്ള ഉയർച്ചകൾക്കും നേട്ടങ്ങൾക്കും പരിശുദ്ധ വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയാണ് വഴി ഒരുക്കിയത് എന്നതിനു സംശയമില്ല, ഞാൻ അങ്ങനെ പൂർണ്ണമായി വിശ്വസിച്ച് ജീവിക്കുന്നു.



# ആലുവായിലെ മഹാസിദ്ധനും തൃക്കുന്നത്ത് സെമിനാരിയും

**ഷെവ. തരിയൻ കെ.പൈനാടത്ത്**

അങ്കമാലിയുടെ പ്രഥമ മെത്രാപ്പൊലിത്തയായിരുന്ന അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയാണ് വളരെ ദീർഘ ദൃഷ്ടിയോടെ ആലുവായിലെ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം കണ്ടെത്തിയതും പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതും.

മലങ്കര യാക്കോബായ സുറിയാനി സഭാചരിത്രത്തിൽ വേരുറച്ച ഒരു സുപ്രധാന കേന്ദ്രമാണ് ആലുവ തൃക്കുന്നത്തു സെമിനാരിയും പള്ളിയും. അംഗീകരിക്കപ്പെട്ട സഭാകേന്ദ്രം കോട്ടയത്തായിരുന്നെങ്കിലും സമുദായക്കേസുമായി ബന്ധപ്പെട്ട് കോട്ടയം ഓർത്തഡോക്സ് വിഭാഗത്തിന്റെ അധീനതയിലായതോടെ പല സുപ്രധാന പ്രവർത്തനങ്ങൾക്കും ആലുവായാണ് കേന്ദ്രമായി സാക്ഷ്യം വഹിച്ചിട്ടുള്ളത്. ദീർഘകാലം പാത്രിയർക്കീസ് വിഭാഗത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന പുണ്യശ്ലോകനായ മാർ അത്താനാസിയോസ് തിരുമേനിയുടെ ആസ്ഥാനം ആലുവ ആയിരുന്നല്ലോ.

അങ്കമാലിയുടെ പ്രഥമ മെത്രാപ്പൊലിത്തയായിരുന്ന അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയാണ് വളരെ ദീർഘദൃഷ്ടിയോടെ ആലുവായിലെ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം കണ്ടെത്തിയതും പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയതും. ഉദ്ദേശം 18 ഏക്കർ സ്ഥലമാണ് അതിനായി തയ്യാറാക്കിയത് കൊല്ലവർഷം 1055-ൽ പള്ളിയുടെ പണികൾ തുടങ്ങിയെന്നും പറയാം M.E 1064 കുംഭം 18-ാം തീയതി പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു. പള്ളിക്കടുത്ത് താൽക്കാലികമായുണ്ടാക്കിയ ഒരു ഷെഡ്ഡായിരുന്നു അന്നത്തെ "അരമന" എന്നു പറയാം.

കൊല്ലവർഷം 1066 കുംഭം 25 -ാം തീയതി അമ്പാട്ടു തിരുമേനി കാലം ചെയ്തു. അങ്കമാലി പള്ളിയിൽ കബറടക്കി. എങ്കിലും അദ്ദേഹം മുമ്പ് കല്പിച്ചിരുന്ന പ്രകാരം "അദ്ദേഹത്തിന്റെ ആത്മാവ് ആലുവായിൽ തന്നെ"യായിരിക്കും. പിന്നീട് ഭരണാധിപനായത് കടവിൽ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയാണ്. മുൻഗാമി തുടങ്ങിവച്ച പല പണികൾ പൂർത്തിയാക്കിയതും സെമിനാരികെട്ടിടത്തിന്റെ പ്രാരംഭ പണികൾ നടത്തിച്ചതും മറ്റും ആ തിരുമേനിയാണ്. ഈ പണികളെല്ലാം കാര്യക്ഷമതയോടെ നടത്തിച്ചിരുന്നത് പൈനാ

ടത്ത് (കുറ്റിക്കാട്ടിൽ) പൗലോസ് റമ്പാച്ചനായിരുന്നു. അങ്കമാലി - അകപ്പറമ്പ് തുടങ്ങിയ അയൽ ഇടവകകളിൽ നിന്നുമാണ് പണികൾക്കുള്ള തുകയും മറ്റു സഹായസഹകരണങ്ങളും ലഭിച്ചുവന്നത്. ഭദ്രാസനത്തിലെ പല ഭാഗങ്ങളിൽ നിന്നുമായി, പലപ്പോഴായിട്ട്, പല വീട്ടുകാരെയും ആലുവായിൽ കൊണ്ടു വന്ന് പള്ളിപ്പരിസരത്ത് താമസിപ്പിച്ചതും ഈ കാലയളവിലായിരുന്നു. ഒരു ഇംഗ്ലീഷ് സ്കൂൾ പറവൂർ കുളങ്ങര പി. മാത്യു, ബി. എ, ബി.എൽ.-ന്റെ നേതൃത്വത്തിൽ തുടങ്ങാൻ അഭിവന്ദ്യ കടവിൽ തിരുമേനി ആഗ്രഹിച്ചു. പക്ഷേ, അതിന്റെ സാരഥ്യം വഹിച്ചിരുന്ന പി. മാത്യുവിന്റെ അകാല വേർപാടുമൂലം പ്രസ്തുത ആശയം കൈവെടിഞ്ഞ് സ്കൂൾകെട്ടിടം സെമിനാരിക്കെട്ടിടമാക്കിത്തീർക്കുകയാണുണ്ടായത്. അഭിവന്ദ്യ കടവിൽ തിരുമേനി തനിക്കു കിട്ടിയ വീട്ടുസ്വത്തെല്ലാം ആലുവ സെമിനാരിക്ക് സംഭാവനചെയ്തു.

A.D.1907 തുലാം 20-ാം തിയതി അഭിവന്ദ്യ കടവിൽ തിരുമേനി കാലം ചെയ്ത് ആലുവാപള്ളിയിൽ (കബർ മുറി) കബറടങ്ങി.

തുടർന്ന് അഭിവന്ദ്യ വലിയ തിരുമേനി ഇടവക ഭരണം ഏറ്റെടുത്തു. അദ്ദേഹം പള്ളിയുടെ മുഖവാരം പൊളിച്ച് പണിയിച്ചു. പുരയിടം മതിൽ കെട്ടിയുറപ്പിച്ചു. കെട്ടിടങ്ങളുടെ തേപ്പ് പൂർത്തീകരിച്ചു. കൂടാതെ കുറെ വീട്ടുകാരെ ആലുവാ പള്ളിക്കടുത്ത് സ്ഥലം കൊടുത്ത് താമസിപ്പിച്ചു. അങ്ങനെ ഒരു സഭാകേന്ദ്രമാകാനുള്ള സാഹചര്യം വന്ദ്യതിരുമേനി സംജാതമാക്കി.

സഭാരംഗത്ത് തിരുമേനി കൈവരിച്ച ഉന്നതി ആലുവായെ വിവിധ നിലകളിൽ വളർത്തിയെടുക്കുന്നതിന് സഹായകമായി. ഒരു വൈദികസെമിനാരിയായി തൃക്കുന്നത്ത് സെമിനാരി ആയി രൂപം പ്രാപിച്ചു. അത് വന്ദ്യ തിരുമേനിയുടെ ജീവിതത്തിലെ മുഖ്യലക്ഷ്യമായിരുന്നു. ആത്മിയ ലൗകിക സമുന്നതപദവികളിൽ വിരാജിച്ചിരുന്ന അനേകം പേർ ആലുവായിലെ 'മഹാസിദ്ധാശ്രമം' പലപ്പോഴായി സന്ദർശിച്ചിട്ടുണ്ട്.

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കിസ് ബാവായുടെ വാക്കുകളിൽ ''ഇതു നമ്മുടെ സ്വന്തഭവനം, നമ്മുടെ വിശ്രമകേന്ദ്രം, ഇത് നമ്മുടെ ആശ്വാസം, ഇത് നമ്മുടെ അമ്മ വീട് !'' ഈ പള്ളിയുടെ കൂദാശ പരി. ബാവായെക്കൊണ്ട് നടത്തിക്കുവാൻ വലിയ തിരുമേനി ഒരുക്കങ്ങൾ ചെയ്തു വന്നിരുന്നു. പക്ഷേ, പരിശുദ്ധ ബാവയുടെ അപ്രതീക്ഷിത ദേഹവിയോഗം മൂലം അതിനു സാധിച്ചില്ല. എങ്കിലും ബാവയുടെ കൂടെ വന്നിരുന്ന യൂഹാനോൻ മോർ ക്ലീമിസ്സ് (ശീമയിലെ) ബാവയെക്കൊണ്ട് A.D.1932 മീനം 24-ാം തിയതി ആകൂദാശ നടത്തിക്കുകയുണ്ടായി.

സെമിനാരിപ്പടി കടക്കുമ്പോഴേ ആരുടേയും ഹൃദയത്തിൽ ഒരു മിടിപ്പ് അനുഭവപ്പെടും. കാരണം അത് ഒരു മഹാസിദ്ധന്റെ സാന്നിദ്ധ്യംകൊണ്ട് സമാരാദ്ധ്യമായ ആത്മീയ കേന്ദ്രമാണ്. അച്ചടക്കത്തിന്റെയും പാവനസ്നേഹവാത്സല്യത്തിന്റെയും സിരാകേന്ദ്രമാണത്. ശാന്തിയുംസംശുദ്ധിയും നിറഞ്ഞ് നിൽക്കുന്നു അവിടെ. നഗരമദ്ധ്യത്തിൽ ഒരു ശാന്തികുടീരം!

പുണ്യശ്ലോകനായ തിരുമേനിയുടെ സന്യാസജീവിതംകൊണ്ട് പരിപൂർണ്ണമായ ഒരാശ്രമമായി മാറി ആലുവ സെമിനാരി. അത് ആദ്ധ്യാത്മികതയുടെ സങ്കേതമായി, വിശുദ്ധിയുടെ ഉറവിടമായി. സെമിനാരിപ്പടി കടക്കുമ്പോഴേ ആരുടേയും ഹൃദയത്തിൽ ഒരു മിടിപ്പ് അനുഭവപ്പെടും. കാരണം അത് ഒരു മഹാസിദ്ധന്റെ സാന്നിദ്ധ്യംകൊണ്ട് സമാരാദ്ധ്യമായ ആത്മീയ കേന്ദ്രമാണ്. അച്ചടക്കത്തിന്റെയും പാവനസ്നേഹവാത്സല്യത്തിന്റെയും സിരാകേന്ദ്രമാണത്. ശാന്തിയുംസംശുദ്ധിയും നിറഞ്ഞ് നിൽക്കുന്നു അവിടെ. നഗരമദ്ധ്യത്തിൽ ഒരു ശാന്തികുടീരം! ദൈവം വസിക്കുന്ന ഒരാലയം! സകല അലൗകിക പ്രൗഢികളും അടങ്ങുന്ന ഒരു മാസ്മര ശക്തിയാണ് അവിടെ നിറഞ്ഞ് നിന്നിരുന്നത്. നടത്തത്തിലും, പെരുമാറ്റത്തിലും, സംസാരത്തിലും, എല്ലാം ഒരസാധാരണ ശാന്തത, അച്ചടക്കം...... അങ്ങനെ പോയിരുന്നു ആലുവ സെമിനാരിയിലെ

അക്കാലത്തെ ദിനം ഓരോന്നും!

വലിയ തിരുമേനിക്ക് കണ്ണിനു കാഴ്ചക്കുറവുണ്ടായിരുന്നെങ്കിലും കാതിന്റെ ശ്രവണശക്തി അസാമാന്യമായിരുന്നു. വളരെ ചെറിയ ശബ്ദം പോലും കേട്ടറിയും; 'ആരാണത്' എന്ന ചോദ്യം ഉടൻ ഉയരുകയും ചെയ്യും. ശബ്ദശ്രവണ മാത്രയിൽ തന്നെ ചിരപരിചയം കൊണ്ട് ആളെ തിരിച്ചറിയുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. ഏതു സ്ഥാനത്തിരിക്കുന്നവരേയും-താഴ്ചയും ഉയർച്ചയും പരിഗണിക്കാതെ-സ്നേഹനിധിയായ ഒരു പിതാവെന്ന നിലയിൽ വേണ്ടപോലെ സ്വീകരിച്ച് വേണ്ടവിധം ഉപചരിക്കുവാൻ അദ്ദേഹം സദാ തയ്യാറായിരുന്നു. തന്നെ സമീപിക്കുന്ന ഏവനും തോന്നും മറ്റാരേയുംകാൾ എന്നെ പ്രിയപ്പെടുന്നു എന്ന്; അത്രയ്ക്കുണ്ട് ആ പെരുമാറ്റത്തിന്റെ ഹൃദ്യത. വന്ദ്യനായ ആ പിതാവിന് ശത്രുക്കളായിട്ട് ആരുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ ശത്രുവായി കാണുവാനും മനുഷ്യത്വമുള്ള ആരും തുനിയുമായിരുന്നുവെന്നും തോന്നുന്നില്ല. താൻ ശരിയെന്നു വിശ്വസിക്കുന്ന ഏതിനും വേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സദാസന്നദ്ധനായിരുന്ന തിരുമേനി പരിശുദ്ധ സിംഹാസനത്തിന്റെ തന്നെ പ്രീതി ബഹുമാനങ്ങൾക്ക് പാത്രീഭൂതനായതും ആ ഉറച്ച നിലപാടുകൊണ്ടാണല്ലൊ!.

തന്നെ സമീപിക്കുന്ന ഏവനും തോന്നും മറ്റാരേയുംകാൾ എന്നെ പ്രിയപ്പെടുന്നു എന്ന്; അത്രയ്ക്കുണ്ട് ആ പെരുമാറ്റത്തിന്റെ ഹൃദ്യത. വന്ദ്യനായ ആ പിതാവിന് ശത്രുക്കളായിട്ട് ആരുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ ശത്രുവായി കാണുവാനും മനുഷ്യത്വമുള്ള ആരും തുനിയുമായിരുന്നുവെന്നും തോന്നുന്നില്ല.


വിശുദ്ധന്റെ ജീവിതം കൊണ്ട് വിശുദ്ധിനേടിയ വിശുദ്ധ സ്ഥാപനം - അതാണ് ആലുവ തൃക്കുന്നത്തു സെമിനാരിയും പള്ളിയും. മുൻഗാമികൾ തയ്യാറാക്കിയ പശ്ചാത്തലം പവിത്രതയോടെ പൂർത്തീകരിക്കപ്പെട്ട ആസ്ഥാനമാക്കിയത് പരിശുദ്ധനായ വലിയ തിരുമേനിയാണ്. അത് ആർക്കും ഒരു കാലത്തും മറക്കാനാവുകയില്ല. മലങ്കര യാക്കോബായ സഭ ഉള്ളടത്തോളം കാലം ആ മധുരസ്മരണ സജീവമായിത്തന്നെ നിലകൊള്ളും.

പള്ളിപ്പരിസര നിവാസികൾക്കെല്ലാം ഈ സ്ഥാപനം എല്ലാത്തരത്തിലും ഒരു അത്താണിയായിരുന്നു. സെമിനാരിയിൽ സന്ദർശകരില്ലാത്ത സമയം തന്നെ ചുരുക്കമായിരുന്നു. സദാ സജീവമായിരുന്നു സെമിനാരിയുടെ അന്തരീക്ഷം ശത്രു- മിത്ര, ജാതി -മത, ഭേദമെന്യേ ഏവർക്കും സദാ സ്വാഗതമോതിയിരുന്നു ഈ ആശ്രമം. വിവിധതരം ജീവിത ക്ലേശങ്ങൾക്ക് ഒരു അറുതി കണ്ടെത്തി ആശ്വാസമനുഭവിക്കുവാൻ ആലുവ സെമിനാരി ഒട്ടേറെപ്പേരെ സഹായിച്ചിട്ടുണ്ട്.

ഇന്ന് അതെല്ലാം വിലയേറിയ മങ്ങാത്ത സ്മരണകൾ! ആ ഒടുങ്ങാത്ത ദിവ്യതേജസ്സ് ബാഹ്യമായല്ല, ആന്തരികമായിട്ട് വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നുണ്ടാവും. പരിശുദ്ധനായ ആ പിതാവിന്റെ കബറിടം ഇന്ന് ചാരം മൂടിയ തീക്കട്ടയായി സ്ഥിതിചെയ്യുന്നുവെന്ന് പറയാം. ഇന്നല്ലെങ്കിൽ നാളെ ആ തേജസ്സ് പുറത്തു വരാതിരിക്കയില്ല; നിശ്ചയം.



*ആലുവാ തൃക്കുന്നത്ത് സെമിനാരി*



# പ: വലിയ തിരുമേനി – അന്ത്യോഖ്യാ സിംഹാസനത്തിന്റെ കരുത്തുറ്റ പോരാളി

**ഷെവ: പി.കെ. പൗലോസ് കൂരൻ**

പൗരോഹിത്യത്തിന്റെ ഉറവിടം പ: അന്ത്യോഖ്യാ സിംഹാസനമാണെന്ന സത്യം പ: പിതാവ് മുറുകെപ്പിടിച്ചിരുന്നു. കറയില്ലാത്തതും കുറവില്ലാത്തതുമായ "കൈവെപ്പ്" പ: അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ എന്ന് തിരുമേനി അടിയുറച്ച് വിശ്വസിച്ചിരുന്നു.

പരിശുദ്ധ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ വാഴ്ച നടത്തിയത് പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ് ബാവയാണ്. വാഴ്ചക്കു വേണ്ടി അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗം പരിശുദ്ധ പാത്രിയർക്കീസ് ബാവക്ക് സമർപ്പിച്ച അപേക്ഷ ഹൃദയ സ്പർശകമാണ്. "..................... പരേതനായ കുറിലോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായ കൊച്ചു പൗലോസ് റമ്പാൻ ദൈവിക തീക്ഷ്ണതയോടെ ഭിക്ഷക്കാരനെപ്പോലെ പള്ളികളിൽ സഞ്ചരിച്ച് വളരെ പ്രയാസപ്പെട്ട് പണം പിരിച്ച് സെമിനാരി കെട്ടിടത്തിന്റെ പണി മിക്കവാറും പൂർത്തിയാക്കി ............... അദ്ദേഹം വിശ്വാസ വൈരാഗ്യമുള്ളവനും ദൈവ ഭക്തനും സ്വഭാവശുദ്ധിയുള്ളവനുമാകുന്നു....." എന്നാണ്. പരിശുദ്ധ വലിയ തിരുമേനിയുടെ ആഴമേറിയ വിശ്വാസം, ആത്മീയ തീക്ഷ്ണത, ജീവിത വിശുദ്ധി, പ്രാർത്ഥനാ ജീവിതം എന്നിവയ്ക്ക് എല്ലാം ഉപരിയായി പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും, വിധേയത്വവും അനുസരണവുമാണ്. പ: പിതാവിന് സഭാ മക്കളുടെ ഹൃദയങ്ങളിൽ സ്ഥിര



*പ. അബ്ദുള്ള പാത്രിയർക്കീസ് ബാവാ*



*പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ*

പ്രതിഷ്ഠ ലഭിച്ചതിന് കാരണം. പൗരോഹിത്യത്തിന്റെ ഉറവിടം പ: അന്ത്യോഖ്യാ സിംഹാസനമാണെന്ന സത്യം പ: പിതാവ് മുറുകെപ്പിടിച്ചിരുന്നു. കറയില്ലാത്തതും കുറവില്ലാത്തതുമായ "കൈവെപ്പ്'' പ: അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ എന്ന് തിരുമേനി അടിയുറച്ച് വിശ്വസിച്ചിരുന്നു. തന്റെ വ്യക്തി പരമായ ഇഷ്ടാനിഷ്ടങ്ങളേക്കാൾ പ: അന്ത്യോഖ്യാ സിംഹാസനത്തിന്റെ താത്പര്യങ്ങൾക്കായിരുന്നു പ: പിതാവ് വില കല്പിച്ചിരുന്നത്. പ: പിതാവിനെ സംബന്ധിച്ചിടത്തോളം പ: അന്ത്യോഖ്യാ സിംഹാസനം ജീവാത്മാവും പരമാത്മാവും ആയിരുന്നു. എന്ത്, പ്രതിബന്ധങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വന്നാലും പ: അന്ത്യോഖ്യാ സിംഹാസന ബന്ധം ഉപേക്ഷിക്കുവാൻ പ: തിരുമേനി തയ്യാറില്ലായിരുന്നു. പ: തിരുമേനി തന്റെ പ്രസംഗങ്ങളിൽ എടുത്ത് പറഞ്ഞിരുന്നത് "മക്കളേ ഞാൻ പരിശുദ്ധ അന്ത്യോഖ്യാ വിശ്വാസത്തിൽ ജനിച്ചു വളർന്നതാണ്. ആ വിശ്വാസത്തിൽ തന്നെ മരിക്കുകയും ചെയ്യും" എന്നായിരുന്നു. നവാഭിഷിക്തരാകുന്ന വൈദികരോടുള്ള പ: തിരുമേനിയുടെ ഉപദേശം "പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിനായിട്ടാണ് നിങ്ങൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത് എന്നത് ഒരിക്കലും മറക്കരുതേ, പരിശുദ്ധ സിംഹാസനത്തിന് എതിരായിട്ടു സ്വപ്നത്തിൽ പോലും ചിന്തിക്കരുതേ" എന്നായിരുന്നു.

പ: അന്ത്യോഖ്യാ സിംഹാസനത്തിന്റെ മുൻപാകെ ചെയ്ത സത്യപ്രതിജ്ഞ തന്റെ അന്ത്യം വരെ പ: പിതാവ് കാത്തു സൂക്ഷിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് കല്പനയിൽ പറയുന്നത് "........ നമ്മെ സംബന്ധിച്ച് പറയുകയാണെങ്കിൽ നാം വിശുദ്ധ മദ്ബഹായുടെ മുമ്പാകെയും, പരിശുദ്ധ മാലാഖ മാരുടെയും, പിതാക്കന്മാരുടെയും മുമ്പാകെ പല പ്രാവശ്യവും, വിശുദ്ധ പാത്രിയർക്കാ സിംഹാസനത്തോട് അനുസരണത്തിലും ആദരവിലും ആയുഷ്കാലമൊക്കെയും നടന്നുകൊള്ളാ മെന്ന് ശപഥം ചെയ്ത്, ഈ മേൽപ്പട്ട സ്ഥാനം ഏറ്റിട്ടുള്ളതാണ്. അതനുസരിച്ച് ഇതുവരെയും നാം നിന്നു, ഇനിയും നിൽക്കുന്നതുമാണ്' എന്നാണ്. തന്റെ ഗുരുക്കന്മാരും മുൻഗാമികളുമായ അമ്പാട്ട് ഗീവറുഗിസ് മാർ കുറിലോസ് തിരുമേനിയാകട്ടെ, കടവിൽ കൂരൻ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയാകട്ടെ, പ: പരുമല ഗീവറുഗിസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാകട്ടെ പ: അന്ത്യോഖ്യാ സിംഹാസനത്തിനെതിരായി ചിന്തിക്കുക പോലും ചെയ്തിട്ടില്ല. ആ പിതാക്കന്മാരുടെ ശിക്ഷണത്തിൽ വളർന്ന പ: വലിയ തിരുമേനിക്ക് മറിച്ചാകാൻ പറ്റുകയില്ലല്ലോ. പ: വലിയ തിരുമേനിയുടെ അന്ത്യോഖ്യാ സിംഹാസന ഭക്തി മനസ്സിലാക്കിയാണ് കാലം ചെയ്ത എബ്രാഹാം മാർ ക്ലിമ്മീസ് തിരുമേനിയുടെ പിതാവ് ശെമ്മാശനെ (തിരുമേനി) യഥാർത്ഥ സിംഹാസന ഭക്തനാക്കുന്നതിന് വേണ്ടിയാണ് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ താമസിപ്പിച്ചത്.

**പ: വലിയ തിരുമേനിയുടെ അന്ത്യോഖ്യാ സിംഹാസന ഭക്തി മനസ്സിലാക്കിയാണ് കാലം ചെയ്ത എബ്രാഹാം മാർ ക്ലിമ്മീസ് തിരുമേനിയുടെ പിതാവ് ശെമ്മാശനെ (തിരുമേനി) യഥാർത്ഥ സിംഹാസന ഭക്തനാക്കുന്നതിന് വേണ്ടിയാണ് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ താമസിപ്പിച്ചത്.**

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായിട്ടുള്ള ബന്ധം നിലനിറുത്തുവാൻ പ: പിതാവിന് ഒട്ടേറെ ത്യാഗങ്ങളും പ്രതിബന്ധ ങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. ചില പ്രലോഭനങ്ങളേയും, അതിജീവിക്കേണ്ടതായി വന്നിട്ടുണ്ട്. സഭാ കേസുകളുടെ മൂർദ്ധന്യത്തിൽ കേസിൽ

തോൽക്കുമെന്നും അപ്രകാരം വന്നാൽ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ നിന്നും ഇറങ്ങിപ്പോകേണ്ടി വരുമെന്നും ചില കേന്ദ്രങ്ങൾ പ്രചരിച്ചപ്പോൾ പ: പിതാവ് അതിന് നൽകിയ മറുപടി "മക്കളേ ഭയമില്ല. അകപ്പറമ്പിൽ നമുക്കൊരു പറമ്പുണ്ട്, അവിടെ ഒരു കിണർ കുഴിപ്പിച്ചിട്ടുണ്ട്. ചെറിയ ഒരു കെട്ടിടവും വച്ചാൽ നാം അവിടെ കഴിഞ്ഞു കൊള്ളാം" എന്നായിരുന്നു. എന്തെല്ലാം ഉപേക്ഷിക്കേണ്ടിയും, സഹിക്കേണ്ടിയും വന്നാലും, പ: അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും വിധേയത്വവും ഉപേക്ഷിക്കുവാൻ പ: പിതാവ് തയ്യാറാല്ലായിരുന്നു. "ഈ അന്ത്യോഖ്യാ ഭക്തിയും ബന്ധവും എല്ലാം ഉപേക്ഷിച്ചു വന്നാൽ നല്ല മണിമേടയിൽ ഉന്നത സ്ഥാനം നൽകാമെന്ന് ചിലർ പ: പിതാവിനെ സമീപിച്ചു പറയുകയുണ്ടായി. ഇതിന് നൽകിയ മറുപടി ''ഞാൻ മണിമേടകൾക്ക് വേണ്ടിയല്ല സഭാ നേതൃത്വം വഹിക്കുന്നത്. പ: അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ അനുസരണയുള്ളവനായി ജീവിക്കുവാൻ ആണ്. അതാണ് എനിക്കിഷ്ടം" എന്നായിരുന്നു. ഓർത്തഡോക്സ് സഭയിലെ കാലം ചെയ്ത പീലക്സീനോസ് മെത്രാപ്പോലീത്താ പ: വലിയ തിരുമേനിയെ സമീപിച്ച് "പ: അന്ത്യോഖ്യാ സിംഹാസനത്തേക്കാൾ വലുത് സഭാ യോജിപ്പാണ് എന്നും അതിനു വേണ്ടി കാര്യങ്ങൾ പ: പാത്രിയർക്കീസ് ബാവയെ ബോദ്ധ്യപ്പെടുത്തി സഭായോജിപ്പിന് ശ്രമിക്കണമെന്നും ആവശ്യപ്പെട്ടു. ഇതിന് പ: പിതാവ് നൽകിയ മറുപടി ''...... പരമോന്നതമായ പ: സിംഹാസനത്തോട് എന്തെങ്കിലും വാദിച്ച് ജയിക്കുവാൻ താൻ ശക്തനല്ലയെന്നും പ: സിംഹാസനത്തിൽ നിന്നുമുള്ള കല്പനകൾ അനുസരിക്കുന്നവൻ മാത്രമാണ് ...'' എന്നുമായിരുന്നു. വ്യവഹാരാദി കാര്യങ്ങളിൽ പ: പിതാവിന് തീരെ താത്പര്യം ഇല്ലായിരുന്നു. എന്നാൽ താൻ കേസിൽ ഏർപ്പെടേണ്ടി വന്നു എന്നും അത് എന്തിനായിരുന്നു വെന്നും പ: തിരുമേനി വിശദീകരിക്കുന്നുണ്ട്. അത് "നാം ഈ സംഭവത്തിൽ ഏർപ്പെട്ടത് ധനത്തെ ഉദ്ദേശിച്ചല്ല............" "............... നമ്മുടെ സഭയുടെ വിശ്വാസങ്ങൾ സുരക്ഷിതമാക്കുന്നതിനും, വി: അന്ത്യോഖ്യാ സിംഹാ സനവും മലങ്കര സഭയും തമ്മിൽ പൗരാണികമായുള്ള ബന്ധം നില നിറുത്തുന്നതിനും ..............." എന്നാണ്. മറുകക്ഷിക്ക് വിധിച്ച കോടതി ചെലവ് കെട്ടിവക്കാൻ താമസം നേരിട്ടപ്പോൾ പ: തിരുമേനിയെ വാറണ്ടിൽ പിടിപ്പിക്കുമെന്ന് ഒരു ശ്രുതി പരന്നു. ജയിലിൽ കിടക്കേണ്ടി വന്നാലും പ: അന്ത്യോഖ്യാ സിംഹാസനം ഉപേക്ഷിക്കുകയില്ലാ എന്ന് തന്നെയായിരുന്നു പ: പിതാവിന്റെ ധീരമായ നിലപാട്.

**"എന്റെ വാൽസല്യ മകനെ നിന്റെ സ്നേഹവും ത്യാഗവും, വിശ്വാസ വൈരാഗ്യവും നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും മാറുന്നില്ല," നിന്നെ വിട്ടു പോന്നതിൽ നമുക്ക് അടങ്ങാത്ത സങ്കടമുണ്ട്" എന്നാണ്.**

പരിശുദ്ധ വലിയ തിരുമേനിയെക്കുറിച്ച് അന്ത്യോഖ്യാ സിംഹാസനത്തിന്റെ കരുതൽ വലുതായിരുന്നു. പ:പിതാവിന്റെ അഭിപ്രായങ്ങൾ പ: അബ്ദുള്ള പാത്രിയർക്കീസ് ബാവയും പ: ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയും പ: അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയും അംഗീകരിച്ച് ആദരിച്ചിരുന്നു. പ: അബ്ദുള്ള പാത്രിയർക്കീസ് ബാവ പ: പിതാവിന് അയച്ച കല്പനയിൽ പരാമർശിച്ചത്. "എന്റെ വാൽസല്യ മകനെ നിന്റെ സ്നേഹവും ത്യാഗവും, വിശ്വാസ വൈരാഗ്യവും നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും മാറുന്നില്ല," നിന്നെ വിട്ടു

പോന്നതിൽ നമുക്ക് അടങ്ങാത്ത സങ്കടമുണ്ട്" എന്നാണ്. കണ്ടനാട്, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ഭരണച്ചുമതല പ: വലിയ തിരുമേനിക്ക് നൽകിക്കൊണ്ട് പ: ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ അയച്ച കല്പനയിൽ പറയുന്നത് ".............. ആത്മ കണ്ണുകൾ കൊണ്ട് നാം പരിശോധിച്ചപ്പോൾ നിന്നെ മേൽപ്പറയപ്പെട്ടിരിക്കുന്ന ഇടവകകൾക്ക് തലവനായി നിയമിക്കുകയും ദൈവം സഹായിച്ച് അവയ്ക്ക് മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതുവരെ നീ അവയെ ഭരിക്കുകയും ചെയ്യുന്നത് കൊള്ളാമെന്ന് നാം കണ്ടിരിക്കുന്നു..." ഇപ്രകാരമാണ്. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ: ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ സുപ്രസിദ്ധ വാഗ്മിയും, ആദ്ധ്യാത്മികവും, സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ ഒരുപോലെ പ്രശോഭിച്ചിരുന്ന ആലുമൂട്ടിൽ മീഖായേൽ കശ്ശീശയെ മാർ ദിവന്നാസ്യോസ് എന്ന പേരിൽ വാഴിച്ചു നിയമിച്ചു. തുടർന്ന് കൊല്ലം, നിരണം തുമ്പമൺ എന്നീ ഭദ്രാസ നങ്ങളുടെ ചുമതലകൾ പ: വലിയ തിരുമേനിയിൽ നിന്നും വിടർത്തി മാർ ദിവന്നാസ്യോസ് തിരുമേനിക്ക് പ: പാത്രിയർക്കീസ് ബാവ നൽകുകയുണ്ടായി. അഭിനവ തിരുമേനിയുടെ സാന്നിദ്ധ്യം വലിയ തിരുമേനിക്ക് ഏറെ ആശ്വാസകരമായിരുന്നു. ഈ ഭദ്രാസനങ്ങളിലെ സഭാ മക്കളെ പ: അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ നിലനിറുത്തുവാൻ പുണ്യശ്ലോകനായ മീഖായേൽ മാർ ദിവന്നാസ്യോസ് തിരുമേനിയും പ: വലിയ തിരുമേനിയും ഒറ്റ കെട്ടായി പ്രവർത്തിച്ചു.

**പ: ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ സുപ്രസിദ്ധ വാഗ്മിയും, ആദ്ധ്യാത്മികവും, സാമൂഹികവും രാഷ്ട്രീയവുമായ രംഗങ്ങളിൽ ഒരുപോലെ പ്രശോഭിച്ചിരുന്ന ആലുമൂട്ടിൽ മീഖായേൽ കശ്ശീശയെ മാർ ദിവന്നാസ്യോസ് എന്ന പേരിൽ വാഴിച്ചു നിയമിച്ചു.**

പുണ്യശ്ലോകനായ ഏലിയാസ് മാർ യൂലിയോസ് ബാവ, ഏലിയാസ് റമ്പാനായി പ: ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയോടൊപ്പം വന്ന കാലം മുതലുള്ള സ്നേഹബന്ധവും സാഹോദര്യവും പ: വലിയ തിരുമേനിയുടെ അന്ത്യം വരെയും അഭംഗുരം നിലനിർത്തിയിരുന്നു. മാർ യൂലിയോസ് ബാവ ഇത്രയേറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തവർ വളരെ ചുരുക്കമാണ്. അതുപോലെ തന്നെ പ: അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയെന്ന നിലയിൽ മാർ യൂലിയോസ് ബാവയോട് പ: വലിയ തിരുമേനിക്കും താത്പര്യവും ബഹുമാനവും ആദരവും ഉണ്ടായിരുന്നു. പ: വലിയ തിരുമേനിയുടെ മലങ്കര മെത്രാപ്പോലീത്ത തെരഞ്ഞെടുപ്പ് സ്ഥിതീകരിച്ചുകൊണ്ട് പ: അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ അയച്ച കല്പനയിൽ പറയുന്നത് "മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പരിപാകത യുള്ള മേൽപ്പട്ടക്കാരനും, സാക്ഷ്യം പ്രാപിച്ച വനുമായ അങ്കമാലി, കൊച്ചി ഇടവകകളുടെ മാന്യനായ മാർ അത്താനാസ്യോസ് തെരഞ്ഞെടുത്തായി നമുക്ക് എഴുത്ത് കിട്ടി..... അദ്ദേഹം ഈ സ്ഥാനത്തിന് യോഗ്യൻ തന്നെ എന്ന് നമുക്കും അറിയാവുന്നതുകൊണ്ട് തീക്ഷ്ണതയുള്ളവനും, സദ്വൃത്തനുമായ ഈ മേൽപ്പട്ടക്കാരന്റെ തിരഞ്ഞെടുപ്പിൽ നാം സന്തോഷിക്കുന്നു..." എന്നാണ്.

പ. പാത്രിയർക്കീസ് ബാവയുടെ അധീശത്വം അംഗീകരിച്ചുകൊണ്ടുള്ള സമാധാനശ്രമങ്ങളേ പ. തിരുമേനിക്ക് സ്വീകാര്യമായിരുന്നുള്ളൂ. പ. ഏലിയാസ് തൃതീയൻ പാത്രീയാർക്കിസ് ബാവയുടെ ശ്ലൈഹിക

**"വി. പിതാവിന്റെ ഈ എഴുന്നള്ളത്തു മൂലം സഭയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുവാനും ആത്മീയ ഉണർവും അനുഗ്രഹങ്ങളുമുണ്ടാകുവാനും അങ്ങനെ ദൈവതിരുനാമം മഹത്വപ്പെടുവാനും സംഗതിയാകുവാനും നിങ്ങൾ പ്രാർത്ഥിക്കണം"**

സന്ദർശനം കൊണ്ട് സഭയിൽ സമാധാനം ഉണ്ടാകുമെന്ന് പ. തിരുമേനി ആഗ്രഹിച്ചിരുന്നു. ഇതു സംബന്ധിച്ച് പ. പിതാവ് അയച്ച കല്പനയിൽ പറയുന്നത്, "വി. പിതാവിന്റെ ഈ എഴുന്നള്ളത്തു മൂലം സഭയിൽ സമാധാനം പുന:സ്ഥാപിക്കപ്പെടുവാനും ആത്മീയ ഉണർവും അനുഗ്രഹങ്ങളുമുണ്ടാകുവാനും അങ്ങനെ ദൈവതിരുനാമം മഹത്വപ്പെടുവാനും സംഗതിയാകുവാനും നിങ്ങൾ പ്രാർത്ഥിക്കണം'' എന്നായിരുന്നു. പ.പിതാവ് പ്രതീക്ഷിച്ചത് പോലെ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അടുക്കൽ വട്ടശ്ശേരിൽ ഗിവറുഗിസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത വരികയും യോജിപ്പിന്റെ അന്തരീക്ഷം ഉണ്ടാകുകയും ചെയ്തു. ഇതിൽ ഏറ്റവും അധികം സന്തോഷിച്ചത് പ: വലിയ തിരുമേനി ആയിരുന്നു. ആ സന്തോഷം അധികം നാൾ നീണ്ടു നിന്നില്ല. തിന്മയുടെ നായകൻ പിന്നെയും ഇടയ്ക്ക് കയറി പ്രവർത്തിക്കുകയാൽ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ സമാധാനശ്രമം ഫലവത്തായില്ല. സഭ സമാധാനത്തിന് പ: വലിയ തിരുമേനിയുടെ അഭിപ്രായം സംബന്ധിച്ച് ഒരു കല്പനയിൽ പരാമർശിച്ചിരിക്കുന്നത്."സമാധാനത്തിന് പ്രധാനമായി ഒരു മാർഗ്ഗം നമുക്ക് പറയുവാനുള്ളത്, നിങ്ങളും ഇതിലേക്കുത്സാഹിക്കുന്ന മറ്റുള്ളവരും വിനയത്തോടു കൂടി അന്ത്യോഖ്യാ സിംഹാസനത്തെ അലങ്കരിക്കുന്ന പ. പാത്രിയർക്കീസ് ബാവ തിരുമനസ്സിലെ അടുക്കൽ, അദ്ദേഹം സഭയുടെ മേലദ്ധ്യക്ഷനായി ദൈവം നമുക്ക് നൽകിയിരിക്കുന്ന ആളാണെന്ന വിചാരത്തോടു കൂടി അടുത്ത് ചെല്ലുക, സകലതും ആശ്രയിച്ചിരിക്കുന്നതു താഴ്മയിലും വിനയത്തിലുമാണ്...... പ: വലിയ തിരുമേനി അന്ത്യോഖ്യാ സന്ദർശിച്ചിട്ടില്ല. പ: അപ്രേം പാത്രിയർക്കീസ് ബാവ പ: തിരുമേനിയെ നേരിൽ കണ്ടിട്ടുമില്ല. എന്നിരുന്നിട്ടും പ: അന്ത്യോഖ്യാ സിംഹാസനത്തോടുള്ള പ: തിരുമേനിയുടെ കൂറും വിധേയത്വവും അനുസരണയും എല്ലാം പ: അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയ്ക്ക് നന്നായിട്ട് അറിയാമായിരുന്നു. പ: പാത്രിയ ർക്കീസ് ബാവയുടെ സ്വകാര്യമുറിയിൽ മെത്രാപ്പോലീത്താ യുടേതായിട്ടുള്ള ഏക ഫോട്ടോ പ: പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടേത് മാത്രമായിരുന്നു. ''മാർ അത്താനാസ്യോസ് ഹോംസിലേക്ക് വന്നാൽ സിംഹാസനത്തിന്റെ അധികാരത്തിന്റെ പകുതി അദ്ദേഹത്തിന് നൽകുമെന്ന്" വരെ പ: അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ കല്പിക്കുകയുണ്ടായി. തന്റെ കീഴിലുള്ള ഒരു മെത്രാപ്പോലീത്തായെക്കുറിച്ച് ആകമാന സുറിയാനി സഭയുടെ തലവനായ പാത്രിയർക്കീസ് ബാവ ഇപ്രകാരം കല്പിക്കണമെങ്കിൽ ആ മെത്രാപ്പോലീത്തായെക്കുറിച്ച് പാത്രിയർക്കീസ് ബാവക്ക് എത്ര മാത്രം ഉറപ്പും വിശ്വാസവും ഉണ്ടായിരിക്കണം. സഭയുടെ പൂർവ്വികവിശ്വാസം സംര ക്ഷിക്കുന്നതിനും സിംഹാസനത്തിനു വേണ്ടി ഇത്രയേറെ ത്യാഗങ്ങൾ സഹിച്ച മറ്റൊരു പിതാവും ഉണ്ടായിട്ടില്ല. ഇതിന്റെ അംഗീകാരമായിട്ടാണ് പ: അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ പ: വലിയ തിരുമേനിയെ "വിശ്വാസ സംരക്ഷകൻ" എന്ന അത്യുന്നത ബഹുമതി നൽകി ആദരിച്ചത്. പ: പിതാവിന്റെ മദ്ധ്യസ്ഥത കാവലും കോട്ടയും ആയിരിക്കട്ടെ.



# പ. വലിയ തിരുമേനിയുടെ ആത്മീയ സഹപ്രവർത്തകർ

**മനോജ് മാത്യു, ആര്യാടൻപാക്കൽ, ചെങ്ങളം**

ആയിരം പൂർണ്ണ ചന്ദ്രന്മാരെ ദർശിച്ച് 84 സംവത്സരങ്ങൾ ദൈവരാജ്യവ്യാപ നത്തിനുവേണ്ടി ഭൂമിയിൽ ജീവിച്ച് ആരോടും പകയില്ലാതെ കണ്ണിലെ കൃഷ്ണ മണിപോലെ അന്ത്യോഖ്യൻ വിശ്വാസത്തെ വളർത്തിയ മഹത്വ്യക്തിത്വമായിരുന്നു പുണ്യപിതാവിന്റേത്.

ആലുവായിലെ പരിശുദ്ധനായ പൗലോസ് മോർ അത്താ നാസിയോസ് വലിയ തിരുമേനി മലങ്കരയുടെ മണിദീപമായിരുന്നു. നാലാം നൂറ്റാണ്ടിൽ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി അറിയോസിന്റെ ശീശ്മക്കെതിരെ പോരാടിയ വലിയ മോർ അത്താനാസിയോസിന്റെ പിൻഗാമിയായി 20-ാം നൂറ്റാണ്ടിൽ ഉണ്ടായ മറ്റൊരു ശീശ്മക്കെതിരെ പൊരുതിയ മറ്റൊരു വലിയ മോർ അത്താനാസിയോസാണ് പ. വലിയ തിരുമേനി. ആയിരം പൂർണ്ണചന്ദ്രന്മാരെ ദർശിച്ച് 84 സംവത്സരങ്ങൾ ദൈവരാജ്യവ്യാപനത്തിനുവേണ്ടി ഭൂമിയിൽ ജീവിച്ച് ആരോടും പകയില്ലാതെ കണ്ണിലെ കൃഷ്ണ മണിപോലെ അന്ത്യോഖ്യൻ വിശ്വാസത്തെ വളർത്തിയ മഹത്വ്യക്തിത്വമായിരുന്നു പുണ്യപിതാവിന്റേത്. പ. വലിയ തിരുമേനി പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസിനെപ്പോലെ തന്ത്രശാലിയായ ഭരണാധികാരിയല്ലായിരുന്നു. പുലിക്കോട്ടിൽ വലിയ തിരുമേനിയെപ്പോലെ ഒരധികാരേച്ഛുവായ ഭരണാധിപനുമല്ലായിരുന്നു. അദ്ദേഹം വാത്സല്യമെന്ന ചെങ്കോലേന്തി ഭരണം നടത്തി വിശ്വാസികളുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടി. ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനെന്ന് ലോകം അംഗീകരിച്ച പ്രധാനാചാര്യനായിരുന്നു പുണ്യപിതാവ്. ഗുരുവായ പ. പരുമല തിരുമേനിയിൽ നിന്ന് ശീലിച്ച പ്രാർത്ഥനയും നോമ്പും ഉപവാസവും വി. സഭയെ നേർവഴിക്ക് വളർത്തുന്നതിന് പുണ്യ പിതാവിന് പ്രചോദനമായി തീർന്നു.

## പ. വലിയ തിരുമേനിക്ക് താങ്ങും തണലുമായി പ്രവർത്തിച്ച പ്രമുഖർ


പ.പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയെ പ്രാണനുതുല്യം സ്നേഹിക്കുകയും സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ താങ്ങും തണലുമായി നിൽക്കുകയും സഭയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത പ്രമുഖർ

### 1. കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പ

മലങ്കരയെന്നല്ല സുറിയാനി സഭയിലാകമാനം ബഹുമാന്യനും വിദഗ്ദ്ധനുമായ മല്പാനും മലങ്കര സുറിയാനി സഭയിലെ വൈദികഗ്രന്ഥ ദാരിദ്ര്യത്തെ നിഷ്കാസനം ചെയ്ത സ്ഥിരോത്സാഹിയും മലങ്കര സഭയ്ക്കുവേണ്ടി രാപകൽ ക്ലേശങ്ങൾ സഹിച്ചുകൊണ്ടിരുന്ന സിംഹാസന ഭക്തനും മഹാത്മാവുമായ മലങ്കര മല്പാൻ കോനാട്ട് വന്ദ്യ മാത്തൻ കോർഎപ്പിസ്കോപ്പ പ. വലിയ തിരുമേനിയുടെ കൂട്ടു ട്രസ്റ്റിയായി 1918 മുതൽ പ്രവർത്തിച്ച മഹത്വ്യക്തിയായിരുന്നു. വ. വലിയ തിരുമേനി യുമായി ചേർന്ന് അന്നത്തെ കലുഷിതമായ സമുദായാന്തരീക്ഷത്തിൽ കേസുകളും മറ്റും നടത്തി സഭയെ സത്യവിശ്വാസപാതയിൽ നിലനിർത്തുന്നതിന് വന്ദ്യനായ കോർഎപ്പിസ്കോപ്പ ഒട്ടേറെ ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്.


രാജശ്രീ സി.ജെ. കുര്യൻ അക്കര സുറിയാനി സഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത അത്മായ പ്രമുഖനായിരുന്നു. തന്റെ അന്ത്യശ്വാസം വരെ സഭയ്ക്കു വേണ്ടി രാപകലില്ലാതെ അദ്ധ്വാനിക്കുക മാത്രമല്ല യാതൊരു സങ്കോചവും കൂടാതെ തന്റെ സ്വന്തം കൈയിൽ നിന്നു തന്നെ അതുവരെ ആരും സ്വപ്നം കണ്ടിട്ടില്ലാത്ത തരത്തിലുള്ള സംഖ്യ സുറിയാനി സഭയ്ക്കുവേണ്ടി ചെലവിടുകയും ചെയ്തു.

### 2. രാജശ്രീ സി.ജെ. കുര്യൻ, അക്കര



പ. പാത്രിയർക്കീസ് ബാവാമാർപോലും വാത്സല്യബഹുമാനപുരസ്സരം ''കോജാകുര്യൻ'' വിളിച്ചിരുന്ന രാജശ്രീ സി.ജെ. കുര്യൻ അക്കര സുറിയാനി സഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത അത്മായ പ്രമുഖനായിരുന്നു. തന്റെ അന്ത്യശ്വാസം വരെ സഭയ്ക്കുവേണ്ടി രാപകലില്ലാതെ അദ്ധ്വാനിക്കുക മാത്രമല്ല യാതൊരു സങ്കോചവും കൂടാതെ തന്റെ സ്വന്തം കൈയിൽ നിന്നു തന്നെ അതുവരെ ആരും സ്വപ്നം കണ്ടിട്ടില്ലാത്ത തരത്തിലുള്ള സംഖ്യ സുറിയാനി സഭയ്ക്കുവേണ്ടി ചെലവിടുകയും ചെയ്തു. സ്വന്തമക്കളെക്കാളധിക മായി പോലും സഭയെ സ്നേഹിച്ച അദ്ദേഹം പ. വലിയ തിരുമേനിക്ക് വലിയ ഒരു പിന്തുണയായി പ്രവർത്തിച്ചു.

### 3. പി. റ്റി. തോമസ് പാലാമ്പടം



പ. വലിയ തിരുമേനിക്ക് താങ്ങും തണലുമായി പ്രവർത്തിച്ചവരിൽ പ്രമുഖനായിരുന്നു പി.റ്റി. തോമസ് പാലാമ്പടം. അദ്ദേഹത്തിന്റെ പുത്രനായ ഡോ. പി.റ്റി. തോമസ് പാലാമ്പടവും പിതാവിന്റെ പാതതന്നെ തുടർന്നു. മഞ്ഞനിക്കരയിൽ പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തപ്പോൾ ഇപ്പോഴത്തെ ദയറാ സ്ഥിതി ചെയ്യുന്ന സ്ഥലവും അന്ന് അവിടെ ചാപ്പൽ പണികഴിപ്പിച്ചതിലും മുഖ്യപങ്ക് ഇദ്ദേഹം വഹിച്ചു.


### 4. രാജശ്രീ ഡോ. പി.റ്റി. തോമസ് പാലാമ്പടം



പാലാമ്പടം പി.റ്റി.തോമസിന്റെ പുത്രനായ ഡോ. പി.റ്റി. തോമസ് പാലാമ്പടം പരിശുദ്ധനായ വലിയ തിരുമേനിക്ക് കേസു സംബന്ധമായി കണ്ണുനീർ വാർക്കേണ്ടി വന്ന സന്ദർഭങ്ങളിലെല്ലാം ആ കണ്ണുനീർ ഒപ്പുവാൻ മുൻനിരയിൽ ഉണ്ടായിരുന്ന വ്യക്തിത്വമാണ്. കേസുകളിലേക്ക് മലങ്കര സഭ വലിച്ചിഴക്കപ്പെട്ട സന്ദർഭങ്ങളിലെല്ലാം ആജീവനാന്തം അദ്ദേഹം അനിഷേദ്ധ്യ നേതാവായി മുൻപന്തിയിൽ നിന്നുകൊണ്ട് സാമ്പത്തിക ഭാരങ്ങൾ സ്വയം ഏറ്റെടുത്തു കൊണ്ട് ധീരമായി പോരാടിയിരുന്നു. അദ്ദേഹം

നിര്യാതനായപ്പോൾ അദ്ദേഹത്തെക്കുറിച്ച് പ. പാത്രിയർക്കീസ് ബാവ തന്റെ അനുശോചന കല്പനയിൽ അദ്ദേഹത്തിന്റെ നിസ്തുലമായ സഭാ സ്നേഹ ത്തെയും നിസ്വാർത്ഥവും നിർലോപവുമായ പ്രവർത്തനങ്ങളെയും മുക്ത കണ്ഠം പ്രകീർത്തിച്ചിരുന്നു.


### 5. പുല്യാട്ട് തുകലൻ പൗലോ അവിര



പ. വലിയ തിരുമേനിയോടൊപ്പം 1935ൽ കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ പള്ളിപ്രതിപുരുഷ യോഗത്തിൽ ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട പുല്ല്യാട്ട് തുകലൻ പൗലോ അവിര സഭയ്ക്ക് അഭിമാനമായി പ്രവർത്തിച്ച മഹത് വ്യക്തിത്വമായിരുന്നു. പ. വലിയ തിരുമേനിയുടെ വിശ്വസ്ത സഹപ്രവർത്തകനായ അദ്ദേഹം സുപ്രിം കോടതിവരെയുള്ള സമുദായകേസ് വിശ്രമലേശമെന്യേ നടത്തുകയും ചെയ്തു. മലങ്കര സഭയുടെ നിർണ്ണായക ഘട്ടത്തിൽ അദ്ദേഹം ചെയ്ത സ്തുത്യർഹമായ സേവനം സഭ എന്നും നന്ദിപൂർവ്വം സ്മരിക്കുക തന്നെചെയ്യും.

 പ. വലിയ തിരുമേനിയുടെ വിശ്വസ്ത സഹപ്രവ ർത്തകനായ അദ്ദേഹം സുപ്രിം കോടതിവരെയുള്ള സമുദായകേസ് വിശ്രമലേശ മെന്യേ നടത്തുകയും ചെയ്തു. മലങ്കര സഭയുടെ നിർണ്ണായക ഘട്ടത്തിൽ അദ്ദേഹം ചെയ്ത സ്തുത്യർഹമായ സേവനം സഭ എന്നും നന്ദിപൂർവ്വം സ്മരിക്കുക തന്നെചെയ്യും.

### 6. രാജശ്രീ കളപ്പുരയ്ക്കൽ കെ.സി. ചാക്കോ



ആദായകരമായ തന്റെ അഭിഭാഷക വൃത്തി പോലും പരിത്യജിച്ച്, പ. വലിയ തിരുമേനി കേസ് സംബ ന്ധമായി മനഃപീഡയനുഭവിച്ച എല്ലാ സന്ദർഭങ്ങളിലും തിരുമേനിയെ ആശ്വസിപ്പിച്ച് പ. അന്ത്യോഖ്യാ സിംഹാസന മഹിമയ്ക്കു വേണ്ടി തിരുമേനി ഏർ പ്പെട്ടിരുന്ന സമുദായ കേസുകളിലെല്ലാം തിരുമേ നിയുടെ ക്ലേശം ലഘൂകരിക്കാൻ പ്രയത്നിച്ച യഥാ ർത്ഥമായ ആത്മമിത്രമായിരുന്നു രാജശ്രീ ഒളശ കളപ്പു രയ്ക്കൽ കെ.സി.ചാക്കോ.

### 7. അഡ്വ. കെ.പി. എബ്രഹാം



സഭാ കേസുകളുടെ കാര്യത്തിൽ സർവ്വ ശ്രദ്ധയും കേന്ദ്രീകരിച്ചും ബ്രാഡൽ, ഡഫ്താരി മുതലായ നിയമ വിദഗ്ദ്ധന്മാർക്ക് വിശദമായ ഉപദേശങ്ങൾ കൊടുത്തും പ. വലിയ തിരുമേനിയുടെ അകമഴിഞ്ഞ വിശ്വാസവും വാത്സല്യവും ആർജ്ജിച്ചും വിദഗ്ദ്ധമായി കേസു നട ത്തി പരിപൂർണ്ണ വിജയം സമ്പാദിച്ച സുപ്രസിദ്ധ അഭിഭാ ഷകനും പ. വലിയ തിരുമേനിയുടെ ഒരുറ്റ ബന്ധു വുമായ അഡ്വ. കെ.പി. എബ്രഹാമിന്റെ സേവനങ്ങൾ മലങ്കര സഭാ ചരിത്രത്തിൽ സ്മരണിയമത്രേ.

### 8. പൂക്കുന്നേൽ അവിരാ യൗസേഫ് കശീശ

1935ൽ കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ പള്ളിപ്രതിപുരുഷ യോഗം പ. വലിയ തിരുമേനിയൊടൊപ്പം ട്രസ്റ്റിയായി പൂക്കുന്നേൽ അവിരാ യൗസേഫ് കശീശ തിരഞ്ഞെടുക്കപ്പെട്ടു. പ. വലിയ തിരുമേനിയുമായി ഇദ്ദേഹം അഭി കാമ്യമായ സ്നേഹവും സഹകരണവും അന്ത്യംവരെ നിലനിർത്തിയിരുന്നു.

### 9. പുലിക്കോട്ടിൽ ശെമവൂൻ കശീശ

ആലുവ തൃക്കുന്നത്ത് സെമിനാരി സംബന്ധമായ കാര്യത്തിൽ

സ്തുത്യർഹമാംവണ്ണം മേൽനോട്ടം വഹിച്ചിരുന്ന ബഹു. പുലിക്കോട്ടിൽ ശെമവൂൻ കശീശ (ബഹു. ചുമ്മാരച്ചൻ) പ. വലിയ തിരുമേനിയുടെ വാത്സല്യ ഭാജനമായിരുന്നു. സെമിനാരി സംബന്ധമായി പണസംബന്ധമായ എല്ലാ കാര്യങ്ങളും വിശ്വസ്തമായി വഹിച്ച മാതൃകാപുരോഹിതനായിരുന്നു ബഹു. ചുമ്മാരച്ചൻ.

**10. ഫാ. വർഗീസ് കോച്ചേരിൽ**



പ. വലിയ തിരുമേനിയുടെ പ്രൈവറ്റു സെക്രട്ടറിയായി ശ്ലാഘനീയമായ വിധത്തിൽ തിരുമനസിലെ ആയുരന്ത്യം വരെ സേവനമനുഷ്ഠിച്ച കർമ്മ കുശലനായിരുന്നു ഫാ. വർഗീസ് കോച്ചേരിൽ. പ. വലിയ തിരുമേനിയുടെ സ്നേഹവും വിശ്വാസവും ആർജ്ജിച്ച് വിശ്വസ്തതയോടെ സേവനം അനുഷ്ഠിച്ച അദ്ദേഹം പ. വലിയ തിരുമേനിയുടെ കാലശേഷം സെമിനാരിയുടെയും സഭാ ചന്ദ്രികയുടെയും ചുമതലകൾ തുടർന്ന വന്ദ്യ പുരോഹിത ശ്രേഷ്ഠമായിരുന്നു.

**11. കൊച്ചു പാറേട്ടു ഫിലിപ്പു വക്കീൽ**

പ. വലിയ തിരുമേനിയെ സമുദായ കേസുകളിൽ ആത്മാർത്ഥമായി സഹായിച്ച സഭാസ്നേഹിയായിരുന്നു കൊച്ചു പാറേട്ടു ഫിലിപ്പു വക്കീൽ. എറണാകുളം സെന്റ് മേരീസ് പള്ളി സ്ഥാപിച്ചത് ഇദ്ദേഹമാണ്. തന്റെ ആത്മമിത്ര മായിരുന്നു ഫിലിപ്പ് വക്കിലിന് തൈലാഭിഷേകം നടത്തിയതും അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തിയതും പ. വലിയ തിരുമേനിയാണ്.

**12. ഡോ. പി. എം. പൗലോസ്**

പ. വലിയ തിരുമേനിയെ ജീവിച്ചിരി ക്കുമ്പോൾ തന്നെ പരിശുദ്ധനായി കരുതി പുണ്യപിതാവിനെ ചികിത്സിച്ച ഡോ. പി.എം. പൗലോസ് കോട്ടയത്ത് ജോലി ചെയ്ത കുറുപ്പംപടിക്കടുത്തുള്ള ദേശവാസിയായിരുന്നു. തന്റെ ജീവിതം വിജയത്തിൽ നിന്ന് വിജയത്തിലേക്ക് പൊയ്ക്കൊണ്ടിരുന്നത് ഈ പുണ്യവാന്റെ അനുഗ്രഹം കൊണ്ടാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പ. വലിയ തിരുമേനി കോട്ടയം സിംഹാസന പള്ളിയിൽ താമസിച്ചുകൊണ്ടി രുന്നപ്പോൾ ചികിത്സിച്ചുകൊണ്ടിരുന്നത് ഇദ്ദേഹമായിരുന്നു.

**13. മുളയിരിക്കൽ വന്ദ്യ പൗലോസ് റമ്പാൻ (മോർ സേവേറിയോസ്)**

ആലുവ സെമിനാരിയിൽ പ. വലിയ തിരുമേനിയോടൊപ്പം ദീർഘനാൾ റമ്പാനായി പരിചരിച്ച ഇദ്ദേഹമാണ് മുളയിരിക്കൽ വന്ദ്യ പൗലോസ് റമ്പാൻ. പിന്നീട് പ. വലിയ തിരുമേനി തന്നെ മുൻകൈ എടുത്ത് കൊച്ചി ഭദ്രാസന മെത്രാപ്പോലിത്തയായി പൗലോസ് റമ്പാനെ തിരഞ്ഞെടുക്കുകയും പൗലോസ് മോർ സേവേറിയോസ് എന്ന നാമധേയത്തിൽ പ. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുകയും ചെയ്തു.

**14. മാത്തു**


പ. വലിയ തിരുമേനിയുടെ വാത്സല്യ ഭൃത്യനായിരുന്നു മാത്തു. തിരു മനസിന്റെകൂടെ നിഴൽപോലെ അദ്ദേഹം എപ്പോഴും കൂടെനിന്നു. സമുദായ കേസ് കോട്ടയം ജില്ലാ കോടതിയിൽ തോറ്റ സമയത്ത് മാത്തുവിനോട് പ. വലിയ തിരുമേനി പറഞ്ഞു. മാത്തുവേ നാമിനി ഒന്നിനും പോകുന്നില്ല അവരേതായാലും നമ്മെ അപമാനിക്കാൻ വേണ്ടി കോടതി ചെലവിനു നമുക്ക് വാറണ്ടുവെയ്ക്കും. വാറണ്ടുവെച്ചാൽ നമുക്ക് ജയിലിൽ പോകണം. നമുടെ

**മാത്തുവേ നാമിനി ഒന്നിനും പോകുന്നില്ല അവരേതായാലും നമ്മെ അപമാനിക്കാൻ വേണ്ടി കോടതി ചെലവിനു നമുക്ക് വാറണ്ടുവെയ്ക്കും. വാറണ്ടുവെച്ചാൽ നമുക്ക് ജയിലിൽ പോകണം. നമുടെ യാമനമസ്കാര പുസ്തകവും ഒരു സങ്കീർത്തന പുസ്തകവും കൊണ്ടു പോകണം, നീയും കൂടെ വരണം. അങ്ങനെ നമുക്കവിടെ പോയിരിക്കാം.**


യാമനമസ്കാര പുസ്തകവും ഒരു സങ്കീർത്തന പുസ്തകവും കൊണ്ടു പോകണം, നീയും കൂടെ വരണം. അങ്ങനെ നമുക്കവിടെ പോയിരിക്കാം. പ്രാർത്ഥനാ സമയങ്ങളിൽ മാത്തുവിന്റെ കരംപിടിച്ച് പള്ളിയിലേക്ക് തിരുമേനി കടന്നുവരും. എപ്പോഴും പ. പിതാവിനെ പ്രാണനെപ്പോലെ സ്നേഹിച്ചും ശുശ്രൂഷിച്ചും നിന്നവരായിരുന്നു കുഞ്ഞി പൗലോയും ഔസേപ്പും മാത്തുവും

കൂടാതെ ഞാർത്താങ്കൽ കോരുത് മല്പാൻ ബഹു. തുകലൻ റമ്പാച്ചൻ, ബഹു. കുര്യൻ റമ്പാച്ചൻ, ബഹു പോൾ റമ്പാച്ചൻ, ഫാ. തോമസ് വർഗീസ് (പിന്നീട് വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്ത) തുടങ്ങി അനേകർ പ. പിതാവിന്റെ വിശ്വസ്തരായി സേവനം ചെയ്തിട്ടുണ്ട്.

**യാമനമസ്കാര പുസ്തകവും ഒരു സങ്കീർത്തന പുസ്തകവും കൊണ്ടു പോകണം, നീയും കൂടെ വരണം. അങ്ങനെ നമുക്കവിടെ പോയിരിക്കാം. പ്രാർത്ഥനാ സമയങ്ങളിൽ മാത്തുവിന്റെ കരംപിടിച്ച് പള്ളിയിലേക്ക് തിരുമേനി കടന്നുവരും. എപ്പോഴും പ. പിതാവിനെ പ്രാണനെപ്പോലെ സ്നേഹിച്ചും ശുശ്രൂ ഷിച്ചും നിന്നവരായിരുന്നു കുഞ്ഞി പൗലോയും ഔസേപ്പും മാത്തുവും**



*പ. വലിയ തിരുമേനിയുടെ സുറിയാനി കൈപ്പട*



# ആലുവാ തൃക്കുന്നത്ത് സെമിനാരി യാക്കോബായ സഭയ്ക്ക് വിശുദ്ധ ഭൂമി

**ബിജു കുര്യൻ കളമ്പുകാട്ട്, പുതുപ്പള്ളി**

കോട്ടയം ഭദ്രാസനാധിപനായിരുന്ന കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിക്കാണ്. ആലുവായിൽ സ്ഥാപിതമായ ദൈവാലയത്തിന് സമീപം സെമിനാരി സ്ഥാപിച്ചത് കടവിൽ തിരുമേനിയാണ്. തിരുമേനിയുടെ കുടുംബ ഓഹരി മുഴുവനായി സെമിനാരി പണിക്കായി വിനയോഗിച്ചു.

**പ.** അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനം എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ അങ്കമാലി ഭദ്രാസനാകേന്ദ്രമാണ് ആലുവാ തൃക്കുന്നത്ത് സെമിനാരി. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ മെത്രാഭിഷിക്തനായ അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിക്ക് പ. പാത്രിയർക്കീസ് ബാവായുടെ കല്പനമൂലം രൂപികരിക്കപ്പെട്ട അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല ലഭിച്ചു. അമ്പാട്ട് തിരുമേനിയുടെ ശ്രമഫലമായി ആലുവായിൽ ലഭ്യമായ സ്ഥലത്ത് 1880 ൽ വി. ദൈവമാതാവിന്റെ നാമത്തിൽ അമ്പാട്ട് തിരുമേനി ദൈവാലയം സ്ഥാപിച്ചു. ദൈവാലയത്തിന്റെ പണികൾ പൂർത്തീകരിക്കുന്നതിന് മുമ്പ് മോർ കൂറിലോസ് തിരുമേനി രോഗബാധിതനായിത്തീർന്നു. 1891 മാർച്ച് 9 ന് തിരുമേനി കാലംചെയ്ത് അങ്കമാലി പള്ളിയിൽ കബറടങ്ങി. അമ്പാട്ട് തിരുമേനിയുടെ കാലശേഷം അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല ലഭിച്ചത് കോട്ടയം ഭദ്രാസനാധിപനായിരുന്ന കടവിൽ പൗലോസ് മോർ അത്താനാസിയോസ് തിരുമേനിക്കാണ്. ആലുവായിൽ സ്ഥാപിതമായ ദൈവാലയത്തിന് സമീപം സെമിനാരി സ്ഥാപിച്ചത് കടവിൽ തിരുമേനിയാണ്. തിരുമേനിയുടെ കുടുംബ ഓഹരി മുഴുവനായി സെമിനാരി പണിക്കായി വിനയോഗിച്ചു.

സെമിനാരി നിർമ്മാണം മുഴുമിപ്പിക്കാൻ കടവിൽ തിരുമേനിക്ക് സാധിച്ചില്ല. 1907 ൽ തിരുമേനി കാലം ചെയ്ത് ആലുവ പള്ളിയിൽ കബറടങ്ങി. കടവിൽ തിരുമേനിയുടെ പിൻഗാമിയായി വാഴിക്കപ്പെട്ടത് പ.പൗലോസ് മോർ അത്താനാസിയോസ് (വലിയ തിരുമേനി) മെത്രാപ്പോലീത്തായാണ്. പ. വലിയ തിരുമേനിയുടെ ഭരണകാലത്ത് ആലുവാ പള്ളിയുടേയും സെമിനാരിയുടേയും പണികൾ പൂർത്തീകരിച്ചു. 1917 ൽ പ. വലിയ തിരുമേനി യാക്കോബായ

സുറിയാനി സഭയുടെ മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ട പ്പോൾ മുതൽ അങ്കമാലി ഭദ്രാസനാസ്ഥാനത്തോടൊപ്പം യാക്കോബായ സഭാ ഭരണസിരാകേന്ദ്രം എന്നപദവിയും ആലുവ സെമിനാരിക്ക് ലഭ്യമായി. പ. വലിയ തിരുമേനി 1953 ൽ കാലം ചെയ്ത് ആലുവാ പള്ളി.യിൽ കബറടങ്ങി.

വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയാണ് പ. വലിയ തിരുമേനിയേത്തുടർന്ന് അങ്കമാലി ഭദ്രാസനാധിപനായി ചുമതല യേറ്റത്. വയലിപ്പറമ്പിൽ തിരുമേനി സെമിനാരി രണ്ട് നിലയിലായി പണികഴി പ്പിക്കുകയും സെമിനാരി സമുച്ചയത്തിൽ തന്നെ മെത്രാപ്പോലീത്തായുടെ സ്വകാ ര്യ ചാപ്പൽ സ്ഥാപിക്കുകയും ചെയ്തു. വയലിപ്പറമ്പിൽ തിരുമേനിയുടെ കാല ത്ത് 1958 ൽ സഭയിൽ സമാധാനമുണ്ടായി. 1964 ൽ പ. പാത്രിയർക്കീസ് ബാവ മലങ്കരയിലെഴുന്നള്ളി പുതിയ കാതോലിക്കായെ വാഴിച്ചതോടെ മലങ്കര സഭ യിൽ സമ്പൂർണ്ണ സമാധാനം സംജാതമായി. 1966 ൽ വയലിപ്പറമ്പിൽ തിരുമേനി കാലം ചെയ്ത് ആലുവ പള്ളിയിൽ തന്നെ കബറടങ്ങി. യോജിച്ചസഭയിൽ വാഴിക്കപ്പെട്ട ഫീലിപ്പോസ് മോർ തെയോഫിലോസ് തിരുമേനി അങ്കമാലി ഭദ്രാസന ചുമതല ഏറ്റെടുത്തു. 1970 കളിലെ മലങ്കര സഭാ ഭിന്നതയുടെ കാലത്ത് മോർ തെയോഫിലോസ് നൂതന സിംഹാസനസ്വതന്ത്ര സഭാ വാദികളുടെ പക്ഷം ചേർന്നത് അങ്കമാലി ഭദ്രാസനത്തേ പ്രശ്നകലുഷിത മാക്കി.


രളഭൂഷണം
ദിനേശ് ബീഡി
മാർ ദീവന്നാസ്യോസ് റിമാൻഡിൽ

*1977 -ൽ നടന്ന ചരിത്ര പ്രശസ്ത മായ ആലുവാ സഹന സമരത്തോട നുബന്ധിച്ച് ഉപവാസമനുഷ്ഠിച്ചു കൊണ്ടിരുന്ന മോർ ദീവന്നാസി യോസ് മെത്രാപ്പോലിത്ത (പിന്നീട് ശ്രേഷ്ഠ ബാവ) റിമാൻഡി ലായ വാർത്ത യാക്കോബായ സഭയെ എന്നുമെന്നും സഹായിച്ചി ട്ടുള്ള കേരളഭൂഷണം പത്രത്തിലെ റിപ്പോർട്ട്*

പ. അന്ത്യോഖ്യാ സിംഹാസനത്തെ അംഗീക രിക്കുന്ന, പ. അന്ത്യോഖ്യാ സിംഹാസനം അംഗീക രിക്കുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീ ത്തായുടെ മാത്രം ആസ്ഥാനമായിരിക്കേണ്ട ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ അനധി കൃതമായി താമസിച്ച് ഉടമസ്ഥാവകാശം ഉന്നയിച്ച മോർ തെയോഫിലോസിന്റെ നടപടികൾ മൂലം പ്രശ്നങ്ങൾ മൂർദ്ധന്യം പ്രാപിച്ചു. ആലുവാ പള്ളിഇടവകാംഗത്തിന്റെ ശവസംസ്കാരം യഥാവിധി നടത്തുവാൻ മോർ തെയോഫിലോസും അനുയായികളും സമ്മതിച്ചില്ല. ആരാധന സ്വാതന്ത്ര്യം നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച് അങ്കമാലി ഭദ്രാനാധിപൻ തോമസ് മോർ ദീവന്നാസിയോസ് (ഇപ്പോഴത്തെ ശ്രേഷ്ഠ ബാവാ) തിരു മേനിയുടെ നേതൃത്വത്തിൽ ആലുവായിൽ പ്രകടനം നടത്തി. സെമിനാരിയുടെ ഒരു കിലോമീറ്റർ ചുറ്റളവ് ഗവൺമെന്റ് നിരോധന മേഖലയായി (144) പ്രഖ്യാപിച്ചു. മോർ തെയോഫിലോസും അനുയായികളും കൂടി ഭദ്രാസനം വകയായ കാർ കത്തിച്ച് കേസ് സത്യവിശ്വാസികൾക്കെതിരെ തിരിക്കാൻ ഒരു വിഫലശ്രമം നടത്തുകയുമുണ്ടായി. നിരോധിത മേഖലയിലെ നിരോധനം അധികാരികൾ മെത്രാൻ കക്ഷിക്കാർക്ക് വേണ്ടി പിൻവലിക്കു കയും പള്ളി തുറന്നു കൊടുക്കുകയും ചെയ്തതറിഞ്ഞ് മോർ ദീവന്നാസിയോ സ് തിരുമേനി ആലുവാ പള്ളിയിലെത്തി. തിരുമേനിയേയും കൂടെയുള്ള വരേയും പോലീസ് നിഷ്ഠുരമായി മർദ്ദിച്ച് ലോക്കപ്പിലടച്ചു. ഇതേത്തുടർന്ന് മലങ്കരയുടെ നാനാഭാഗത്തു നിന്നും ജനങ്ങൾ ആലുവായിലേക്ക് ഒഴുകിഎത്തി. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് നടന്ന റാലിയെ ആലുവാ ഓവർബ്രിഡ്ജിന് സമീപം വെച്ച് പോലീസ് തടഞ്ഞ് ലാത്തിചാർജ്ജ് ചെയ്തു. റാലിനയിച്ച ശ്രീ. പി.പി.

തങ്കച്ചൻ (ഇപ്പോഴത്തെ യു.ഡി.എഫ്. കൺവീനർ) ഉൾപ്പെടെയുള്ളവരെ പോലീസ് തല്ലിച്ചതച്ചു. മോർ ദീവന്നാസിയോസ് തിരുമേനിയെ കോടതി റിമാൻഡ് ചെയ്തു. ഇതേത്തുടർന്ന് തിരുമേനി നിരാഹാരവ്രതം ആരംഭിച്ചു. ആലുവാ സെമിനാരിയിലേക്ക് യാക്കോബായ സഭാ മെത്രാപ്പോലീത്തന്മാരുടേയും വൈദികരുടേയും, എം.കെ.ജോർജ് (എക്സ്. എം.എൽ.എ) തുടങ്ങിയവരുടേയും നേതൃത്വത്തിൽ ഗ്രേറ്റ്മാർച്ച് നടത്തി. ആലുവാ പള്ളിയിൽ സത്യവിശ്വാസികൾക്ക് ഗവൺമെന്റ് ആരാധാനാ സ്വാതന്ത്ര്യം അനുവദിച്ചു. സുവിശേഷ സമാജം മെത്രാപ്പോലീത്ത കടവിൽ ഡോ. പൗലോസ് മോർ അത്താനാസിയോസ് തിരുമേനി ആലുവാ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു. മോർ ഗ്രീഗോറിയോസ് (പെരുമ്പള്ളി), മോർ ദീവന്നാസിയോസ്, ഫാ, ജോർജ് പരത്തുവയലിൽ എന്നിവർ വി. കുർബ്ബാനയിൽ സംബന്ധിച്ചു. പിന്നീട് ഏകദേശം മുപ്പത് വർഷത്തേക്ക് ആലുവാ പള്ളി അടഞ്ഞു കിടന്നു.

ആലുവ തൃക്കുന്നത്ത് പള്ളിയും പരിസരവും നിരോധിത മേഖലയായി തുടരുന്നതിനാൽ കുറേക്കാലത്തേക്ക് പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടായില്ല. 1995ലെ ബഹു. സുപ്രീം കോടതി വിധിക്ക് ശേഷം ദേവലോകത്തെ മാർ മാത്യൂസ് ദ്വിതീയൻ ബാവാ സെമിനാരിയിൽ അനധികൃതമായി പ്രവേശിച്ചത് സംഘർഷത്തിനിടയാക്കി. അദ്ദേഹം അനധികൃതമായി സെമിനാരിയിൽ പ്രവേശിച്ചതറിഞ്ഞ് ആയിരക്കണക്കിന് യാക്കോബായ സഭാംഗങ്ങൾ ആലുവായിലെത്തി. ഇതേതുടർന്ന് പോലീസ് ഇടപെട്ട് മാർ മാത്യൂസ് ദ്വിതീയൻ ബാവയെ സെമിനാരിയിൽ നിന്ന് കോട്ടയത്തേക്ക് തിരിച്ചു വിട്ടു. കാലം ചെയ്ത പിതാക്കന്മാരായ അഭി. ഏബ്രഹാം മോർ ക്ലീമീസ്, ഡോ. ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് എന്നി തിരുമേനിമാരോടൊപ്പം അഭി. തോമസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (ശ്രേഷ്ഠ ബാവാ) പ്രതിഷേധ മഹായോഗത്തിൽ പ്രസംഗിച്ചു. സെമിനാരിയിൽ അനധികൃത ഉടമസ്ഥാവകാശം ഉന്നയിച്ച് അവിടെ താമസിച്ചു വന്ന ഫിലിപ്പോസ് മാർ തെയോഫിലോസ് 1997ൽ കാലം ചെയ്യുകയും കോട്ടയത്ത് കബറടക്കണമെന്ന അദ്ദേഹത്തിന്റെ അന്ത്യാഭിലാഷത്തിന് വിരുദ്ധമായി തൃക്കുന്നത്ത് പള്ളിയുടെ വടക്കേ മുറ്റത്ത് മാർ തെയോഫിലോസിനെ മെത്രാൻ കക്ഷിക്കാർ കബറടക്കുകയും ചെയ്തു.

ആലുവ തൃക്കുന്നത്ത് പള്ളിയും പരിസരവും നിരോധിത മേഖലയായി തുടരുന്നതിനാൽ കുറേക്കാലത്തേക്ക് പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടായില്ല. 1995ലെ ബഹു. സുപ്രീം കോടതി വിധിക്ക് ശേഷം ദേവലോകത്തെ മാർ മാത്യൂസ് ദ്വിതീയൻ ബാവാ സെമിനാരിയിൽ അനധികൃതമായി പ്രവേശിച്ചത് സംഘർഷത്തിനിടയാക്കി. അദ്ദേഹം അനധികൃതമായി സെമിനാരിയിൽ പ്രവേശിച്ചതറിഞ്ഞ് ആയിരക്കണക്കിന് യാക്കോബായ സഭാംഗങ്ങൾ ആലുവായിലെത്തി.

ആലുവാ തൃക്കുന്നത്തു സെമിനാരിയും ഇടവക പള്ളിയും ഏത് വിധേനയും കൈവശപ്പെടുത്തണമെന്ന ചിന്തയിൽ മെത്രാൻ കക്ഷികൾ ഒരു പുതിയ പരീക്ഷണത്തിന് തയ്യാറായി. യാക്കോബായ സഭയിൽ നിന്ന് കാലുമാറി മെത്രാൻ കക്ഷിയിലെത്തിയ യൂഹാനോൻ മാർ മിലിത്തിയോസിനെ മെത്രാൻ കക്ഷി അങ്കമാലി ഭദ്രാസനത്തിന്റെ സഹായകനാക്കി സെമിനാരിയും സ്വത്തുക്കളും പിടിച്ചെടുക്കാമെന്നാണ് മെത്രാൻ പക്ഷം കരുതിയത്. മാർ മിലിത്തിയോസ് ആദ്യം ചെയ്തത് സെമിനാരിയുടെ 'കെയർ ടേക്കർ' പദവി വഹിച്ചിരുന്ന മണ്ണാറപ്രായിലച്ചനെ നീക്കം ചെയ്യുകയയായിരുന്നു. 2005 ജൂൺ 26-ന് മാർ മാത്യൂസ് ദ്വിതീയൻ ബാവാ മെത്രാൻ കക്ഷി ചാപ്പലിൽ മണ്ണാറപ്രായിലച്ചൻ കുർബ്ബാന ചൊല്ലിക്കൊണ്ടിരുന്ന അവസരത്തിൽ മെത്രാൻ കക്ഷിചാപ്പലിലെത്തി അച്ചനെ സെമിനാരിയുടെ ചുമതലയിൽ നിന്ന് മാറ്റി എന്ന കല്പന നേരിട്ട് കൈയ്യിൽ കൊടുക്കുകയും വായിപ്പിക്കുകയും ചെയ്തു. ഇതേത്തുടർന്ന് മാർ മാത്യൂസ് ദ്വിതീയൻ ബാവാ സെമിനാരിയിൽ താമസം ആരംഭിക്കുകയും പുതിയ 'കെയർ ടേക്കറെ' നിയമിക്കുകയും ചെയ്തു. ഇത് തികച്ചും നിയമവിരുദ്ധവും സ്റ്റാറ്റെസ്കോയുടെ ലംഘനവുമായിരുന്നു. ഈ സാഹചര്യത്തിൽ ശ്രേഷ്ഠ കാതോലിക്കാ

ബാവാ ആലുവായിൽ സെമിനാരിക്ക് മുമ്പിലുള്ള കുരിശിൻതൊട്ടിയിൽ പ്രാർത്ഥ നയജ്ഞം ആരംഭിച്ചു. വൈദികരും ജനങ്ങളുമടങ്ങുന്ന ആയിരക്കണക്കിന് വിശ്വാസികൾ ആലുവായിലെത്തി ശ്രേഷ്ഠ ബാവായ്ക്ക് പിന്തുണ നൽകി. ഗവൺമെന്റ് അധികാരികളും പോലീസും യാക്കോബായ സഭാ നേതൃത്വവു മായി ചർച്ച നടത്തി. കോട്ടയം കാതോലിക്കായെ സെമിനാരിയിൽ നിന്ന് ഉടനെ ഇറക്കാം എന്ന ഉറപ്പും നൽകി. രാത്രി പ്രാർത്ഥനയും സൂത്താറയും കഴിഞ്ഞ് വിശ്വാസികൾ സമാധാനപരമായി പിരിഞ്ഞു പോകണമെന്ന ശ്രേഷ്ഠബാവാ യുടെ കല്പന പ്രകാരം സമാധാനമായി പിരിഞ്ഞ് പോയവരെ പോലീസ് ലാത്തി ച്ചാർജ്ജ് നടത്തി. പോലീസ് നടപടിയിൽ പ്രതിഷേധിച്ച് ശ്രേഷ്ഠ ബാവ റോഡിൽ കുത്തിയിരുപ്പ് നടത്തിയതോടെ അധികൃതർ ചർച്ചയ്ക്ക് തയ്യാറായി. ബാവായും മെത്രാപ്പോലീത്തമാരും അടക്കം 12 പേർക്ക് തൃക്കുന്നത്ത് പള്ളിയിൽ പ്രവേ ശിച്ച് കബറിടത്തിൽ പ്രാർത്ഥിക്കാനുള്ള അവസരം ലഭ്യമായി. 1978-ന് ശേഷം നടന്ന ആദ്യ സംഭവമായതിനാൽ ഇതിന് വലിയ വാർത്താ പ്രാധാന്യം ലഭിച്ചു. കളക്ടർ സെമിനാരിയും പരിസരങ്ങളും 144 പ്രഖ്യാപന മേഖലയാക്കി നില നിർത്തി.



***2005 ജൂലൈ 3ന് ആലുവാ യു.സി. കോളേജ് ചാപ്പലിൽ ഒത്തുചേർന്ന വിശ്വാസസമൂഹത്തെ പോലീസ് പള്ളിയിൽ കയറി മൃഗീയമായി മർദ്ദിച്ചപ്പോൾ***

കളക്ടറുടെ നടപടി ലംഘിച്ച് ജൂലൈ 2-ന് കോട്ടയം കാതോലിക്കാ. നിയുക്ത കാതോലിക്കാ, ഫാ, ബോബി എന്നിവർ സെമിനാരിയിൽ പ്രവേശിച്ചത് വീണ്ടും തർക്കങ്ങൾക്കിട നൽകി. വഞ്ച നാപരമായ ഈ നിലപാടിൽ പ്രതിഷേ ധിച്ച് ശ്രേഷ്ഠ ബാവാ വീണ്ടും ഉപവാസ പ്രാർത്ഥനാ യജ്ഞം ആരംഭിച്ചു. ജൂലൈ 3-ന് ആലുവാ യു. സി. കോളേജ് സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ യാക്കോബായ സഭയുടെ നേതൃസമ്മേ ളനം വിളിച്ചു ചേർത്തു. ബാവായുടെ ആരോഗ്യ സ്ഥിതിയറിയാൻ വിശ്വാസി കളും ആലുവായിലെത്തിച്ചേർന്നു.

എന്നാൽ ദുഷ്ടലാക്കോടെ ചില സാമൂഹ്യ വിരുദ്ധർ ഒരു സർക്കാർ വാഹനം കത്തിക്കുകയും പോലീസിനു നേരെ കല്ലെറിയുകയും ചെയ്തു. പോലീസ് നിരപരാധികളായ വിശ്വാസികളെ മർദ്ദിച്ചവശരാക്കി. പോലീസുകാർ യു. സി. കോളേജ് പള്ളി മദ്ബഹായിൽ വരെ കയറി അക്രമം നടത്തിയപ്പോൾ ആലുവായും പരിസരങ്ങളും പോലീസ് ക്രൂരതയുടെ കിരാത മുഖം കണ്ടു. നിരപരാധികളായ നൂറു കണക്കിനു വിശ്വാസികളെ പോലീസ് ക്യാംപിൽ കൊണ്ടുപോയി മൃഗീയമായി പീഡിപ്പിച്ചു. വൈദികരെപ്പോലും പോലീസുകാർ ക്രൂരമായി മർദ്ദിച്ചു. എ.ആർ. ക്യാംപിൽ വച്ച് ചിലവൈദികരെക്കൊണ്ട് ബല മായി കുർബ്ബാന ചൊല്ലിപ്പിച്ചു. ഗവൺമെന്റ് പ്രതിനിധിയായി ശ്രീ കെ. വി. തോമസ് എം.എൽ.എ.എത്തി ചർച്ച നടത്തിയതനുസരിച്ച് ബാവാ ഉപവാസ സമരം പിൻവലിച്ചു. ബാവായെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിശ്വാസി കളെ വിട്ടയ്ക്കുമെന്ന ഗവൺമെന്റ് ഉറപ്പ് പാലിക്കപ്പെടാതെ വൈദികരെയും വിശ്വാസികളെയും പോലീസ് ജയിലിലടച്ചു. ഇതേത്തുടർന്ന് ബാവാ ആശുപ ത്രിയിൽ ഉപവാസമാരംഭിച്ചു. ജൂലൈ 5-ന് എല്ലാവർക്കും ജാമ്യം ലഭിച്ചതനു

സരിച്ച് ശ്രേഷ്ഠ ബാവാ ഉപവാസം അവസാനിപ്പിച്ചു.

2006-ലെ ആലുവാപ്പെരുന്നാളിനോടനുബന്ധിച്ച് യാക്കോബായ സഭയിലെ വൈദികർക്കും വിശ്വാസികൾക്കും കബറിടങ്ങളിൽ ധൂപപ്രാർത്ഥന നടത്താനും പ്രാർത്ഥിക്കുവാനും സാധിച്ചത് ഏവർക്കും ആത്മസംതൃപ്തി നൽകി ജില്ലാ ഭരണ സാരഥിയും പോലീസ് മേധാവികളും സ്ഥലത്തുണ്ടായിരുന്നു. ഏതാനും മെത്രാൻ കക്ഷിക്കാർ സെമിനാരി കോമ്പൗണ്ടിൽ നിന്ന് പുലഭ്യം പറഞ്ഞതൊഴിച്ചാൽ പെരുന്നാൾ ചടങ്ങുകൾ സമാധാനപരമായി നടന്നു.

2007-ലെ പെരുന്നാൾ ചരിത്രമുഹൂർത്തമായി മാറി. ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്താമാർക്കും വൈദികർക്കും വിശ്വാസികൾക്കും ജനുവരി 25 -ാം തീയതി കബർ മുറിയിൽ ധൂപമർപ്പിച്ച് പ്രാർത്ഥിക്കാൻ സാധിച്ചു. ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്തന്മാരും, വൈദികരും,സത്യവിശ്വാസികളുമടങ്ങുന്ന വിശ്വാസസമൂഹം സമാധാനപരമായി കബറുമുറിയിൽ പ്രാർത്ഥിച്ചപ്പോൾ പ. പിതാക്കന്മാർ സ്വർഗ്ഗീയ സന്നിധിയിൽ സന്തോഷിച്ചു.



*ചരിത്ര മുഹൂർത്തം: 2008-ൽ ശ്രേഷ്ഠ കാതോലിക്ക ബാവായും മെത്രാപ്പോലിത്തന്മാരും വിശുദ്ധ കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തിയപ്പോൾ*

2008 ലെ ഓർമ്മപ്പെരുന്നാളിൽ സത്യവിശ്വാസികളുടെ അവകാശം ഗവൺമെന്റ് സംരക്ഷിച്ചു. ശ്രേഷ്ഠ ബാവായും മെത്രാപ്പോലിത്താമാരും വൈദികരും കബറിടത്തിൽ ധൂപപ്രാർത്ഥന നടത്തി. വിശ്വാസികൾ കബറുകൾ മുത്തി അനുഗ്രഹം പ്രാപിച്ചു. അഞ്ച് വിശ്വാസികളെ വീതമാണ് കബർ മുറിയിൽ പ്രാർത്ഥിക്കാൻ കയറ്റിവട്ടത്. സമാധാനമായി എല്ലാ വിശ്വാസികളും പ്രാർത്ഥന നടത്തിയപ്പോൾ തൊട്ടടുത്ത കെട്ടിടത്തിൽ മെത്രാൻ കക്ഷി തീവ്രവാദികൾ തമ്പടിച്ച് മൈക്കിലൂടെ അസഭ്യ വർഷം നടത്തി ആശ്വസിച്ചു. മെത്രാൻ കക്ഷി കാതോലിക്കായുടേയും നിയുക്ത കാതോലിക്കായുടേയും സാന്നിധ്യത്തിലായിരുന്നു മെത്രാൻ കക്ഷി വൈദികരുടേയും, തെക്കൻ പ്രദേശത്ത് നിന്ന് എത്തിയവരുടേയും സംസ്കാര ശൂന്യമായ പ്രവൃത്തികൾ.

2009-ലെ ആലുവാപെരുന്നാൾ ദിനത്തിൽ ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്താമാരും പള്ളിയിലും കബറിടത്തിലും പ്രവേശിക്കുന്നതിൽ തർക്കമുന്നയിച്ച് കളക്ടർക്ക് മെത്രാൻ കക്ഷിക്കാർ പരാതി നൽകിയിരുന്നു. ഇരുവിഭാഗങ്ങളേയും വിളിച്ച് കളക്ടർ ചർച്ച നടത്തുകയും ഇരുവിഭാഗങ്ങൾക്കുമായി രാവിലെയും ഉച്ചകഴിഞ്ഞുമായി പ്രത്യേക സമയമനുവദിക്കുകയും ചെയ്തു. ഇതേതുടർന്ന് മെത്രാൻ കക്ഷിക്കാർ ഹൈക്കോടതിയിൽ പ്രത്യേക ഹർജി ഫയൽ ചെയ്തു. ബഹു. കോടതി ഒരു കമ്മീഷനെ നിയോഗിച്ചു. ഒരു മണി മുതൽ യാക്കോബായ സഭാംഗങ്ങൾ കബറിടത്തിൽ പ്രാർത്ഥന നടത്തി. നാലുമണിക്ക് ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്താമാരും വൈദീകരും കബ

റിടത്തിൽ ധൂപപ്രാർത്ഥന നടത്തി.സെമിനാരിയിൽ ധ്യാനത്തിന്റെ പേരിൽ തമ്പടിച്ചിരുന്ന ചില മെത്രാൻ കക്ഷിക്കാർ അക്രമം നടത്താൻ ശ്രമിക്കുന്നതിനിടെ പോലീസ് പിടിയിലായി. മെത്രാൻ കക്ഷിക്കാർക്ക് ലഭിച്ച സമയത്ത് അവർ ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ കബറിടത്തിൽ മാത്രം പ്രാർത്ഥിച്ച ശേഷം തിരികെപ്പോയി.

2010 ജനുവരി 23, 24 തീയതികളിൽ നടന്ന ആലുവാപ്പെരുന്നാൾ തികച്ചും സമാധാനപരമായിരുന്നു. മെത്രാൻ പക്ഷം ശ്രേഷ്ഠ ബാവയ്ക്കെതിരെ കൊടുത്ത ഹർജിയിൽ വാദം കേട്ടശേഷം, പള്ളി തുറക്കുന്നതിനെക്കുറിച്ച് ബഹു. കോടതി ഇരുപക്ഷത്തോടും അഭിപ്രായം ആരാഞ്ഞു. പള്ളിതുറക്കുന്നതിൽ യാക്കോബായ സഭ അനുകൂല നിലപാടും മെത്രാൻ പക്ഷം പള്ളി തുറക്കാൻ പാടില്ലാ എന്നും കോടതിയെ അറിയിച്ചു. രണ്ട് ദിവസത്തേക്ക് പള്ളി തുറക്കാൻ ബഹു. കോടതി നിർദ്ദേശിക്കുകയും നടപടികൾ റിപ്പോർട്ട് ചെയ്യാൻ ഏകാംഗകമ്മീഷനെയും നിയമിച്ചു. പള്ളി വൃത്തിയാക്കാൻ മെത്രാൻ കക്ഷിക്കാരോട് കോടതി ആജ്ഞാപിച്ചത് കൂടാതെ കമ്മീഷന്റെ ചെലവ് വഹിക്കാനും ഉത്തരവിട്ടു. ശ്രേഷ്ഠ ബാവായും, മെത്രാപ്പോലീത്താമാരും, വൈദികരും, ആയിരക്കണക്കിന് സഭാവിശ്വാസികളും പള്ളിയിലും കബറിടത്തിലും ഇരുദിവസങ്ങളിലും എത്തി പ്രാർത്ഥന നടത്തി. യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ച് തൃക്കുന്നത്ത് പള്ളി തുറന്ന് ആലുവാപ്പെരുന്നാൾ നടത്തുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്.

**2010 ജനുവരി 23, 24 തീയതികളിൽ നടന്ന ആലുവാപ്പെരുന്നാൾ തികച്ചും സമാധാനപരമായിരുന്നു. മെത്രാൻ പക്ഷം ശ്രേഷ്ഠ ബാവയ്ക്കെതിരെ കൊടുത്ത ഹർജിയിൽ വാദം കേട്ടശേഷം, പള്ളി തുറക്കുന്നതിനെക്കുറിച്ച് ബഹു. കോടതി ഇരുപക്ഷത്തോടും അഭിപ്രായം ആരാഞ്ഞു. പള്ളി തുറക്കുന്നതിൽ യാക്കോബായ സഭ അനുകൂല നിലപാടും മെത്രാൻ പക്ഷം പള്ളി തുറക്കാൻ പാടില്ലാ എന്നും കോടതിയെ അറിയിച്ചു.**

പ. അന്ത്യോഖ്യാ സിംഹാസന വിധേയത്വത്തിൽ ആയിരിക്കേണ്ട ആലുവാ തൃക്കുന്നത്ത് സെമിനാരി, മെത്രാൻ കക്ഷിക്കാർ അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയും ഇടവക പള്ളിയും, കബറിടങ്ങളും അടഞ്ഞ് കിടക്കുകയും ചെയ്യുന്നത് ഓരോ യാക്കോബായ സഭാംഗത്തിനും വേദന ഉളവാക്കുന്നുണ്ട്. പരിശുദ്ധ പിതാക്കന്മാരുടെ കബറിടങ്ങൾ ഉൾക്കൊള്ളുന്ന ദൈവാലയം വിശ്വാസികൾക്ക് ആരാധനയർപ്പിക്കുവാനും പ്രാർത്ഥിക്കുവാനും തുറന്ന് കിട്ടുന്ന സുദിനത്തിനായി ഓരോ വിശ്വാസിയും കാത്തിരിക്കുന്നു.ആലുവാ പള്ളിയും സെമിനാരിയും യാക്കോബായ സഭയ്ക്ക് ലഭിക്കാൻ വേണ്ടി കഷ്ടപ്പാടും, മർദ്ദനവും, പീഡനങ്ങളും സഹിച്ചവർ ഇടവകാംഗങ്ങൾ മാത്രമല്ല.ഫാ. ഏലിയാസ് തോമ്പ്ര, വന്ദ്യ. ഔസേഫ് പാത്തിക്കൽ കോർഎപ്പിസ്കോപ്പ, ഫാ. വറുഗീസ് കല്ലാപ്പാറ, ഫാ, ജോർജ് പരത്തു വയലിൽ, തുടങ്ങിയ വൈദികരും ശെമ്മാശൻമാരും, സത്യവിശ്വാസികളായ മലങ്കരയിലെ നിരവധി യാക്കോ ബായ സഭാംഗങ്ങളും ആലുവായിലെ സഹന സമരങ്ങ ളിൽ പങ്കെടുത്ത് സഹിച്ച ത്യാഗങ്ങളും ആക്ഷേപങ്ങളും വിവരിക്കാൻ വാക്കുകൾ മതിയാവുകയില്ല. പ. അന്ത്യോഖ്യാ സിംഹാസന വിധേയത്വത്തിലും ആകമാന സുറിയാനി സഭയോടുള്ള സജീവ ബന്ധത്തിലും കഴിഞ്ഞു വന്ന പിതാക്കന്മാരുടെ കബറിടങ്ങൾ സത്യവിശ്വാസികൾക്ക് അഭയകേന്ദ്രമാണ്. ആ പിതാക്കന്മാരുടെ പ്രാർത്ഥന മുഴങ്ങിയ ദൈവാലയം പൂർണ്ണമായി തുറന്ന് വിശ്വാസികളുടെ പ്രാർത്ഥനയും ധൂപവും സ്വർഗ്ഗീയ സന്നിധിയിലേക്കുയരുന്ന ദിവസം അനതിവിദൂരമല്ല എന്ന് കരുതാം.



***വീണ്ടും ചരിത്ര മുഹൂർത്തം: 32 വർഷത്തെ ഇടവേളക്ക് ശേഷം ശ്രേഷ്ഠ ബാവായും മെത്രാപ്പോലിത്താന്മാരും വിശ്വാസികളും തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളിയിൽ പ്രവേശിച്ച് ആരാധന നടത്തിയപ്പോൾ***



# ആലുവായിലെ പുണ്യപിതാക്കന്മാർ

**റ്റി.വി. മത്തായി, തുരുത്തുമ്മേൽ**

## കടവിൽ പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത (ഒന്നാമൻ)

കടവിൽ അച്ചനെ, റമ്പാൻ, മെത്രാൻ സ്ഥാനം നൽകിയത് പ. പത്രോസ് III പാത്രിയർക്കീസ് ബാവയായിരുന്നു. സമുദായം, ഗവൺമെന്റ് കാര്യങ്ങൾക്കായി നടത്തുന്ന എഴുത്തുകുത്തുകൾ കടവിൽ മോർ അത്താനാസ്യോസ് മുഖാന്തരം ആയിരിക്കുമെന്ന് പാത്രിയർക്കീസ് ബാവാ പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

വടക്കൻ പറവൂർ പള്ളി ഇടവകയിൽ കടവിൽ-കൂരൻ കുടുംബത്തിൽ അവിരാ വർക്കിയുടെയും അന്നത്തിന്റെയും ഇളയപുത്രനായി 1833 ഡിസംബർ 7ന് വന്ദ്യപിതാവ് ഭൂജാതനായി. പൗലോസ് എന്നായിരുന്നു മാമ്മോദീസാ സമയത്ത് നൽകപ്പെട്ട പേര്. ചേപ്പാട്ട് മോർ ദീവന്നാസ്യോസ് തിരുമേനി. 1846 ഫെബ്രുവരി 15ന് പൗലോസിന് കോറൂയോപട്ടം നൽകി. തുടർന്ന് പ. സിംഹാസന പ്രതിനിധിയായി മലങ്കരയിലെത്തിയ പ. യുയാക്കീം മോർ കൂറിലോസ് ബാവായോടൊപ്പം താമസിച്ച് സുറിയാനി ഭാഷയിലും ആരാധനകളിലും



വ്യുൽപ്പത്തി നേടി. 1854 ൽ പ. യുയാക്കീം മോർ കൂറിലോസ് തിരുമേനി കടവിൽ പൗലോസ് ശെമ്മാശന് കശീശ്ശാപട്ടം നൽകി. സുറിയാനി മൽപ്പാനായി 1870 ൽ കോട്ടയം സിറിയൻ സെമിനാരി (പഴയ സമിനാരി) യിൽ കടവിലച്ചൻ നിയമിക്കപ്പെട്ടു. ബഹു ഭാഷാ പണ്ഡിതനും, സുറിയാനി മല്പാനുമായിരുന്ന കടവിൽ അച്ചനെ, റമ്പാൻ, മെത്രാൻ സ്ഥാനം നൽകിയത് പ. പത്രോസ് III പാത്രിയർക്കീസ് ബാവയായിരുന്നു. സമുദായം, ഗവൺമെന്റ് കാര്യങ്ങൾക്കായി നടത്തുന്ന എഴുത്തുകുത്തുകൾ കടവിൽ മോർ അത്താനാസ്യോസ് മുഖാന്തരം ആയിരിക്കുമെന്ന് പാത്രിയർക്കീസ് ബാവാ പ്രത്യേകം നിഷ്കർഷിച്ചിരുന്നു. കോട്ടയം ഭദ്രാ

സനാധിപനെന്ന നിലയിൽ വിവിധ പള്ളികൾ സ്ഥാപിക്കാൻ നേതൃത്വം നൽകിയ തിരുമേനി പിൽക്കാലത്ത് അങ്കമാലി ഭദ്രാസന ഭരണം ലഭ്യമായപ്പോൾ ആലുവായിൽ സെമിനാരി സ്ഥാപിച്ചു. ആയതിനായി നിരവധി ത്യാഗങ്ങൾ സഹിക്കുകയും കുടുംബസ്വത്തായി തനിക്ക് ലഭിച്ചതെല്ലാം സെമിനാരി പണിക്ക് വേണ്ടി വിനിയോഗിക്കുകയുണ്ടായി. 1907 നവംബർ 2-ാം തീയതി തിരുമേനി കാലം ചെയ്ത് തൃക്കുന്നത്ത് പള്ളിയിൽ കബറടങ്ങി. തിരുമേനിയുടെ വടി, സ്ലീബാ, കുരിശ് തുടങ്ങിയവ പ. അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് അയച്ചു കൊടുക്കയും ചെയ്തു. (കാതോലിക്കേറ്റിന്റെ നിധി പേജ് 167). കടവിൽ തിരുമേനിയുടെ ചരമശതാബ്ദി യാക്കോബായ സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ സമുചിതമായി കൊണ്ടാടി.

## ആലുവായിലെ വലിയ തിരുമേനി



അകപ്പറമ്പ് പള്ളി ഇടവകയിൽ കുറ്റിക്കാട്ട് പൈനാടത്ത് മത്തായിയുടെയും അന്നയുടെയും പുത്രനായി 1869 ജനുവരി 23ന് പൗലോസ് ജനിച്ചു. (തിരുമേനിയുടെ പിതൃകുടുംബം അയ്യമ്പിള്ളിൽ തെക്കേക്കരയാണ്. മാതാവ് കുടുംബത്തിലെ ഏകമകൾ ആയിരുന്നതിനാൽ തിരുമേനിയുടെ ബാല്യം മാതൃഭവനത്തിൽ ആയിരുന്നു). ആത്മീയ കാര്യങ്ങളിൽ പൗലോസ് അതീവ തത്പരനായിരുന്നു. നന്നേ ചെറുപ്രായത്തിൽ തന്നെ വി. മദ്ബഹായിലെ ശുശ്രൂഷകനായി. പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അർപ്പിച്ച വി. കുർബ്ബാന മധ്യേ അഞ്ചാം തുബ്ദേൻ കർണ്ണാനന്ദകരമായ സ്വരമാധുരിമയിൽ വായിച്ച ഏഴ് വയസ്സുകാരൻ പൗലോസ് പ..ബാവായ്ക്കും പ്രിയങ്കരനായി മാറി. 1879 ൽ അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയിൽ നിന്ന് പൗലോസ് ശെമ്മാശ്പട്ടമേറ്റു. ആലുവാ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തിയാക്കിയ പൗലോസ് ശെമ്മാശൻ കോട്ടയം സി.എം.എസ്. സ്കൂളിൽ നിന്ന് മെട്രിക്കുലേഷൻ പാസ്സായി. കോട്ടയത്ത് പഠിച്ച അവസരത്തിൽ തന്നെ സുറിയാനി ഭാഷയും സുറിയാനി സഭാ ആരാധനയുമെല്ലാം നന്നായി പഠിച്ച് ശ്രദ്ധേയനാകാൻ ശെമ്മാശന് കഴിഞ്ഞു. 1898 നവംബർ 25-ാം തീയതി കശ്ശീശ പട്ടവും, 28-ാം തീയതി റമ്പാൻ സ്ഥാനവും പൗലോസ് ശെമ്മാശന് നൽകി അനുഗ്രഹിച്ചത് പ.പരുമല തിരുമേനിയാണ്. പരുമല സെമിനാരിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ താമസിച്ച് മേൽനോട്ടം വഹിച്ചത് കൊച്ചു പൗലോസ് റമ്പാച്ചനാണ്. (വലിയ പൗലോസ് റമ്പാൻ എന്നറിയപ്പെട്ടിരുന്നത് പിന്നീട് മെത്രാപ്പോലീത്തായും മലങ്കര മെത്രാനുമായ കൊച്ചുപറമ്പിൽ പ.പൗലോസ് മോർ കൂറിലോസ് തിരുമേനിയാണ്). പിൽക്കാലത്ത് ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ നിർമ്മാണം നടക്കുന്ന സമയത്ത് കടവിൽ തിരുമേനിയുടെ താത്പര്യപ്രകാരം പ. പരുമല തിരുമേനി കൊച്ചു പൗലോസ് റമ്പാനെ ആലുവായിലേക്കയച്ചു. പ. പരുമല തിരുമേനിയുടേയും കടവിൽ തിരുമേനി

**പ. പരുമല തിരുമേനി, പട്ടംകൊട പുസ്തകവും, ശീലമുടിയും, പത്രസീനും മറ്റും നൽകി അനുഗ്രഹിച്ച പൗലോസ് റമ്പാനെ മെത്രാപ്പോലീത്തായായി 1910 ജൂൺ 9ന് പ. അബ്ദുള്ള പാത്രിയർക്കീസ് ബാവാ വാഴിച്ചു. തന്റെ ഗുരുക്കന്മാരെപ്പോലെ തന്നെ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് തന്നെ മേൽപ്പട്ട സ്ഥാനം പ്രാപിക്കാൻ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിക്കായി.**

യുടേയും, അമ്പാട്ട് തിരുമേനിയുടേയും വാൽസല്യ ശിഷ്യനായ കൊച്ചു പൗലോസ് റമ്പാൻ സഭയുടെ അഭിമാന ഭാജനമായിരുന്നു. പ. പരുമല തിരുമേനി, പട്ടം കൊട പുസ്തകവും, ശീലമുടിയും, പത്രസീനും മറ്റും നൽകി അനുഗ്രഹിച്ച പൗലോസ് റമ്പാനെ മെത്രാപ്പോലീത്തായായി 1910 ജൂൺ 9ന് പ. അബ്ദുള്ള പാത്രിയർക്കീസ് ബാവാ വാഴിച്ചു. തന്റെ ഗുരുക്കന്മാരെപ്പോലെ തന്നെ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് തന്നെ മേൽപ്പട്ടസ്ഥാനം പ്രാപിക്കാൻ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിക്കായി. വട്ടശേരിൽ തിരുമേനി പ. പാത്രിയർക്കീസ് ബാവായോട് മൽസരിച്ചപ്പോൾ, പരുമല തിരുമേനിയും കടവിൽ തിരുമേനിയും, അമ്പാട്ടെ തിരുമേനിയും പഠിപ്പിച്ച സത്യ വിശ്വാസത്തിൽ അടിയുറച്ച് നിന്ന് പൗലോസ് മോർ കൂറിലോസ് തിരുമേനിക്ക് പിന്തുണ നൽകി. പിൽക്കാലത്ത് മലങ്കര മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. ഹൈക്കോടതി തിരുമേനിയുടെ തിരഞ്ഞെടുപ്പ് അംഗീകരിച്ചു. അതിൻപ്രകാരം മലങ്കര മെത്രാപ്പോലീത്തായായി തന്നെ വലിയ തിരുമേനി കാലം ചെയ്തു. തിരുമേനിയുടെ കബറിൽ ആലേഖനം ചെയ്തിരിക്കുന്നതും ഇപ്രകാരം തന്നെയാണ്. പ. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണ പാത്രിയർക്കീസന്മാർക്ക് വലിയ തിരുമേനിയെക്കുറിച്ച് സ്നേഹബഹുമാനാദരവുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പ. അന്ത്യോഖ്യാ സിംഹാസനമാണ് വലിയ തിരുമേനിയെ വിശ്വാസസംരക്ഷകൻ എന്ന് വിശേഷിപ്പിച്ചത്. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ തന്റെ സ്വകാര്യ മുറിയിൽ സൂക്ഷിച്ചിരുന്നത് രണ്ട് ഫോട്ടോകളാണ്. യേശുക്രിസ്തുവിന്റേതും, ആലുവായിലെ വലിയ തിരുമേനിയുടേയും. അത്രയ്ക്ക് ആദരവോടെയാണ് പാത്രിയർക്കീസ് ബാവ വലിയ തിരുമേനിയെ കണ്ടിരുന്നത്. കക്ഷി - ജാതി - മത ഭേദമെന്യേ എല്ലാവരുടെയും സ്നേഹ ബഹുമാനാദരവുകൾ നേടിയിരുന്ന തിരുമേനി 1953 ജനുവരി 25-ാം തീയതി കാലം ചെയ്ത് തൃക്കുന്നത്ത് പള്ളിയിൽ കബറടങ്ങി. പ. പാത്രിയർക്കീസ് ബാവാ 2004 ആഗസ്റ്റ് 19ന് പുറപ്പെടുവിച്ച കൽപ്പന പ്രകാരം വലിയ തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപിച്ചു. 2009 സെപ്റ്റംബർ 28-ാം തീയതി പ. പാത്രിയർക്കീസ് ബാവാ മലങ്കരയിലേക്ക് അയച്ച 152/2009 കൽപ്പന പ്രകാരം പ.പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ ചേർക്കപ്പെട്ടു. പ.പിതാവിന്റെ മെത്രാഭിഷേക ശതാബ്ദി 2010 ആഗസ്റ്റ് 8-ാം തീയതി യാക്കോബായ സഭയുടെ ആഭിമുഖ്യത്തിൽ ആലുവായിൽ വച്ച് നടത്തപ്പെടുന്നു.

**കക്ഷി - ജാതി - മത ഭേദമെന്യേ എല്ലാവരുടെയും സ്നേഹ ബഹുമാനാദരവുകൾ നേടിയിരുന്ന തിരുമേനി 1953 ജനുവരി 25-ാം തീയതി കാലം ചെയ്ത് തൃക്കുന്നത്ത് പള്ളിയിൽ കബറടങ്ങി.**

## വയലിപ്പമ്പിൽ തിരുമേനി




അകപ്പറമ്പ് പള്ളി ഇടവകയിൽ വയലിപ്പറമ്പിൽ പൈനാടത്ത് കുടുംബത്തിൽ 1899 ജൂലൈ 17-ാം തീയതി കുര്യൻ തോമായുടെയും ശോശാമ്മയുടെയും പുത്രനായി ഗീവറുഗീസ് ഭൂജാതനായി. സ്കൂൾ വിദ്യാഭ്യാസാനന്തരം ആലുവാ യു.സി.കോളേജിൽ നിന്ന് ബി.എ.ബിരുദവും മെസ്റ്റൺ ട്രയിനിംഗ് കോളേജിൽ നിന്ന് ബി.എഡ്.ബിരുദവും നേടി. വന്ദ്യ. അബ്ദുൾ ആഹാദ് റമ്പാന്റെ (പിൽക്കാലത്ത് പ.യാക്കോബ് തൃതീയൻ ബാവാ) ശിഷ്യനായി മഞ്ഞനിക്കര ദയറായിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാ

ക്കി. മലങ്കരസഭയുടെ ഉരുക്കു മനുഷ്യൻ എന്ന വിശേഷണത്തിൽ അറിയപ്പെടുന്ന വയലിപ്പറമ്പിൽ തിരുമേനി 1937 ൽ ശെമ്മാശ പട്ടവും 1939 ൽ കശ്ശീശാ പട്ടവും സ്വീകരിച്ചത് പ.വലിയ തിരുമേനിയിൽ നിന്നാണ്. അങ്കമാലി ഭദ്രാസനത്തിന്റെ സഹായ മെത്രാനായി 1946 ആഗസ്റ്റ് 4-ാം തീയതി ഹോംസിൽ വച്ച് പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മേൽപട്ട സ്ഥാനം സ്വീകരിച്ചു. പ.വലിയ തിരുമേനിയുടെ കാലശേഷം അങ്കമാലി ഭദ്രാസന മെത്രാപ്പോലിത്തായായിത്തീർന്നു. ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശ്രമഫലമായി ആലുവാ തൃക്കുന്നത്ത് സെമിനാരി പുനരുദ്ധരിച്ചു. സെമിനാരി ഇപ്പോൾ കാണുന്ന അവസ്ഥയിൽ രൂപകല്പന ചെയ്ത് പണികഴിപ്പിച്ചത് 1957ലാണ്. തിരുമേനി തന്നെയാണ് തൃക്കുന്നത്ത് പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതും. ഫാ. ഏബ്രഹാം ആലുക്കൽ (ഏബ്രഹാം മോർ സേവേറിയോസ് തിരുമേനി) ആയിരുന്നു ഇക്കാലയളവിലെ വികാരി. പ. അന്ത്യോഖ്യാ സിംഹാസനത്തോട് തന്റെ അന്ത്യം വരെ വിധേയത്വം പുലർത്തിയ പിതാവാണ് വയലിപ്പറമ്പിൽ തിരുമേനി. പ. പാത്രിയർക്കീസ് ബാവയെ സന്ദർശിച്ച് തിരികെ എത്തിയതിന്റെ അടുത്ത നാളിലാണ് തിരുമേനി ആകസ്മികമായി കാലം ചെയ്തത്. സഭയിലെ മെത്രാൻ കക്ഷി വിഭാഗത്തിന് എക്കാലവും വയലിപ്പറമ്പിൽ തിരുമേനിയെ ഭയമായിരുന്നു. തിരുമേനി ജീവിച്ചിരുന്നു എങ്കിൽ, പിൽക്കാലത്ത് സഭയിൽ ആരംഭിച്ച കക്ഷി വഴക്കുകൾ ഒഴിവാക്കപ്പെട്ടേനെ എന്ന് വിശ്വസിക്കുന്ന വലിയ വിഭാഗം ജനങ്ങൾ ഇപ്പോഴും ഇരു പക്ഷത്തുമുണ്ട്.

ഈ മൂന്ന് പിതാക്കന്മാരാണ് യാക്കോബായ സഭയുടെ പഠിപ്പിക്കലുകളും വിശ്വാസപ്രമാണങ്ങളുമനുസരിച്ച് ജീവിതം നയിച്ച് ആലുവായിൽ കബറടക്കപ്പെട്ട പുണ്യപിതാക്കന്മാർ. ഇവർ മൂന്ന് പേരും ആകമാന സുറിയാനി സഭാബന്ധത്തിൽ സജീവരായി നിലകൊണ്ടവരും പ. പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെട്ടവരുമാണ്. ചുരുക്കത്തിൽ ആലുവാ തൃക്കുന്നത്ത് പള്ളിയുടെ സെമിനാരിയും ഭരിച്ച മെത്രാപ്പോലീത്തമാർ (1966 വരെ) പ. പാത്രിയർക്കീസന്മാരാൽ വാഴിക്കപ്പെട്ടവർ മാത്രമാണ്.

**മലങ്കരസഭയുടെ ഉരുക്കു മനുഷ്യൻ എന്ന വിശേഷണത്തിൽ അറിയപ്പെടുന്ന വയലിപ്പറമ്പിൽ തിരുമേനി 1937 ൽ ശെമ്മാശ പട്ടവും 1939 ൽ കശ്ശീശാ പട്ടവും സ്വീകരിച്ചത് പ.വലിയ തിരുമേനിയിൽ നിന്നാണ്. അങ്കമാലി ഭദ്രാസനത്തിന്റെ സഹായ മെത്രാനായി 1946 ആഗസ്റ്റ് 4-ാം തീയതി ഹോംസിൽ വച്ച് പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മേൽപട്ട സ്ഥാനം സ്വീകരിച്ചു.**





# വലിയതിരുമേനിക്ക് പ്രിയപ്പെട്ട കുടംപുളി മീൻകറിയും എയ്റ്റ് സീറ്റർ കാറും

**ജെബി പോൾ, ഓളങ്ങാട്ട്**

മലങ്കര മെത്രാപ്പോലീത്തയായിരുന്ന കുറ്റിക്കാട്ടിൽ പരി. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മഹാപൗരോഹിത്യ ശതാബ്ദി ആഘോഷവേളയിലും ആ സ്മരണയ്ക്ക് തങ്കത്തിളക്കം.

സൗമ്യവും ദീപ്തവുമായിരുന്നു ആ മുഖം. അടുത്തറിഞ്ഞവർക്കെല്ലാം ജീവിക്കുന്ന വിശുദ്ധനും!

മലങ്കര മെത്രാപ്പോലീത്തയായിരുന്ന കുറ്റിക്കാട്ടിൽ പരി. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ മഹാപൗരോഹിത്യ ശതാബ്ദി ആഘോഷവേളയിലും ആ സ്മരണയ്ക്ക് തങ്കത്തിളക്കം.

1912 ൽ പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവാ വട്ടശേരി മെത്രാച്ചനെ മുടക്കിയതോടെ മലങ്കര സഭയിൽ ഭിന്നതയുണ്ടായി. ശ്ലൈഹിക മഹാപൗരോഹിത്യ ശ്രേണിയിൽ പരി. അന്ത്യോഖ്യാ സിംഹാസനത്തോടൊപ്പം വലിയ തിരുമേനി ഉറച്ചുനിന്നു. മറുപക്ഷക്കാർപോലും ആ തീരുമാനം തിരുത്താൻ നോക്കിയില്ല. മിഖായേൽ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്കും ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കും ക്നാനായ ഭദ്രാസനത്തിന്റെ തിരുമേനിയായിരുന്നു അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന മറ്റു യാക്കോബായ സഭ മെത്രാപ്പോലീത്തന്മാർ.

കോട്ടയം പഴയ സെമിനാരിയിലായിരുന്നു വൈദിക പഠനം. ഓർത്തഡോക്സ് വിഭാഗം കാതോലിക്കയായിരുന്ന കല്ലാശേരി ഗീവർഗീസ് ദ്വിതീയൻ ബാവാ സതീർത്ഥ്യനായിരുന്നു.വലിയ തിരുമേനി കാലം ചെയ്തപ്പോൾ മറുപക്ഷത്തായിരുന്ന കല്ലാശേരി ബാവായും തന്റെയാളുകളുടെ എതിർപ്പവഗണിച്ച് തൃക്കുന്നത്ത് എത്തി. ധൂപമിടാൻ ധൂപക്കുറ്റിയുമെടുത്തായിരുന്നു വന്നത്.

അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായി പ്രമുഖ പള്ളികളിലെല്ലാം വലിയ തിരുമേനി വന്നു താമസിച്ചിരുന്നു. കോതമംഗലം, കുറുപ്പംപ്പടി, കരിങ്ങാച്ചിറ, തൃപ്പൂണിത്തുറ നടമ, പള്ളിക്കര, റാക്കാട്, തുരുത്തിപ്ലി, വടക്കൻ പറവൂർ, മുളന്തുരുത്തി പള്ളികളിലെല്ലാം ദിവസങ്ങൾ താമസിച്ചിട്ടുണ്ട്.

അന്നൊക്കെ മോട്ടോർ വാഹനങ്ങൾ വിരളം. കിഴക്കമ്പലം അന്തോണിയുടെ "എയ്റ്റ് സീറ്ററിന്" എല്ലാ ദിവസവും രാവിലെയും വൈകിട്ടും കിഴക്കമ്പലത്തു നിന്ന് ആലുവയിലേക്ക് സർവീസുണ്ട്. എട്ടുപേർക്ക് കയറാവുന്ന എയ്റ്റ് സീറ്റർ കിഴക്കമ്പലം അച്ചപ്പൻ നായരുടെ കവലയിൽ നിന്നാണ് എന്നും സർവീസ് തുടങ്ങുന്നത്. പള്ളിക്കര ചന്തയിലേക്കുള്ള സാധനങ്ങളും ഒപ്പമുണ്ടാകും. തിരു മേനിക്ക് ആവശ്യമുള്ളപ്പോഴെല്ലാം "എയ്റ്റ് സീറ്റർ" എത്തും. യാത്രയിലെല്ലാം അഞ്ച് സഹായികളുണ്ടാകും. രണ്ട് വെപ്പുകാർ, അറ്റന്റർ, സഹായി ശെമ്മാശൻ, സെക്രട്ടറി കോച്ചേരി അച്ചൻ. (കാർ വാങ്ങാനൊന്നും അന്ന് മെത്രാപ്പോ ലിത്തന്മാർക്ക് കാശില്ല. പിന്നീട് വയലിപ്പറമ്പിൽ തിരുമേനിയ്ക്കും ഏബ്രഹാം മോർ ക്ലീമിസ് തിരുമേനിയ്ക്കുമാണ് സഭയിൽ സ്വന്തമായി കാർ ഉണ്ടായത്.) ലഘുഭക്ഷണ പ്രിയനെങ്കിലും സ്വന്തം വെപ്പുകാരുണ്ടാക്കുന്ന ഭക്ഷണമേ കഴിക്കൂവെന്ന നിർബന്ധമുണ്ട്. കാപ്പി കഴിക്കുന്ന പതിവില്ല. രാവിലെ കഞ്ഞി കുടിക്കും. കരിങ്ങാച്ചിറ പള്ളിയിലും വടക്കൻ പറവൂർ, ചെറായി പള്ളികളിലും എത്തിയാൽ നല്ല പുഴമീൻ കുടംപുളിയിട്ട് വറ്റിച്ചത് ഉണ്ടാക്കിക്കൊടുക്കും. കരിമീനും വരാലുമായിരുന്നു കൂടുതൽ ഇഷ്ടം. അസുഖംപോലും വക വയ്ക്കാതെ നോമ്പ്നോക്കും. ബുധൻ, വെള്ളി ദിവസങ്ങളിൽ പാൽപോലും കഴിക്കില്ല. കണ്ണിന് അസുഖംവന്നപ്പോൾ വാലയിൽ വൈദ്യൻ വെള്ളിയാഴ്ച പാലിൽ കഴിക്കേണ്ട മരുന്നെഴുതി. എന്നാൽ നോമ്പായതിനാൽ വ്യാഴാഴ്ച സന്ധ്യയ്ക്ക് മുമ്പേതന്നെ മരുന്നുകഴിച്ചിരുന്നു.

തിരുമേനിയുടെ ശബ്ദം സംഗീതം പോലെയാണ്. ആരാധനയിൽ പങ്കുകൊള്ളുമ്പോൾ സ്വർഗത്തിന്റെ ഇടനാഴികളിലൂടെ നടക്കുന്ന അനുഭവം. ആലുവ തൃക്കുന്നത്ത് സെമിനാരി ആരംഭിച്ചപ്പോൾ പള്ളിക്കര കുരിശിങ്കൽ മാണിക്കത്തനാരായിരുന്നു സുറിയാനി സംഗീത (എക്കാറ) അധ്യാപകൻ. ആഴ്ചയിൽ രണ്ടുദിവസം മാണിക്കത്തനാരുടെ ക്ലാസ് ഉണ്ടാകും. കോതമംഗലം മാറാച്ചേരി ഇട്ടീര മല്പാൻ മൂന്നുദിവസം ക്ലാസെടുക്കും. ശനിയാഴ്ചയും ഞായറാഴ്ചയും സെമിനാരി അവധിയാണെങ്കിലും വലിയ തിരുമേനി ഉണ്ടെങ്കിൽ പർണാശ്രമത്തിന്റെ പ്രതിനിധിയാകും. 30-35 പേർ സെമിനാരി യിലുണ്ടാകും. ആലുവ സെന്റ് മേരീസ് സ്കൂളിൽ പഠിക്കുന്നവരും ഹോസ്റ്റലിൽ താമസിച്ചിരുന്നു.

തിരുമേനിയുടെ ശബ്ദം സംഗീതം പോലെയാണ്. ആരാധനയിൽ പങ്കുകൊള്ളുമ്പോൾ സ്വർഗത്തിന്റെ ഇടനാഴികളിലൂടെ നടക്കുന്ന അനുഭവം. ആലുവ തൃക്കുന്നത്ത് സെമിനാരി ആരംഭിച്ചപ്പോൾ പള്ളിക്കര കുരിശിങ്കൽ മാണിക്കത്തനാരായിരുന്നു സുറിയാനി സംഗീത (എക്കാറ) അധ്യാപകൻ. ആഴ്ചയിൽ രണ്ടുദിവസം മാണിക്കത്തനാരുടെ ക്ലാസ് ഉണ്ടാകും. കോതമംഗലം മാറാച്ചേരി ഇട്ടീര മല്പാൻ മൂന്നുദിവസം ക്ലാസെടുക്കും.

അക്കാലത്തെ രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിലെ നേതാക്കളുമായി നല്ല അടുപ്പമായിരിന്നെങ്കിലും അതിലൊന്നും ഇടപെടാൻ വലിയതിരുമേനി ഒട്ടും ഇഷ്ടപ്പെട്ടില്ല. അന്നത്തെ കേന്ദ്രമന്ത്രിയും സമുദായ നേതാവുമായിരുന്ന കണ്ടനാട് ആലുങ്കൽ എ.എം. തോമസിനോട് രാഷ്ട്രീയകാര്യങ്ങൾ ചോദിച്ചറിയും. ഒരിക്കൽ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ താമസിച്ചപ്പോൾ കൊച്ചി രാജാവ് മേടയിൽ വന്നു. പിന്നീട് തിരുമേനി രാജകൊട്ടാരത്തിലെത്തി ആതിഥ്യം സ്വീകരിച്ചു. ആലുവ ശ്രീനാരായണ ആശ്രമത്തിലെ സന്യാസിമാർ സെമിനാരിയിൽ പതിവ് സന്ദർശകരായിരുന്നു. സംസ്കൃത പണ്ഡിതൻ കൂടിയായ തിരുമേനിയുമായി ആരാധനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനിടയിൽ പതിവുപോലെ യാമപ്രാർത്ഥനയ്ക്കു സമയമാകും. സന്യാസിമാർ പള്ളിയകത്ത് കയറാതെ പൂമുഖത്തു നിന്ന് ആരാധനയിൽ പങ്കുകൊള്ളുന്നത് തൃക്കുന്നത്തെ പതിവു കാഴ്ചയായിരുന്നു. മംഗലപ്പുഴ സെമിനാരി അധ്യാപകരായ വൈദികരും വിശ്വാസികളും തിരുമേനിയെ സന്ദർശിച്ച് വേദവിഷയങ്ങൾ ചർച്ചചെയ്യുമായിരുന്നു.

ഭവനസന്ദർശനം പരമാവധി ഒഴിവാക്കിയിരുന്നു. അടുപ്പമുള്ളവർ

മരിച്ചാൽ അപൂർവമായി മാത്രം ഭവനത്തിൽ പോകും. സ്വന്തംവീട്ടിൽപോകുന്ന പതിവ് തിരുമേനിക്കുണ്ടായിരുന്നില്ല. വീട്ടുകാർ സെമിനാരിയിൽ വന്നുകാണും. വിശ്വാസികളിൽ നിന്ന് കൈമുത്ത് വാങ്ങില്ല. ഇടവകക്കാർ ഭദ്രാസനത്തിലേക്ക് ഓരോവർഷവും നിശ്ചിത സംഖ്യ എത്തിക്കും. വാർഷിക കുമ്പസാരവേളയിൽ പ്രായപൂർത്തിയായ പുരുഷന്മാർ നൽകുന്ന വിഹിതം (റിശീസ) പരി. പാത്രിയർക്കീസ് ബാവായ്ക്കാണെങ്കിലും സിംഹാസനം എടുക്കുക പതിവില്ല. അത് ഭദ്രാസന മെത്രാപ്പോലീത്തമാരോട് എടുത്തുകൊള്ളാൻ കൽപിക്കുകയാണു രീതി.

പണത്തിന്റെ വലിയ ഇടപാടുകളൊന്നും ഉണ്ടായിരുന്നില്ല. തിരുമേനിയുടെ വിശ്വസ്തനായ ബാങ്കർ ആലുവ ചന്തയിലെ മുസ്ലിം പലചരക്ക് കച്ചവടക്കാരനായിരുന്നു. ബാക്കിവരുന്ന ചെറിയ നിക്ഷേപങ്ങൾ സൂക്ഷിക്കാൻ ഏൽപ്പിച്ചിരുന്നത് ഇദ്ദേഹത്തെയാണ്. യാമപ്രാർത്ഥനകൾ മുടങ്ങില്ല. ആ സമയം ആരുവന്നാലും കാത്തിരിക്കണം. ഒരിക്കൽ ഏറെ ഇഷ്ടമുണ്ടായിരുന്ന ഡോ. തോമസ് പാലമ്പാടം അത്യാവശ്യമായി കാണാനെത്തിയപ്പോൾ സന്ധ്യാപ്രാർത്ഥനയ്ക്ക് സമയമായിരുന്നു. പാലമ്പാടത്തിന് തിരിച്ചുപോകാൻ ധൃതി. "ധൃതിയുണ്ടെങ്കിൽ പൊയ്ക്കോ" എന്നായിരുന്നു മുഖം നോക്കാതെയുള്ള തിരുമേനിയുടെ മറുപടി. ആരുകാണാൻ വന്നാലും എന്തെങ്കിലും കഴിക്കാൻ കൊടുത്തശേഷമേ സംസാരിക്കൂ. (ഈ സ്വഭാവ വൈശിഷ്ട്യം ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായ്ക്കുമുണ്ട്) കയറിവരുന്നവർക്ക് ഇരിക്കാൻ "കൂതി മെത്ത'' കൊടുക്കും. നിലത്ത് വിരിച്ചിരിക്കണം. നിലത്തിരിക്കാൻ പറ്റാത്തവർക്ക് ബഞ്ചുണ്ട്. ഉയർന്ന ഉദ്യോഗസ്ഥരോ മറ്റോ വന്നാൽ കസേരയാണു നൽകുക.

പണത്തിന്റെ വലിയ ഇടപാടുകളൊന്നും ഉണ്ടായിരുന്നില്ല. തിരുമേനിയുടെ വിശ്വസ്തനായ ബാങ്കർ ആലുവ ചന്തയിലെ മുസ്ലിം പലചരക്ക് കച്ചവടക്കാരനായിരുന്നു. ബാക്കിവരുന്ന ചെറിയ നിക്ഷേപങ്ങൾ സൂക്ഷിക്കാൻ ഏൽപ്പിച്ചിരുന്നത് ഇദ്ദേഹത്തെയാണ്. യാമപ്രാർത്ഥനകൾ മുടങ്ങില്ല.

അബ്ദുൽ ആഹാദ് റമ്പാൻ (പിന്നീട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ) മലങ്കരയിൽവന്നപ്പോൾ ആദ്യം കാണാനെത്തിയത് വലിയ തിരുമേനിയെയാണ്. ആ സമയത്ത് ആലുവ തഹസിൽദാറും സെമിനാരിയിലുണ്ടായിരുന്നു. റമ്പാൻ നല്ല പാട്ടുകാരനാണെന്നറിയിച്ചപ്പോൾ സുറിയാനി സംഗീതം കേൾക്കണമെന്നായി. റമ്പാച്ചൻ പാടിയ "കൂൽമേദോം..." എന്ന ഗീതം വരികൾ മനസിലായില്ലെങ്കിലും നന്നായി ആസ്വദിച്ചാണ് തഹസിൽദാർ മടങ്ങിയത്. സംഗീതവും വായനയുമായിരുന്നു പ്രിയം. ഉപവാസം, പ്രാർത്ഥന എന്നിവയിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. യാമപ്രാർത്ഥനയ്ക്ക് മണിയടിക്കുമ്പോൾ എല്ലാവരും പള്ളിയിൽ എത്തിയിരിക്കണം. താമസിച്ചാൽ "എടാ പിള്ളേർ....." എന്ന നീട്ടിവിളി സെമിനാരി പരിസരത്ത് മുഴങ്ങി കേൾക്കുമായിരുന്നു.

**"In the Intersession of St. Poulose Mor Athanasious"**





Best wishes from www.malankarasyriacvoice.com
for the Souvenir published in accordance with
"Metrapolitian Ordination Jubilee"
of St. Poulose Mor Athanasious.

"www.MalankaraSyriacVoice.com"
news portal of Jacobite Syrian orthodox Church - Maintained by Mor Behnan Study Circle,
Hosting Section, Viswasa Samrakshakan & SOCM



# ക്രാന്തദർശിയായിരുന്ന പ. വലിയ തിരുമേനി

**ഡോ. ജോസ് ഡി. കൈപ്പള്ളിൽ**

ദൈവത്തിങ്കലേക്കു ഒരാൾ തിരിയുന്നത് അയാൾ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കിയിട്ടാകണമെന്നില്ല. എന്നാലോ അത് വിശ്വാസത്താലെയത്രെ. വി. ഗ്രന്ഥം പരിശോധിച്ചാൽ അനേകരുടെ ജീവിതത്തിൽ നിന്ന് ഇത് മനസ്സിലാക്കാം. എന്നാൽ ആധുനിക ജ്ഞാനസമ്പാദന മേഖലകളിലെല്ലാം സ്ഥിതി മറിച്ചാണ്.

"ദൈവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' (സദൃ. 9:10) ഒരു ക്രൈസ്തവ വിദ്യാർത്ഥിയുടെ ജ്ഞാന സമ്പാദനത്തിന്റെ അടിസ്ഥാനം ഇതാകുന്നു. "ദൈവമാണ് വിജ്ഞാനത്തിന്റെ നായകൻ'' "വിജ്ഞാനത്തിൽ വിശുദ്ധ അറിവിന്റെ ഒരാത്മാവുണ്ട്. അത് ഏകവും സൂക്ഷമായതും വിവിധത്വവുമുള്ളതും നന്നായി ചലിക്കുന്നതും ശ്രേഷ്ഠ ശബ്ദമുള്ളതും കറയില്ലാത്തതും വിവേകവും സത്യവുമുള്ളതും സംക്ഷിപ്തമല്ലാത്തതും നന്മയെ സ്നേഹിക്കുന്നതും . . . . . . . എല്ലാ പെരുമാറ്റങ്ങളിലും വിജ്ഞാനത്തോടെ പെരുമാറുന്നതുമാകുന്നു" (മഹാജ്ഞാനം 7: 16, 22 – 24) കലാലയത്തിൽ വച്ച് പുസ്തകങ്ങളിൽകൂടി ലഭിക്കുന്ന അറിവുകൾ പരിപൂർണ്ണജ്ഞാനത്തിലേക്ക് നയിക്കുകയില്ല. ദൈവത്തിങ്കലേക്കു ഒരാൾ തിരിയുന്നത് അയാൾ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കിയിട്ടാകണമെന്നില്ല. എന്നാലോ അത് വിശ്വാസത്താലെയത്രെ. വി. ഗ്രന്ഥം പരിശോധിച്ചാൽ അനേകരുടെ ജീവിതത്തിൽ നിന്ന് ഇത് മനസ്സിലാക്കാം. എന്നാൽ ആധുനിക ജ്ഞാനസമ്പാദന മേഖലകളിലെല്ലാം സ്ഥിതി മറിച്ചാണ്. ഓരോന്നിനെക്കുറിച്ച് അപഗ്രന്ഥിച്ച് പഠിച്ചതിനുശേഷം അതിനെ മനസ്സിലാക്കുന്നു. ദൈവിക വിശ്വാസമില്ലാത്ത എല്ലാ ജ്ഞാന സമ്പാദനവും വ്യർത്ഥമത്രെ. ഈ ലോകവും അതിലുള്ള സകലതും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു, ചലിക്കപ്പെടുന്നു എന്ന വിശ്വാസമാകുന്ന അടിസ്ഥാനത്തിന്മേലാണ് മറ്റ് ജ്ഞാനങ്ങളിലെല്ലാം പണിയപ്പെടുന്നത്.

18-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ച വ്യാവസായിക വിപ്ലവും അതിനെ തുടർന്നുണ്ടായ അറിവിന്റെ മേഖലകളും വളരെ പെട്ടെന്നാണ് ലോകമെല്ലാം വളർന്നത്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അത് നമ്മുടെ ഭാരതത്തിലുമെത്തി. ജ്ഞാന സമ്പാദനത്തിന്റെ ഉറവിടങ്ങൾ ഗുരുകുലങ്ങളിൽ

നിന്നു കലാലയങ്ങളിലേക്ക് മാറ്റപ്പെട്ടു. അറിവിന്റെ മേഖലകൾ വളരെ പെട്ടെന്നാണ് വളർന്നതും വികസിച്ചതും. ഈ സമയത്താണ് 1910-ൽ പ. പൗലോസ് മോർ അത്താനാസിയോസ് തിരുമേനി മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നത്. മലങ്കരയിലെ സഭ കേസുകളുടെ അന്തരീക്ഷത്തിൽ പെട്ടുലയുന്ന സമയത്താണ് പ. തിരുമേനി സ്ഥാനമേൽക്കുന്നത്. വിശ്വാസത്തെപ്പോലും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥകൾ ഉണ്ടായി. അത് മനസ്സിലാക്കിയ തിരുമേനി കുഞ്ഞുങ്ങൾക്ക് വേദപഠനവും വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള അടിസ്ഥാന അറിവും നൽകുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചു. അതിന്റെ ഫലമായി 1920ൽ പിറവം സെമിനാരിയിൽ വച്ച് എം.എസ്.എസ്.എ. (മലങ്കര സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ) രൂപീകരിക്കപ്പെട്ടു. 1953ൽ അദ്ദേഹം കാലം ചെയ്യുന്നതുവരെ എം.എസ്.എസ്.എ.യ്ക്ക് സുധീരമായ നേതൃത്വം നൽകുകയും ചെയ്തു. പിന്നീട് സഭയിലുണ്ടായ പല പ്രതിസന്ധികളും ഈ പ്രസ്ഥാനത്തെ അല്പമൊക്കെ ബാധിച്ചുവെങ്കിലും ഒട്ടും തളരാതെ എം.ജെ.എസ്.എസ്.എ. എന്ന പേരിൽ ഇന്ന് ഇത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ കുട്ടികളും വിദ്യാർത്ഥികളുമാണ് നാളെ സഭയെ നയിക്കേണ്ടത് എന്ന് 90 വർഷങ്ങൾക്ക് മുമ്പ് പ. തിരുമേനി ചിന്തിച്ചതിന്റെ അനന്തരഫലമാണ് ഇന്ന് വളർന്ന്, പന്തലിച്ച്, ഫലം കായിച്ചു നിൽക്കുന്ന ഈ വൻവൃക്ഷം

**ആധുനിക വിദ്യാഭ്യാസം തേടിപ്പോകുന്ന കുട്ടികൾ വിശ്വാസത്തിലും ശിക്ഷണത്തിലും സഭയുടെ മുഖ്യധാരയിൽ നിന്ന് വിട്ടുപോകരുതെന്ന് പ. തിരുമേനിക്ക് നിർബന്ധമുണ്ടായികരുന്നു.**

ആധുനിക വിദ്യാഭ്യാസം തേടിപ്പോകുന്ന കുട്ടികൾ വിശ്വാസത്തിലും ശിക്ഷണത്തിലും സഭയുടെ മുഖ്യധാരയിൽ നിന്ന് വിട്ടുപോകരുതെന്ന് പ. തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. ആയത് മുന്നിൽ കണ്ടുകൊണ്ടാണ് 1922ൽ Mor Gregorious Syrian Students Association (MGSSA) എന്ന സംഘടനയ്ക്ക് പ. തിരുമേനി രൂപം കൊടുത്തത്. അദ്ദേഹത്തിന്റെ തന്നെ ഗുരുവിന്റെ നാമത്തിലാണ് ഈ പ്രസ്ഥാനം തുടങ്ങിയത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1970കളിലെ സഭാ പിളർപ്പിനെ തുടർന്ന് അല്പകാലം പ്രസ്ഥാനത്തിന് തളർച്ച നേരിട്ടു എങ്കിലും ഇന്ന് അഭിവന്ദ്യ കുരിയാക്കോസ് മോർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ ശക്തി പ്രാപിച്ചുവരുന്നു എന്നതിൽ സന്തോഷിക്കാം.

ചുരുക്കിപ്പറഞ്ഞാൽ 20-ാം നൂറ്റാണ്ടിലെ സഭകളുടെ ഏറ്റവും വലിയ ക്രാന്തദർശിയായിരുന്നു, പ. പൗലോസ് മോർ അത്താനാസിയോസ് തിരുമേനി എന്ന് നിസംശയം പറയാം. ജീവിത ലാളിത്യത്തിലും വിശുദ്ധയിലും അദ്ദേഹം ഏവർക്കും മാതൃകയായിരുന്നതുപോലെ സഭയുടെ ഭാവിയെക്കുറിച്ചുള്ള ദർശനത്തിൽ അദ്ദേഹം ഏവർക്കും മാർഗ്ഗദീപമായിരിക്കട്ടെ.


**"In the Intersession of St. Poulose Mor Athanasious"**



Best wishes from www.malankarasyriacvoice.com
for the Souvenir published in accordance with
"Metrapolitian Ordination Jubilee"
of St. Poulose Mor Athanasious.



"www.MalankaraSyriacVoice.com"
news portal of Jacobite Syrian orthodox Church - Maintained by Mor Behnan Study Circle,
Hosting Section, Viswasa Samrakshakan & SOCM



# അകപ്പറമ്പ് പള്ളിയും, വലിയ തിരുമേനിയും

അഡ്വ. പി.പി. ബൈജു പൈനാടത്ത്, അകപ്പറമ്പ്

ഇവിടുത്തെ മദ്ബഹായുടെ ചുവർചിത്രങ്ങൾ പ്രകൃതിദത്തമായ ചായക്കൂട്ടിനാൽ വരച്ചതും കാലത്തിനുപോലും മങ്ങലേൽപ്പിക്കാനാവാത്തതുമായ അപൂർവ്വങ്ങളിൽ അപൂർവ്വമായ ദൃശ്യവിസ്മയങ്ങളാണ്. കൂടാതെ മദ്ബഹായുടെ ശില്പകലാ രൂപങ്ങളും 15,16 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയുടെ തുടിപ്പുകളും, പ്രതീകാത്മക ചിഹ്നങ്ങളുടെ അടയാളങ്ങളുമാണെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്.

മലങ്കരസഭയിലെ അതിപുരാതനവും അനേക വൈശിഷ്ട്യങ്ങളാൽ അനുഗൃഹീത വുമാണ് അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് കത്തീഡ്രൽ. കാഴ്ചയിൽ തന്നെ നന്മകളാൽ സമൃദ്ധമായ നാട്ടിൽ പുറത്തിന്റെ എല്ലാ ചാരുതയും, തലയെടുപ്പും, പേർഷ്യൻ സംസ്കാരത്തിന്റെ വേറിട്ട ശില്പഭംഗിയും, ആവോളം ദർശിക്കാവുന്ന ഈ ദൈവാലയം എ.ഡി. 822 ൽ അന്ത്യോഖ്യായിൽ നിന്നും മലങ്കരെയെത്തിയ സഹോദരന്മാരായ മോർ ശാബോർ, മോർ അഫ്രോത്ത് എന്നീ പിതാക്കൻമാരാൽ സ്ഥാപിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു. ഈ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള മലങ്കരയിലെ ഏക ഇടവകപ്പള്ളിയും ഇതു മാത്രം.

അതിവിസ്തൃതമായിരുന്ന അകപ്പറമ്പ് ഇടവക സമീപപ്രദേശങ്ങളിലെ ദൈവാലയങ്ങളുടെ തലപ്പള്ളിയായി ഗണിക്കപ്പെടുന്നു. നെടുമ്പാശ്ശേരി വിമാനത്താവളം തൊട്ടുചേർന്ന് സ്ഥിതിചെയ്യുന്നു. വിമാനത്താവളത്തിനു വേണ്ടി ഇടവകക്കാർ തിങ്ങിപ്പാർത്തിരുന്ന രണ്ട് ഗ്രാമങ്ങളാണ് ഏറ്റെടുത്തു പോയത്. ഇപ്പോൾ ഏകദേശം ആയിരം കുടുംബങ്ങൾ ഇടവകയിലുണ്ട്.



ആയിരം വർഷങ്ങൾക്കു മേൽ പഴക്കമുള്ള മലങ്കരയിലെ അപൂർവ്വ ദൈവാലയങ്ങളിലൊന്നാണ്. അകപ്പറമ്പ് വലിയപള്ളി. ഇവിടുത്തെ മദ്ബഹായുടെ ചുവർ ചിത്രങ്ങൾ പ്രകൃതിദത്തമായ ചായക്കൂട്ടിനാൽ വരച്ചതും കാലത്തിനുപോലും മങ്ങലേൽപ്പിക്കാനാവാത്തതുമായ അപൂർവ്വങ്ങളിൽ അപൂ

ർവ്വമായ ദൃശ്യവിസ്മയങ്ങളാണ്. കൂടാതെ മദ്ബഹായുടെ ശില്പകലാ രൂപങ്ങളും 15,16 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയുടെ തുടിപ്പുകളും, പ്രതീകാത്മക ചിഹ്നങ്ങളുടെ അടയാളങ്ങളുമാണെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്. കൂടാതെ കൊല്ലവർഷം 53-ാ മാണ്ടിൽ നിർമ്മിച്ചതായ 72 തിരികളുള്ള മനോഹരമായ ആൽവിളക്കും, ഒറ്റക്കല്ലിൽ തീർത്ത മാമോദീസക്കല്ലും, കുരിശും, തിരുമേനിമാർ ഉപയോഗിച്ചിരുന്ന മേനാവും, വലിയ തിരുമേനി ഉപയോഗിച്ചതായ ചന്ദനക്കട്ടിലും, കൂടിച്ചേരുമ്പോൾ ഈ പുണ്യദൈവാലയം പൗരാണിക സമ്പന്നവും തീർത്ഥാടക സമൂഹത്തിന്റെ ആകർഷക കേന്ദ്രമാവുകയാണ്.

മലങ്കരയിലെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനുമായ വലിയ തിരുമേനിക്ക് ജന്മം കൊടുക്കുവാനും, ഇവിടുത്തെ പാവനമായ അൽത്താരയിൽ വച്ച്, അവിടുന്ന് മെത്രാനായി അഭിഷേകം ചെയ്യപ്പെടുവാനും വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുവാനും, ഭാഗ്യം ലഭിച്ചത് അകപ്പറമ്പ് ഇടവകയ്ക്കാണ്.

മലങ്കരസഭയ്ക്ക് അഞ്ച് മേല്പ്പട്ടസ്ഥാനികരെയും അനേകം വൈദികരേയും സംഭാവന ചെയ്ത ഇടവകയാണ് അകപ്പറമ്പ്. അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലിത്തയും വലിയ തിരുമേനിയുടെ പ്രഥമ ഗുരുവുമായിരുന്ന അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ് തിരുമേനി, വേദവിജ്ഞാനത്തിന്റെ ശ്രീഭണ്ഡാരമെന്നറിയപ്പെടുന്ന ലാളിത്യംകൊണ്ട് പൗരോഹിത്യ പാതയെ സമ്പന്നമാക്കിയ കടവിൽ പൗലോസ് മോർ അത്താനാസിയോസ്, തിരുമേനി സത്യവിശ്വാസ സംരക്ഷകൻ പൗലോസ് മോർ അത്താനാസി യോസ് തിരുമേനി, അവിടുത്തെ പിൻഗാമിയും സഭയിൽ ഉരുക്കുമനുഷ്യനുമായി അറിയപ്പെട്ടിരുന്ന ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി, ഇവരെല്ലാം വിവിധ കാലങ്ങളിൽ ഇടവകക്ക് അനുഗ്രഹവും അഭിമാനവുമായി വർത്തിച്ചിരുന്ന വന്ദ്യ ഗുരുക്കന്മാരാണ്. ഇപ്പോൾ ഇളമുറക്കാരനായി അന്ത്യോഖ്യാ വിശ്വാസ സംരക്ഷണസമിതിയുടെ അമരക്കാരനായിരിക്കുന്ന ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തയും സ്തുത്യർഹമായ നിലയിൽ ഈ ഇടവകയിൽ നിന്നും സഭാസേവനം നടത്തിവരുന്നു. ഇവരെ കൂടാതെ ഇപ്പോൾ ഈ ഇടവകയിൽ നിന്നും 9 വൈദികരാണ് വിവിധ ഇടവകകളിൽ സഭയിൽ സേവനം അനുഷ്ഠിച്ചു വരുന്നത്.

സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് സംഭാവന നല്കിയ ഷെവ. തരിയൻ കെ.പൈനാടത്ത്. പൊതുരംഗത്ത് തിളക്കമാർന്ന വ്യക്തിമുദ്ര പതിപ്പിച്ച കേരള നിയമസഭാസ്പീക്കറും, മന്ത്രിയുമായിരുന്ന കമാണ്ടർ പി.പി. തങ്കച്ചനും ഈ ഇടവകക്കാരായിരിക്കുന്നതിൽ ഇടവക അഭിമാനിക്കുന്നു.

ഇന്ന് അകപ്പറമ്പ് ഇടവക ഏറെ ധന്യയാണ്. സത്യവിശ്വാസ സംരക്ഷകനും, മലങ്കരയിലെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനുമായ വലിയ തിരുമേനിക്ക് ജന്മം കൊടുക്കുവാനും, ഇവിടുത്തെ പാവനമായ അൽത്താരയിൽ വച്ച്, അവിടുന്ന് മെത്രാനായി അഭിഷേകം ചെയ്യപ്പെടുവാനും വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുവാനും, ഭാഗ്യം ലഭിച്ചത് അകപ്പറമ്പ് ഇടവകയ്ക്കാണ്. ഇപ്പോഴിതാ ആ പുണ്യപിതാവിന്റെ മെത്രാഭിഷേകത്തിന്റെ നൂറാമത് വർഷം ഈ ഇടവക വൈവിദ്ധ്യമാർന്ന പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. വിശുദ്ധന്റെ തിരുശേഷിപ്പ് മനോഹരമായ ധ്യാനമുറിയിൽ ഏറെ ആകർഷകമായി സ്ഥാപിച്ചു കഴിഞ്ഞു. വിശ്വാസികൾക്ക് തങ്ങളുടെ ഭാരം ഇറക്കി വയ്ക്കാനുള്ള ഒരു അത്താണിയായും, മദ്ധ്യസ്ഥത യാചിക്കുന്നതിനുള്ള ഒരു സങ്കേതമായും ഈ ധ്യാനമുറി മാറിക്കഴിഞ്ഞു. അതിരുകളില്ലാത്ത ആ കാരുണ്യത്തിന്റെ കലവറ കവിഞ്ഞൊഴുകട്ടെ, മലങ്കരയുടെ മണ്ണിലാകെ അനുഗ്രഹത്തിന്റെ പ്രഭചൊരിയട്ടെ.



# പരിശുദ്ധ വലിയ തിരുമേനിയും, പരിപാലിതരായ ആലുവായിലെ ജനങ്ങളും

**അഡ്വ. ജെയ്ബി പോൾ**

അവരെ ആത്മീയതയിൽ വളർത്തുവാനും, സാമൂഹിക ജീവിതത്തിൽ പ്രതിബദ്ധതയുള്ളവരാക്കുവാനും വലിയതിരുമേനിയുടെ പരിപാലനത്താൽ സാധിച്ചിരുന്നു എന്നത് ആലുവായിലെ ഓരോ ദൈവമക്കളും ഇന്നും സ്മരിക്കുന്നു.

വലിയ തിരുമേനിയുടെ പ്രഥമ ഗുരുശ്രേഷ്ഠനായിരുന്ന, അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിക്ക് 1880ൽ ആലുവായിൽ ഒരു പള്ളി സ്ഥാപിക്കുവാനും, യാക്കോബായ വിശ്വാസ്യത നിലനിർത്തുവാനുമായി ഗവൺമെന്റിൽനിന്നും ഉത്തരവ് കിട്ടിയ നാൾ മുതലാണ് യാക്കോബായ സഭയുമായുള്ള ആലുവായുടെ ബന്ധം തുടങ്ങുന്നത്.

അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ്, കടവിൽ പൗലോസ് മാർ അത്താനാസ്യോസ്, പിന്നീട് വലിയ തിരുമേനി എന്നിവരുമായിട്ടാണ് ആലുവായിലെ ഇടവകാംഗങ്ങളായ ഓരോ കുടുംബക്കാരെയും സമീപ ഇടവകകളിൽനിന്നും നിന്നും വരുത്തി. സ്ഥലം നൽകി താമസിപ്പിച്ചത്. ഓരോ കുടുംബവും അവരവരുടെ മാതൃഇടവകകൾവിട്ട് പിതാവിന്റെ വാക്കുകൾകേട്ടു എന്നത് സ്തുത്യർഹമാണ്.

വലിയ തിരുമേനിയെ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ കാലം തൊട്ട് ആലുവായിലെ ജനങ്ങൾ അടുത്തറിഞ്ഞിരുന്നു. തുടർന്ന് 1910ൽ മെത്രാനായി വാഴിക്കപ്പെടുകയും അങ്കമാലി ഭദ്രാസനത്തിന്റെ ഭരണം, ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ താമസിച്ച് തന്റെ അവസാനകാലത്തോളം നടത്തുകയുമുണ്ടായി.

ഈ കാലയളവിൽ പള്ളിക്ക് ചുറ്റുമായും സമീപപ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബാംഗങ്ങളുമായി അടുത്തബന്ധം സ്ഥാപിക്കുവാൻ തിരുമേനിക്ക് സാധിച്ചിരുന്നു. അവരെ ആത്മീയതയിൽ വളർത്തുവാനും, സാമൂഹിക ജീവിതത്തിൽ പ്രതിബദ്ധതയുള്ളവരാക്കുവാനും വലിയതിരുമേനിയുടെ പരിപാലനത്താൽ സാധിച്ചിരുന്നു എന്നത് ആലുവായിലെ ഓരോ ദൈവമക്കളും ഇന്നും സ്മരിക്കുന്നു.

തിരുമേനി ഈ ഇടവകജനങ്ങളെ സ്വന്തം മക്കളെപ്പോലെ കരുതുകയും, അവർ അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകളിൽ സ്വന്തംപിതാവിനെപ്പോലെ ദുഃഖിക്കുകയും, സമാശ്വസിപ്പിക്കുകയും ചെയ്തിരുന്നത് ഇവിടുത്തെ ഓരോ തലമുറയും ഓർക്കുകയാണ്. വലിയതിരുമേനിയിൽനിന്ന് കണ്ടുപഠിച്ച സത്യവിശ്വാസത്തിൽനിന്ന് ഇന്നും തങ്ങൾക്ക് ആരാധനാസ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോഴും അവർ വ്യതിചലിക്കാതെ ആത്മീയബന്ധത്തിൽ ജീവിക്കുന്നു.

ആ പ്രചോദനമാണ് 1970കളിലെ സഭാപ്രതിസന്ധിഘട്ടത്തിൽ വലിയതിരുമേനി പഠിപ്പിച്ച സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനായ് സഹനസമരം നയിച്ച ശ്രേഷ്ഠ കാതോലിക്ക ആബുൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയോടൊപ്പം നിൽക്കുവാൻ ഈ വിശ്വാസി സമൂഹത്തെ പ്രേരിപ്പിച്ചതും.

ഓരോ കുടുംബത്തിലും വ്യക്തികളിലും വലിയതിരുമേനിയുമായുള്ള ബന്ധത്തിന്റെ തിരുശേഷിപ്പുകൾ ഇന്നും നിധിപോലെ സൂക്ഷിക്കപ്പെടുന്നു. ആ പരിശുദ്ധ പിതാവിന്റെ ആത്മീയമായ കരുതലിന്റെയും ബന്ധത്തിന്റേയും സാക്ഷ്യങ്ങളാണ് അവ.


വലിയതിരുമേനി പഠിപ്പിച്ച ആത്മീയപാതയിലൂടെ ജീവിക്കുവാനും അതുവഴി ധാരാളമനുഗ്രഹങ്ങൾ ലഭിക്കുവാനും ഈ ഇടവകയിലെ ജനങ്ങൾക്ക് ഇടയായിട്ടുണ്ട്. ഓരോ കുടുംബത്തിലും വ്യക്തികളിലും വലിയതിരുമേനിയുമായുള്ള ബന്ധത്തിന്റെ തിരുശേഷിപ്പുകൾ ഇന്നും നിധിപോലെ സൂക്ഷിക്കപ്പെടുന്നു. ആ പരിശുദ്ധ പിതാവിന്റെ ആത്മീയമായ കരുതലിന്റെയും ബന്ധത്തിന്റേയും സാക്ഷ്യങ്ങളാണ് അവ.

വ്യക്തിപരമായ ഒരു അനുഭവം ഇത്തരുണത്തിൽ അനുസ്മരിക്കട്ടെ.

എന്റെ പിതാമഹന്റെ കട കുത്തിത്തുറന്ന് മോഷണം നടന്ന സമയത്ത്, വലിയതിരുമേനിയുടെ പക്കൽ സങ്കടം ബോധിപ്പിച്ചപ്പോൾ, കുറുപ്പുംപടിയിലുള്ള ഒരു കൊല്ലനെക്കൊണ്ട് പണിയിച്ച താഴും താക്കോലും നൽകി, "നീയും നിന്റെ കുടുംബവും ഉള്ളകാലം എന്നെ ഓർത്താൽ മതി" എന്ന് ആശ്വസിപ്പിക്കുകയാണുണ്ടായത്. അതാണ് ഇപ്പോഴും ഞങ്ങൾ ഉപയോഗിക്കുന്നതും.

അങ്ങനെ അടുത്ത് അനുഭവങ്ങളുള്ളവരാണ് ആലുവായിലെ ഇടവകാംഗങ്ങളും മറ്റ് ജനങ്ങളും എന്ന് വിസ്മരിക്കാൻ കഴിയുകയില്ല. വലിയ തിരുമേനി കൈമാറി തന്ന സത്യവിശ്വാസത്തിന്റേയും പ്രാർത്ഥനാജീവിതത്തിന്റേയും പാത നമുക്കോരോരുത്തർക്കും പിൻതുടരാം.





# വലിയ തിരുമേനിയുടെ ഒരു ദിവസം

**ഞാർത്തുങ്കൽ കോരുതു കത്തനാർ (സഭാ ചന്ദ്രികയോട് കടപ്പാട്)**

'ആര് എന്ത് ചിന്തിച്ചാലും കഴിയുന്നിടത്തോളം കാലം, പ്രാർത്ഥിക്കുന്നത് പള്ളി യിൽത്തന്നെ വേണം' എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു.

വെളുപ്പിന് നാലരമണിക്ക് തിരുമേനിയുടെ ദിവസം ആരംഭിക്കുകയായി. അലാറം കേട്ടുണരുന്ന ശെമ്മാശൻ തിരുമേനിക്ക് പ്രാർത്ഥനയ്ക്കായി മുറിയിൽ നിന്നും പള്ളിയിലേക്ക് പോകുവാൻ ആവശ്യമായ സഹായം എല്ലാം ചെയ്തുകൊടുത്തു. ശെമ്മാശന്റെ വലതുകൈയിൽ പിടിച്ചുകൊണ്ടാണ് തിരുമേനി നടക്കുന്നത്. ശുശ്രൂഷകൻ മാത്തു ഒരു വിളക്ക് കാണിച്ചുകൊണ്ട് മുമ്പിൽ നടക്കും. (അന്ന് വൈദ്യുതി ഇല്ലായിരുന്നു) മഴക്കാലത്തും ഈ പതിവിന് മാറ്റം ഒന്നും ഇല്ല. പ്രത്യേകമായി ഉണ്ടാക്കിച്ചിട്ടുള്ള വലിയ കാലോടുകൂടിയതും സാമാന്യം വലുപ്പമുള്ളതുമായ ഒരു ഓലക്കുട ശെമ്മാശൻ ചൂടിക്കുന്നുണ്ടാകുമെന്ന് മാത്രം.

പള്ളിയകത്ത് നമസ്കാരമേശയുടെ സമീപത്ത് താഴെ ഒരു പുൽപ്പായത്തടുക്കിൽ കാലുകൾ പിന്നോക്കം മടക്കിവെച്ചിരുന്ന് പ്രാർത്ഥന തുടങ്ങും. ഇപ്രകാരം ഇരുന്ന് പ്രാർത്ഥിപ്പാൻ പ്രയാസമായി വന്നപ്പോൾ ഹൈക്കലായുടെ പാർശ്വത്തിൽ തെക്കുഭാഗത്തുള്ള മുറിയിൽ ഒരുക്കിയിരിക്കുന്ന കട്ടിലിൽ കിടന്നുകൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു പതിവ്. 'ഇത്രയും പ്രായമുള്ള തിരുമേനി ഈ മഴയത്തു പ്രയാസപ്പെട്ട് പള്ളിയകത്ത് പോയിത്തന്നെ പ്രാർത്ഥിക്കണമോ? മുറിക്കകത്തിരുന്ന് പ്രാർത്ഥിച്ചാലും ദൈവം കേൾക്കുകയില്ലേ? ശെമ്മാശ്ശന്മാരും മറ്റും ഉള്ളിൽ ഇങ്ങനെ പറഞ്ഞ് പോകാറുണ്ട്. 'ആര് എന്ത് ചിന്തിച്ചാലും കഴിയുന്നിടത്തോളം കാലം, പ്രാർത്ഥിക്കുന്നത് പള്ളിയിൽത്തന്നെ വേണം' എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു.

പ്രാർത്ഥന കഴിഞ്ഞ് മുറിയിൽ വന്നാലുടൻ തത്സമയത്തേക്കുള്ള യാമപ്രാർത്ഥനയും മോർ പീലക്സിനോസ് ബാവായുടെ ബോവൂസയും ശെമ്മാശ്ശനെക്കൊണ്ട് വായിപ്പിച്ച്, തിരുമേനി അത്കേട്ട് ധ്യാനനിരതനാകുമായിരുന്നു.

പിന്നീടു പ്രഭാതചര്യകളാണ്. പ്രിയങ്കരനായ ശുശ്രൂഷകൻ മാത്തുവാണ് അതിനെല്ലാം ഉറ്റ സഹായി. അതിന് കുറച്ച് സമയമെടുക്കും.

രാവിലെ 8.30 നാണ് പ്രാതൽ. മുറിക്കകത്ത് താഴെ പായ്ത്തടുക്കിൽ ഒരു കുഷ്യനിട്ട് അതിലിരുന്നാണ് ഭക്ഷണം കഴിക്കുക. തത്സമയത്തായിരിക്കും അടുക്കളക്കാര്യങ്ങളുടെ വിവരങ്ങൾ മാത്തുവിനോട് തിരക്കുക. ആ കൂട്ടത്തിൽ ഭക്ഷണച്ചെലവുകൾ അധികരിക്കാതെ നിയന്ത്രിച്ചുകൊള്ളണമെന്ന നിർദേശം നൽകുകയും പതിവാണ്.

സെമിനാരിക്കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പോർട്ടിക്കോയിൽ ഉയരം കുറഞ്ഞ ഒരു കട്ടിലിൽ കിടന്നാണ് തിരുമേനി പകൽ സമയം മിക്കവാറും ചെലവഴിച്ചു കൊണ്ടിരുന്നത്. (അന്ന്സെമിനാരി ക്കെട്ടിടം ഒറ്റനിലയായിരുന്നു.

കൃത്യം ഒൻപതുമണിക്ക് ശെമ്മാശൻ വരും. മൂന്നാം മണി നേരത്തെ പ്രാർത്ഥനയും യാമപ്രാർത്ഥനയും, തുടർന്ന് ക്രമപ്രകാരം ഏഴ് സങ്കീർത്തനവും ശെമ്മാശനെക്കൊണ്ട് വായിപ്പിക്കും; തിരുമേനി ധ്യാനപൂർവ്വം അത് കേട്ട് കിടക്കും. അതിനുശേഷമാണ് പത്രവായന, മലയാളമനോരമ തുടങ്ങിയ പത്രങ്ങൾ ശെമ്മാശൻ വായിച്ചുകേൾപ്പിക്കും. പത്രവാർത്തകളൊന്നും വിട്ടുകളയാതെ വായിക്കണമെന്നത് നിർബന്ധമായിരുന്നു.

പന്ത്രണ്ടു മണിക്ക് മദ്ധ്യാഹ്ന പ്രാർത്ഥന, നോമ്പുകാലത്ത് അത് പള്ളിയിൽ വച്ചേ നടത്താറുള്ളൂ.അതു കഴിഞ്ഞ് ഉച്ചഭക്ഷണം മുൻ പറഞ്ഞതുപോലെ താഴെ തടുക്കിൽ ഇരുന്നുതന്നെയാണ് ഭക്ഷണം കഴിച്ചിരുന്നത്. കണ്ണുകൾക്ക് കാഴ്ചക്കുറവുണ്ടായിരുന്നതിനാൽ മാത്തു തന്നെയാണ് സ്പൂണിലൂടെ ഭക്ഷണം കൊടുത്തുകൊണ്ടിരുന്നത്

ഉച്ചഭക്ഷണം കഴിഞ്ഞ് കുറച്ചു സമയം കിടന്ന് വിശ്രമിക്കുക പതിവാണ്. എന്നാൽ മൂന്നുമണിക്കുതന്നെ ഒമ്പതാം മണിനേരത്തെ പ്രാർത്ഥനയും യാമപ്രാർത്ഥനയും നടത്തണമെന്നത് നിർബന്ധമായിരുന്നു. മൂന്നാം മണി നേരത്തേതുപോലെ ശെമ്മാശൻ വന്ന് പ്രാർത്ഥന ചെല്ലി കേൾപ്പിക്കുകയാണ് പതിവ് കൂട്ടത്തിൽ സങ്കീർത്തനവായനയും നടക്കും.

അഞ്ചു മണി സെമിനാരിയിലെ വലിയ മണി മുഴങ്ങുന്ന സമയമാണത്. അന്തേവാസികളെല്ലാം പ്രാർത്ഥനയ്ക്ക് ഒരുങ്ങും.പ്രഭാതത്തിലെന്നപോലെതന്നെ പള്ളിയിൽപോയി സന്ധ്യാപ്രാർത്ഥന നടത്തണമെന്നത് നിർബന്ധമാണ്. സെമിനാരിയിലെ അച്ചൻമാരും ശെമ്മാശൻമാരും അതിൽ സംബന്ധിച്ചേ മതിയാകൂ.

പ്രാർത്ഥന കഴിഞ്ഞ് വന്ന് ലഘുവായ രീതിയിലുള്ള അത്താഴം കഴിക്കും പാൽ, പഴം തുടങ്ങിയവയാണ് സാധാരണ കഴിക്കാറുള്ളത്.

രാത്രി ഒമ്പതുമണിക്ക് സൂത്താറ പ്രാർത്ഥന ശെമ്മാശൻ വായിക്കും. തിരുമേനി അതുകേട്ട് ധ്യാനിക്കും ആ പ്രാർത്ഥന കഴിഞ്ഞാൽ അധിക താമസം കൂടാതെ ഉറങ്ങാൻ തുടങ്ങും.

പാതിരാ പ്രാർത്ഥനയാണ് അടുത്തത്. പന്ത്രണ്ടുമണിക്ക് അലാറം മുഴങ്ങും. മുറിയിൽ താഴെക്കിടക്കുന്ന ശെമ്മാശൻ ഉടൻ എഴുന്നേൽക്കും.തിരുമേനി മുഖം കഴുകി ശെമ്മാശൻ ചെല്ലുന്ന പ്രാർത്ഥനയിൽ ലയിച്ച് ഉദ്ദേശം നാല്പതു മിനിറ്റ് അങ്ങനെ രാത്രിയുടെ ഏകാന്തതയിൽ പ്രാർത്ഥനയിൽ കഴിക്കും. പാതിരാത്രി നമസ്കാരത്തോടൊപ്പം ഭരണകർത്താക്കൾക്കാവശ്യമായ ജനരഞ്ജന, വിവേ

**പാതിരാത്രി നമസ്കാരത്തൊടൊപ്പം ഭരണകർത്താക്കൾക്കാവശ്യമായ ജനരഞ്ജന, വിവേകം, ആത്മശക്തി, ദൈവനടത്തിപ്പ് എന്നിവയെല്ലാം അവർക്ക് ലഭിക്കുവാൻ പ്രത്യേക പ്രാർത്ഥന ചെല്ലുമായിരുന്നു. അതിനെത്തുടർന്ന് മാർ അപ്രേമിന്റെ മെദ്രാ രീതിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരനുതാപഗീതവും ചെല്ലുക പതിവായിരുന്നു.**

കം, ആത്മശക്തി, ദൈവനടത്തിപ്പ് എന്നിവയെല്ലാം അവർക്ക് ലഭിക്കുവാൻ പ്രത്യേക പ്രാർത്ഥന ചെല്ലുമായിരുന്നു. അതിനെത്തുടർന്ന് മാർ അപ്രേമിന്റെ മെമ്രാ രീതിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരനുതാപഗീതവും ചെല്ലുക പതിവായിരുന്നു.

ഇങ്ങനെയുള്ള നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന ആത്മിയ ചൈതന്യവും ശക്തിയുമാണ് തിരുമേനിയെ ഒരു 'വലിയ തിരുമേനി'യാക്കിയത് എന്നതിന് സംശയമില്ല. എത്ര സുപ്രധാന വിഷയങ്ങളെപ്പറ്റിയുള്ള ആലോചനകൾക്കിടയിലായാലും പ്രാർത്ഥനയ്ക്ക് സമയമായിയെന്ന് ശെമ്മാശൻ അറിയിച്ചാൽ ഉടനെ മക്കളേ നമുക്കു പോയി പ്രാർത്ഥിക്കാം ആലോചന അതിനു ശേഷം തുടരാം. എന്ന് കല്പിച്ച് പ്രാർത്ഥനയ്ക്ക് തയ്യാറാകും. പ്രാർത്ഥനയിലുള്ള ഈ സാധാരണ നിഷ്ഠ, അദ്ദേഹത്തിന്റെ ഒരു പ്രത്യേക സ്വഭാവമായിരുന്നു. ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് തിരുമേനി നൽകി വന്നിരുന്ന പ്രാധാന്യം ഏവർക്കും എന്നും ഒരു ഉത്തമ മാതൃകതന്നെയാണ്.

> തിരുമേനിയുടെ ശുശ്രൂഷകളിൽ സംബന്ധിച്ചിടത്തോളം കാതുകളിൽ ഉച്ചാരണ ശുദ്ധിയുള്ള വായനകളുടേയും കീർത്തനങ്ങളുടേയും ശബ്ദമാധുരി ഇപ്പോഴും മാറ്റൊലിക്കൊള്ളുന്നുണ്ടാവും. തിരുമേനിയുടെ ദിവ്യാരാധാനകളിൽ പങ്കുകൊണ്ടിട്ടുള്ളവർ സ്വർഗ്ഗീയാനുഭൂതിയിൽ ആമഗ്നരായിത്തീരുന്ന അനുഭവം ആസ്വദിച്ചതായി അവകാശപ്പെടുമായിരുന്നു.

ആലുവായിലെ മോർ അത്താനാസ്യോസ് തിരുമേനി ഒരു 'വലിയ തിരുമേനി' തന്നെയായിരുന്നു വെഞ്ചാമരംപോലെ തിളങ്ങുന്ന താടിമീശയും ദീർഘമായ നാസികയും വാർദ്ധക്യംമൂലം കാഴ്ചയക്ക് മങ്ങലുണ്ടെങ്കിലും ദിവ്യത്വം തിളങ്ങുന്ന നയനങ്ങളും വിശാലമായ നെറ്റിത്തടവും എല്ലാം ഒത്തിണങ്ങുന്ന ആ മുഖകമലം കണ്ടിട്ടുള്ളവരുടെ ഹൃദയത്തിൽ ആ ദിവ്യരൂപം ഇപ്പോഴും പച്ചപിടിച്ചുനിൽക്കുന്നുണ്ടാവും. മനുഷ്യമനസ്സുകളിൽ ചലനം സൃഷ്ടിക്കുവാൻ പോരുന്നതായ തിരുമേനിയുടെ ശുശ്രൂഷകളിൽ സംബന്ധിച്ചിടത്തോളം കാതുകളിൽ ഉച്ചാരണ ശുദ്ധിയുള്ള വായനകളുടേയും കീർത്തനങ്ങളുടേയും ശബ്ദമാധുരി ഇപ്പോഴും മാറ്റൊലിക്കൊള്ളുന്നുണ്ടാവും. തിരുമേനിയുടെ ദിവ്യാരാധാനകളിൽ പങ്കുകൊണ്ടിട്ടുള്ളവർ സ്വർഗ്ഗീയാനുഭൂതിയിൽ ആമഗ്നരായിത്തീരുന്ന അനുഭവം ആസ്വദിച്ചതായി അവകാശപ്പെടുമായിരുന്നു.

വന്ദ്യതിരുമേനി സെമിനാരിപ്പള്ളിയിൽ വി.കുർബാന അർപ്പിക്കുന്ന ദിവസം നിർണ്ണയമായാൽ തലേന്നു സെമിനാരി മുഴുവനും ഓഫീസ് മുതൽ അടുക്കളവരെയുള്ള അന്തേവാസികൾക്കെല്ലാം തത്സംബന്ധമായ തങ്ങളുടെ ചുമതലകളെപ്പറ്റിയുള്ള ജാഗ്രത മനസ്സിൽ ഉദിക്കുകയുണ്ടായി. കൃത്യവിലോപമുണ്ടായാൽ തിരുമേനിയിൽ നിന്നും കേൾക്കേണ്ടി വരുന്ന ശാസനകളുടേയും ശകാരത്തിന്റേയും ഭയം ഓർമ്മയിൽ ഓടിയെത്തും. എന്നാൽ സ്നേഹാവൃതമായ ഈ കോപവും ശകാരങ്ങളും തിരുമേനിയോടുള്ള ഭക്ത്യാദരവുകൾ മനസ്സിൽ വർദ്ധിപ്പിക്കുകയേ ചെയ്യാറുള്ളൂ. തിരുമേനി വി. ബലി അർപ്പിക്കുന്നതിന്റെ തലേ രാത്രി ഒമ്പതു മണിക്കുള്ള ശയന പ്രാർത്ഥനയ്ക്കു ശേഷം വായ് ശുദ്ധമാക്കി ഉറങ്ങാൻ തുടങ്ങും. വി. ബലിയർപ്പണം കഴിയുന്നതു വരെ പരിപൂർണ്ണ വിശുദ്ധിയോടെ ഓരോ നിമിഷവും വിനിയോഗിച്ചുവന്നിരുന്നു.

വി. കുർബാനയർപ്പിക്കുമ്പോൾ തിരുമേനി പലപ്പോഴും നിരുദ്ധകണ്ഠനായിത്തീരുകയും കണ്ണീർ കണങ്ങൾ പൊഴിക്കുകയും ചെയ്യുമായിരുന്നു. ജീവൻ സ്ഫുരിക്കുന്ന ആ പ്രാർത്ഥനയുടെ ദിവ്യവീചികൾ കേൾവിക്കാരുടെ ഹൃദയങ്ങളിൽ ഭക്തിയുടേയും, ആദരവിന്റേയും ദൈവസാക്ഷാൽക്കാരത്തിന്റേയുംഅലകളുയർത്താൻ മതിയായവയായിരുന്നു. ദ്രുതഗതി തിരുമേനിയുടെ ശുശ്രൂഷകളിൽ കാണുകയില്ല. എന്നാൽ അനാവശ്യമായ 'നീട്ടലുകൾ' തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. 'യഹോവയ്ക്കു ഒരു ആലയം കണ്ടെത്തുന്നതുവരെ ഞാൻ എന്റെ കണ്ണുകൾക്ക് ഉറക്കവും കൺപോളകൾക്ക് മയക്കവും കൊടു

ക്കുകയില്ല' എന്ന സങ്കീർത്തനഭാഗം ഉദ്ധരിച്ചുകൊണ്ടുള്ള തിരുമേനിയുടെ പ്രസംഗം തന്റെ ആത്മിയ മക്കൾക്ക് ഉത്തേജനവും പ്രോത്സാഹനവും നൽകിയിരുന്നു. പട്ടം കൊട ശുശ്രൂഷ നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അതിനുവേണ്ടി തിരുമേനി നടത്തുന്ന ഒരുക്കങ്ങളും, പ്രാർത്ഥനകളും കാണുന്നവരുടെ ഹൃദയങ്ങൾ ആ ശുശ്രൂഷക്ക് അദ്ദേഹം നൽകുന്ന പ്രാധാന്യം മഹത്ത്വം എത്രമാത്രമെന്ന് വിസ്മയപൂർവ്വം ചിന്തിച്ചുപോകും. പള്ളികളിൽ ഉണ്ടാകാറുള്ള വഴക്കുകളും പ്രശ്നങ്ങളും മറ്റും തീർക്കുവാൻ തിരുമേനിയുടെ സാന്നിദ്ധ്യവും വചനശക്തിയും മതിയായവയായിരുന്നു. കല്പനയ്ക്ക് എതിര് നിൽക്കുവാൻ ജനം ഭയപ്പെട്ടിരുന്നു. മുഖം നോക്കാതെ, വലുപ്പച്ചെറുപ്പം പരിഗണിക്കാതെ, ഉള്ളത് തുറന്ന് പറയുന്നതായിരുന്നു അവിടത്തെ സ്വഭാവം. സന്ദർശകരായി വരുന്നവരിൽ ഭക്ഷണം വേണ്ടവർക്കെല്ലാം കൊടുക്കുവാൻ കുശിനിക്കാർക്കു നിർദേശം നൽകും.ചിലപ്പോൾ ഒരു നേരത്തേക്ക് രണ്ടു മൂന്നു പ്രവശ്യം ഭക്ഷണം തയ്യാറാക്കുവാൻ കുശിനിക്കാർ നിർബന്ധിതരാകും. അപ്പോൾ അവർക്കുണ്ടാകുന്ന പിറുപിറുപ്പ് തിരുമേനി അറിയാതിരിക്കുകയില്ല. എന്നാൽ ആ പിതൃഹൃദയത്തിൽ മക്കളുടെ നേർക്കുള്ള സ്നേഹത്തിനും പരിഗണനയക്കും ഒരു ഭംഗവും വരാറില്ല. സന്ദർശകരോട് കുടുംബകാര്യങ്ങൾ, കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ ഏർപ്പെടുന്ന ജോലികളുടെ സ്വഭാവം, ആരോഗ്യസ്ഥിതി തുടങ്ങിയവ ഒരു പിതാവ് മക്കളോടെന്നപ്പോലെ വാത്സല്യപൂർവ്വം തിരക്കുമായിരുന്നു. അവർ തിരിച്ചുപോകുമ്പോൾ തിരുമേനിയുടെ സ്നേഹാന്വേഷണങ്ങളുടെ കുളിർമ ഹൃദയങ്ങളിൽ സന്തോഷവീചികൾ ഉയർത്തുമായിരുന്നു. അവ മറക്കാനാവാത്ത അനുഭവമായി നിലകൊള്ളുകയും ചെയ്യുമായിരുന്നു. പുറത്തു നിന്നും വരുന്നവർ സെമിനാരി ഗേറ്റ് കടക്കുമ്പോഴേ ഹൃദയം തുടിച്ചു തുടങ്ങുമെന്ന് പലപ്പോഴും പറയാറുണ്ട്. വലിയ തിരുമേനിയുടെ സാന്നിദ്ധ്യം പ്രചോദിപ്പിക്കുന്ന ദിവ്യസ്വാധിനശക്തി അത്രയ്ക്കുണ്ട്

**സന്ദർശകരോട് കുടുംബകാര്യങ്ങൾ, കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ ഏർപ്പെടുന്ന ജോലികളുടെ സ്വഭാവം, ആരോഗ്യസ്ഥിതി തുടങ്ങിയവ ഒരു പിതാവ് മക്കളോടെന്നപ്പോലെ വാത്സല്യപൂർവ്വം തിരക്കുമായിരുന്നു. അവർ തിരിച്ചുപോകുമ്പോൾ തിരുമേനിയുടെ സ്നേഹാന്വേഷണങ്ങളുടെ കുളിർമ ഹൃദയങ്ങളിൽ സന്തോഷവീചികൾ ഉയർത്തുമായിരുന്നു.**

കൃത്യനിഷ്ഠ തിരുമേനിയുടെ ജീവിതവ്രതമായിരുന്നു. കല്പനകൾ യഥാസമയം അയയ്ക്കുക, കത്തുകൾക്ക് ഉടനെ മറുപടി അയക്കുക, പണമിടപാടുകളിൽ കാർക്കശ്യം പാലിക്കുക, സഹായമർഹിക്കുന്നവരോട് ദയാവായ്പ് കാണിക്കുക, പ്രത്യേകിച്ച് അന്തേവാസികളായ ശുശ്രൂഷകരോട് ഹൃദയം കവരുന്ന സ്നേഹവാത്സല്യങ്ങൾ പ്രകടമാക്കുക ഇതെല്ലാം മറക്കാനാവാത്ത സ്മരണകളാണ്.

ആലുവ പട്ടണത്തിൽ ഓരോരോ കാര്യത്തിന് വരുന്നവർക്ക് അന്നുതന്നെ തിരിച്ചു പോകുവാൻ തരപ്പെടാതെ വന്നാൽ (വാഹനസൗകര്യം കുറവായിരുന്ന കാലം) രാത്രിസമയം കഴിച്ച് കൂട്ടുവാൻ അവർ സെമിനാരിയിൽ വന്നെത്താറുണ്ട്. അങ്ങനെവരുന്നവർക്ക് കിടന്നുറങ്ങുവാൻവേണ്ടി പായും തലയണയും പ്രത്യേകം കരുതിവയക്കുമായിരുന്നു. സെക്രട്ടറി അച്ചനോ ശെമ്മാശനോ അതെടുത്ത് കൊടുത്ത് വരുന്നവരെ തിരുമേനിയുടെ മുറിക്കടുത്തുള്ള ഹാളിൽ കിടത്തുകയാണ് പതിവ്. തിരുമേനിയുടെയും മറ്റും മധുരമായ പാതിരാഗാനം അവർക്ക് സ്വർഗ്ഗീയാനുഭൂതി വളർത്തിയിരുന്നതായി അവരിൽ പലരും പറയുമായിരുന്നു. ആ മധുരസ്മരണകൾ അയവിറക്കുന്നവർ പലരും ഇന്നും കാണും.



# ST. ATHANASIOUS PAULOSE
# Valiya Thirumeni of Malankara

**John Philip Kottapparambil**

**Known for his piety, integrity, sincerity and unflinching devotion to God, the spiritual father is remembered by the Malankara Church with great veneration. Valiya Thirumeni loved his people and defended the faith till his last, leaving behind him a magnificent legacy.**

St. Athanasious Paulose popularly known as 'Valiya Thirumeni', is one of the luminous stars of the Universal Syriac Orthodox Church, who as the head of the Church in India, successfully guided its destiny for nearly four decades. It was his firm faith, persistent efforts and ardent prayers that helped the Malankara Syrian community to maintain their ancient links with the Apostolic See of Antioch. Valiya Thirumeni is the founder father of many of the major spiritual organizations in the church like the Sunday School Association, the Mar Gregorios Students movement, the Brotherhood of St. Antonios and the St. Mary's Sisterhood. Consecrated as Metropolitan for the Angamali diocese in 1910 by Patriarch Mor Ignatius Abded Aloho (Abdulla II), he became the Malankara Metropolitan of the Jacobite Syrian Church in 1918. After serving the Church in Malankara for more than four decades, he passed away on 25th January 1953 at the age of 84.

Known for his piety, integrity, sincerity and unflinching devotion to God, the spiritual father is remembered by the Malankara Church with great veneration. Valiya Thirumeni loved his people and defended the faith till his last, leaving behind him a magnificent legacy. Faithful revere him as a saintly father; he is the pride of the Malankara Jacobite Syrian Church. Fifty one years after his demise, on 19th August 2004, the Church beatified Mor Athanasius Paulose and since September 2009 the Holy Father's name is remembered in the 5th Tubden universally along with his spiritual mentor, St. Gregorios of Parumala.

### Child-hood

Valiya Thirumeni was born on 23rd Jan 1869 as the third child of his blessed parents, 'Mathai' of Ayyambillil Thekkekarayil family and 'Anna' of Kuttikattu Pynadathu family of Nayathodu at Akaparambu, Angamali and was christened by name PAULOSE at the Akaparambu Mor Sabor Mor Apfroth church. He had three sisters and two brothers. Since Thirumeni grew up in his mother's house

(Pynadathu) at Akaparambu, she beeing the only child of her parents, Valiya Thirumeni is often referred as one from the Kuttikatt Pynadathu family.



Ambatt Mor Koorilos Metropolitan

From childhood days Paulose had shown deep affection in spiritual matters. He was greatly interested in the study of scriptures and in religious practices. His extraordinary brilliance caught the eye of everybody. Ambatt Mor Koorilos Geevarghese, the then Metropolitan of Angamali diocese, came to know about him. Under his advice, young Paulose became a regular server in the altar of the Akaparambu Church.

**From childhood days Paulose had shown deep affection in spiritual matters. He was greatly interested in the study of scriptures and in religious practices. His extraordinary brilliance caught the eye of everybody. Ambatt Mor Koorilos Geevarghese, the then Metropolitan of Angamali diocese, came to know about him. Under his advice, young Paulose became a regular server in the altar of the Akaparambu Church.**

1876 was an eventful year in the life of our Valiya Thirumeni. That year the Patriarch Moran Mor Ignatius Peter IV, who was on an Apostolic mission to India, visited the ancient Akaparambu Church and celebrated Holy Mass. When His Holiness was celebrating the Holy Qurbono, Kunji Paulo as he was fondly called, a child of mere 7 years old, was instructed by Ambatt Mor Koorilos Metropolitan to read the fifth 'tubden' (diptych) in Syriac. In his ringing musical voice while he was reading it, the Patriarch looked back at the enlightened child and specially blessed the boy after the Holy Qurbono, an essential pass to achieve higher levels of spiritual glory later in life.

On 21st April 1879 at the tender age of ten, young Paulose was ordained deacon by Ambatt Mor Koorilos, the first Metropolitan of Angamali diocese, under whom he had his theological and Syriac studies. His English education was at the Alwaye Government High School. Soon he was sent to the Syrian seminary at Kottayam where he was under the direct care of Pulikottil Joseph Mor Divanasios (Mor Dionysius V). By the time he completed the seminary course, he passed the matriculation exam from the C.M.S. School at Kottayam as well. Shortly thereafter he was appointed a teacher ('Malfono') in the seminary where he continued till 1895. It was in those days that he had a severe illness of typhoid which forced him to return home. In no time his health deteriorated and reached a critical stage and every member of his family was ardently praying for his speedy recovery. This condition continued for a few more days when suddenly a miracle happened after which his health started to improve dramatically. It was a moment of releif for everyone; they thanked God for His continuing grace. This was a turning point in the life of our Paulose; the miraculous recovery reinforced his belief in Almighty which prompted him to completely dedicate the rest of his life in service of God.

After recovery from his illness, Paulose returned to Thrikkunnathu and everyone there welcomed him with great joy. Later the diocesan Metropolitan Kadavil Paulose Mor Athanasious Thirumeni entrusted him with the responsibility of supervising the construction works of the St. Mary's church there.

## Parumala Thirumeni ordaining deacon Paulose

On 25th November 1898, at the age of 29, deacon Paulose was ordained 'Kassisso' (Full Priest) by St. Gregorios Geevarghese (Parumala Thirumeni) and after three days, on 28th, he was elevated to the order of monk ('Ramban'), again at the blessed hands of Mor Gregorios assisted by Metropolitans Mor Divanasios

Pulikottil and Mor Athanasious Kadavil. Since then he came to be called KOCHU PAULOSE RAMBAN.

## Ramban Kochu Paulose in Parumala Seminary

Mor Gregorios Thirumeni who was in charge of Niranam diocese, was at that time in the midst of constructing a seminary building in the Parumala chapel premises. On his request Kochu Paulose Ramban stayed back at Parumala supervising the construction of the seminary building there. Kochu Paulose Ramban was actively involved in giving shape to Parumala dayro, staying there for almost three years. Those where the times when Mor Gregorios Thirumeni came to know more about the aspirations and lifestyle of Paulose Ramban. Parumala Thirumeni, in great admiration of the spiritual gifts latent in the Ramban, presented him with a 'Seelamudi' (head cover worn by bishops), 'Pathraseen' and a copy of the book detailing the service of ordination - the prophetic gifts which are not required by a Ramban but revealed the path the Ramban would tread later in life.

Years after when Paulose Ramban, who was by then rose to high priesthood and headed the Malankara church, decided to form a student's organisation, it was named after St. Gregorios of Parumala which happens to be the first ever organisation in the name of Parumala St. Gregorios, anywhere in the world.

## Thrikkunnathu Seminary & Kochu Paulose Ramban



**Pulikkottil Mor Divanasios Metropolitan**

On his return to Alwaye, Kadavil Mor Athanasious Paulose Metropolitan entrusted Kochu Paulose Ramban the responsibility of completing the construction of seminary building there. Within the next three years the seminary which is now known as 'Thrikkunnathu Seminary', was opened. Later when our Kochu Paulose Ramban was ordained Metropolitan and assumed the charge of Angamali diocese, he expanded the Seminary building again. It was he who brought many people to Alwaye from nearby villages and gave them land to construct houses around the seminary. He even sold his ancestral property at Akaparambu for financing the construction of this Seminary building, thus replacing the old, fragile and worn out structure. Under him, Thrikkunnathu Seminary became a foremost centre for theological studies in the north. It remained as the 'heart' of the Malankara Church for several more years. Many of our spiritual heads of yesteryears, the late lamented Metropolitans Mor Gregorios Vayaliparambil, Mor Sevarios Mulayirickal, the CatholicosAboon Mor Baselios Paulose II and the former Valiya Metropolitha of Knanaya diocese Mor Clemis Abraham were all students of this seminary.

### Arrival of the Patriarch Mor Ignatius Abded 'Aloho-II & general affairs of the Malankara church in early 20th century

When Metropolitan Kadavil Mor Athanasious was called to eternal rest in 1907, there were only two Metropolitans remaining in Malankara, Pulikkottil Mor Divanasios and Murimattom Mor Ivanios, both of whom were in their very advanced ages. In order to ease their heavy load of diocesan administration that spread all over Malankara, they appealed to the Patriarch for consecrating more Metropolitans. The Holy Father approved their appeal and on 31st May 1908,

**When Metropolitan Kadavil Mor Athanasious was called to eternal rest in 1907, there were only two Metropolitans remaining in Malankara, Pulikkottil Mor Divanasios and Murimattom Mor Ivanios, both of whom were in their very advanced ages. In order to ease their heavy load of diocesan administration that spread all over Malankara, they appealed to the Patriarch for consecrating more Metropolitans.**

Kochuparambil Paulose Ramban and Vattasseril Geevarghese Kathanar were consecrated Metropolitans by names Mor Koorilos and Mor Divanasios by the Patriarch Moran Mor Ignatius Abdulla II at the St. Mark's Syrian Orthodox Monastery, Jerusalem, as Metropolitans for 'theebel' (general). The delegation that went for the ordination had then, on behalf of Malankara Syrian Church, officially submitted the request to the Patriarch for H.H's Apostolic visit to Malankara.

After the death of Pulikottil Mor Dionysius V in 1909, Mar Divansios Vattasseril assumed the seat of Malankara Metropolitan in the undivided Jacobite Syrian Church. But within no time unfortunate disputes erupted in the Church. The situation soon worsened with a series of allegations made by Malankara Metropolitan against his elected co-trustees. The Moran Patriarch who was then visiting Malankara was forced to interfere and suggested certain remedies which the metropolitan didn't concede to at all. Suddenly everything changed from bad to worse with the raising of baseless allegations against the Church supreme by some of the close aides of Metropolitan. Meanwhile the priest-trustee Konattu Mathen Malpan Kassisso and the lay-trustee Mr. C J Kurien Akkara jointly countered these accusations. However various attempts to defy the spiritual authority of the supreme head eventually led to an unfortunate North-South polarization in the Church politics with a section led by Metropolitan, concentrated primarily in South Travancore, walking away from the Mother Church.

**Following this the Jacobite Syrian Church was compelled to remove Mor Dionysius from the trusteeship and in his place elected Kochuparambil Paulose Mor Koorilos, a pious and religious high priest, as the Malankara Metropolitan. However the relentless work and politically charged atmosphere that prevailed in the Church at that time, made a holy man like Mor Koorilos weak and sick.**

Following this the Jacobite Syrian Church was compelled to remove Mor Dionysius from the trusteeship and in his place elected Kochuparambil Paulose Mor Koorilos, a pious and religious high priest, as the Malankara Metropolitan. However the relentless work and politically charged atmosphere that prevailed in the Church at that time took it toll and left a holy man like Mor Koorilos weak and sick. The never ending disputes and threats weakened the peaceful atmosphere in the Old Seminary where he was residing which finally prompted Mor Koorilos to move to the nearby Panampady Church. However the health of Mor Koorilos deteriorated further and on December 14th, 1917, the saintly father was called to the eternal rest and was entombed at Panampady St. Mary's Church near Kottayam.

## Metropolitan Consecration

Since the passing away of Mor Athanasious Paulose Kadavil in 1907, Angamali diocese remained vacant without a shepherd. In August 1909 a general council of all the bodies of Angamali diocese was convened at the diocesan headquarters in Thrikkunnathu and elected our Kochu Paulose Ramban as their Metropolitan-designate. Consequently the diocesan body informed the Patriarch about the election and made requests for the ordination.

Consequently the diocesan body appealed to the Patriarch to kindly consecrate Kochu Paulose Ramban as their Metropolitan. Having received testimonies about the zeal in faith, purity of character and industrious nature of the Ramban, the Holy Father was only happy to accept the request.

Accordingly on 9th June 1910 Kochu Paulose Ramban was raised to high priesthood by name 'MOR ATHANASIOUS PAULOSE' at his home parish, the Mor Sabor and Mor Afroth church at Akaparambu. The visiting Patriarch of Antioch & All the East and the Supreme head of the Universal Syriac Orthodox Church, Moran Mor Ignatius Abded' Aloho (Abdulla II) led the metropolitan ordination ceremony. The very next year on 19th August 1911, when the Patriarch consecrated HOLY MUROON at the Mulanthuruthy Mar Thoman church, which was incidentally

the second time in the history of Malankara Church, Mor Athanasious was blessed with the opportunity to assist His Holiness.

On 14th October 1911, the Patriarch left the shores of Kerala. Valiya Thirumeni (Mor Athanasious), the Antiochean delegate Mor Osthatheos Sleeba and Malankara Malpan Konatt Mathen Corepiscopa escorted the Holy Father to Mumbai and bid farewell with tearful eyes and a heavy heart.

As the Metropolitan of Angamali (which is still the largest among all the dioceses in Malankara), Mor Athanasious was then administering the diocese, staying at the partially completed Thrikkunnathu Seminary building. He was also at that time holding the additional charge of the diocese of Kochi.

**Elevation as Malankara Metropolitan in 1918 and the formation of various Spiritual organisations**

Following the demise of Paulose Mor Koorilos Kochuparambil in December 1917, a special session of the Malankara Association was convened at Thrikkunnathu, which choose Mor Athanasious Thirumeni as the head the Syrian Church in India. Accordingly Mor Athanasious assumed the title of Malankara Metropolitan from January 1918.

A year after on 26th Sep 1919, the 'Malankara Sunday School Association' (M.S.S.A) was formed at a meeting held at the Piravom Valiya Pally under the guidance of Mor Athanasius Thirumeni. His Grace became the first president of the Association.

Later on $6^{th}$ May 1922, a special convention of the Students organization of the Jacobite Syrian Church was convened at the Cheruthottukunnel St. George Church of Angamaly diocese, again under the initiative of our Valiya Thirumeni. In that eventful meeting Thirumeni proposed the organization to be named after his spiritual mentor, St. Gregorios Geevarghese of Parumala. Thus the students wing of the Jacobite Syrian Church came to be known as 'Mar Gregorios Syrian Vidhyarthi Sangam' (Mar Gregorios Syrian Students Association - M.G.S.S.A). This was the first ever student's organization that adopted the name of St. Gregorios of Parumala.

The other major spiritual organizations founded by Valiya Thirumeni were the 'Brotherhood of St. Antonios' and the 'St. Mary's Sisterhood'. He nurtured both the organizations with the aim of building a sound base for the monastic movement in Malankara. He also encouraged much on the development of a centre for theological studies at Thrikkunnathu.

**The other major spiritual organizations founded by Valiya Thirumeni were the 'Brotherhood of St. Antonios' and the 'St. Mary's Sisterhood'. He nurtured both the organizations with the aim of building a sound base for the monastic movement in Malankara. He also encouraged much on the development of a centre for theological studies at Thrikkunnathu.**

On 19th March 1930, the apostolic delegate Mor Osthatheos Sleeba, who was like a fatherly figure and spiritual guide of our Valiya Thirumeni passed away and was laid to rest at the Arthat St. Mary's Syrian Simhasana church. Mor Athanasious Thirumeni along with the Apostolic delegate Mor Yulios Elias Qoro and other Metropolitans of Malankara Church led the funeral services of Mor Osthatheos Bava.

## Apostolic visit of the Patriarch St. Ignatius Elias III to Malankara

The very next year in 1931, Patriarch Mor Ignatius Elias III visited India to strive for peace in the Malankara Syrian church. Mor Athanasious being the head of the Malankara church, accompanied His Holiness throughout the apostolic visit and participated in the discussions held in this regard. Several meetings were held within this period with the aim of achieving a long standing peace and the Moran Patriarch had even withdrawn the excommunication of



Karingachira St.George Cathedral


Mor Divanasios Vattasseril. However the ever changing attitudes and decisions of the Metropolitan-supporters did not help much in achieving an amicable solution to the Church disputes. On 13th Feb 1932, the visiting Patriarch St. Elias III passed away before accomplishing his peace mission, and was entombed at the Manjinikkara Dayro, which has now become a famous Pilgrim centre. Malankara Metropolitan Mor Athanasious Paulose led the last ceremonial rites of the holy Patriarch along with the Patriarchal delegate and all the Metropolitans of the Malankara Church.

### Malankara Association of 1935

On 22nd August 1935 an historic Malankara Association was held at the Karingachira St.George church which once again unanimously elected Mor Athanasious Thirumeni as the Malankara Metropolitan and Metropolitan Trustee. Besides His Eminence, those who attended the Holy Synod and the convention were, Mor Dionysius Mikhail of Kottayam, Niranam, Thumpamon and Quilon dioceses, Mar Thimotheos Awgen of Kandanad (later Catholicos Awgen I) and Mar Dioscoros Thomas of Knanaya dioceses. The Malankara Syrian Christian Association also elected co-trustees for the Church. Kassisso Avira Joseph Pookunnel was the newly elected priest trustee and Thukalan Pailo Avira, the lay trustee.

### ‘Defender of Faith’

Malankara Church was fortunate and blessed for having Mor Athanasious Paulose as its Prelate for fourty-two years. Under his able guidance, the Church has overcome many adverse situations. Unflinching faith and relentless prayers were his greatest strengths. Like his predecessors Mor Athanasious Thirumeni, also was determined in upholding the pledge he had given to His Holiness the Patriarch of Antioch at the time of his consecration. In recognition to his great efforts in upholding the true faith and traditions of the Holy Church, the Patriarch Mor Ignatius Aphrem-I of the Apostolic See of Antioch & All the East conferred him with the title ‘Defender of True Faith’ (Sathya Viswasa Samrakshakan). The title has become synonymous with his name since then.



Michael Mor Divanasios Metropolitan

## Metropolitans ordained during the tenure of Mor Athanasious

The first metropolitan ordination in the Malankara Church after the elevation of Mor Athanasious to high priesthood was of Mor Severious Edavazhikkal, ordained as the first metropolitan of Knanaya diocese in August 1910. It was Patriarch Ignatius Abded Aloho who consecrated him metropolitan. The formation of Knanaya association and other progressive movements in the diocese were initiated by him. In 1926, three more Metropolitans were ordained for the different dioceses in Malankara by the Patriarch Mor Ignatius Elias-III. They were Mor Divanasios Michael for Kottayam, Niranam,


H.B. Baselios Paulose-II Catholicos

Kollam & Thumpamon, Mor Awgen Thimotheos for Kandand and Mor Dioscoros Thomas for Knanaya diocese. Mor Dioscoros later joined the newly formed Syrian Catholic Church after resigning from all the bodies of Knanaya diocese. But what hurt our Athanasious Thirumeni the most was when Mor Awgen Thimotheos of Kandanad diocese, deserted the Holy Church in 1942, creating lot of troubles. This was a time when the church was crippled in a series of crisis. Following the defection, the Patriarch appointed Mor Athanasious Thirumeni as the diocesan metropolitan.

With the advancement of age Valiya Thirumeni found it extremely difficult to manage the affairs of all the dioceses and hence requested the Church to elect new Metropolitans for the dioceses. Consequent to this in 1945 the diocesan bodies of Angamali and Kochi met at Thrikkunnathu and Karingachira respectively and elected Fr. Geevarghese Vayaliparambil and Ramban Paulose Mulayirickal. The next year they were consecrated bishops by names Mor Geevarghese Gregorios and Mor Severious Paulose by H.H. Patriarch Aphrem-I at the Patriarchal Cathedral in Homs, Syria. Among the newly ordained Metropolitans, Mor Gregorios was to assist Valiya Thirumeni in the Angamali diocese and Mor Severious was ordained for the Kochi diocese.


Mulayirickal Paulose Mor Severious Metropolitan

In 1951, the Knanaya diocese received its third Metropolitan, with the ordination of Abraham Mor Clemis by Patriarch Ignatius Aphrem-I. In 1952 Paulose Mor Philoxenos was ordained for the diocese of Kandanad. He assumed the charge of the diocese just two weeks before the demise of Valiya Thirumeni. In 1974 Mor Philoxenos was enthroned as the Catholicos of the East and the head of the Malankara Syrians in 1974 by name Mor Baselios Paulose-II.

Whoever visited Alwaye Seminary went back praising Valiya Thirumeni's hospitality. There are many incidences that describe the divinity in Thirumeni.

### Demise of Valiya Thirumeni

After four decades of devoted service as high priest, Our Lord called His Eminence Mor Athanasius Valiya Thirumeni to his eternal rest in heaven on 25th January 1953. He was then 84 years. News of his death spread like wild fire and faithful from different parts of Malankara streamed into Thrikkunnathu to see once for ever their beloved shepherd and to pay their last respects. The very next day on 26th evening, the mortal remains of the Holy Father were interred at the northern side of the madbho of the St. Mary's church at Thrikkunnathu, Alwaye, confirming to his last wish. All the metropolitans of the Church, priests, and large number of people participated in the last rites.

Mor Athanasious Valiya Thirumeni, the Saintly Father of the Malankara Church

Simplicity and hospitality were the hallmarks of Thirumeni. Whoever visited Alwaye Seminary went back praising Valiya Thirumeni's hospitality. There are many incidences that describe the divinity in Thirumeni. Once a lady who was suffering from haemorrhage for several years and had spent a lot of money on medical treatments, approached Thirumeni who prayed for her and she was

healed of the disease. Another known event is that of the miraculous recovery of a man called Varkey who was suffering from evil spirit for twenty years. This mentally ill fellow was cured immediately after our Saintly Thirumeni placed his Sleeba (Cross) on his forehead and prayed. Many such blessed events are recalled by the elders. Thirumeni's divine life of prayer and meditation was always an inspiration for all. Each and everyone who had met Valiya Thirumeni even once acclaim his prayerful life and courage he showed to protect the apostolic faith. He was also a well known Syriac scholar of Malankara.

Mor Athanasious College of Engineering at Kothamangalam, Mor Athanasious High School at Nedumbassery, Mor Athanasious English Medium School at Puthencuriz, are some of the major institutions erected to his memory; Valiya Thirumeni continues to live among us. The sandalwood cot presented to Thirumeni by his uncle is kept in a separate room of the office of his home parish, the Mor Sabor Mor Aphroth Church at Akaparambu. Many devotees visit the church, paying homage to the late lamented Thirumeni and pray for his intercession. In 2006 the first church in the name of blessed Athanasious, the St. Athanasious Cathedral, was founded at the church headquarters in Puthencuriz.

### Beatification of Mor Athanasious Paulose (Valiya Thirumeni) & the inclusion of the holy father's name in 5th TUBDEN

Conferring to the wishes of the multitude of faithful, the Malankara Episcopal Synod in 2001 requested His Holiness the Patriarch, to beatify Mor Athanasious Paulose and to remember the Saintly Metropolitan's name in the 5th TUBDEN (diptych) along with that of his mentor Chathuruthy Mor Gregorios Geevarghese (Parumala Thirumeni), Patriarch Moran Mor Ignatius Elias III (Manjinikkara) and Maphryono Mor Baselios Yeldho (Kothamangalam).

On 19th August 2004, the Supreme head of the Universal Syrian Orthodox Church, H.H. Patriarch Ignatius Zakka-I Iwas issued the bull, canonizing Mor Athanasious Paulose, a Saint. The announcement was made at the Patriarchal Cathedral, Damascus, Syria. The very next day, at a solemn function held under the auspices of Catholicos Aboon Mor Baselios Thomas I at the Akaparambu Mor Sabor Afroth Church (the home parish of St. Athanasius), the Patriarchal Bull conferring sainthood to Valiya Thirumeni was announced by H.E. Mor Julius Kuriakose, the then first secretary to H.H. Patriarch & the Metropolitan in charge of the Indian affairs. The Metropolitans of Malankara, several Priests and a great number of faithful from all over Malankara were present at the Church to hear the historic proclamation. Prior to the announcement of Beatification ceremony, the Holy Episcopal Synod of the Malankara Church met at the St. Mary's Soonoro Church at Ernakulam.

Five years later, on 18th September 2009, the Patriarch has signed the historic bull permitting to recite the name of ST. ATHANASIOUS PAULOSE in the 5th Tubden and henceforth the name of our holy father is remembered in the Malankara Jacobite Syrian churches worldwide after the names of St. Gregorios Abdul Jaleel and St. Osthatheos Sleeba. The concerned bull No.152/2009, dt. 18th September 2009, was read at the Kothamangalam Mar Thoma Church 0n 2nd October 2009 during the 324th memorial feast of Maphryono St. Baselios Yeldho in the presence of His Beatitude the Catholicos, the visiting Archbishop Mor Timotheos Mousa Al Shamani of Nineveh & the abbot of Mor Mattai Dayro, Mosul, Iraq and all the Metropolitans of Malankara Syrian Church.

Five years later, on 18th September 2009, the Patriarch has signed the historic bull permitting to recite the name of ST. ATHANASIUS PAULOSE in the 5th Tubden and henceforth the name of our holy father is remembered in the Malankara Jacobite Syrian churches worldwide after the names of St. Gregorios Abdul Jaleel and St. Osthatheos Sleeba.

***Source:*** **www.SyrianChurch.org & www.SaintAthanasious.org**

# വലിയ തിരുമേനിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിക്കൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന

## SYRIAN ORTHODOX PATRIARCHATE OF ANTIOCH & ALL EAST

BAB TOUMA,
P.O. BOX - 22260
DAMASCUS, SYRIA
No.E 218/04

19th August, 2004

**ദൈവകൃപയാൽ**

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഇവാസ് പാത്രിയർക്കീസ്**

(മുദ്ര)

ഇന്ത്യയിലെ നമ്മുടെ പരിശുദ്ധ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന കർത്താവിൽ നമ്മുടെ സഹോദരൻ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കായ്ക്കും അഭി. എല്ലാ മെത്രാപ്പോലിത്താമാർക്കും വാത്സല്യവാന്മാരായ വന്ദ്യ കോറെപ്പിസ്ക്കോപ്പമാർക്കും അർപ്പിതരായ റമ്പാച്ചന്മാർക്കും ദയറാക്കാർക്കും ബഹുമാന്യരായ വൈദികർക്കും പ്രിയ ശെമ്മാശന്മാർക്കും സമർപ്പിതരായ സന്യാസിനികൾക്കും ശേഷം ആത്മീയ മക്കൾക്കും കർത്താവിൽ വാഴ്വ്.

നിങ്ങളുടെ ക്ഷേമം അന്വേഷിച്ചുകൊണ്ട് ഹൃദയം നിറഞ്ഞ സന്തോഷ ത്തോടെ നാം നിങ്ങളെ അറിയിക്കുന്നത്, പരിശുദ്ധനായ പൗലോസ് അപ്പോ സ്തോലൻ എബ്രായാ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. 'നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ നടപടികളുടെ അവസാനമോർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ' (എബ്രാ 13:7). കർത്താവിന്റെ യഥാർത്ഥ ദൂതന്മാരെ സ്വീകരി ക്കുകയും ഓർക്കുകയും ചെയ്യുന്ന മഹത്തായ പാരമ്പര്യം പരിശുദ്ധ സുറിയാനി സഭയ്ക്കുണ്ടല്ലോ. പരിശുദ്ധന്മാർ തങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും നിര്യാണം പ്രാപിക്കുകയും ചെയ്ത ദേശങ്ങളിൽ മുന്നമേ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുകയും പിന്നീട് അവരുടെ വിശുദ്ധ ജീവിതവും പുണ്യപ്രവൃത്തികളും പ്രസിദ്ധമാവുകയും ദൂരെയും ചാരെയും ഉള്ള അനേകായിരങ്ങൾ ദൈവതിരുമുമ്പാകെ അവരുടെ മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുമ്പോൾ അവരുടെ പേരുകൾ പരിശുദ്ധ സഭയിലെ പ്രാർത്ഥനകളിലും വിശുദ്ധ ആരാധനയിലും വിശുദ്ധരുടെ ഗണത്തിലും ചേർക്കപ്പെടുന്നു.

വർഷങ്ങൾക്ക് മുമ്പുതന്നെ ഭാരതത്തിലെ നമ്മുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, 'വലിയ തിരുമേനി' എന്നറിയപ്പെടുന്ന മാർ അത്താനാസിയോസ് മെത്രാപ്പോലിത്തായുടെ ജീവിത വിശുദ്ധിയേയും പുണ്യപ്രവൃത്തികളേയും നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുകയും, പുണ്യശ്ലോകനായ മോർ അത്താനാസിയോസ് മെത്രാപ്പോലിത്തായുടെ അൻപതാം അനുഗൃഹീത ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ നമ്മോട് അപേക്ഷിക്കുകയും ചെയ്തതാണല്ലോ. ഇക്കാര്യങ്ങൾ നാം ആഴമായി ചിന്തിക്കുകയും പഠിക്കുകയും, ഇത്രയും കാലം പ്രാർത്ഥനയോടെ നമ്മുടെ നാഥനും കർത്താവുമായവന്റെ ഹിതത്തിനായി കാത്തിരിക്കുകയുമായിരുന്നു.

1869 ജനുവരി 23-ാം തീയതി അയ്യമ്പിള്ളി തെക്കേക്കര കുടംബത്തിൽ അന്നമ്മ - മത്തായി ദമ്പതികളുടെ മകനായി ജനിച്ച് മാതൃഗൃഹമായ അകപ്പറമ്പ് പൈനാടത്ത് കുറ്റിക്കാട്ട് കുടുംബത്തിൽ തന്റെ ബാല്യം ചെലവഴിക്കുകയും ചെയ്ത മോർ അത്താനാസിയോസ്, നന്നേ ചെറുപ്പത്തിൽത്തന്നെ ഭക്തിനിർഭരവും സമർപ്പിതവുമായ ജീവിതമാരംഭിച്ച് തന്റെ ജീവിതം മുഴുവനും പരിശുദ്ധ സഭയ്ക്കു വേണ്ടി സമർപ്പിക്കുകയായിരുന്നു. തന്റെ പ്രാർത്ഥനയാലും ഭക്തിയാലും, നാഥനായ കർത്താവിന് വേണ്ടി അനേകം ആത്മാക്കളെ അദ്ദേഹം നേടി. അമ്പാട്ട് മോർ കൂറിലോസ് മെത്രാപ്പോലിത്തായിൽ നിന്നും ശെമ്മാശ പ്പട്ടവും, ഭാരത സുറിയാനി സഭയുടെ പരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ്

മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാ പട്ടവും, 1910-ൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനാധിപനായിരുന്ന, മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദുളള പാത്രിയർക്കീസ് ബാവായുടെ ഭാരത സന്ദർശനവേളയിൽ പരിശുദ്ധ പിതാവിൽ നിന്ന് മേൽപ്പട്ട സ്ഥാനവും സ്വീകരിച്ചു. 1917ലും 1935ലും അദ്ദേഹം മലങ്കര മെത്രാപ്പോലിത്തയായി തെരഞ്ഞെടുക്കപ്പെട്ടത് പ്രത്യേകം ശ്രദ്ധേ യമാണ്. 1911 മുതലേ പരിശുദ്ധ സിംഹാസന ത്തിനെതിരെയായുള്ള വിഭാഗീയത ശക്തിപ്പെടുകയും, തെറ്റായ പഠിപ്പിക്കലുകൾ പ്രചരിക്കുകയും ചെയ്തു. സഭ യ്ക്ക് പുറമെ നിന്നുള്ള ചില വേദവിപരീത വിഭാഗങ്ങൾ സഭാമക്കളെ സത്യ വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കു വാനുള്ള ശ്രമങ്ങളാരംഭിച്ചു. ഈ സാഹ ചര്യത്തിൽ അദ്ദേഹം ഒരു നിശ്ശബ്ദ കാഴ്ചക്കാരനെപ്പോലെ നോക്കിനിൽക്കാതെ പരിശുദ്ധ സഭയുടെ സത്യ ശ്ലൈഹീക വിശ്വാസത്തെ, ഒരു പടയാളിയെപ്പോലെ കാത്തു സംരക്ഷിക്കുകയും, സത്യവിശ്വാസ പാതയിൽ സഭാമക്കളെ നടത്തുകയും ചെയ്തത് നാം അനുസ്മരിക്കുന്നു. 'പരിശുദ്ധ അന്ത്യോഖ്യാ സിംഹാസ നവുമായി ബന്ധമില്ലാത്ത ഭാരത സുറിയാനിസഭ ശിരസ്സില്ലാത്ത ശരീരം പോലെയാണ്' എന്ന് അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ ഓർമ്മപ്പെടുത്തിയി രുന്നു. പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ, ഹോംസിൽ വച്ച് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഈ മുന്നണിപ്പോരാളിയെ 'സത്യവിശ്വാസ സംരക്ഷകൻ' എന്ന് ബഹുമാനത്തോടെ സംബോധന ചെയ്തി ട്ടുമുണ്ട്. തന്നോടൊപ്പമുണ്ടായിരുന്ന പല മേൽപ്പട്ടക്കാരും സത്യവിശ്വാസ ത്തേയും, സത്യസഭയേയും ഉപേക്ഷിച്ച് വിരുദ്ധ ചേരികളിലേയ്ക്ക് മാറി യപ്പോഴും അദ്ദേഹം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് ചേർന്നു നിന്ന്, സത്യവിശ്വാസ സംരക്ഷണത്തിനായി പോരാടി യത് ഏവർക്കും മാതൃകയാകേണ്ടതാണ്. അദ്ദേഹത്തിന്റെ വിശ്വാസ തീക്ഷ്ണതയും ഭക്തിയും വിശുദ്ധ ജീവിതവും, പ്രസിദ്ധമാവുകയും, ജീവിതകാലത്തുതന്നെ നാനാജാതി മത സ്ഥരായ അനേക ർ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ അനേക അത്ഭുതങ്ങൾ നടന്നിട്ടുള്ളത് നമ്മുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സർവ്വശക്തനായ ദൈവം തന്റെ ശുശ്രൂഷകനെ 1953 ജനുവരി 25-ാം തീയതി നിത്യവിശ്രമ ത്തിനായി വിളിക്കുകയും ചെയ്തു.

മോർ അത്താനാസിയോസിന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും ആഴമായി പഠിക്കു കയും പരിശോധിക്കുകയും ചെയ്തതിൽ, അദ്ദേഹത്തിന്റെ പരിശുദ്ധിയെക്കുറിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മവിനാൽ നമുക്ക് ബോധ്യം വന്നിരിക്കുന്നു. ഇന്നും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ രോഗ സൗഖ്യം ലഭിച്ചുകൊണ്ടിരിക്കുന്ന അനേകരുടെ സാക്ഷ്യം അത് സ്ഥിരീകരി ക്കുന്നു. ആയതിനാൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അപ്പസ്തോലിക അധികാരത്താൽ, 'വലിയ തിരുമേനി' എന്നറിയപ്പെടുന്ന പുണ്യശ്ലോകനായ പൗലൂസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ, വിശുദ്ധനായി നാം പ്രഖ്യാപിക്കുന്നു. അദ്ദേഹത്തെ ഓർക്കുവാനും, മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാനും, വിശുദ്ധന്മാരുടെ കുക്കിലിയോനിൽ (സാദിക്കോ) അദ്ദേഹ ത്തിന്റെ നാമം ഓർക്കുവാനും നാം നിങ്ങളെ അനുവദിക്കുന്നു. ഈ അനുഗൃഹീത വേളയിൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ അനുകരിപ്പാനും നിങ്ങളെ ത്തന്നെ ദൈവത്തി നായി പുനരർപ്പണം ചെയ്യുവാനും നാം ആഹ്വാനം ചെയ്യുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നിങ്ങൾക്കെല്ലാ വർക്കും അനുഗ്രഹത്തിനായിത്തീരട്ടെ.

ശ്ലൈഹിക വാഴ്വുകൾ നിങ്ങൾക്കുണ്ടാകട്ടെ. സർവ്വശക്ത നായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും നിങ്ങളോടൊരുമിച്ച് ഉണ്ടാകുമാറാകട്ടെ. ആയത് ദൈവ മാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ശ്ലീഹന്മാ രുടെ തലവനായ പരിശുദ്ധ പത്രോ സിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹാ യുടെയും, പരിശുദ്ധനായ മോർ അത്താനാസിയോസിന്റെയും, സക ല വിശുദ്ധന്മാരുടെയും, ശുദ്ധിമതി കളുടെയും പ്രാർത്ഥനകളാൽ ത്തന്നെ ആമ്മീൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ . . . . . . . . . .



*വലിയ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന ശ്രേഷ്ഠ ബാവായുടെയും മെത്രാപ്പോലിത്തന്മാരുടെയും സാന്നിധ്യത്തിൽ കുര്യാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലിത്ത വായിക്കുന്നു.*

# പ. വലിയ തിരുമേനിയുടെ നാമം തുബ്ദേനിൽ ചേർത്തുകൊണ്ടുള്ള പ. പാത്രിയർക്കീസ് ബാവായുടെ കല്പന


**SYRIAN ORTHODOX PATRIARCHATE**
OF ANTIOCH & ALL THE EAST
BAB TOUMA, P.O, BOX 22260
DAMASCUS - SYRIA

باب توما - ص.ب ٢٢٢٦٠
دمشق - سورية


**BY THE GRACE OF GOD**

**No. E 152/09** **18 - September - 2009**

**Ignatius Zakka I Iwas**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

Apostolic Benediction to our beloved Brother - in - Christ, His Beatitude Catholicos Mor Baselios Thomas - I and their Graces all our beloved Metropolitans in charge of our Malankara Syrian Churches in India and Abroad.

Inquiring your welfare we inform you the following. During the visit of our beloved Brother - in - Christ His Beatitude Catholicos Mor Baselios Thomas -I to us on 22 nd August -2009, we were informed about the request of our Holy Regional Episcopal Synod of India, held from 25 th to 27 th May - 2009, for our sanction, to include the name of Saint Athanasius Paulose of Aluva,in the fifth Thubden of the Order of the Holy Qurbono, in all our Malankara Syrian Churches. Earlier, through our Apostolie bull No. E 218/04, dated 19-August -2004, we had declared Mor Athanasius Paulose - also know as 'Valiya Thirumeni' a saint and had permitted you to recite the 'Kukliyon' for the saints - 'Sadiko' whenever you remember him and beseech his intercession. Now we are pleased to sanction the request of our holy regional synod and hereby permit you to include the name of Mor Athanasius Paulose in the Fifth Thubden (diuftheke), after the names of Mor Gregorios Abdul Jaleel and Mor Osthatheos Sleeba, in all our Malankara Syrian Churches all over the world. Accordingly, His Beatitude may inform all our diocesan churches in India, Australia and New Zealand, and the others by the respective Metropolitans. We extend our Apostolic blessings to you. May the grace of God be with you all.

ܐܚܘܢ ܒܡܫܝܚܐ ܘܡܨܠܝܢܐ

# വലിയ തിരുമേനിയുടെ ശൽമൂസോ

## (മലയാള പരിഭാഷ)

പിതാവും പുത്രനും വിശുദ്ധ റൂഹായുമായ സത്യമുള്ള ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ ക്രിസ്താബ്ദം 1910ന് കൊല്ലം ആയിരത്തി എൺപത്തിയഞ്ചാമാണ്ട് ഇടവം 25–ാം തീയതി അന്ത്യോഖ്യായുടെ ശ്ലീഹാ യ്ക്കടുത്ത സിംഹാസത്തിന്മേൽ വാഴുന്ന കിഴക്കൊക്കയിന്മേൽ അധികാര പ്പെട്ടിരിക്കുന്ന രണ്ടാമത്തെ അബ്ദുള്ള എന്ന് പ്രത്യേക തിരുനാമമുള്ള നിതാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ തിരുസന്നിധിയിൽ അങ്കമാലി അകപ്പറമ്പ് പള്ളിയിടവകക്കാരനായ ആലങ്ങാട് താലൂക്ക് കോതകുളങ്ങര പ്രവൃത്തിയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നുകൂടി പേരുള്ള പൈനാടത്ത് നസ്രാണി മത്തായിയുടെ മകനും ആലുവാ കരയിൽ തൃക്കുന്നത്ത് സുറിയാനി സെമിനാരിയിൽ സ്ഥിരതാമസക്കാരനുമായ സന്ന്യാസവൃത്തി നാല്പത്തിരണ്ടു വയസ്സുള്ള പൌലോസ് ദയറോയോ (റമ്പാൻ) സ്വന്തമനസ്സോടും പൂർണ്ണ സമ്മതത്തോടും തൃപ്തിയോടും കൂടി എഴുതിവയ്ക്കുന്ന ശൽമൂസൊ (ഉഭയ സമ്മത) പത്രം

1. കാലം ചെയ്ത വിശുദ്ധൻ മാർ പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മുമ്പ് മലയാളത്തിൽ എഴുന്നെള്ളിയപ്പോൾ മലങ്കരയുള്ള പള്ളികളെല്ലാം ഭരിപ്പാൻ ഒരു മെത്രാപ്പോലിത്ത മാത്രം മതിയാകില്ലെന്ന് കണ്ടിട്ട് ഇവിടെയുള്ള പള്ളികളെ ഏഴു ഡിവിഷനായി വിഭാഗിച്ചു ഏഴു മെത്രാന്മാരെ നിയമിക്കുകയും സ്ഥാനത്തിനു മുമ്പായി അവരെക്കൊണ്ട് ശൽമൂസൊ എഴുതി രജിസ്ട്രാക്കുകയും ചെയ്തിട്ടുള്ള പതിവനുസരിച്ചും, അടുത്തകാലത്ത് ഉർശ്ലെമിൽ വച്ച് വാഴിക്കപ്പെട്ട മെത്രാപ്പോലിത്താമാർ തുർക്കി ദേശത്തിൽ വച്ച് വാഴിക്കപ്പെട്ടതുകൊണ്ട് മുൻകൂട്ടി ശൽമൂസൊ എഴുതി രജിസ്ട്രാക്കുന്നതിന് സാധിച്ചില്ലെങ്കിലും മലയാളത്ത് എത്തിയതിന്റെ ശേഷം ശൽമൂസൊ രജിസ്ട്രാ ക്കിയാൽ മതിയെന്ന് ദയവായി കൽപ്പിച്ചതിനെ അവർ സമ്മതിച്ചു പോന്നിരിക്കുന്നതനുസരിച്ചും, ഇപ്പോൾ അയോഗ്യനും, പാപിയുമാകിലും പള്ളിക്കാരുടെ അപേക്ഷപ്രകാരം പരിശുദ്ധ തിരുമേനിയാൽ മെത്രാൻ സ്ഥാനത്തിലേക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞാൻ ഈ ശൽമൂസൊ എഴുതി രജിസ്ട്രാക്കി തിരുമുമ്പാകെ സമർ പ്പിക്കുന്നതാകുന്നു.

2. ഈ രജിസ്ട്രർ ശൽമൂസൊയ്ക്കു പുറമെ മെത്രാൻ സ്ഥാനസമയത്ത് വിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ജീവനുള്ള ദൈവത്തിന്റെയും പരിശുദ്ധ മാലാഖമാരുടെയും മുമ്പാകെയും ദൈവമാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും മുമ്പാകെയും വിശുദ്ധ സ്ലീബായുടെ മുമ്പാകെയും വിശുദ്ധ ഏവൻഗേലിയോന്റെ മുമ്പാകെയും തിരുമേനിയുടെയും പട്ടക്കാരുടെയും ജനങ്ങളുടെയും മുമ്പാകെയും ഭയഭക്തിയോടെ നിന്നുകൊണ്ട് സത്യ ഹൃദയത്തോടെ പരസ്യമായി വായിച്ച് ഒപ്പിട്ടു തരേണ്ടതായ ശൽമൂസൊ എഴുതി വച്ചുകൊള്ളാവുന്നതും ഇതിലെയും അതിലെയും വ്യവസ്ഥകൾക്ക് എതിരായി യാതൊന്നും ഒരിക്കലും ഞാൻ പ്രവർത്തിക്കുന്നത് അല്ലാത്തതുമാകുന്നു.

3. അന്ത്യോഖ്യയുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയാർക്കീസ് ബാവാ തിരുമനസ്സിലേക്ക് മേൽപറഞ്ഞ പ്രകാരം കിഴക്കൊക്കയിന്മേൽ അധികാരമുള്ളതും ഈ മലങ്കര സുറിയാനി സഭ കിഴക്കെ വിഭാഗത്തിൽ ഉൾപ്പെട്ടതും ഈ സഭയിന്മേലും സ്വത്തുക്കളിന്മേലും തിരുമേനിക്ക് ആത്മീകമായും ലൗകികമായും ഉള്ള സർവ്വ അധികാരങ്ങളും ഉള്ളതും ആ അധികാരത്തിനു ഞാൻ മരണപര്യന്തം കീഴ്പ്പെട്ടിരിക്കുന്നതുമാകുന്നു.

4. തിരുമനസ്സുകൊണ്ട് പ്രധാന മേലധികാരം വഹിക്കുന്നതായ യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാര നടപടികളും പരിശുദ്ധ പിതാക്കന്മാരുടെ മൂന്നു പൊതു സുന്നഹദോസുകളുടെ കാനോനാകളും സഭാ ഭരണത്തിന് ഉപയുക്തങ്ങളായി തിരുമേനിയാലും തിരുമേനിയുടെ പിൻഗാമി കളാലും നിയമിക്കപ്പെടുന്ന സകല നിയമങ്ങളും ഞാൻ പൂർണ്ണമായി അനുസ രിച്ച് നടന്നു കൊള്ളുന്നതാകുന്നു.

5. യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാര നടപടികൾക്കോ തിരുമേനിയുടെയോ തിരുമേനിയുടെ പിൻഗാമി കളുടേയോ കല്പനയ്ക്കോ, തിരുമേനിക്കോ പിൻഗാമികൾക്കോ സഭയുടെ

മേലുള്ള ആത്മീക ലൌകീക അധികാരങ്ങൾക്കോ എതിരായി ഞാൻ നിന്നാൽ ആ സമയത്തു തന്നെ എന്റെ സ്ഥാനത്തു നിന്ന് ഞാൻ ഒഴിഞ്ഞു പോകുന്നതാകുന്നു.

6. വിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മാത്രം കൂദാശ ചെയ്യപ്പെടുന്നതായ വിശുദ്ധ മൂറോൻ എന്നു പറയുന്ന വിശുദ്ധതൈലം തൃക്കയ്യിൽ നിന്നും വാങ്ങി എന്നെ അധികാരപ്പെടുത്തുന്ന പള്ളികളിലെ ആവശ്യങ്ങൾക്കു കൊടുത്തു കൊള്ളാവുന്നതും, അതു തീരുമ്പോൾ പിന്നെയും സിംഹാസനത്തിങ്കൽ നിന്നു തന്നെ വാങ്ങി ഉപയോഗിച്ചു കൊള്ളാവുന്നതും തിരുമേനി കല്പിച്ചു തരുന്നതായ അധികാരങ്ങളെ കവിഞ്ഞു ഞാൻ യാതൊന്നും പ്രവർത്തിക്കുന്നതല്ലാത്തതുമാകുന്നു.

7. തിരുമേനിക്കോ തിരുമേനിയുടെ പിൻഗാമികൾക്കോ എതിരാളിയായി ഞാൻ നില്ക്കുകയോ എനിക്കു ലഭിച്ചിട്ടുള്ള അധികാരങ്ങളെ കവിഞ്ഞ് പ്രവർത്തിക്കുകയോ ചെയ്താൽ എന്നെ മുടക്കി സ്ഥാനഭ്രഷ്ടനാക്കുവാൻ തിരുമേനിക്കും പിൻഗാമികൾക്കും അധികാരമുള്ളതാകുന്നു.

8. എന്റെ കുറ്റങ്ങൾ നിമിത്തം തിരുമേനിയോ പിൻഗാമികളോ എന്നെ മുടക്കി സ്ഥാനഭ്രഷ്ടനാക്കിയാൽ അതിനെ അനുസരിക്കുകയല്ലാതെ ധിക്കരിപ്പാനോ എതിർവാദം ചെയ്യുവാനോ എനിക്ക് അവകാശം ഇല്ലാത്തതും എന്നെ അധികാരപ്പെടുത്തുന്ന ഇടവകയിലോ ഇടവകകളിലോ അല്ലാതെ മറ്റു ഇടവകയിലോ ഇടവകകളിലോ പ്രവേശിച്ച് ഞാൻ യാതൊരധികാരവും നടത്തുന്നതല്ലാത്തതും ഇപ്പോൾ തിരുമേനി എന്നെ അധികാരപ്പെടുത്തുന്ന ഇടവകയിൽ നിന്നോ ഇടവകകളിൽ നിന്നോ എന്നെ നീക്കി തിരുമേനിക്ക് ഇഷ്ട മുള്ള സ്ഥലത്ത് എന്നെ നിയമിക്കുന്ന പക്ഷം അതനുസരിച്ച് നടന്നു കൊള്ളാവുന്നതും ആകുന്നു.

9. ഈ രജിസ്ട്രർ ശൽമൂസൊയിലും സ്ഥാനസമയത്ത് ഒപ്പിട്ടുവയ്ക്കുന്ന ശൽമൂസൊയിലും പറഞ്ഞിട്ടുള്ളതും അല്ലാത്തതുമായ മേല്പട്ട സ്ഥാനത്തിനു അടുത്ത സകല വ്യവസ്ഥകളെയും ഞാൻ എന്റെ ജീവപര്യന്തം അനുസരിച്ചു നടന്നുകൊള്ളാവുന്നതും വിപരീതമായി പ്രവർത്തിച്ചാൽ സ്ഥാനഭ്രംശനത്തിനും സകല ശാപങ്ങൾക്കും മതസംബന്ധമായ ശിക്ഷകൾക്കും ഞാൻ അർഹനായിത്തീരുമെന്ന് പൂർണ്ണമായി വിശ്വസിച്ചിരിക്കുന്നതും ആകുന്നു. ഇത് എന്റെ പൂർണ്ണസമ്മതത്തോടെ ഞാൻ ഒപ്പിട്ട് തിരുമുമ്പാകെ സമർപ്പിച്ചിരിക്കുന്നതിനാൽ ഇപ്രകാരമെല്ലാം അനുവർത്തിക്കുന്നതിനും ദൈവകോപത്തിനും തിരുമേനി യുടെ അനിഷ്ടങ്ങൾക്കും പാത്രവാനായി തീരാതിരിക്കുന്നതിനും വേണ്ടി ദൈവത്തെ പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ പ്രാർത്ഥന എനിക്കു കോട്ടയും കാവലുമായും ഇരിപ്പാൻ അപേക്ഷിക്കുന്നു.

എന്ന്,

പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

സാക്ഷി

1. മൂവ്വാറ്റുപുഴ രാമമംഗലം മേമുറി കരയിൽ പാമ്പാക്കുട വലിയപള്ളി വികാരി മലങ്കരയുടെ കോനാട്ട് കോര മാത്തൻ മല്പാൻ (ഒപ്പ്)

2. മേക്കാവ് കരയിൽ ചക്കരപ്പറമ്പിൽ അരീക്കൽ തരിയത് വർക്കി കത്തനാര് (ഒപ്പ്)

കണ്ടത്തി വീട്ടിൽ മാധവൻ കൈപ്പട (ഒപ്പ്)

സബ്ബ് രജിസ്ട്രാർ കെ. സുബ്ബയ്യൻ (ഒപ്പ്)

ആലങ്ങാട് സബ്ബ് ഡിസ്ട്രിക്റ്റിൽ ചെങ്ങമനാട് പ്രവർത്തിയിൽ മേക്കാവ് കരയിൽ അകപ്പറമ്പ് വലിയ പള്ളിയിൽ വച്ച് താഴെ കയ്യൊപ്പിട്ടിരിക്കുന്ന ആളാൽ 1085 ഇടവം 25നു പകൽ 4.30നു ഹാജരാക്കപ്പെട്ടു.

തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് മത്തായി മകൻ പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

1085 എടവം 25ന് സബ്ബ് രജിസ്ട്രാർ വേല 1-ാം ഗുമസ്തൻ (ഒപ്പ്)

ടിയിൽ വച്ച് താഴെ കൈയൊപ്പിട്ടിരിക്കുന്ന ആൾ എഴുതി കൊടുത്തതിനെ സമ്മതിച്ചിരിക്കുന്നു.

തെക്കേക്കര എന്നുകൂടി പേരുള്ള പൈനാടത്ത് മത്തായി മകൻ പൌലോസ് ദയറോയോ (റമ്പാൻ) (ഒപ്പ്)

നസ്രാണി സന്ന്യാസവൃത്തി ആലുവ മത്തായിയുടെ മകൻ പൌലോസ് ദയറോയോ റമ്പാനെ ഞാൻ നേരിട്ടറിയും

1085 എടവം 25ന് സബ്ബ് രജിസ്ട്രാർ വേല 1-ാം ഗുമസ്തൻ അനന്തകൃഷ്ണയ്യർ (ഒപ്പ്)

3-ാം പുസ്തകം 1-ാം വാല്യം 95 മുതൽ 98 വരെ വശങ്ങളിൽ 43-ാം നമ്പറായി രജിസ്ട്രർ ചെയതു.

1085 എടവം 26ന് ആലങ്ങാട് സബ്ബ് രജിസ്ട്രാർ കെ. സുബ്ബയ്യൻ (ഒപ്പ്)

അധികൃതൻ ഇട്ടീര ചെറിയതിന് ഇടവം 26ന് തിര്യെ കൊടുത്തു.

# പ. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ ബാവ അഭി. പൗലോസ് മാർ അത്താനാസിയോസിനു (വലിയതിരുമേനി) മെത്രാൻ സ്ഥാനാഭിഷേകത്തിനോടനുബന്ധിച്ച് നല്കിയ 'സുസ്താത്തിക്കോൻ' (അധികാരപത്രം) ന്റെ മലയാള പരിഭാഷ

സർവ്വശക്തനും സാരാംശ സംപൂർണ്ണനും അനാദ്യന്തനുമായ നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി

യാക്കോബായ സുറിയാനി ജനത്തിന്മേൽ (അധികാരപ്പെട്ട) അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിലെ ബലഹീനനായ അബ്ദേ ദാലോഹൊ രണ്ടാമൻ എന്ന ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

ദൈവവചനമനുസരിച്ച് മഹാ പ്രധാനാചാര്യ പദവിയിൽ ദൈവരാജ്യത്തിന്റെ താക്കോലുകൾ കൈകളിൽ വഹിച്ചു കൊണ്ടിരിക്കുന്ന ആചാര്യത്വത്തിന്റെ അധികാരിക്ക് ഇടയന്മാർക്കു വേണ്ട ബോധജ്ഞാനവും ഉപദേഷ്ടാക്കൾക്കുവേണ്ട പരിജ്ഞാനവും പ്രദാനം ചെയ്തു കൊണ്ടിരിക്കുന്ന സകലത്തിന്റെയും മൂലഹേതു തിരുനാമത്തിൽ നല്കപ്പെടുന്നതായ സുസ്താത്തിക്കോൻ (അധികാരപത്രം)

(മുദ്ര)

കൊട്ടക്കാവ് അതായത് അങ്കമാലി മെത്രാസനത്തിലുള്ള അനുഗൃഹീതരും വാഴ്ത്തപ്പെട്ടവരുമായ സ്നേഹവാത്സല്യഭാജനങ്ങളും നമ്മുടെ ആത്മീയ മക്കളുമായ പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും നേതാക്കന്മാരുടെയും കൈസ്ഥാനക്കാരുടെയും വാഴ്ത്തപ്പെട്ട ജനം മുഴുവന്റെയും നിറുകകളിൽ ദൈവിക കൃപയും സ്വർഗ്ഗീയ വാഴ്വുകളും ഇറങ്ങി വന്നാവസിക്കു മാറാകട്ടെ. പ്രസ്തുത മെത്രാസനത്തിലെ തലപ്പള്ളി അങ്കമാലിയിലുള്ള ദൈവമാതാവ് മർത്തമറിയാമിന്റെ ദേവാലയമാകുന്നു. അതിനു ചുറ്റുമുള്ള പള്ളികളും ഈ മെത്രാസനത്തിൽപെടുന്നു. അവ ഏവയെന്നാൽ, മാർശാബോർ മാർ അഫ്രോത്തുമാരുടെ അകപ്പറമ്പു പള്ളി, മാർ തോമാശ്ലീഹായുടെ വടക്കൻ പറവൂർ പള്ളി, മർത്തമറിയാമിന്റെ കുറുപ്പംപടി പള്ളി, മർത്തമറിയാമിന്റെ പള്ളിക്കര പള്ളി, മാർ തോമായുടെ കോതമംഗലം ചെറിയ പള്ളി, മർത്തമറിയാമിന്റെ കോതമംഗലം വലിയപള്ളി, മാർ ഗീവറുഗീസ് സഹദായുടെ കുന്ന ക്കുരുടി പള്ളി, മർത്തമറിയമിന്റെ റാക്കാട് പള്ളി, മർത്തമറിയാമിന്റെ മാറാടി പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും കടാതി പള്ളി, മാർ ഗീവറുഗീസു സഹദായുടെ കോട്ടപ്പടി പള്ളി, മാർ കൗമായുടെ വേങ്ങൂർ പള്ളി, മർത്തമറിയാമിന്റെ കാരക്കുന്നം പള്ളി, മർത്തമറിയാമിന്റെ പോത്താനിക്കാട് പള്ളി, മാർ സ്തേഫാനോസിന്റെ ചേലാട് ബസ് അനിയ പള്ളി, മാർ കുര്യാക്കോസിന്റെ ചേലാട് തൃക്കുന്നം പള്ളി, മാർ ഗീവറുഗീസ്സു സഹദായുടെ മഞ്ഞപ്ര പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും പീച്ചാനിക്കാട് കിഴക്കെപ്പള്ളി, മാർ ഗീവറുഗീസ് സഹദായുടെ പീച്ചാനിക്കാട് താബോർ പള്ളി, ദൈവമാതാവ് മർത്തമറിയാമിന്റെ ആഴകത്ത് ഹെർമ്മോൻ പള്ളി, മാർ ബഹനാമിന്റെ പൊയ്ക്കാട്ടുശ്ശേരി പള്ളി, മാർ സ്തേഫാനോസിന്റെ പെരുമ്പടന്ന പള്ളി, ദൈവമാതാവ് മർത്തമറിയാമിന്റെ താമരച്ചാൽ പള്ളി, മാർ പത്രോസിന്റെയും പൗലൂസിന്റെയും കിഴക്കമ്പലം പള്ളി, മാർ ഗീവറുഗീസ് സഹദായുടെ തൃക്കളത്തൂർ പള്ളി, മർത്തമറിയാമിന്റെ നെല്ലിമോളത്ത് സെഹിയോൻ പള്ളി, മർത്തമറിയാമിന്റെ തുരുത്തിപ്പിള്ളി പള്ളി, മാർ ബഹനാമിന്റെ വെങ്ങോല പള്ളി, മാർ യാക്കോബ് ശ്ലീഹായുടെ അല്ലപ്ര പള്ളി, മാർ ഗീവറുഗീസ് സഹദായുടെ ചെറുതോട്ടുകുന്നേൽ പള്ളി, മർത്തമറിയാമിന്റെ കാക്കനാട് പള്ളി, മാർ തോമാശ്ലീഹായുടെ പെരുമ്പാവൂർ ബേഥേൽ സുലോക്കോ പള്ളി, മാർ തോമാ ശ്ലീഹായുടെ മഴുവന്നൂർ പള്ളി, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ മർത്തമറിയാമിന്റെ ആലുവാ പള്ളിയും പൊതു സിമ്മനാരിയും. ഇവയുടെ മേൽ കർത്താവിന്റെ കാരുണ്യം വന്നുവസിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ മർത്തമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ, ആമീൻ.

നിങ്ങളുടെ യഥാർത്ഥ സ്നേഹത്തോട് ഇതിനാൽ നാം അറിയിക്കുന്നത് ദൈവമായ കർത്താവ് സകല നന്മകളാലും നിങ്ങളെ അറിയിക്കുന്നതാകുന്നു. ഈ അനുഗ്രഹവചനങ്ങൾ എഴുതുന്നതിന്റെ കാരണം, സത്യ ഇടയനും നമ്മുടെ മതത്തിന്റെ പ്രധാനാചാര്യനുമായ നമ്മുടെ കർത്താവേ ശുമിശിഹായുടെ അനുഗൃഹീത ആട്ടിൻ കൂട്ടത്തിലുള്ള പരമാർത്ഥികളായ കുഞ്ഞാടുകളും സ്നേഹിക്കപ്പെട്ട വാത്സല്യമക്കളുമായ നിങ്ങളെ

ഉചിതവും യോഗ്യവുമായ നിലയിൽ സന്ദർശിക്കുവാൻ നമുക്കുള്ള ആഗ്രഹമാകുന്നു. തന്റെ ഭയങ്കരവും ഉന്നതവുമായ സിംഹാസനത്തിൽ മുമ്പാകെ നമുക്കും നിങ്ങൾക്കും മുഖപ്രസന്നത നല്കുവാനായി തന്റെ കരുണയോട് നാം അപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വീണ്ടും ആത്മീയ വാത്സല്യമക്കളേ! നാം നിങ്ങളോട് അറിയിക്കുന്നത് – നാം ഇൻഡ്യയിൽ അഥവാ മലങ്കരയിൽ വന്നപ്പോൾ നിങ്ങളുടെ മെത്രാസന ഇടവകയുടെ മെത്രാപ്പോലിത്താ കാലം ചെയ്തിട്ട് നാളുകൾ ഏറെ ആയി എന്നും, നിങ്ങളുടെ ഭദ്രാസനത്തെ വൈധവ്യത്തിൽ തുടരുവാൻ വിടുന്നത് ന്യായമല്ല എന്നും, നിങ്ങൾക്കു ഒരു ഇടയൻ അത്യന്താപേക്ഷിതമായിരിക്കുന്നു എന്നും നാം കണ്ടു. ആകയാൽ വിശുദ്ധിയുള്ളവനും പരിജ്ഞാനമുള്ളവനും ദൈവാത്മാവുള്ളവനും സത്യവിശ്വാസം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവനും ആയ ഒരു മെത്രാപ്പോലിത്തായ്ക്കു പട്ടം കൊടുക്കണമെന്നും നാം നിരൂപിച്ചു. നല്ലതും തികവുള്ളതുമായ സകല ദാനവും ഉന്നതങ്ങളിൽ പ്രകാശത്തിന്റെ പിതാവിൽ നിന്നുമല്ലയോ ഇറങ്ങുന്നത്? നമ്മുടെ താത്പര്യവും ധൃതിയും പ്രകാരമല്ല; പിന്നെയോ, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം വഴിയായി, നിങ്ങളുടെ മെത്രാസനത്തിന്റെ മാന്യതയ്ക്കു ചേരുന്നവിധം നിങ്ങളുടെ പരിശുദ്ധ പള്ളികളെ യോഗ്യമാംവണ്ണം ക്രമീകരിക്കുന്നതിന് ആത്മീയ ദൃഷ്ടികൊണ്ട് നാം കണ്ടത് അങ്കമാലി പള്ളിയിൽ നിന്നു തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് മത്തായിയുടെ മകനും നമ്മുടെ ആത്മീയ പുത്രനുമായ പൗലൂസ് റമ്പാനെയാണ്. ഇയ്യാളിൽ ദൈവാത്മാവുണ്ട്. ആത്മീയ അറിവുള്ള ഒരുപദേഷ്ടാവാണ് ഇയ്യാൾ. സകലത്തേയും ദൈവികമാക്കിത്തീർക്കുന്ന ദിവ്യത്വം മൂലം ദൈവകൃപ ലഭിച്ചവരിൽ വച്ച് ദിവ്യദാനത്തിനു അർഹതയുള്ളവനായ ഇയ്യാൾ തീർച്ചയായും ദൈവശക്തിയാലത്രെ സ്ഥാനവും പദവിയും പ്രാപിക്കുന്നത്. നാം ഇയ്യാളെ തിരഞ്ഞെടുക്കുകയും മിശിഹാകാലം 1910 ഇയോർ മാസം 27–ാം തീയതി നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ ദിനത്തിൽ ഇയ്യാൾക്കു മെത്രാപ്പോലീത്താപട്ടം നൽകുകയും 'അത്താനാസ്യോസ്' എന്നു പേർ വിളിക്കുകയും ചെയ്തി രിക്കുന്നു. പട്ടം കൊടുക്കൽ ശുശ്രൂഷയിൽ കൈവെപ്പിന്റെ സമയത്ത് നമ്മുടെ ഈ ആത്മീയ പുത്രന്റെമേൽ ദൈവാത്മാവ് പരസ്യമായി ഇറങ്ങി വസിക്കുകയും, നാമും, വൈദികരും ജനങ്ങളും '– ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ് – പിതാവായ മാർ അത്താനാസ്യോസ് പൗലൂസ് മെത്രാപ്പോലിത്താ മലങ്കരയിലെ പള്ളികൾക്ക് ഇടയനും പ്രധാനാചാര്യനും ആത്മീയ പിതാവുമായിരിപ്പാൻ യോഗ്യനും അർഹനുമാകുന്നു' എന്ന് ഉച്ചൈസ്തരം ഉത്ഘോഷിക്കുകയും ചെയ്തു. നിങ്ങളുടെ അനുഗ്രഹിക്കപ്പെട്ട മെത്രാസനത്തിലെ പള്ളികൾക്കു മെത്രാപ്പോലിത്തായും സത്യഇടയനുമായിരിപ്പാൻ നാം ഇദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവത്തിന്റെയും പിതാക്കന്മാരുടെയും കല്പനകളെ അനുസരിപ്പാൻ ഇദ്ദേഹം നിങ്ങളെ ഉണർത്തുകയും ഉദ്ബോധിപ്പിക്കുകയും ഉപദേശിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും ഐകമത്യവും വിതയ്ക്കുകയും നിങ്ങൾക്കുവേണ്ടി സദാ പ്രാർത്ഥിക്കുകയും നിങ്ങളുടെ നടപ്പ് നേർവഴികളിൽ കൂടി തടസ്സം കൂടാതെ ആയിരിപ്പാൻ വാഞ്ചിക്കുകയും ചെയ്യും. ഒരു ഇടയൻ പിതാവിനു തുല്യനും മക്കളുടെ നന്മയിൽ സദാ തൽപരനും ഒരിക്കലും അവർക്കു ദുഃഖമുണ്ടാകുവാൻ ഇഷ്ടപ്പെടാത്തവനും ആകുന്നു. 'മകൻ അപ്പനോട് അപ്പം ചോദിച്ചാൽ അവനു കല്ല് കൊടുക്കുമോ? മീൻ ചോദി ച്ചാൽ പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? ഒരിക്കലുമില്ല. ആത്മീയ പിതാവും ഇപ്രകാരമാകുന്നു. തന്റെ മക്കൾ സ്വർഗ്ഗസ്ഥപിതാവിന്റെ മക്കളായിരിപ്പാനും താനും അവരും ഒരുമിച്ച് സ്വർഗ്ഗരാജ്യത്തിൽ സന്തോഷിപ്പാനും അവൻ ആഗ്രഹിക്കുന്നു.' എന്നിപ്രകാരം വിശുദ്ധ ഏവൻഗേലിയോനിൽ പറഞ്ഞിട്ടുള്ളത് നിങ്ങൾ കേട്ടിട്ടില്ലയോ?

നമ്മുടെ ആത്മീയ പുത്രൻ അത്താനാസ്യോസ് മെത്രാപ്പോലിത്താ ദൈവത്തിന്റെ ആത്മാവ് ഉള്ളവനും ആത്മീയ കാര്യങ്ങളിൽ പരിജ്ഞാനമുള്ള ഗുരു ശ്രേഷ്ഠനും ആണെന്ന് നാം കണ്ടിരിക്കുന്നു. മേൽ പറഞ്ഞിട്ടുള്ള പള്ളികൾ ഉൾപ്പെടുന്ന നിങ്ങളുടെ മെത്രാസനത്തിന്മേൽ യഥാർത്ഥ ഇടയനായി ഇദ്ദേഹത്തെ നാം തിരഞ്ഞെടുത്തിരിക്കുന്നു. കെട്ടുവാനും അഴിക്കുവാനും പ്രമാണങ്ങളും വിധികളും നോക്കി ന്യായം വിധിക്കുവാനും, ആത്മീയ നിയമങ്ങൾ ക്രോഡീകരി ക്കുവാനും, പള്ളികളെയും മദ്ബഹാകളെയും തബ്ലൈത്താകളേയും കൂദാശ ചെയ്യുവാനും, പട്ടക്കാരെയും ശെമ്മാശന്മാരെയും റമ്പാന്മാരെയും കോറെപ്പിസ്ക്കോപ്പാമാരെയും മുഖപക്ഷം കൂടാതെ പട്ടം കെട്ടുവാനും പരിശുദ്ധാത്മാവിൽ നിന്നുള്ള അധികാരം നാം ഇദ്ദേഹത്തിനു നല്കിയിരിക്കുന്നു. ഇദ്ദേഹം പട്ടം കൊടുക്കലിനോ കൈവെപ്പിനോ പ്രതിഫലം പറ്റുകയോ, പട്ടം കൊടുക്കുവാൻ തത്രപ്പെട്ട് കൈനീട്ടുകയോ കാനോൻ അനുസരിച്ച് മുപ്പതു വയസ്സിൽ താഴെയുള്ള അവിവാഹിതനു ജനത്തിനു വേണ്ടി പട്ടം കൊടുക്കയോ ചെയ്തു കൂടാത്തതാകുന്നു.

വീണ്ടും പള്ളികളിന്മേലും അവയുടെ വസ്തുവകകളിന്മേലും തോട്ടങ്ങളുടെമേലും നേർച്ച ദശാംശങ്ങളിന്മേലും ഇദ്ദേഹത്തിനു നാം അധികാരം നല്കിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ കല്പനയനുസരിച്ച് അവയെല്ലാം ശേഖരിക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും വേണം. വസ്തുവകകളിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള ആദായവും നേർച്ചദശാംശങ്ങളും പള്ളിയുടെ മുതൽകൂട്ടത്തിൽപെടുത്തി ആണ്ടറുതിയിൽ കണക്കു കേൾപ്പിക്കാൻ വേണ്ടി നേരസ്ഥരായ കൈക്കാരന്മാരെ ഇദ്ദേഹം നിശ്ചയിക്കുകയും സത്യസന്ധതയില്ലാതെയും കൈസ്ഥാനക്കണക്കുകൾ നൽകാതെയും മറുതലിച്ചു നിൽക്കുന്നവനെ പുറംതള്ളി അവനുപകരം പള്ളിയുടെ മുതൽ നാനാവിധപ്പെടുത്താത്ത നേരസ്ഥനായ മറ്റൊരാളെ ഇദ്ദേഹം നിശ്ചയിക്കുകയും വേണം. ഇദ്ദേഹം തള്ളിക്കളയുന്നവൻ തള്ളപ്പെട്ടവനും ഇദ്ദേഹം കൈക്കൊള്ളുന്നവൻ സ്വീകാര്യനു മായിരിക്കും. ഇദ്ദേഹത്തിന്റെ വായിൽ നമ്മുടെ നാവ് നാം വെച്ചിരിക്കുന്നു. ആകയാൽ, കോറെപ്പി സ്കോപ്പയൊ, പട്ടക്കാരനൊ, കൈക്കാരനൊ, പ്രമാണിയൊ, അൽമായക്കാരനൊ, പുരുഷന്മാരൊ, സ്ത്രീകളൊ യൗവ്വനക്കാരനൊ, ബാല്യക്കാരൊ, അവിവാഹിതരൊ, വിവാഹിതരൊ, ആരുമായിക്കൊള്ളട്ടെ ഇദ്ദേഹം ശപിച്ചാൽ ശപിക്കപ്പെട്ടവനായിരിക്കും. പരിശുദ്ധാത്മാവിനാൽ ഇദ്ദേഹത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന മെത്രാസന അതിരുവിട്ട് ഈ ശുശ്രൂഷകൾ ഒന്നും നിർവ്വഹിപ്പാൻ ദൈവത്തിങ്കൽ നിന്നും അധികാര മില്ലാത്തതാകുന്നു. ഇദ്ദേഹം അഹങ്കരിച്ച് പിതാക്കന്മാരുടെ നിയമങ്ങളെയും സത്യവിശ്വാസത്തെയും ലംഘിച്ചാൽ ഇദ്ദേഹം ശപിക്കപ്പെട്ട വനും തള്ളപ്പെട്ടവനുമായിരിക്കും. സ്ഥാനമേറ്റ സമയത്ത് ഇദ്ദേഹം സ്വയം അർപ്പിച്ച ശൽമൂസൊയിൽ (സമ്മതപത്രത്തിൽ) എഴുതിയിട്ടുള്ളതും ലൗകികമായ റജിസ്റ്റർ ഉടമ്പടിയിൽ എഴുതിയിട്ടുള്ളതും മേൽപ്രകാരം ഇദ്ദേഹം വിധിക്കപ്പെട്ട് തള്ളപ്പെടുമെന്നാകുന്നു. ഇദ്ദേഹം വാഗ്ദത്തം ലംഘിക്കുകയില്ലെന്നു നാം ദൈവത്തിൽ പ്രത്യാശിക്കുന്നു.

പരിശുദ്ധ മൂന്നു സുന്നഹദോസുകളുടെ നിയമങ്ങൾ അനുസരിച്ച് സഭാ പരമായ എല്ലാ പതിവുകളും (വിഹിതങ്ങളും) നിങ്ങളിൽ നിന്നും എടുക്കുവാനും കൈപ്പറ്റുവാനും നാം ഇദ്ദേഹത്തെ അനുവദിച്ചിട്ടുണ്ട്. അതായത് നേർച്ച, ദശാംശം, മാമോദീസ, കുർബ്ബാന, വിവാഹം, വിവാഹനിശ്ചയം, ശവസംസ്കാരം, ഭവനസന്ദർശനവും വാഴ്ത്തലും എന്നിവയ്ക്കുള്ള ഈ അവകാശങ്ങൾ തന്നെ. വഴിവിട്ടുള്ള വിവാഹനിശ്ചയമോ ശുശ്രൂഷയൊ ഇദ്ദേഹത്തിന്റെ കല്പന കൂടാതെ നടത്തുവാൻ ഒരു പട്ടക്കാരനും അധികാരമില്ലാത്തതാകുന്നു. പാത്രിയർക്കീസിന്റെ കല്പന അനുസരിപ്പാൻ നാം ഇദ്ദേഹത്തോടെ ആജ്ഞാ പിച്ചിട്ടുണ്ട്. നിങ്ങളുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ അത്യന്തം താത്പര്യമെടുക്കണമെന്നും പള്ളികളിന്മേൽ ഭാരവും കടപ്പാടുകളും ഉണ്ടാക്കരുതെന്നും, പഠിപ്പിക്കുകയും ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കണമെന്നും, നമ്മുടെ പരിശുദ്ധസഭയുടെ നിയമവും പാരമ്പര്യവുമനുസരിച്ച് പാത്രിയർക്കീസിനുള്ള റീശീശ വർഷംതോറും ശേഖരിച്ച് നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും സ്മരണയ്ക്കായി സിംഹാസനത്തിങ്കൽ എത്തിയ്ക്കണമെന്നും ഇദ്ദേഹത്തോട് നാം കൽപ്പിച്ചിട്ടുണ്ട്.

നമ്മുടെ ആത്മീയ പുത്രനും നിങ്ങളുടെ ആത്മീയ പിതാവുമായ അത്താനാസ്യോസ് മെത്രാപ്പോലീത്ത നിങ്ങളെ സന്ദർശിക്കുമ്പോൾ സന്തോഷത്തോടും ഉല്ലാസത്തോടും കൂടി ഊശാനക്കൊമ്പുകൾ വഹിച്ചുകൊണ്ട് ഇദ്ദേഹത്തെ എതിരേറ്റ് അഭിവാദ്യം ചെയ്യുവിൻ. ഇദ്ദേഹം നാം നട്ടിരിക്കുന്ന ഒരു എളിയ നടുതലയാകുന്നു. നിങ്ങൾ ഇദ്ദേഹത്തിന്റെ ആത്മീയ കല്പനകളെ അനുസരിച്ചു കൊള്ളണം. ഇദ്ദേഹത്തെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു. ഇദ്ദേഹത്തെ ആക്ഷേപിക്കുന്നവൻ നമ്മെ അക്ഷേപിക്കുന്നു. ഇദ്ദേഹത്തെ ദ്വേഷിക്കുന്നവൻ നമ്മെ ദ്വേഷിക്കുന്നു. നമ്മെ ദ്വേഷിക്കുന്നവനാകട്ടെ നമ്മുടെ സഭയുടെ തലവനായ കർത്താവേശു മിശിഹായെയാകുന്നു ദ്വേഷിക്കുന്നത്. നിങ്ങൾക്ക് ഒരിക്കലും ഇപ്രകാരം ഭവിക്കാതിരിക്കട്ടെ. നിങ്ങൾ പിതാക്കന്മാരുടെ കല്പനകൾ അനുസരിക്കുന്നവരും, സത്യവിശ്വാസത്തിൽ നിന്ന് വലത്തോട്ടോ, ഇടത്തോട്ടോ വ്യതിചലിക്കാത്ത വരുമാകുന്നുവല്ലോ? നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി.

വീണ്ടും, സർവ്വശക്തനും കാരുണ്യവാനുമായ ദൈവം തമ്പുരാനോട് നാം അപേക്ഷിക്കുന്നു. കരുണാ ദൃഷ്ടിയോടെ നോക്കി നിങ്ങളോടും നിങ്ങളുടെ സന്താനങ്ങളോടും നിരപ്പായിരിപ്പാനും, നിങ്ങളുടെ പ്രാർത്ഥനകളും, യാചനകളും, നോമ്പു കളും, ദാനധർമ്മങ്ങളും, വഴിപാടുകളും, നേർച്ചകളും ദശാംശങ്ങളും റീശീസകളും (ആദ്യഫലങ്ങളും) കൈക്കൊള്ളുവാനും, നിങ്ങൾക്കു കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നല്കുവാനും, ആത്മാക്കളുടെ രക്ഷയ്ക്കായി നിങ്ങളുടെ വലതുകരം ഗ്രഹിച്ച് നിങ്ങളെ സഹായിക്കുവാനും തുണയ്ക്കുവാനും, നിങ്ങളുടെ ഹൃദയങ്ങളിലും നിങ്ങളുടെ മദ്ധ്യേയും സ്നേഹത്തിന്റെ

വിത്ത് വിതയ്ക്കുവാനും, നിങ്ങളുടെ ശത്രുവിന്റെ ശക്തി ഹനിച്ചു കളയുവാനും, തന്റെ കരുണയുടെ വാതിൽ നിങ്ങളുടെ മുമ്പാകെ തുറന്നു തരുവാനും, തന്റെ ആഗ്രഹങ്ങളും, കൃപകളും നല്കി നിങ്ങളേയും നിങ്ങളുടെ ഭവനങ്ങളേയും നിങ്ങളുടെ മക്കളേയും, നിങ്ങളുടെ കൈവശമുള്ള സകലത്തേയും, സ്ഥലങ്ങളേയും, വിളവുകളേയും, ആദായങ്ങളേയും, മുന്തിരിത്തോപ്പുകളേയും വയലുകളേയും, നിങ്ങളുടെ സകലവിധ സമ്പാദ്യങ്ങളേയും വാഴ്ത്തുവാനും, നിങ്ങൾക്കു ശാന്തമായ ജീവിതവും സന്തോഷമുള്ള മാസങ്ങളും ഐശ്വര്യമുള്ള സംവത്സരങ്ങളും പ്രദാനം ചെയ്യുവാനും വേണ്ടി നാം തന്റെ ദയവിനോട് യാചിക്കുന്നു. നിങ്ങളിൽ നിന്നു സകല ശിക്ഷകളേയും കോപവടികളേയും തടുത്ത് നിങ്ങളുടെ ആയുഷ്കാലം മുഴുവനും തന്റെ സത്യവാഗ്ദാനപ്രകാരം നിങ്ങളോടു കൂടെയും നിങ്ങളുടെ മദ്ധ്യത്തിലും സ്ഥിതിചെയ്തുകൊണ്ട് തന്റെ ഉന്നതവും ബലമുള്ളതുമായ ഭുജത്താൽ നിങ്ങളുടെ വൃദ്ധന്മാരെ താങ്ങുകയും യുവാക്കളെ കാക്കുകയും പൈതങ്ങളെ വളർത്തുകയും കരുണയുടെ മറകൊണ്ട് നിങ്ങളുടെ സ്ത്രീകളെ സംരക്ഷിക്കുകയും, നിങ്ങളുടെ മരിച്ചുപോയവരുടെ ആത്മാക്കളെ ആശ്വസിപ്പിക്കുകയും അവർക്ക് തന്റെ മണവറ നൽകി പിതാവായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ സകല നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടി പന്തിക്കിരുത്തുകയും 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! ലോകാരംഭത്തിനു മുമ്പായി നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യത്തിൽ പ്രവേശിച്ച് അതിനെ അവകാശിച്ചു കൊള്ളുവിൻ' എന്നു വലതു ഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന സന്തോഷശബ്ദം നിങ്ങളെ കേൾപ്പിക്കുകയും ചെയ്യുമാറാകട്ടെ.

ആയതു നിത്യകന്യകയും പരിശുദ്ധ ദൈവമാതാവുമായ മറിയാമിന്റെയും ഇൻഡ്യയുടെ കാവൽക്കാരനും സുവിശേഷകനുമായമാർ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ.

മശിഹാക്കാലം ഒരായിരത്തി തൊള്ളായിരത്തി പത്ത് ഈലൂൽ മാസം ഇരുപത്തിരണ്ടാം തീയതി ആലുവ സിമ്മനാരിയിൽവച്ച് ഈ സുസ്താത്തിക്കോൻ എഴുതപ്പെട്ടു.

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാ
സനത്തിലെ ബലഹീനനായ അബ്ദേദാ ലോഹൊ
രണ്ടാമൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്
ക്രിസ്താബ്ദം 1911 ഈലൂൽ മാസം 22-ാം തീയതി
സ്വന്തം കൈപ്പട-(സുറിയാനി)

കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്തയായ ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. സ്വന്തം കൈപ്പട (സുറിയാനി) (മുദ്ര)

തിരുവല്ല കോടിയാട്ട് കുര്യാക്കോസ് കോറെപ്പിസ്കോപ്പ - തിരുവല്ല പള്ളികളുടെ വികാരി
സ്വന്തം കൈപ്പട - മലയാളം ഒപ്പ് (സുറിയാനി)

1087 കന്നി 20-ാം തീയതി ആലങ്ങാട് സബ് ഡിസ്ട്രിക്റ്റിൽ ആലുവ പ്രവൃത്തിയിൽ ആലുവ കരയിൽ തൃക്കുന്നത്ത് സിമ്മനാരിപ്പള്ളിയൽവച്ച് എന്റെ മുമ്പാകെ വച്ച് ടി സിമ്മനാരിപ്പള്ളിയിൽ എഴുന്നെള്ളിയിരിക്കും അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസു ബാവായാൽ ഇതിൽ ഒപ്പിടപ്പെട്ടിരിക്കുന്നു. മേല്പടി ഇഗ്നാത്യോസ് പാത്രിയർക്കീസിനെ ഞാൻ നേരിട്ട് അറിയും. ഇതിൽ വെട്ടു തിരുത്തുകൾ യാതൊന്നുമില്ല.

ആലങ്ങാടു സബ് രജിസ്റ്ററാഫീസ് രജിസ്റ്റർ ആഫീസ്
ഒപ്പും മുദ്രയും

മേൽപേരു രേഖപ്പെടുത്തിയിരിക്കുന്ന സർവ്വശ്രേഷ്ഠ മഹാപുരോഹിതൻ പരിശുദ്ധമാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ ശുശ്രൂഷയിൽ സദാ ഏർപ്പെട്ടിരിക്കുന്ന ആളും, അന്ത്യോഖ്യായുടെ പത്രോസിന്റെ സിംഹാസനമായ മാർ ഹാനനീയായുടെ ദയറായിലെ ദയറാക്കാരനുമായ മർദ്ദീൻകാരൻ കോറെയുടെ വംശത്തിൽപെട്ട മരിച്ച മൽക്കെയുടെ മകൻ ബലഹീനനായ ഈലിയാ എന്ന ഒരുവന്റെ കൈകളാൽ ഈ അധികാരപത്രം എഴുതപ്പെട്ടു. ക്രിസ്താബ്ദം 1911 ഈലൂൽ 22 ഇൻഡ്യയിലെ മലങ്കരയിൽ ആലുവ സിമ്മനാരിയിൽവച്ച് യേശുവിന്റെ സ്നേഹത്തിൽ ഇവനുവേണ്ടി പ്രാർത്ഥിക്കേണേ

***ഈ സുസ്താത്തിക്കോൻ വിവർത്തനം ചെയ്തത് കരിങ്ങാച്ചിറ കറുത്തേടത്ത് റവ. ഫാ. പി.പി. ജോസഫ് (നടാപ്പുഴ) ആകുന്നു.***

# പരുശുദ്ധനായ വലിയ തിരുമേനി പുറപ്പെടുവിച്ച അന്ത്യകൽപ്പന

ദൈവകൃപയാൽ മലങ്കരയുടേയും പ്രത്യേകാൽ അങ്കമാലി ഭദ്രാസന ഇടവകയുടേയും പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ................. പള്ളിയിലെ വികാരിയും ദേശത്ത് പട്ടക്കാരും, കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്

പ്രിയ മക്കളേ,

നമ്മുടെ കർത്താവായ .യേശുമിശിഹായുടെ വാത്സല്യശിഷ്യനായ ഇൻഡ്യയുടെ അപ്പോസ്തലനായ പരിശുദ്ധ മാർതോമാ ശ്ലീഹായാൽ മലങ്കര വന്ന് വിശുദ്ധ സഭ സ്ഥാപിച്ചതിന്റെ 19-ാം ശതാബ്ദി അടുത്ത നാളുകളിൽ പൂർത്തിയാകുന്നതിനെ നാം സ്മരിച്ചിരിക്കുന്നതാണല്ലോ. ഇൻഡ്യാ രാഷ്ട്രീയമായി സ്വാതന്ത്ര്യം പ്രാപിച്ചശേഷം ഏതാണ്ട് 5 സംവത്സരം കഴിഞ്ഞിരുന്ന ഇക്കാലത്ത് നമ്മുടെ അപ്പോസ്തലിക സഭയുടെ വളർച്ചയുടെ സാദ്ധ്യതകൾ നാം പരിപൂർണ്ണ പ്രത്യാശയോടു കൂടി ധരിച്ചുകഴിഞ്ഞിട്ടുമുണ്ട്. നമുക്ക് ലഭ്യമായിരിക്കുന്ന അവസരം യഥോചിതം വേണ്ട പദ്ധതികളിലും മാർഗ്ഗങ്ങളിലും കൂടി പ്രയോജനപ്പെടുത്തുവാൻ നാം അതിയായി ആകാംക്ഷിക്കുന്നു. എന്നാൽ അതിനുള്ള നമ്മുടെ വൃദ്ധതയുടെ കഴിവുകൾ വളരെ പരിമിതമായിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നതോടൊപ്പം തന്നെ സഭാമക്കളായ നിങ്ങൾക്കു ഓരോരുത്തർക്കുമുള്ള കർത്തവ്യങ്ങളെയും കഴിവുകളേയും പറ്റി നിങ്ങൾ സ്ത്രീ പുരുഷ ഭേദമെന്യേ ചിന്തിക്കേണ്ടതാണെന്ന് നാം ആദ്യമായി അനുസ്മരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

നമ്മുടെ വൃദ്ധതയിൽ നിന്നുള്ള ക്ഷീണവും ശരീരാസ്വാസ്ഥ്യവും പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. ഇന്ന് നമ്മുടെ 85-ാം ജന്മദിനമാണ്. കഴിഞ്ഞ 84 സംവത്സരങ്ങൾക്കുള്ളിൽ നാം നേരിട്ടു കാണുകയും അറിയിക്കുകയും, ഇടപെടുകയും ചെയ്തിട്ടുള്ള നമ്മുടെ പൂർവ്വികരും സമകാലീനരുമായിരുന്ന അനേകരും ഇഹലോകം പിരിഞ്ഞു കഴിഞ്ഞു. ദൈവനിയോഗത്താൽ നാം ഇന്നുവരെ എത്തിയിരുന്നു. സഭാ സേവനത്തിനു വേണ്ടി നമ്മുടെ 10-ാമത്തെ വയസ്സിൽ കോറുയോ പട്ടവും, 30-ാമത്തെ വയസ്സിൽ കശ്ശീശാ പട്ടവും ദയറോയൂറോയും 41-ാമത്തെ വയസ്സിൽ മെത്രാൻ സ്ഥാനവും 1093-മാണ്ടു തുടങ്ങി മലങ്കര മെത്രാപ്പോലീത്ത സ്ഥാനവും നമ്മെ ഭരമേൽപ്പിക്കുവാൻ ദൈവവിളി തിരുവിഷ്ടമായി. ഈ ഓരോ പദവിയിലും സ്ഥാർത്ഥനയോ സ്വാശ്രയമോ സ്വേഛയോ നമ്മിൽ പ്രബലപ്പെടാതെ ദൈവനടത്തിപ്പിന് വിധേയമായി വർത്തിക്കണമെന്നുള്ള ലക്ഷ്യം വെച്ചു നാം ആത്മാർത്ഥമായി പെരുമാറിയിരുന്നുവെന്ന് വരികിലും മനുഷ്യ സഹജമായ പല കുറവുകളും നമ്മിൽ വന്നുപോയിട്ടുണ്ടെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. ദൈവം തിരുവിഷ്ടമായി നമ്മെ ഏൽപ്പിച്ചിട്ടുള്ള താലന്ത് നമ്മുടെ സഭാമക്കളായ നിങ്ങളാണെന്ന് നാം വിശ്വസിക്കുന്നു. നിങ്ങളെപ്പറ്റി ദൈവതിരുമുമ്പാകെ കണക്കു പറയേണ്ടതായ അവസരത്തിൽ നിങ്ങൾ പ്രായഭേദമെന്യേ സ്ത്രീപുരുഷ വ്യത്യാസമോ കൂടാതെ ഒന്നിനു മുപ്പതായും, അറുപതായും, നൂറായും ഫലം പുറപ്പെടുവിച്ച് കാണുമാറാകണമെന്നുമാണ് നാം ഇപ്പോൾ പ്രാർത്ഥിക്കുന്നത്. മനുഷ്യായുസ്സ് സാധാരണ 70 എന്നും, പ്രയാസത്തോടു കൂടി 80 എന്നും സങ്കീർത്തനക്കാരൻ പറയുമ്പോൾ നമ്മുടെ വൃദ്ധതയിൽ നാം സംതൃപ്തനാകുകയും അതു നിമിത്തം നാം കാരുണ്യവാനായ സർവ്വശക്തനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ തിരുസഭയുടെ വളർച്ചയ്ക്ക് സഭാമക്കളായ ഓരോ വ്യക്തിയും ആത്മീയമായി വളരേണ്ടത് അനിവാര്യമാകുന്നു. വ്യക്തികൾ ദൈവിക വെളിച്ചം പ്രവാശിപ്പിക്കേണ്ടതും ആ പ്രകാശത്താൽ അന്യർ പ്രകാശം പ്രാപിപ്പാനുള്ളതുമാകുന്നു. ദീപത്തിൽ നിന്ന് ദീപം കൊളുത്താമെന്നല്ലാതെ അന്ധകാരത്തിൽ നിന്ന് പ്രകാശം ഉദിക്കുവാൻ സാദ്ധ്യമല്ലല്ലോ.

ആകയാൽ നാം പലപ്പോഴായി പ്രസംഗങ്ങളാലും സംഭാഷണങ്ങളാലും കല്പനകളാലും മുമ്പ് നിങ്ങളെ പ്രബോധിപ്പിച്ചിട്ടുള്ളതിനെ തുടർന്നും ആവർത്തിച്ചും ഉറപ്പിച്ചും ഈ അവസരത്തിൽ

നിങ്ങൾക്കു നൽകുന്ന സന്ദേശം ഇതാകുന്നു. നമ്മുടെ വി. സഭയുടെ വിശ്വാസാചാരങ്ങളും കൂദാശകളും കുറ്റമറ്റവയും നിത്യരക്ഷയ്ക്ക് ഉപയുക്തമായ മാർഗ്ഗങ്ങളും ആകുന്നു. അവയെ നിങ്ങൾ മുറുകെ പിടിക്കുകയും അചഞ്ചലമായി ഉറച്ചു നിൽക്കുകയും ചെയ്യണം. പ്രവൃത്തി കൂടാത്ത വിശ്വാസം ചത്തതാകുന്നു എന്നറിയുകയും നിങ്ങളുടെ സത്യവിശ്വാസം എല്ലായ്പ്പോഴും ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യേണ്ടതും അത്യാവശ്യമാകുന്നു.

ശിരസ്സു കൂടാത്ത ശരീരത്തിന് ജീവനുണ്ടാകയില്ലല്ലോ. മശിഹാ മണവാളനും തലയും, തിരുസഭ മണവാട്ടിയും ശരീരവുമത്രേ. നമ്മുടെ ദൃശ്യമായ ക്രിസ്തീയ സഭയുടെ ദൃശ്യമായ തലയായിരിക്കുന്നത് പ. പത്രോസ് അപ്പോസ്തോലന്റെ പിൻഗാമിയായി വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന വി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു മാത്രമാണ്. ശ്ലൈഹികവും, കാതോലികവുമായ ഏക വിശുദ്ധ സഭ നമ്മുടെതു തന്നെ. ശിരസ്സാകുന്ന സഭാ തലവനെ നിരാകരിച്ചുകൊണ്ട് ശരീരമാകുന്ന തലയിൽ അംഗത്വം പാലിക്കുന്നതിന് പ്രകൃതിയോ, നിയമമോ, സ്വഭാവ നീതിയോ അനുവദിക്കുന്നതല്ല. ഇതു നമ്മുടെ ഒരു വിശ്വാസ സത്യം തന്നെ ആകുന്നു. ഇതിനെ പരിരക്ഷിക്കുന്നതിന് നമ്മുടെ ഭരണ കാലവും ആയുസ്സിന്റെ നല്ല ഭാഗവും ചെലവിടേണ്ടതായി വന്നിട്ടുണ്ട്. അങ്ങനെയുള്ള നീതിയുടെ പോരാട്ടത്തിൽ ഇന്നുവരെ ദൈവകൃപ നമ്മുടെ കൂടെയുണ്ടായിരുന്നുവെന്ന് നിങ്ങൾ ഓർത്തുകൊള്ളണം. ആ സംരംഭം ഇന്ന് ഇന്ത്യയുടെ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെയിരിക്കുകയാണല്ലോ. അവിടെയും സത്യം തന്നെ പ്രത്യക്ഷമാകുമെന്ന് നമുക്ക് സമാശ്വസിക്കാം. തെറ്റിപ്പോയിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് പിതാവായ ദൈവം നേർവഴി വെളിപ്പെടുത്തിക്കൊടുക്കുമെന്നും സഭയിൽ പുനരൈക്യം ഉണ്ടാകുമെന്നും നമുക്ക് പ്രത്യാശിക്കാം.

പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കണമെന്നും, ദൈവഭയം ജ്ഞാനത്തിന്റെ ആരംഭമാകുന്നുവെന്നും, വിശ്വസിച്ചുകൊണ്ട് നമ്മുടെ ഇടവകകളിൽ നടത്തിക്കൊണ്ടിരുന്ന സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ നിങ്ങൾ സദാ ജാഗരൂഗരായി തുടരണമെന്ന് നാം പ്രത്യേകം പ്രബോധിപ്പിക്കുന്നു.

നമ്മുടെ യുവജനങ്ങളുടെ ഉപരിവിദ്യാഭ്യാസത്തിന് ഉതകുന്ന ഒരു കോളേജിന്റെ അഭാവം പരിഹരിക്കുന്നതിന് നമ്മുടെ ഇടവകയിൽപ്പെട്ട കോതമംഗലത്ത് ഒരു ഒന്നാം ഗ്രേഡ് കോളേജ് അനുവദിച്ചു കിട്ടുന്നതിനു വേണ്ടി രണ്ടു കൊല്ലം മുമ്പ് നാം തിരുവിതാകൂർ സർവ്വകലാശാലയിൽ ഒരപേക്ഷ സമർപ്പിച്ച പ്രകാരം ഈയിടെ യൂണിവേഴ്സിറ്റി സിന്റിക്കേറ്റ് അനുവദിച്ചിട്ടുള്ളതായി നമുക്ക് അറിവു കിട്ടിയിട്ടുണ്ട്. അതിലേക്കു വേണ്ട 50 ഏക്കർ സ്ഥലം തിരു-കൊച്ചി ഗവൺമെന്റ് അനുവദിച്ചു തന്നിട്ടുമുണ്ട്. ഈ കാര്യങ്ങൾ നമ്മുടെ വൃദ്ധതയിലെ പരിശ്രമഫലമാണ്. അത് പൂർണ്ണമായി നിറവേറ്റുന്നതിന് നമ്മുടെ ഇടവകയിലും അയൽ ഇടവകയിലും ഉള്ള എല്ലാ പള്ളിക്കാരും വ്യക്തികളും സൗഹാർദ്ദമായും, ശുഷ്കാന്തിയോടു കൂടിയും ഒത്തൊരുമിച്ച് സഹകരിച്ച് പരിശ്രമിക്കണമെന്ന് നാം പ്രത്യേകം ആഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു.

പ്രിയരേ, ഇക്കാലം ലോകചരിത്രത്തിൽ ഒരു വിപ്ലവഘട്ടമാണ്. ലോകസമാധാനം ഒരു തുലാസിലെന്നപോലെ തൂങ്ങി ആടുന്നു. സമത്വത്തിന്റേയും, സ്വാതന്ത്ര്യത്തിന്റേയും പേരിൽ കമ്മ്യൂണിസം തുടങ്ങിയ വിപ്ലവദർശപൂർണ്ണങ്ങളായ പ്രസ്ഥാനങ്ങൾ മുഖേന ഭരണകൂടങ്ങൾ തന്നെ ചോദ്യം ചെയ്യപ്പെടുന്നവയായി തീർന്നിരിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലും, തൊഴിലാളിയും മുതലാളിയും തമ്മിലും, സമത്വസ്വാതന്ത്ര്യവാദങ്ങളും മത്സരങ്ങളും കളിയാടുന്നു. ഈ സ്വാതന്ത്ര്യവാദം കുടുംബങ്ങളിൽ ഛിദ്രം ജനിപ്പിക്കുന്നു. ക്രിസ്തുനാഥൻ കല്പിച്ചരുളിയിട്ടുള്ള സ്നേഹ സന്ദേശം ഇക്കൂട്ടർ മറന്നു കളയുന്നു. നല്ല അയൽക്കാർ ആരെന്നും ചെറിയവരോട് പെരുമാറേണ്ടത് എങ്ങനെയാണെന്നും ഉപമകൾ വഴി മിശിഹാ തമ്പുരാൻ കല്പിച്ചിട്ടുള്ളതിനെ നിങ്ങൾ ഈ കാലഘട്ടത്തിൽ പ്രത്യേകം സ്മരിക്കണം. ദൈവമായ കർത്താവിനെയും നിങ്ങളുടെ അയൽക്കാരനേയും പൂർണ്ണമായി സ്നേഹിക്കണമെന്നുള്ളതാണല്ലോ എല്ലാ കല്പനകളുടെയും സാരം. സ്നേഹവും ത്യാഗവും എത്ര അഗാതവും നിഷ്കളങ്കവുമായിരിക്കണമെന്ന് യേശുക്രിസ്തു തന്റെ ക്രൂശുമരണമാകുന്ന പ്രവൃത്തികൊണ്ടു തന്നെ നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ക്രിസ്തീയ സ്നേഹം കൊണ്ടല്ലാതെ ലോകത്തിൽ സമാധാനം നിലനിർത്തുവാൻ സാധിക്കുന്നതല്ല. നിർവ്യാജമായ പരസ്പര സ്നേഹം നിറഞ്ഞ

ആത്മാവോടു കൂടി നിങ്ങൾ ജീവിക്കണം. ആ സ്നേഹജീവിതം നിങ്ങൾക്കും അയൽവാസികൾക്കും സന്തുഷ്ടിയും സമാധാനവും കൈവരുത്തുന്നതാകുന്നു. അങ്ങനെ ഭൂലോകത്ത് എല്ലായിടത്തും ക്രിസ്തു മാർഗ്ഗം അറിയപ്പെടുകയും ചെയ്യട്ടെ!

വാത്സല്യമുള്ളവരേ, നമ്മുടെ കുടുംബങ്ങളെ നിങ്ങൾ സ്നേഹത്തോടെ പരിപാലിക്കണം. കുടുംബാംഗങ്ങൾ ഒരുമിച്ചു കൂടി, കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾ ദിവസവും നടത്തുകയും, സഭ നിശ്ചയിച്ചിട്ടുള്ള നോയമ്പുകൾ നിർവിഘ്നം ആചരിക്കുകയും ചെയ്തുകൊള്ളണം. കുടുംബ നിയന്ത്രണത്തിലും, പൈതങ്ങളെ അഭ്യസിപ്പിക്കുന്നതിലും, സ്ത്രീകൾക്കുള്ള പ്രത്യേക ചുമതലയും സൗകര്യങ്ങളും ഓർത്ത് എല്ലാ സ്ത്രീകളും പെരുമാറണം. സ്ത്രീ കുടുംബത്തിന്റെ ഉറവും, ഉപ്പുമാണെന്ന് പ്രത്യേകം ധരിച്ചിരിക്കണം. കൊത്തനേ നഗരത്തിലെ കല്യാണവിരുന്നിൽ നമ്മുടെ കർത്താവിന്റെ അമ്മ വഹിച്ച സ്ഥാനം നിമിത്തം വിരുന്നുകാർക്കും വീട്ടുകാർക്കും ലഭിച്ച സമൃദ്ധിയും സന്തോഷവും നിങ്ങൾക്കും മാതൃകയായിരിക്കട്ടെ. മനുഷ്യൻ വിയർപ്പോടുകൂടി അപ്പം ഭക്ഷിക്കണമെന്നുള്ളത് ദൈവകല്പനയാകുന്നു. യാതൊരു തൊഴിലും ഹീനമല്ല. സേവനവും സ്നേഹവും മുൻനിർത്തി ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന ഏവനും, തൊഴിൽ എന്തുതന്നെയായിരുന്നാലും തന്റെ തൊഴിലിന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും അനുഭവബോധ്യമാകുന്നതാണ്.

നമ്മുടെ പട്ടക്കാർ തിരുസഭയിലെ വേലക്കാരും കാവൽക്കാരുമാണെന്നറിയണം. അവരുടെ സമ്പാദ്യം കർത്താവിന്റെ തിരുസഭാംഗങ്ങളുടെ പുഷ്ടിമ ആയിരിക്കട്ടെ. വൈദിക വിദ്യാഭ്യാസത്തിന് അടുത്തകാലത്ത് നമ്മുടെ ഈ ആലുവാ സെമിനാരിയിൽ നമ്മുടെ സഹായകനായ സഹോദരൻ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഒരദ്ധ്യയനശാല, വിദഗ്ദ്ധതയും പരിപാകതയുമുള്ള മല്പാന്മാരെ നിയമിച്ച് നാം ആരംഭിച്ചിട്ടുണ്ട്. ദൈവവിളിയുള്ള വിദ്യാർത്ഥികൾ അതിൽ ധാരാളമായി വന്നുകൂടുമാറാകട്ടെ. മലങ്കര സഭയ്ക്ക് ഒരു ഭരണഘടനയുണ്ടാക്കുന്നതിനുള്ള നടപടികൾ ആലോചനയിലിക്കുകയാണ്. അതെല്ലാം തയ്യാറാകുമ്പോൾ സഭാവികസനത്തിനുള്ള പദ്ധതികൾ അതിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കാം.

മനുഷ്യാ, നീ മണ്ണാകുന്നു. നീ മണ്ണിലേക്കു തിരികെ ചേരും എന്ന കർത്തൃവചനം എല്ലാ മനുഷ്യനിലും നിവൃത്തിയാകേണ്ടതാകുന്നു. മരണം, ഉയിർപ്പ്, ന്യായവിധി എന്നിവയെപ്പറ്റിയുള്ള ചിന്ത നമുക്ക് എപ്പോഴും വേണ്ടതാണല്ലോ. അവസാന ന്യായവിധിയുടെ നാളിൽ കൊള്ളാം ഉത്തമനും വിശ്വസ്തനുമായ ദാസാ..... ഒരുക്കപ്പെട്ടിരിക്കുന്ന സൗഭാഗ്യങ്ങളിലേക്ക് പ്രവേശിച്ചു കൊൾക എന്ന നമ്മുടെ സ്രഷ്ടാവിന്റെ ആനന്ദകരമായ സന്തോഷശബ്ദം കേൾപ്പാൻ നാമും നിങ്ങളും സദാ ഒരുങ്ങിയിരിക്കുന്നവരായിരിക്കണം. നമ്മുടെ ബലഹീനതയ്ക്കുവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്വീൻ.

വാത്സല്യ മക്കളേ, വിശുദ്ധരായ അബ്രഹാം ഇസ്ഹാക്ക്, യാക്കോബ് തുടങ്ങിയ നമ്മുടെ പൂർവ്വിക പിതാക്കന്മാരും, സർവ്വ ഗുരുജനങ്ങളും, പ്രേഷിത സംഘവും, സകല പരിശുദ്ധന്മാരും, ശുദ്ധിമതികളും, പ്രത്യേകാൽ മാർ തോമ്മാ ശ്ലീഹായും, മാർ ഗീവർഗ്ഗീസ് സഹദായും, തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസും, ദൈവമാതാവായ വിശുദ്ധ കന്യകമറിയാമും മരിച്ചുപോയവരും ജീവനുള്ളവരും വരുവാനിരിക്കുന്നവരുമായ ഏവരുമുൾപ്പെടുന്ന നമ്മുടെ വി. സഭയെക്കുറിച്ച് അഭിവാഞ്ഛയുള്ളവരാണെന്ന് നാം വിശ്വസിക്കണം. ദൈവമായ കർത്താവ് തന്റെ തിരുരക്തത്താൽ വീണ്ടെടുത്തിട്ടുള്ള സഭയുടെ രക്ഷയ്ക്കും, നിലനില്പിനും, വളർച്ചയ്ക്കും, അവരെല്ലാവരുടേയും മദ്ധ്യസ്ഥപ്രാർത്ഥന കോട്ടയായിരിക്കട്ടെ! നമ്മുടെ സഹോദരന്മാരും, വാത്സല്യമുള്ളവരുമേ നിങ്ങൾ എല്ലാവരും, എന്നാലും, നമുക്കുവേണ്ടി പ്രാർത്ഥിപ്പിൻ. കർത്താവായ യേശുമിശിഹാ തന്റെ വലത്തു തൃക്കൈ നീട്ടി നിങ്ങളെ ഓരോരുത്തരേയും, നിങ്ങളുടെ കുടുംബങ്ങളേയും, നിങ്ങൾക്കുള്ള സർവ്വത്തേയും അനുഗ്രഹിക്കുമാറാകട്ടെ! വിശുദ്ധിയും മഹത്വവുമുള്ള ത്രിയേക സത്യദൈവമാകുന്ന പിതാവിന്റെ സ്നേഹവും, പുത്രന്റെ കൃപയും, പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളെല്ലാവരോടും കൂടെ സദാ ഉണ്ടായിരിക്കട്ടെ!

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ...... നന്മനിറഞ്ഞ മറിയമേ.......

# കാലം ചെയ്ത അഭിവന്ദ്യ കടവിൽ പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ വിൽപത്രം

ദൈവത്തിനു സ്തുതി

ക്രിസ്താബ്ദം 1902 തെശ്രീൻ ഹ്രോയി 9-ാം തീയതിയ്ക്ക് കൊല്ലം 1078 വൃശ്ചികം 7-ാം തീയതി പിതൃപുത്ര പരിശുദ്ധാത്മാവാം ത്രികൈ ദൈവത്തിന്റെ തിരുനാമത്തിൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന രണ്ടാമത്തെ അബേദ് മിശിഹാ എന്ന മോറോൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അധികാരത്തിലുൾപ്പെട്ട മലങ്കര അങ്കമാലി - കോട്ടയം ഇടവകകളുടെ 71 വയസ്സും പൗലോസ് എന്ന് പ്രത്യേക നാമവുമുള്ള മാർ അത്താനാസ്യോസ് മെത്രോപ്പോലീത്ത പൂർണ്ണമായ സുബോധത്തോടും സ്വമനസ്സാലെയും എഴുതിവച്ച വിൽപത്രം.

1. നമ്മുടെ ശൈശവം മുതൽ ആചരിച്ചുവരുന്നതായ യാക്കോബായ സുറിയാനി വിശ്വാസത്തിൻപ്രകാരം നമ്മുടെ ആത്മശരീരങ്ങളെ ദൈവതിരുസന്നിധിയിൽ പരമാനന്ദത്തിനും പിന്നെ ഉയിർപ്പിന്റെ ശരണത്തിൽ പരിശുദ്ധന്മാരുടെ സംസർഗ്ഗത്തിലേയ്ക്കും ഭരമേല്പിക്കുന്നു.

2. നമുക്ക് പ്രായം അധികരിക്കുകയും ദേഹസൗഖ്യം കുറഞ്ഞുവരികയും ചെയ്യുന്നതുകൊണ്ട് സ്വന്തപ്രയത്നത്താൽ സമ്പാദിച്ചിട്ടുള്ളതും നമ്മുടെ സ്വാതന്ത്രമായ അധികാരത്തിന് ഭരമേൽപ്പിക്കപ്പെട്ട് രക്ഷിച്ചുപോരുന്നതുമായ സ്വത്തുക്കളുടെ ഭരണവും ഉപയോഗവും നമ്മുടെ കാലശേഷം ഇന്നപ്രകാരം വേണമെന്ന് വ്യക്തപ്പെടുത്തി ഒരു വിൽപ്പത്രം എഴുതേണ്ടത് യുക്തമെന്നു ദൈവം ഇപ്പോൾ നമ്മെ ഓർമ്മപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിനു കാരണമായതാകുന്നു.

3. താഴെ ചേർത്തിരിക്കുന്ന എ പട്ടിക പ്രകാരമുള്ള സ്ഥാവര സ്വത്തുക്കളിൽ 5 മുതൽ 20 വരെ നമ്പരുകളും ബി പട്ടിക പ്രകാരമുള്ള ജംഗമ സ്വത്തുക ളും നമ്മുടെ സ്വന്തവും പതിനായിരം രൂപാ വിലവരുന്നതും എ പട്ടികയിലുള്ള ആറായിരം രൂപാ വിലവരുന്ന ഒന്ന് മുതൽ നാലു വരെ സ്വത്തുക്കൾ അങ്കമാലി ഇടവകകളുടെ മേലദ്ധ്യക്ഷനായിരുന്ന് കാലം ചെയ്ത നമ്മുടെ സഹോദരൻ ബ. ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സ്വന്തവും മെത്രാപ്പോലീത്തായാൽ നമ്മുടെ പ്രത്യേക ഭരണത്തിനായി എല്പിക്കപ്പെട്ടിട്ടുള്ളതും ശേഷം രണ്ടായിരം രൂപായുടെ സ്വത്ത് നമ്മുടെ സ്വന്തം ദ്രവ്യം ചെലവ് ചെയ്ത് അതിനോട് ചേർത്ത് പണിയിച്ചിട്ടുള്ളതും ഇവകളെല്ലാം ഇപ്പോൾ നമ്മുടെ പ്രത്യേക കൈവശത്തിലും സ്വാതന്ത്ര്യത്തിലും ഭരണത്തിലും ഇരിക്കുന്നതാകുന്നു.

4. ബി പട്ടികയിൽ ഒന്നു മുതൽ മൂന്നു വരെ നമ്പരുകളായി ചേർത്തിട്ടുള്ളതും നമ്മുടെ കാലശേഷം വി. അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് അയച്ചുകൊടുക്കുന്നതിലേക്കായി നമ്മുടെ പിൻഗാമിയെ ഏൽപ്പിക്കാൻ ഇതിൽ പറയുന്ന അധികാരികളോടു ആഞ്ജാപിച്ചിട്ടുള്ളതുമായ വകകൾക്ക് പുറമെ ബി പട്ടികയിൽ നാലാം നമ്പരായി ചേർത്തിട്ടുള്ള സ്വത്ത് നാം മല്പാനിരുന്നു പഠിപ്പിച്ചിരുന്ന കോട്ടയത്തെ സുറിയാനി സിമ്മനാരിയ്ക്കും എ പട്ടികയിൽ എട്ടാം നമ്പരായി ചേർത്തിട്ടുള്ളത് പുത്തൻപുരയ്ക്കൽ പുരയിടം നമ്മുടെ ജന്മ ഇടവകയായ പറവൂർ ചെറിയ പള്ളിയിൽ നമ്മുടെ ഓർമ്മ നിലനിൽക്കുന്നതിനായി ആ പള്ളിക്കാര്യത്തിലേക്ക് നാം ദാനം ചെയ്തിരിക്കുന്നു.

5. എ പട്ടികയിൽ ഒന്നാം നമ്പർ തൃക്കുന്നത്ത് പുരയിടത്തിലിരിക്കുന്ന അതോട് ചേർന്ന് ദേവരാധനയ്ക്കും വിദ്യാഭ്യാസത്തിനുമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളും ഒരു പ്രത്യേകത ട്രസ്റ്റിന്റെ മൂലസ്ഥാനമായിരിക്കണമെന്ന് നാം തീരുമാനിച്ചിരിക്കുന്നതും ആ ട്രസ്റ്റിന്റെ ഉപയോഗത്തിനും പ്രയോജനത്തിനുമായി നാലാം വകുപ്പിൽ വിവരിക്കുന്ന വകകൾ ഒഴികെയുള്ള എല്ലാ സ്ഥാവര ജംഗമ സ്വത്തുക്കളും നാം വിട്ടുകൊടുത്തിരിക്കുന്നതുമാകുന്നു.

6. ട്രസ്റ്റിന്റെ ഭരണകർത്താക്കന്മാരും സ്ഥലത്തെ ഭാരവാഹികളുമായി ദയറാക്കാരായ രണ്ട് പേർ വേണമെന്ന് നമുക്ക് ആഗ്രഹം ഉള്ളതിനാൽ അതിലേക്ക് വിശ്വസ്തന്മാരെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്ന വാകത്താനത്ത് പള്ളി ഇടവകയിൽ കാരുചിറ പുന്നൂസിന്റെ മകൻ ഗീവറുഗീസ് റമ്പാനെ ഈ ദയറായിൽ സ്ഥിരവാസം ചെയ്ത കാര്യഭരണം നടത്തിക്കൊള്ളാമെന്ന് നമ്മുടെ മുൻപാകെ സമ്മതിച്ചിരിക്കുന്നു. അകപ്പറമ്പ് പള്ളി ഇടവകയിൽ പൈനാലട്ട് കുര്യന്റെ മകൻ യൗസേഫ് ശെമ്മാശനെ നിയമിക്കുകയും അധികാരം കൊടുക്കുകയും ചെയ്തിരുന്നു.

7. ഈ ദയറായ്ക്ക് വേണ്ടതായ ചില പണികൾ നടത്തുകയും മറ്റും ചെയ്തിട്ടുള്ളത് പൈനാടത്ത് പൗലോസ് റമ്പാൻ ഈ ദയറായിൽ താമസിക്കുന്നതിനായി വരുന്നു എങ്കിൽ അയാളുടെ ന്യായമായ ചിലവുകൾ മുൻ ഭാരവാഹികളുടേതുപോലെ തന്നെ ട്രസ്റ്റിൽ നിന്നും നടത്തേണ്ടതും ഭാരവാഹികളായ മുൻ ആറാംവകുപ്പിൽ പറഞ്ഞവർ തമ്മിൽ ഭരണകാര്യത്തെപ്പറ്റി അഭിപ്രായഭേദം ഉണ്ടായാൽ ഈ പൗലോസ് റമ്പാൻ ഉൾപ്പെടെയുള്ള മൂന്നുപേരിൽ ഭൂമിപക്ഷക്കാരുടെ അഭിപ്രായപ്രകാരം കാര്യങ്ങൾ നടത്തേണ്ടതുമാകുന്നു.

8. ഇവരുടെ കാലശേഷമോ ഈ ചുമതലയിൽ നിന്നും അവർ സ്വയമായി മാറുകയോ അവരെ മാറ്റേണ്ടി വരികയോ ചെയ്യുമ്പോഴോ സ്ഥലത്തെ ഭാരവാഹികൾ മേലിലും വിശ്വസ്തന്മാരായ ദയറാക്കാരായി ഇരിക്കണമെന്ന് നമുക്ക് ആഗ്രഹമുള്ളതിനാൽ അഞ്ഞൂറ് രൂപയിൽ കുറയാത്ത ട്രസ്റ്റിലേയ്ക്ക് ദാനം ചെയ്യുന്ന ദയറാക്കാരിൽ യോഗ്യന്മാരായ മറ്റ് രണ്ട് ദയറാക്കാ

രേയോ ആറാം വകുപ്പിൽ പറയുന്നവരുടെ പിൻഗാമികളായി നിയമിക്കുന്നതിന് പത്താം വകുപ്പിൽ പറയുന്ന ആൾക്ക് സ്വാതന്ത്ര്യവും ബാദ്ധ്യതയും ഉള്ളതാകുന്നു.

9. മുൻ വകുപ്പിൽ പറയുന്ന പൗലോസ് റമ്പാൻ സ്ഥലത്ത് വന്ന് താമസിയ്ക്കാത്ത പക്ഷം മറ്റ് ഭാരവാഹികൾ തമ്മിൽ ഭിന്നാഭിപ്രായം ഉണ്ടായാൽ അതാതുകാലത്തെ അങ്കമാലി മഹാ ഇടവകയുടെ മെത്രാപ്പോലീത്താ അവർകളെ അറിയിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം പോലെ കാര്യങ്ങൾ നടത്തേണ്ടതാകുന്നു.

10. ആറാം വകുപ്പിൽ പറയുന്ന ഭരണകർത്താക്കന്മാരെ അധികാരത്തിൽ നിന്നും മാറ്റുന്നതിനും ഏഴാം വകുപ്പിൽ പറയുന്ന പൗലോസ് റമ്പാന് ഇതിനാൽ കൊടുത്തിരിക്കുന്ന അവകാശം ഇല്ലാതാക്കുന്നതിനും വിശ്വാസ വിപരീതമായോ സ്ഥാനഭ്രഷ്ടിന് കാരണമായ മറ്റ് വല്ല സംഗതികളുമോ അടിസ്ഥാനമാക്കി അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിയ്ക്കുന്നതും മേൽ പറഞ്ഞ വിധത്തിലുള്ള മതിയായ കാരണം കൂടാതെ അദ്ദേഹത്തിനോ മറ്റാർക്കെങ്കിലുമോ ഈ അധികാരം ഉപയോഗിപ്പാൻ പാടില്ലാത്തതുമാകുന്നു.

11. ഈ ട്രസ്റ്റിന്റെ ഉദ്ദേശപ്രകാരം ശരിയായി നടത്തുന്നുണ്ടോ എന്ന് പരിശോധിയ്ക്കുന്നതിനും പൊതുവേ മേലന്വേഷണം ചെയ്യുന്നതിനും അങ്കമാലി മഹാ ഇടവകയുടെ അതാതു കാലത്തെ മെത്രാപ്പോലീത്തായ്ക്കും പൊതുയോഗത്തിനും അധികാരവും ചുമതലയും ഉള്ളതാകുന്നു.

12. ഈ ട്രസ്റ്റിന്റെ ഉദ്ദേശം പ്രധാനമായി ദയറാക്കാരുടെ പോഷണത്തിനും ഈ സമുദായത്തിലുൾപ്പെട്ട വിദ്യാഭ്യാസത്തിനായി ഊ ദയറായിൽ താമസിയ്ക്കുകയും ഭാരവാഹികളുടെ അനുസരണത്തിൽ കീഴിൽ ഇരിയ്ക്കുകയും ചെയ്യുന്ന ശെമ്മാശൻമാർക്ക് മതസംബന്ധമായ അറിവ് വർദ്ധിപ്പിയ്ക്കുന്നതിനും ആകുന്നു.

13. ട്രസ്റ്റ് മുതലിന്റെ അഭിവൃദ്ധിയും അതാതു കാലത്തെ ഭാരവാഹികളുടെ അഭിപ്രായവും അനുസരിച്ച് ശെമ്മാശന്മാരല്ലാതെ ഈ സമുദായത്തിലുൾപ്പെട്ട വിദ്യാർത്ഥികളുടെ മതസംബന്ധവും അല്ലാതെയുമുള്ള ആവശ്യത്തിലേയ്ക്ക് കൂടി ട്രസ്റ്റ് മുതലിന്റെ ആദായം ഉപയോഗിക്കുന്നതിന് പന്ത്രണ്ടാം വകുപ്പ് തടസ്സമായിത്തീരുന്നതല്ല.

14. ട്രസ്റ്റിന്റെ ഉദ്ദേശ നിവൃത്തിക്കും മുൻപറഞ്ഞവരുടെ ഉപജീവനത്തിനും ചിലവാകുന്നത് കഴിച്ചുണ്ടാകാവുന്ന ബാക്കി ആദായവും ഈ ട്രസ്റ്റിന്റെ ധനശേഖരണത്തിലേയ്ക്കായി ആരെങ്കിലും വല്ല സംഭാവനകൾ ചെയ്യുന്നതായിരുന്നാൽ അവയും ട്രസ്റ്റിന്റെ പ്രയോജനത്തിനായി സ്ഥാവരസ്വത്തുക്കളിന്മേൽ ഉറപ്പിക്കേണ്ടതാകുന്നു.

15. മേലിൽ ആരെങ്കിലും നൂറു രൂപയിൽ കുറയാതെ ട്രസ്റ്റിലേക്ക് ദാനം ചെയ്താൽ അവരെ വിശേഷാൽ പള്ളിയിൽ ഓർക്കുന്നതു കൂടാതെ വാർഷിക റിപ്പോർട്ടിന്റെ ഒരു പ്രതി വീതം അവർക്കും യോഗ്യമായ വിധത്തിൽ ആ ട്രസ്റ്റിലേക്ക് ധനസഹായം ചെയ്യുന്ന പള്ളിക്കാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

16. ഈ ശുദ്ധമുള്ള അന്ത്യോഖ്യായുടെ മൂന്നാമത്തെ പത്രോസെന്ന മോറോൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ ഓർമ്മ കന്നി 25-ാം തീയതിക്കും നമ്മുടെം ഗുരുഭൂതനായ യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ചിങ്ങം 20-ാം തീയതിയും ദയറാ സ്ഥാപകനായ ഗീവറുഗീസ് കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ കുംഭം 25-ാം തീയതിയും നമ്മുടെ ഗുരുക്കന്മാർ ഈരാളി അബ്രഹാം കശീശായുടെ ഓർമ്മ തുലാം 22-ാം തീയതിയും പാറയ്ക്കൽ മത്തായി കശീശായുടെ ഓർമ്മ തുലാം 22-ാം തീയതിയും പാറയ്ക്കൽ മത്തായി കശീശായുടെ ഓർമ്മ ധനു 23-ാം തീയതിയും അരീക്കൽ ദാവീദ് കശീശായുടെ ഓർമ്മ ചിങ്ങം 30-ാം തീയതിയും നമ്മുടെ പിതാവ് ഗീവറുഗീസിന്റെ ഓർമ്മ മകരം 20-ാം തീയതിയും നമ്മുടെ മാതാവ് അന്നത്തിന്റെ ഓർമ്മ മിഥുനം 27-ാം തീയതിയും ദയറായിൽ കുർബ്ബാനയ്ക്ക് പണം ഏൽപിച്ചിട്ടുള്ളവരായ പൈനാടത്ത് യൗസേഫ് കശീശായുടെ ഓർമ്മ കന്നി 9-ാം തീയതിയും ഈരാളിൽ വർക്കിയുടെ ഓർമ്മ മീനം 25-ാം തീയതിയും ആകയാൽ ആണ്ടുതോറും മേൽപ്പറഞ്ഞ തീയതികളിൽ ഭാരവാഹികൾ കുർബ്ബാന നടത്തേണ്ടതാകുന്നു.

മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ ഒപ്പ്

സാക്ഷികൾ:

1. പറവൂർ ചെറിയ പള്ളിയിൽ വികാരി ചക്കരവത്തൂറ്റ് തരിയത് കൊച്ചുവർക്കി കത്തനാർ

2. കുളങ്ങര ഇട്ടിയച്ചൻ മാത്തു, 3. മുട്ടത്തൊട്ടി കുമാരി പൗലോ വറീത്, 4. അമ്പൂക്കൻ മത്തായി വർക്കി

ഇലഞ്ഞിക്കൽ ഔസേഫ് വർക്കി കൈപ്പട

സബ്ബ് രജിസ്ട്രാർ കൃഷ്ണപിള്ള

താഴെ കൈയൊപ്പിട്ടിരിക്കുന്ന ആൾ വന്നു താമസിയ്ക്കുന്നതായ പറവൂർ സബ്ബ് ഡിസ്ട്രിക്ടിൽ ചേർന്ന പറവൂർ പ്രവൃത്തിയിൽ പറവൂത്തറ മുറിയിൽ ചെറിയപള്ളിയിൽ വെച്ച് 1078-ാം മാണ്ട് വൃശ്ചികമാസം 7-ാം തീയതി പകൽ 9 മണി സമയത്ത് ഹാജരാക്കപ്പെട്ടു.

പൗലോസ് എന്ന് നാമധേയമുള്ള മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

1078-ാം മാണ്ട് വൃശ്ചികമാസം 7-നു

കൃഷ്ണപിള്ള, പറവൂർ സബ്ബ് രജിസ്ട്രാർ

താഴെ കൈയ്യൊപ്പിട്ടിരിക്കുന്ന ആൾ എഴുതിക്കൊടുത്തിരിക്കുന്ന മേൽപ്പടി പള്ളിയിൽ വെച്ച് സമ്മതിച്ചിരിക്കന്നു. പൗലോസ് എന്ന് നാമധേയമുള്ള മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഒപ്പ്

1078-ാമാണ്ട് വൃശ്ചികമായം 7-ാം തീയതി

പറവൂർ സബ്ബ് രജിസ്ട്രാർ, ആറാം പുസ്തകം ഒന്നാം വാല്യം ഒന്ന് മുതൽ 7 വരെ വശത്ത് ഒന്നാം നമ്പരായി രജിസ്ട്രർ ചെയ്തു

# വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ വിൽപത്രം

**പി**താവിനും പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി,

അങ്കമാലി ഭദ്രാസന ഇടവകയുടെ സഹായ മെത്രാനായ കുന്നത്തുനാട് താലൂക്ക്, ആലുവ പകുതി, ആലുവ കരയിൽ ആലുവ തൃക്കുന്നത്തു സെമിനാരിയിൽ ഇരിക്കും വയലിപ്പറമ്പിൽ പൈനാടത്ത് യാക്കോബായ സിറിയൻ ക്രിസ്ത്യൻ വൈദിക വൃത്തി നാല്പത്തിയെട്ടു വയസായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ആയ നാം ആയിരത്തി ഒരു നൂറ്റി ഇരുപത്തിമൂന്നാമാണ്ട് മിഥുനമാസം ഏഴാംതീയതി എഴുതിവച്ച വിൽപത്രം. നാം കത്തനാർ ആയിരിക്കുമ്പോൾ വയലിപ്പറമ്പിൽ പൈനാടത്ത് തോമസ് വർഗീസ് കത്തനാർ എന്ന പേരിൽ താഴെ പട്ടികയിൽ ഒന്നാം നമ്പരായി വിവരിക്കുന്ന വസ്തു 1114-ലെ അങ്കമാലി രജിസ്ട്രാഫീസുവക 2289-ാം നമ്പർ ആധാരത്താൽ സൗജന്യം സിദ്ധിച്ചിട്ടുള്ളതും രണ്ടാം നമ്പർ വസ്തുവകകൾ 1118-ലെ അങ്കമാലി രജിസ്ട്രാഫീസുവക 1942; 11-ാം തീയതിയിലെ ടി വക 3771-ഉം 3772-ഉം നമ്പർ ആധാരങ്ങളാൽ തീറുകൾ സിദ്ധിച്ചും പാട്ടക്കാരനിൽനിന്ന് 1118-ൽ ടി രജിസ്ട്രാഫീസുവക 2855-ാം നമ്പരായി ഒഴിവുകുറി വാങ്ങിയും നമുക്കു കൈവശപ്പെട്ടിരിക്കുന്നതുമാകുന്നു. പട്ടിക ഒന്നാം നമ്പർ വസ്തുവിൽ നമ്മുടെ ഉടമസ്ഥതയിലും മാനേജ്മെന്റിലും മാർ അത്തനേഷ്യസ് ഇംഗ്ലീഷ് ഹൈസ്കൂൾ പണികഴിച്ചു നടത്തിവരുന്നതും പട്ടിക രണ്ടാം നമ്പർ വസ്തുവിൽ ദേഹണ്ഡങ്ങൾ ചെയ്യിക്കുകയും പൊതുജനോപകാരത്തിനുവേണ്ടി ചില പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ ശ്രമം ചെയ്തു വരുന്നതുമാണ്. പട്ടിക രണ്ടു നമ്പർ വസ്തുക്കളിലും നാം സമാരംഭിച്ചിട്ടുള്ള ഹൈസ്കൂൾ കെട്ടിടങ്ങൾ മുതലായി മേലിൽ ഉണ്ടാകുന്ന എല്ലാ സ്ഥാപനങ്ങളും ഇതിന്റെ ആവശ്യാർത്ഥം ടി പേരിൽ നാം സമ്പാദിക്കുന്ന മറ്റു സ്വത്തുക്കളും പട്ടിക വസ്തുവകകളും നമ്മുടെ കാലശേഷം അതിന്റെ കൈവശം, ഭരണം മുതലായവയെ സംബന്ധിച്ച് ഒരു വ്യവസ്ഥ ചെയ്തുവയ്ക്കണമെന്ന് നമുക്ക് അഭിപ്രായമായതിനാൽ ഈ വിൽപത്രം എഴുതുന്നതും ഇതിലെ വ്യവസ്ഥാനുസരണം നമ്മുടെ കാലാനന്തരം മുതൽ പ്രവർത്തിപ്പാനുള്ളതുമാണ്. നമ്മുടെ കാലത്തിനുശേഷം പട്ടിക വസ്തുവകകളും ടി ഹൈസ്ക്കൂൾ കെട്ടിടങ്ങൾ മുതലായതും ടി പേരിൽ നാം സമ്പാദിച്ചിട്ടുള്ളതായി കാണുന്ന സകല സ്വത്തുക്കളും അതാതു കാലത്ത് വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പ. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും ആയ അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താമാരുടെ ഉടമ ടി ഹൈസ്കൂൾ മുതലായ സ്ഥാപനങ്ങളുടെ അതാതുകാലം ഭരണാധിപന്മാരായി വരുന്ന മെത്രാന്മാർ ടി ട്രസ്റ്റിന്റെ ഉദ്ദേശങ്ങളെ മുൻനിറുത്തിയും നിയമാനുസരണവും പൊതുജനോപകാരത്തിന് അനുരൂപമായും ഭരണം നിർവിഘ്നം നിർവ്വഹിക്കുവാനുള്ളതും പട്ടിക വസ്തുക്കളിൽനിന്നും ലഭിക്കുന്ന ആദായങ്ങളിൽ ടി വസ്തുക്കൾക്കുവേണ്ടി വരുന്ന ചെലവ് ആവശ്യങ്ങളും സർക്കാർ കരവും നീക്കി ബാക്കി വരുന്ന സംഖ്യയും ടി സ്ഥാപനങ്ങളുടെ അഭിവൃദ്ധികരമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിപ്പാനുള്ളതുമാണ്. മേൽ വിവരപ്രകാരം അതാത് കാലത്ത് ഭരണഭാരമേല്ക്കുന്ന മെത്രാപ്പോലീത്താമാർക്ക് പട്ടിക വസ്തുക്കളിലും ടി സ്ഥാപനങ്ങളിലും ഇതിലെ ആവശ്യാർത്ഥം ഞാൻ വല്ല സ്വത്തുക്കളും ആർജ്ജിച്ചിരുന്നാൽ അതുകളിലും സ്ഥാപിച്ച് യാതൊരു കാരണങ്ങളും ഉൽഭവിപ്പിക്കുന്നതിനോ വല്ല കടബാദ്ധ്യതകളും ഉൾപ്പെടുത്തുന്നതിനോ അവകാശമോ സ്വാതന്ത്ര്യമോ ഇല്ലാത്തതും ടി മെത്രാപ്പോലീത്താമാരുടേയോ, സമുദായത്തിന്റേയോ, ഇടവകയുടേയോ യാതൊരുവിധമായ കടബാദ്ധ്യതകളും ടി വസ്തുവകകളിലോ സ്ഥാപനങ്ങളിലോ ഒരു വിധത്തിലും ബാധിക്കുന്നതല്ലാത്തതും ആകുന്നു. ഈ ബില്ലിനാൽ ചുമതപ്പെടുത്തുന്ന മെത്രാപ്പോലീത്താമർക്കല്ലാതെ ഈ നാട്ടുകാർക്കോ നമ്മുടെ കുടുംബക്കാർക്കോടി സ്വത്തുക്കളിന്മേൽ യാതൊരുവിധമായ അവകാശാധികാരങ്ങളും ഉണ്ടായിരിക്കുന്നതല്ല. മേൽ വിവരിച്ച വ്യവസ്ഥകൾക്കുൾപ്പെട്ട് ഏൽക്കുകയും പ്രവർത്തിക്കുകയുംചെയ്യണമെന്ന് നമ്മുടെ പിൻഗാമികളായി വരുന്ന ടി മെത്രാപ്പോലീത്തമാരോടും നാം അപേക്ഷിച്ചുകൊണ്ട് നമ്മുടെ പൂർണ്ണ മനസ്സോടും ആഗ്രഹത്തോടും കൂടി ഈ വിൽപത്രം എഴുതുന്നതും ഇതിലെ ഏതാനുമോ മുഴുവനുമോ വ്യവസ്ഥകൾ മാറ്റുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും നമുക്ക് പൂർണ്ണ അധികാരമുള്ളതും അപ്രകാരമൊന്നും പ്രവർത്തിക്കാതെ നാം മരണമടയുന്നതായാൽ ഈ വിൽപത്രത്തിലെ വ്യവസ്ഥകൾ ഊർജ്ജിതത്തിൽ വരുന്നതുമാകുന്നു.

എന്ന് ടി ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഒപ്പ്

സാക്ഷികൾ: 1 നായത്തോട് കര പൈനാടത്ത് പൗലോ പൗലോസ് കത്തനാർ ഒപ്പ്

2 മേയ്ക്കാട്ടുകര മങ്ങാട്ടമ്പിള്ളി പറവട്ടി തോമാ അലക്സന്ത്രയോസ് കത്തനാർ ഒപ്പ്

കയ്പട: ചെങ്ങമനാട്ടുകര അറയ്ക്കൽ വീട്ടിൽ കൃഷ്ണൻ ഗോപിനാഥൻ നായർ ഒപ്പ്

ടി ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയെ ഞാൻ നേരിട്ടറിയും ഒപ്പ്

അങ്കമാലി സബ് രജിസ്ട്രാർ ആർ.രാമൻപിള്ളഒപ്പ്

അങ്കമാലി യാക്കോബായ പള്ളിമേടയിൽവച്ച് 1123 മിഥുനം 7-ാം തീയതി പകൽ 31-5ന് ടി മെത്രാപ്പോലീത്ത ഹാജരായി സമ്മതിച്ചു. 1123-ാം ആണ്ട് വക രണ്ടാം പുസ്തകം ഒന്നാം വാല്യം 75 മതുൽ 77 വരെ വശങ്ങളിൽ 19-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്നു.




# പ. വലിയ തിരുമേനിയുടെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ


| | |
|---|---|
| **1869 ജനുവരി 23** | : അകപ്പറമ്പ് ഇടവകയിൽ നായത്തോട് കരയിൽ തെക്കേക്കര എന്നു കൂടി പേരുള്ള പൈനാടത്ത് കുറ്റിക്കാട്ടിൽ മത്തായിയുടേയും കുഞ്ഞന്നത്തിന്റേയും മൂന്നാമത്തെ പുത്രനായി ജനനം |
| **1879 ഏപ്രിൽ 21** | : അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലിത്ത ഗീവറുഗീസ് മോർ കൂറിലോസ് (അമ്പാട്ട്) തിരുമേനിയിൽ നിന്ന് 'കോറൂയോ'പട്ടം സ്വീകരിച്ചു. |
| **1891 മാർച്ച് 9** | പ്രഥമ ഗുരുവായ അമ്പാട്ടു മോർ കൂറിലോസ് തിരുമേനി കാലംചെയ്തു. |
| **1898 നവംബർ 25** | : പ. പരുമല തിരുമേനി പൗലോസ് ശെമ്മാശന് പരുമലപ്പള്ളിയിൽ വച്ച് 'കശ്ശീശ'പ്പട്ടം നൽകി. |
| **1898 നവംബർ 28** | : പ. പരുമല തിരുമേനിയുടെ തൃക്കൈയാൽ പരുമലപ്പള്ളിയിൽ വച്ച് 'റമ്പാൻ' സ്ഥാനാഭിഷിക്തനായി. |
| **1902 നവംബർ 2** | : പ്രിയ ഗുരുനാഥൻ പ.പരുമല തിരുമേനി കാലം ചെയ്തു. |
| **1910 ജൂൺ 9** | : അകപ്പറമ്പ് പള്ളിയിൽ വച്ച് പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ പൗലോസ് റമ്പാനെ അങ്കമാലി ഭദ്രാസനത്തിനു വേണ്ടി മെത്രാപ്പൊലിത്തയായി വാഴിച്ചു. |
| **1911 ഓഗസ്റ്റ് 19** | : പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വച്ച് നടത്തിയ വി.മൂറോൻ കൂദാശയിൽ സംബന്ധിക്കുവാൻ വലിയ തിരുമേനിക്കുഭാഗ്യമുണ്ടായി. |
| **1915 ഡിസംബർ 11** | : പ. അബ്ദുള്ള പാത്രിയർക്കിസ് ബാവ കാലംചെയ്തു. |
| **1918 ജനുവരി 31** | : ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷ യോഗത്തിൽ വെച്ച് മലങ്കര മെത്രപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. |

| | | |
|---|---|---|
| **1919 സെപ്തംബർ 15** | : | വട്ടിപ്പണക്കേസിൽ തിരുമേനിക്ക് എതിരായി കോടതി വിധി. |
| **1919 സെപ്തംബർ 26** | : | മലങ്കര സിറിയൻ സണ്ടേസ്കൂൾ അസ്സോസിയേഷൻ (M.S.S.A) രൂപീകരണം പ.. വലിയ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പിറവം പള്ളിയിൽ വച്ച്. |
| **1920 മാർച്ച് 9** | : | അങ്കമാലി, കൊച്ചി ഭദ്രാസനങ്ങൾക്കു പുറമേ കണ്ടനാട്, കോട്ടയം, കൊല്ലം, നിരണം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടേയും മെത്രാപ്പൊലിത്തയായി നിയമിക്കപ്പെട്ടു. |
| **1923 മാർച്ച് 23** | : | തിരുവിതാംകൂർ ഹൈക്കോടതി തിരുമേനിക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു. |
| **1927** | : | സഭയിൽ പുതിയ മെത്രാപ്പൊലിത്താമാർ വാഴിക്കപ്പെട്ടപ്പോൾ കൂടുതലായി ചുമതലയേറ്റ ഭദ്രാസനങ്ങളുടെ ഭരണത്തിൽ നിന്നും വിടർത്തപ്പെട്ടു. |
| **1928 ജൂലൈയ് 4** | : | റിവ്യൂഹർജിയിൽ തിരുമേനിക്കെതിരായി വിധി പ്രസ്താവിക്കപ്പെട്ടു. |
| **1931 മാർച്ച് 21** | : | പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കര സന്ദർശനത്തിനായി ആലുവായിലെത്തി. |
| **1932 ഫെബ്രുവരി 13** | : | പ. ഏലിയാസ് തൃതീയൻ പാത്രിയർക്കിസ് ബാവ മഞ്ഞനിക്കരയിൽ വച്ചു കാലം ചെയ്തു. തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കം നടത്തി. |
| **1935 ഓഗസ്റ്റ് 22** | : | കരിങ്ങാച്ചിറ പള്ളിയിൽവച്ചു നടത്തപ്പെട്ട പള്ളി പ്രതിപുരുഷയോഗത്തിൽവച്ച് തിരുമേനി വീണ്ടും മലങ്കര മെത്രാപ്പൊലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. |
| **1938 മാർച്ച് 10** | : | സമുദായസ്വത്ത് ഒഴിപ്പിച്ച് കിട്ടാൻ കോട്ടയം ജില്ലാകോടതിയിൽ കേസ്സ് ഫയൽ ചെയ്തു. |
| **1939** | : | ക്നാനായ ഭദ്രാസനാധിപൻ മോർ ദീയസ്ക്കോറോസ് മലങ്കര റീത്തിൽ ചേർന്നു. |
| **1941 മാർച്ച്** | : | സഭാ സമാധാനത്തിനുവേണ്ടി ആലുവ വട്ടമേശ സമ്മേളനം. |
| **1942** | : | ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പൊലിത്ത കാതോലിക്കാപക്ഷത്തു ചേർന്നു. ആയത് പ. വലിയ തിരുമേനിയെ ദുഃഖിപ്പിച്ചു. |
| **1942 ജനുവരി 18** | : | കോട്ടയം കോടതിയിൽനിന്ന് തിരുമേനിക്ക് എതിരായി വിധി പ്രസ്താവിച്ചു. |
| **1944** | : | തിരുവിതാംകൂർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. |
| **1946** | : | അങ്കമാലി ഭദ്രാസനസഹായ മെത്രാപ്പൊലിത്തയായി ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും, കൊച്ചി ഭദ്രാസനത്തിന് പൗലോസ് മോർ സേവേറിയോസ് തിരുമേനിയും വാഴിക്കപ്പെട്ടു. |
| **1946 ഓഗസ്റ്റ് 8** | : | പ. വലിയ തിരുമേനിക്ക് അനുകൂലമായി തിരുവിതാംകൂർ ഹൈക്കോടതിവിധി പ്രസ്താവിച്ചു. |
| **1950** | : | ചിങ്ങവനം വട്ടമേശ സമ്മേളനം. |
| **1951 ഡിസംബർ 21** | : | പ. വലിയ തിരുമേനിക്കനുകൂലമായി വീണ്ടും ഹൈക്കോടതി വിധി. |
| **1952 ഒക്ടോബർ 19** | : | കണ്ടനാട് ഭദ്രാസനാധിപനായി മോർ പീലക്സീനോസ് തിരുമേനി വാഴിക്കപ്പെട്ടു. |

| | | |
|---|---|---|
| **1953 ജനുവരി 25** | : | പ. വലിയ തിരുമേനിയുടെ 84-ാം വയസ്സിൽ വെളുപ്പിന് 3.55 ന് അഭി വന്ദ്യപിതാവ് കാലം ചെയ്തു. |
| **2004 ഓഗസ്റ്റ് 14** | : | വലിയ തിരുമേനിയെ പ. പാത്രിയർക്കീസ് ബാവ വിശുദ്ധനായി പ്രഖ്യാപിച്ചു. |
| **2007 ജനുവരി 1** | : | പ.വലിയ തിരുമേനിയുടെ നാമധേയത്തിൽ വിശ്വാസസംരക്ഷണ സമിതിക്കുവേണ്ടി അഭി. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത വാഴിക്കപ്പെട്ടു. |
| **2008 ഒക്ടോബർ 17** | : | പ. വലിയ തിരുമേനിയുടെ നാമത്തിൽ പുത്തൻകുരിശിൽ സ്ഥാപിതമായ സെന്റ് അത്താനാസിയോസ് കത്തീഡ്രലിന്റെ കൂദാശ പ. പാത്രിയർക്കീസ് ബാവ നിർവ്വഹിച്ചു. |
| **2009 സെപ്റ്റംബർ 18** | : | പ. വലിയ തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ ഓർമ്മിക്കുവാൻ പ. പാത്രിയർക്കീസ് ബാവ കല്പനയായി. |

**സമ്പാദകൻ : ബിജു കുര്യൻ മാത്യൂ, പുതുപ്പള്ളി**





*പ.വലിയ തിരുമേനിയുടെ മലയാളം കൈപ്പടയും സുറിയാനി ഒപ്പും*

# പ. വലിയ തിരുമേനി കാലം ചെയ്ത ദിവസത്തെ മലയാള മനോരമ പത്രം



മലയാള മനോരമ

Malayala Manorama Established in 1888

M. 4966

റിപ്പബ്ളിക്ക് സ്പെഷ്യൽ

കോട്ടയം 1966 ജനുവരി 26 തിങ്കൾ

കോട്ടയം തീയേറ്റേഴ്സ്,

ഇന്നുരാത്രി

## മാർ അത്താനാസ്യോസ് തിരുമേനി കാലംചെയ്തു

### ഇന്നലെ വെളുപ്പിനു 3.55-നു്-ഇന്നു 10 മണിക്കു് തൃക്കുന്നത്തു സിമ്മനാരിയിൽ കബറടക്കം

**പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി ഇന്നലെ തൃക്കുന്നത്തു സെമിനാരിയിലെത്തി സഹപാഠിയും പൂർവ്വകാലസുഹൃത്തുമായ കാലംചെയ്ത തിരുമേനിയോടുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി സന്താപമഗ്നനായി നിന്ന വികാരനിർഭരമായ രംഗം**

ത്രിഭുവനമാലാചിന്

നാളത്തെ ചടങ്ങുകൾ

ജീവചരിത്രസംഗ്രഹം

കാലംചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി

## സ്വദേശിവ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ അത്യദ്ധ്വാനം ചെയ്യുക

# കാലംചെയ്ത മാർ അത്താനാസ്യോസ് തിരുമേനി

## ദുഃഖാത്മകമായ മൃതശരീരസംസ്കാരം—ക്രൈസ്തവ സഭയെ സന്താപമഗ്നമാക്കിയ വിലാപയാത്ര

പള്ളി 400 രൂപയും സംഭാവന നൽകി. പറവൂർ പള്ളിയിൽ നിന്നു രണ്ടു ചാക്കു കുന്തിരിക്കം സംഭാവന നൽകുകയുണ്ടായി.

**300—ൽ പരം വൈദികന്മാർ, 49 വെള്ളിക്കുരിശുകൾ, 7 പൊൻകുരിശുകൾ, മഹിളാലയത്തിലെയും യൂ. സി. കോളജിലെയും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ സന്നദ്ധസംഘം എന്നിവ വിലാപയാത്രയെ ഹൃദയാകർഷകമാക്കി. ആറു ഫർലോങ് ദൂരത്തിൽ സാവധാനത്തിൽ മുന്നോട്ടുനീങ്ങിയ വിലാപയാത്ര അവസാനിക്കുവാൻ മൂന്നു മണിക്കൂർ വേണ്ടിവന്നു.**

(സ്വന്തം ലേഖകൻ)

ആലുവാ, ജനുവരി 27

നി. വ. ദി. ശ്രീ. പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനി കാലംചെയ്തുവെന്നുള്ള വാർത്തകേട്ട് കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് ആളുകൾ ആലുവായിലേക്ക് പ്രവഹിച്ചു കൊണ്ടിരുന്നു. തിരുമേനിയുടെ മൃതശരീരം കമനീയമായി അണിയിച്ചു വച്ചിരുന്ന തൃക്കുന്നത്ത് സെമിനാരിയിലും പരിസരങ്ങളിലും മാത്രമല്ല, ആലുവാനഗരം മുഴുവൻ സന്ദർശകരെക്കൊണ്ട് നിറഞ്ഞിരുന്നു. ശോകമൂകമായ അന്തരീക്ഷത്തിൽ ആലുവാനഗരം വിങ്ങിവിങ്ങിക്കരയുകയായിരുന്നു.

### ശവസംസ്കാരകർമ്മം

തിങ്കളാഴ്ച രാവിലെ ആറുമണിയടിച്ചപ്പോൾ തൃക്കുന്നത്ത് സെമിനാരിയിൽ പ്രാതഃപ്രാർത്ഥന യാരംഭിച്ചു.

അതിനുശേഷം ഏഴാം [illegible] ആരംഭിച്ചു. ഏഴരമണിക്ക് വിലാപയാത്ര പള്ളിയിൽ നിന്നു പുറപ്പെട്ടു. മരക്കുരിശ് പട്ടക്കാരുതലായവ മുന്നണിയിൽ മുന്നോട്ടുനീങ്ങി. അതിനുപിന്നിലായി മഹിളാലയം, യൂ. സി. കോളജ് എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ അണിയണിയായി നടന്നുകൊണ്ട് ആലപിച്ച വിലാപഗാനങ്ങൾ ക്രൈസ്തവ സഭയുടെ രോദനംപോലെ അന്തരീക്ഷത്തിലുയർന്നു. കറുത്തകൊടികൾ പിടിച്ച ജനക്കൂട്ടം ഓരോ നിരയിലും നാലു പേർവീതമുള്ള അണികളായി അതിനു പിന്നിൽ സാവധാനത്തിൽ നീങ്ങിക്കൊണ്ടിരുന്നു. കടകളും വിലാപയാത്രയ്ക്ക് യോജിച്ച അലങ്കാരസാധനങ്ങളും ധാരാളമുണ്ടായിരുന്നു. 49 വെള്ളിക്കുരിശുകളും ഏഴ് പൊൻകുരിശുകളും വഹിച്ചുകൊണ്ട് ഭക്തിപൂർവ്വം ഒരു സംഘം ആളുകൾ അവർക്കു പിന്നാലെയായി നടന്നു.

യാതൊരു മുന്നറിയിപ്പും കൂടാതെ ഇത്രയധികം കുരിശുകൾ അവിടെ വന്നുചേർന്നതു സമുദായാംഗങ്ങളുടെ അതിരറ്റ ഭക്തിയുടെ ഫലമായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മുന്നൂറിൽപ്പരം ശെമ്മാശ്ശന്മാർ, പട്ടക്കാരും മെഴുകുതിരി വഹിച്ചുകൊണ്ട് വിലാപയാത്രയിൽ പങ്കുകൊണ്ടു.

കറുപ്പുശീലയാൽ പൊതിഞ്ഞ [illegible] ഉയർന്ന പീഠത്തിൽ തിരുമേനിയുടെ മൃതശരീരം എല്ലാവർക്കും കാണത്തക്ക രീതിയിൽ പ്രതിഷ്ഠിച്ചിരുന്നു. മറ്റൊരു രഥത്തിൽ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ്, മാർ സേവേറിയോസ്, മാർ ഗ്രീഗോറിയോസ്, മാർ പീലക്സിനോസ്, മാർ ക്ലിമ്മീസ് എന്നീ തിരുമേനിമാർ ഉപവിഷ്ടരായിരുന്നു. മറ്റൊരു കാറിൽ മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയും അനുയാത്ര ചെയ്തു.

യൂ. സി. കോളജ് വിദ്യാർത്ഥികളും മറ്റും അടങ്ങിയ ഒരു വോളണ്ടിയർസംഘം വിലാപയാത്രയിൽ അച്ചടക്കം പാലിക്കുന്നതിനു സഹായിച്ചു.

ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് മി. റ്റി. റ്റി. എബ്രഹാമിന്റെ കാര്യക്ഷമമായ നേതൃത്വത്തിലാണ് സമാധാനസംരക്ഷണം പ്രവർത്തിച്ചത്. സ്ഥലം മുനിസിപ്പൽ ചെയർമാൻ മി. യൂ. കെ. മത്തായിയുടെ ഹൃദയപൂർവമായ സഹകരണം വിലാപയാത്രയെ വിജയകരമാക്കുവാൻ പ്രത്യേകം ഉപകരിച്ചു. കാര്യനിർവഹണത്തിൽ മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരും കൗൺസിലർമാരും ഉത്സുകരായിരുന്നു.

വിലാപയാത്ര മുന്നോട്ടുനീങ്ങിയ വീഥിയുടെ ഇരു പാർശ്വങ്ങളിലും ദുഃഖവിഹ്വലകൾകൊണ്ടു തിങ്ങിയിരുന്നു. വിലാപയാത്ര റെയിൽവേസ്റ്റേഷന്റെ സമീപമുള്ള മലയാളമനോരമ ഏജൻസി ആഫീസിന്റെ മുൻവശത്ത് എത്തിയപ്പോൾ മലയാള മനോരമ മാനേജിംഗ് ഡയറക്ടർ മി. കെ. എം. ചെറിയാൻ എം. എ. മൃതശരീരത്തിന്റെ സന്നിധിയിൽ റീത്ത് സമർപ്പിച്ചു ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചു.

ആറു ഫർലോംഗ് മാത്രം ദൂരമുള്ള വീഥിയിൽക്കൂടി വിലാപയാത്ര സാവധാനത്തിൽ മുന്നോട്ടു നീങ്ങുവാൻ 3 മണിക്കൂർ വേണ്ടിവന്നു. തൃക്കുന്നത്ത് സെമിനാരിയിൽ വിലാപയാത്ര മടങ്ങിവന്നതോടുകൂടി കബറടക്ക ശുശ്രൂഷ ആരംഭിച്ചു.

പള്ളിയകത്തു വൈദികന്മാർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. മൃതശരീരം കബറിടത്തിൽ പ്രതിഷ്ഠിക്കുന്നതിനുമുമ്പു വിശാലമായ പന്തലിൽ പതിനഞ്ചു മിനിറ്റുനേരം ജനങ്ങൾക്കു കാണുവാൻ വേണ്ടി പ്രദർശിപ്പിച്ചിരുന്നു.

### കബറിടം

ഭാഗ്യവാനായ കടവിൽ തിരുമേനിയുടെ കബറിടത്തിന്റെ തൊട്ടു കിഴക്കുഭാഗത്താണ് തിരുമേനിയുടെ കബറിടം പണിതിരിക്കുന്നത്.


മൃതശരീരം കബറിൽ വച്ചശേഷം കുന്തിരിക്കംകൊണ്ടു കബറിടം നിറച്ചു. കുറെനേരം കബറിടത്തിന്റെ മുകൾഭാഗം തുറന്നുവച്ചിരുന്നു. ആ സമയത്തു ജനങ്ങളും കബറിടത്തിൽ കുന്തിരിക്കം ഭക്തിപുരസ്സരം സമർപ്പിച്ചു.

റോമൻകത്തോലിക്കർ, മാർത്തോമ്മാക്കാർ, യാക്കോബായക്കാർ മുതലായ എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളും ഹിന്ദുക്കൾ, മുസ്ലീംകൾ മുതലായ മററു സമുദായക്കാരും വിലാപയാത്രയിലും മററും ഹൃദയപൂർവം സഹകരിച്ചുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

കബറടക്കത്തിനുശേഷം നടത്തിയ കഞ്ഞിദാനത്തിനു ഡോ. പി. റ്റി. തോമസ് പാലായിലും 50 പറ അരിയും, [illegible]

പ. പിതാവിന്റെ കബറടക്ക ശുശ്രൂഷ സംബന്ധിച്ചുള്ള വാർത്ത മലയാള മനോരമ ദിനപത്രത്തിന്റെ റിപ്പോർട്ട്

*കടപ്പാട്: മലയാള മനോരമ പത്രാധിപ സമിതി*


With best compliments from
ST. GREGORIOUS
JACOBITE SYRIAN ORTHODOX CHURCH
RAS - AL - KHAIMAH, UAE




# BEST COMPLIMENTS

from

St. Mary's JSO Cathedral

St. Mary's Public School

St. Mary's Snehalaya

#13,Queens Road , Bangalore-560052 , Karnataka-INDIA
Ph. +91-80-22267243 , 41516243 , 9845027478

Web : www.bsmcathedral.org
Web : www.bangalorediocese.org

*with prayers*

Best wishes from

**Mr. Mathew P Thomas (Reji),**

**Bidiya Aluminum**
**Khorfakkan, Sharjah**

**in memory of his Mother**

**Late Mrs. Graceykutty Thomas,**

**Grace Villa,**
**Kizhakkanmuthur, Thiruvalla**



With best compliments from





# ST. GEORGE JACOBITE SYRIAN ORTHODOX CHURCH

(Under the Holy Apostolic See of Antioch and all the East)

MELBOURNE, AUSTRALIA

www.jacobitechurchmelbourne.com.au

+61 423736872


ആശംസകൾ...
കണ്ടനാട് വി. മർത്തമറിയം
യാക്കോബായ സുറിയാനി കത്തീഡ്രൽ
ഇടവകാംഗങ്ങൾ

with best compliments from
Santom Public Higher Secondry School
THUNGALY, VENGOOR

St. Athanasious Paulose - Valiya Thirumeni of Malankara



We offer our humble homage
at the blessed feetand pray for your
compassionate intercession for us
and for the Holy Church

**Bar E'tho Kashero George Mathew**

**Thekkethalakkal & Family**

**Cochin - 20**

# പ. പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി



അവിടുത്തെ ദിവ്യ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു.

**സ്വിറ്റ്സർലണ്ട് സെന്റ് മേരീസ് സിറിയൻ**
**ഓർത്തഡോക്സ് പള്ളിഇടവകാംഗങ്ങൾ,**
**സെന്റ് മേരീസ് സണ്ടേസ്കൂൾ**
**അദ്ധ്യാപകരും വിദ്യാർത്ഥികളും,**
**യൂത്ത് അസോസിയേഷൻ പ്രവർത്തകർ,**
**മർത്തമറിയം വനിതാസമാജാംഗങ്ങൾ**

*Thanks...*

# സ്നേഹാദരങ്ങളോടെ നന്ദി

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ട ധന്യ ജീവിതത്തിന്റെ ഓർമ്മ പുതുക്കലിന്റെ അവിസ്മരണീയമായ ഈ നിമിഷത്തിൽ, പരിമിതമായ സമയത്തിനുള്ളിൽ ഈ സ്മരണിക തയ്യാറാക്കുന്നതിലേക്കായി സഹകരിച്ച എല്ലാവർക്കും നന്ദി. പരസ്യങ്ങൾ നല്കി പ്രോത്സാഹിപ്പിച്ച എല്ലാ സഭാസ്നേഹികൾക്കും സുഹൃത്തുക്കൾക്കും ഹൃദയാംഗമായ നന്ദി പ്രകാശിപ്പിക്കുന്നു. എല്ലാ നല്ലസംരഭങ്ങളിലും എന്നപോലെ ഇതിലും സ്നേഹത്തോടെ പിൻതുണ നല്കിയ സഭാസെക്രട്ടറി ശ്രീ. തമ്പു ജോർജ് തുകലനെ ഒരിക്കലും വിസ്മരിക്കാനാവില്ല. കർമ്മനിരധയും പ്രചോധനവും കൊണ്ട് മംഗളമാക്കിയ മൂലയിൽ കുറിയാക്കോസ് കോർഎപ്പിസ്കോപ്പായോടും, അലക്സ് തോമസ് കോർഎപ്പിസ്കോപ്പായോടും, സേവനനിരധനായ മനോജ് മാത്യു ആര്യാടൻപാക്കലിനോടും, ബിജു കുര്യൻ മാത്യൂസ് കളമ്പുകാട്ടിലിനോടും, ജോൺ ഫിലിപ്പ് കോട്ടപ്പറമ്പിലിനോടും എല്ലാപിൻതുണയും നല്കിയ സോവിനീയർ കമ്മിറ്റി അംഗങ്ങളോടും നന്ദി അറിയിക്കട്ടെ.

സ്മരണികയുടെ കവർ ഡിസൈൻ ചെയ്ത മനോജ് കാരാഴ്മയുടെ നിസ്തുലമായ പ്രവർത്തനങ്ങൾ എത്ര ശ്ലാഹിച്ചാലും മതിയാവില്ല. ഈ ഉദ്യമം ഭംഗിയാക്കാൻ അക്ഷീണം പരിശ്രമിച്ച് ലേഖനങ്ങൾ അയച്ചു തന്ന എല്ലാ സഹൃദയർക്കും  നന്ദി. ഡിറ്റി.പി. ജോലികൾ നിർവഹിച്ച വിശ്വാസസംരക്ഷകൻ പ്രവർത്തകർ ഗ്രേസി, ബിന്ദു എന്നിവർക്കും  ഹൃദയംഗമായ നന്ദി. അച്ചടി ഭംഗിയായി നിർവ്വഹിച്ച കോട്ടയം നാഷണൽ സിറ്റി പ്രസ്സിന്  നന്ദി അറിയിക്കുന്നു.

ചീഫ് എഡിറ്റർ

**ഷെവ. ബിബി ഏബ്രഹാം, കടവുംഭാഗം**


*With best compliments from...*



ദിവ്യാത്ഭുതങ്ങളാൽ അനുഗ്രഹീതമായ
ആഗോളമരിയൻ തീർത്ഥാടനകേന്ദ്രം

# കട്ടച്ചിറ സെന്റ് മേരീസ് ചാപ്പലിലെ

വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ

www.southindianbank.com




SIB proudly presents an innovative Savings bank and Recurring deposit account exclusively for women with free insurance coverage - Mahila Savings Bank & Recurring Deposit Accounts.

We offer an array of revolutionary advantages, services and wealth management solutions to help every woman to achieve their goals.

## FREE FACILITIES ATTACHED EXCLUSIVELY TO THE MAHILA SAVINGS BANK A/C.

◆ **FREE Personal accident death Insurance** cover exclusively to the first named female of the Mahila SB account for **Rs.1 lac** for the first 1 year worldwide and ◆ **FREE House to house Travel Insurance for Rs.0.50 lac** covering Loss due to snatching while travelling, burglary while in hotel stay and Rs. 10,000 for misfortune of jewellery and valuables like watches, camera and cash and also loss of baggage up to Rs. 2,000/- exclusively to the first named female of the Mahila SB account for the first 1 year occurred within India. ◆ **FREE Remittance** by way of cash up to **Rs.50,000/- per month** to Resident Mahila ABB Account through other branches. ◆ **FREE Remittance** by way of transfer or clearing up to **Rs.50,000/- per month** to Mahila ABB Account through other branches.◆ **FREE cash withdrawal up to Rs.10,000/- daily** through other branches **apart from Rs.20,000/-** through ATMs. ◆ **FREE** payment of cheque through speed clearing Pan India without limit. ◆ **FREE** purchase of **2 Draft/PO up to Rs.10,000/- Monthly** ◆ **FREE** 25 Cheque leaves per year. ◆ **FREE ATM cum Debit card with no AMC** ◆ **FREE** Internet banking facilities. ◆ **FREE** Bill payments, mobile top up & e-commerce through SIB website "southindianbank.com"

## CONDITIONS

◆The insurance cover is only for one year. Existing customers who wish to renew the insurance for the second year will have to open a fresh Mahila RD A/C.◆ All the free facilities will be available exclusively in the Mahila Savings Bank account only; ◆ In case minimum balance of Rs.1000 is not maintained in the SB account, normal service charges will be collected. General T & C attached to SIB's SB account will apply for this SB also.

***Also available: Mahila Plus Account with more free facilities.***

LIC Purchase your favourite LIC polices through South Indian Bank

SOUTH INDIAN Bank

Experience Next Generation Banking

pfrda *Now join through South Indian Bank* NEW PENSION SYSTEM FROM PFRDA LESS WORRY AND MORE SECURITY

The South Indian Bank Ltd., Regd. Office: SIB House, Mission Quarters, Thrissur, Kerala, Pin - 680 001. e-mail : sibcorporate@sib.co.in Tel : 91-487-2420020, **Toll free: 1800-843-1800 (India), 1800- 425-1809 ( BSNL)**

Disclaimer- Insurance cover is offered by United India Insurance Co. and the decision of the insurance company will be final.



Patriarchate Damascus



Patriarchal Center, Puthencruz